അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കോവിഡ് 19
# കഥകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19 കഥകൾ

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്


തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

ഏപ്രിൽ 2020

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Cover: N. T. Rajeev, GHSS, Thariode, Wayanad
Layout: Dileep R. S, Mahadevan C. and Sudheer A.
Printed at: SCERT Press
© Department of General Education, Government of Kerala




**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം–695 001


നം.395/പ്രസ്/സി.എം.ഒ/2020. ഏപ്രിൽ 17, 2020.

## സന്ദേശം

പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ അക്ഷരവൃക്ഷം പദ്ധതി സഫലമായിരിക്കുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അധ്യയനം മുടങ്ങിയ വിദ്യാലയങ്ങൾ ഇപ്പോഴും വിദ്യാർത്ഥികൾക്കൊപ്പമുണ്ട് എന്ന സന്ദേശമാണ് ഈ പദ്ധതി നൽകുന്നത്. വിദ്യാഭ്യാസത്തിന്റെ മുഖ്യധർമ്മം പുതിയ തലമുറയെ സ്വതന്ത്രചിന്തയും ഭാവനയുമുള്ളവരായി വികസിപ്പിച്ചെടുക്കുക എന്നതാണ്. നാം നമ്മുടെ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുന്ന അറിവുകളും കഴിവുകളുമെല്ലാം അവർക്ക് അവരായി വളരാനും സമൂഹത്തിന്റെ നന്മയ്ക്കായി പൊരുതാനും വേണ്ടിയുള്ളതാണ്. അക്ഷരവൃക്ഷം പദ്ധതിയുടെ ഭാഗമായി പതിനായിരത്തോളം വിദ്യാർത്ഥികൾ പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം എന്നീ മർമ്മപ്രധാനമായ വിഷയങ്ങളിൽ അവരുടെ മനസ്സിനെയും ചിന്തയെയും വ്യാപരിപ്പിക്കുകയും കഥകളിലൂടെയും കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും അവ പ്രകടിപ്പിക്കുകയും ചെയ്തു എന്നറിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

വിദ്യാർത്ഥികൾ അയച്ചുനൽകിയ രചനകളിൽ നിന്ന് വിദഗ്ധ സമിതി തിരഞ്ഞെടുത്ത എല്ലാ രചനകളും സ്കൂൾ വിക്കിയിലൂടെയും പുസ്തക രൂപത്തിലും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു എന്ന് അറിയുന്നു. ആദ്യ വാല്യമാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഇത്തരം ഒരാശയം മുന്നോട്ടുവയ്ക്കുകയും അത് സഫലമാക്കാനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്ത പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ എല്ലാവർക്കും ആശംസകൾ.

പിണറായി വിജയൻ


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# അക്ഷരവൃക്ഷം പൂവണിഞ്ഞു

മാവനരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടി വന്ന മഹാമാരികളിൽ ഒന്നായ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ താൽക്കാലികമായി അടച്ചിടുകയും എല്ലാവിധ ഔപചാരിക അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിലാണ് **'അക്ഷരവൃക്ഷം'** എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി കഥ, കവിത, ലേഖനം എന്നിവ രചിച്ചു കൊണ്ടാണ് അവർ പദ്ധതിയുടെ ഭാഗമായത്. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയയ്ക്കാൻ അവസരം നല്കി. സ്കൂൾ സംവിധാനങ്ങൾ, കൈറ്റുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ എന്നിവയെല്ലാം കുട്ടികളുടെ സഹായത്തിനെത്തി. അങ്ങനെ ശേഖരിച്ച രചനകളിൽ നിന്നും കോവിഡ് 19 നെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവയുടെ ആദ്യഭാഗമാണ് കേരളത്തിലെ പൊതുസമൂഹത്തിനു മുമ്പിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. തുടർന്ന് ഏറെ താമസിയാതെ പരിസ്ഥിതി, ശുചിത്വം, ആരോഗ്യം എന്നിവയെ അധികരിച്ചുള്ള രചനകൾ പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥികളുടെ സർഗ്ഗഭാവനകൾ കോർത്തിണക്കിക്കൊണ്ടുള്ള ഈ സമാഹാരം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന് എന്നും അഭിമാനം പകരുന്നതാണ്. പുതിയ ചിന്തകളും ഭാവനയും ഇതിൽ സമന്വയിക്കുന്നു. കേരളത്തിന്റെ ശോഭനമായ ഭാവി ഇതിൽ നമുക്ക് ദർശിക്കാം. അറിവ്, പ്രതിരോധം, മുൻകരുതൽ, കൂട്ടായ പ്രയത്നം എന്നിവയിലൂടെയാണ് പ്രതിസന്ധിഘട്ടങ്ങളെ നാം അതിജീവിച്ചത്. ഒരു പകർച്ചവ്യാധിക്കും

ദുരന്തത്തിനും കീഴ്പ്പെടുത്താനാകാത്തതാണ് തലമുറകളുടെ ആത്മധീരതയിലൂടെ ഉയിർകൊള്ളുന്ന കേരളത്തിന്റെ കരുത്ത് എന്ന് വിളംബരം ചെയ്യുന്നവയാണ് ഈ സമാഹാരത്തിലെ രചനകൾ. പ്രസിദ്ധീകരണയോഗ്യം എന്ന് വിദഗ്ദ്ധസമിതി സാക്ഷ്യപ്പെടുത്തിയിട്ടുള്ള എല്ലാ രചനകളും സ്കൂൾ വിക്കിയിലൂടെ ലോകത്തെവിടെയുമുള്ള മുഴുവൻ വായനക്കാർക്കും ലഭ്യമാക്കുന്നതാണ്.

രചനകൾ അയച്ച് പദ്ധതിയോട് സഹകരിച്ച എല്ലാ വിദ്യാർത്ഥികളേയും അഭിനന്ദിക്കുന്നു. പദ്ധതിക്കു വേണ്ട പശ്ചാത്തല പ്രവർത്തനങ്ങൾ അർപ്പണമനസ്സോടെ നിർവ്വഹിച്ച അദ്ധ്യാപകർ, കൈറ്റ് ജീവനക്കാർ, എസ്.സി.ഇ.ആർ.ടി. ജീവനക്കാർ, എസ്.എസ്.കെ. ജീവനക്കാർ എന്നിവർക്കും ആശംസ രേഖപ്പെടുത്തട്ടെ. വിദ്യാർത്ഥികളുടെ രചനകൾ സൂക്ഷ്മമായി പരിശോധിച്ച് പ്രസിദ്ധീകരണത്തിന് സജ്ജമാക്കാൻ പ്രയത്നിച്ച വിദഗ്ദ്ധസമിതി അംഗങ്ങളേയും നന്ദി അറിയിക്കുന്നു.

ആശംസകളോടെ,

**പ്രൊഫ. സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ജീവൻബാബു. കെ. ഐ. എ. എസ്.**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**കെ. അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**എ. ഷാജഹാൻ ഐ.എ.എസ്.**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**ഡോ. എ. പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ.

# കൂട്

കിളിവാതിലിലൂടെ പുറത്ത് ഒരു കിളിയെ ഞാൻ കണ്ടു. അത് ഉറക്കെ പാടി എന്നെ രസിപ്പിക്കുന്നു...... ഉയർന്ന് പറന്ന് എന്നെ കൊതിപ്പിക്കുന്നു........നൃത്തം ചെയ്ത് കുളിരണിയിക്കുന്നു........... തൂവലുകൾ ചലിപ്പിച്ച് എന്നെ വിളിക്കുന്നു........ .പക്ഷേ, അതിനെ പിൻതുടരാൻ എനിക്ക് പറ്റുന്നില്ലല്ലോ? കാരണം, ഞാനാണല്ലോ ഇപ്പോൾ കൂട്ടിൽ.

**ആദിരാജാ എം.**
VIII F
എസ്.എച്ച്. മൗണ്ട് എച്ച്.എസ്. എസ്.
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം

# ന്യൂജെൻ കീടാണു

ഞാനാണ്കീടാണു.

ഞങ്ങൾ പൂർവികരായി ഇവിടെ തന്നെ ഉണ്ട്. പക്ഷേ, ഞാൻ ന്യൂജെൻ വൈറസ് ആണെന്നു മാത്രം. ഞാനാണ് കൊറോണവൈറസിൽ ഒരാളായ കോവിഡ് 19. ഞാൻ ഉലകം ചുറ്റാൻ ഇറങ്ങിയതാ. കുറേ നേരമായി കറങ്ങി നടക്കുന്നു. ഞാൻ ആരുടെ ദേഹത്തു കയറും! ഹൊ, ആരെയും കാണുന്നില്ലല്ലോ! എല്ലാ ആളുകളും വീട്ടിൽതന്നെ ഇരിപ്പായോ. പണികിട്ടിയോ?

അപ്പോഴാണ് അപ്പു അമ്മയുടെ കണ്ണുവെട്ടിച്ച് കൂട്ടുകാരെ കാണാൻ ഇറങ്ങിയത്. ഹ ഹ ഹ... ഒരാളെ കിട്ടി. അവന്റെ ദേഹത്തു കയറാം. അപ്പു കൂട്ടുകാരെ കണ്ട് മടങ്ങി വന്നപ്പോഴാണ് അമ്മ കാണുന്നത്. നിന്നോട് പുറത്തൊന്നും ചുറ്റിക്കറങ്ങി നടക്കരുതെന്നു പറഞ്ഞതല്ലേ. വേഗം സോപ്പ് ഉപയോഗിച്ച് നന്നായി കുളിച്ചിട്ട് വരൂ. അയ്യോ, സോപ്പ്... എന്നെ ഇപ്പോൾതന്നെ കൊല്ലുമോ? ഇതു ദൈവത്തിന്റെ സ്വന്തം നാടാണെന്നറിഞ്ഞിട്ടു വന്നതാ. എനിക്ക് മാത്രം ഇവിടെ സ്ഥാനമില്ല. അയ്യോ..... ഞാൻ പോകുന്നേ.......

**ഗായത്രി കെ ജെ**
5 A
എസ്. എൻ. എസ്. യു. പി. എസ്. പെരിഞ്ഞനം
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# ഒരു കൊറോണക്കഥ

കൊറോണ മെല്ലെ മെല്ലെ അരിച്ചിറങ്ങി. അരൂപിയായ അവൾ വളർന്നു പന്തലിക്കാൻ ദേഹങ്ങൾ തേടി. വിടരും മുമ്പേ ചവുട്ടി അരയ്ക്കപ്പെട്ട അനേകം ആത്മാക്കളുടെ വേവും പേറി ഗ്രാമങ്ങളേയും പട്ടണങ്ങളേയും മഹാനഗരങ്ങളേയും നരകമാക്കിക്കൊണ്ട്, അവൾ പടർന്നിറങ്ങി. ആകാശത്തോളം വളർന്ന മനുഷ്യന്റെ അഹംബോധത്തിനു മുകളിൽ അവൾ അമർന്നിരുന്നു. ഒരിറ്റു ശ്വാസത്തിനായി പിടയുന്ന പ്രാണന്റെ വേദന അവനറിഞ്ഞു. ഒരു സൂക്ഷ്മാണുവിനേക്കാളും എത്രയോ ചെറുതാണ് താനെന്ന് അവൻ തിരിച്ചറിഞ്ഞു.

കൊറോണ മെല്ലെ മെല്ലെ അരിച്ചിറങ്ങി. തെങ്ങോലകൾ താളം പിടിക്കുന്ന നാട്ടിലൂടെ, വിരൽത്തുമ്പിൽ നിന്നും വിരൽത്തുമ്പിലേക്ക് അപ്പൂപ്പൻ താടി പോലെ ഒഴുകി നടക്കാൻ അവൾ കൊതിച്ചു.

വിരൽത്തുമ്പിൽ നിന്നും സോപ്പുകുമിളകൾക്കൊപ്പം അവളുടെ ജീവനും പൊട്ടി അടർന്നു. ആളനക്കമില്ലാത്ത തെരുവുകൾ അവളെ നിരാശപ്പെടുത്തി. വെയിലും മഴയും വിശപ്പും തളർത്താത്ത കാക്കിയുടുപ്പിട്ട കാവൽക്കാർക്കുമുന്നിൽ അവളുടെ കാലിടറി. വെള്ളയുടുപ്പിട്ട ഭൂമിയിലെ മാലാഖമാരെ കണ്ട്, അവൾ ഒരടി പിറകോട്ടു മാറി. ഒരു കുടക്കീഴിൽ, ഏതു പ്രളയത്തെയും നേരിടുന്ന, മാവേലി നാടിന്റെ കരളുറപ്പ്...

അവൾ മെല്ലെ..... മെല്ലെ..... പിന്നോട്ടു നടന്നു. കുനിഞ്ഞ ശിരസ്സുമായി.

**ഹരിചന്ദന. ബി. എൽ**
VII A
ജി. വി. എച്ച്. എസ്സ്. എസ്സ്, പട്ടാഴി
കുളക്കട ഉപജില്ല, കൊല്ലം

# കൊറോണയുടെ റൂട്ട്മാപ്പ്

ഞാൻ യാത്ര തുടങ്ങിയത് ചൈനയിലെ വുഹാനിലാണ്. ഓരോ ജീവനെയും കീഴടക്കി ഞാൻ വൻകരകളിലേക്ക് നീങ്ങി. രാജ്യങ്ങൾ വിറങ്ങലിച്ചു നിന്നു. ഒച്ചയനക്കം പോലുമില്ലാത്ത തെരുവുകൾ, വാഹന ശബ്ദമില്ലാത്ത റോഡുകൾ, കറുത്ത പുക തുപ്പാത്ത ഫാക്ടറികൾ, എന്തൊരു മാറ്റം! ആൾക്കാർ എല്ലാവരും ഞാൻ കാരണം ലോക്ക്ഡൗണായി. എന്റെ റൂട്ട് മാപ്പ് നോക്കിയവർ അന്തം വിട്ടിരുന്നു. മൺമറഞ്ഞ ജീവന്റെ കണക്ക് നോക്കി ഞാൻ നൂറ്റാണ്ട് കണ്ട ഭീകരനായി മാറി. യുദ്ധത്തിലും പട്ടിണിയിലും പൊലിഞ്ഞ ജീവനുകൾ ഞാനെടുത്ത ജീവന്റെ എണ്ണത്തിനപ്പുറം, അല്ലേ? അപ്പോൾ എന്റെ മുന്നിലുള്ള ഏറ്റവും വലിയ ഭീകരൻ മനുഷ്യൻ തന്നെയല്ലേ? എന്നെപ്പോലെ ഒരു നിസാരനായ ജീവിക്കു മുന്നിൽ മനുഷ്യൻ ഇന്ന് ഒന്നുമല്ല. എൻെറ യാത്ര അവസാനിപ്പിക്കാൻ മനുഷ്യന്റെ ബുദ്ധി പ്രവർത്തിച്ച് തുടങ്ങിയിരിക്കുന്നു. എനിയ്ക്കും മടുത്തു. ഏതെങ്കിലും ഒരു മരുന്ന് കുപ്പിയ്ക്ക് മുമ്പിൽ എന്റെ റൂട്ട് മാപ്പ് അവസാനിക്കും. കാത്തിരിപ്പ് തുടരുന്നു......

**യാസ്ന എൻ**
V B
ഗവ. യു പി എസ് കണിയാപുരം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# ഒരു കാക്കക്കാഴ്ച

പതിവ് പോലെ രാവിലെ കൂട്ടിൽ നിന്നും പറന്നിറങ്ങിയ കാക്കച്ചി തൊട്ടടുത്ത മരച്ചില്ലയിൽ ചെന്നിരുന്നു. അവിടെ ഇരുന്ന് തിരക്കുള്ള ആ നഗരത്തിലെ കാഴ്ചകൾ കാണാൻ അവൾക്ക് ഇഷ്ടമാണ്.

ചീറിപ്പായുന്ന വാഹനങ്ങൾ, ഉയർന്ന് പൊങ്ങുന്ന പുക, എന്തിനോ വേണ്ടി തിരക്ക് കൂട്ടുന്ന മനുഷ്യർ, അവർക്കിടയിലൂടെ കനമുള്ള ബാഗിൽ തൂങ്ങി പോകുന്ന കുട്ടിപ്പട്ടാളം. എന്നാൽ ഇന്ന് തിരക്ക് കുറവാണ്. കുട്ടി പട്ടാളങ്ങളെ കാണാനും ഇല്ല. വാഹനങ്ങളുടെ വേഗം കുറഞ്ഞത് പോലെ. ഫാക്ടറിയിൽ നിന്ന് പുക തീരെയും പൊങ്ങുന്നില്ല. മാലിന്യക്കൂമ്പാരത്തിന്റെ ദുർഗന്ധവും കുറഞ്ഞത് പോലെ.

എങ്ങും നിശബ്ദത. ശുദ്ധവായു പറന്ന് തുടങ്ങിയപ്പോൾ മൂക്ക് കെട്ടി വച്ച് മനുഷ്യർ മെല്ലെ നടക്കുന്നത് കാണാം. ഇതെന്തു കാലം! കാക്കച്ചി മൂക്കത്ത് വിരൽ വച്ചു.

**ധ്യാന കൃഷ്ണ.എ.എസ്**
IV B
ഗവ.എൽ.പി.സ്കൂൾ വെറ്റിളതാഴം
ചാത്തന്നൂർ ഉപജില്ല, കൊല്ലം

# നന്ദി കൊറോണ നന്ദി

അനന്ദു ആദ്യമായി തന്റെ കുഞ്ഞുങ്ങളെ സ്നേഹത്തോടെ തലോടി. അവർ പേടിയില്ലാതെ അച്ഛന്റെ അടുത്തേക്ക് ഓടിച്ചെന്നു. മത്സരിച്ചു അച്ഛന്റെ മടിയിൽ മാറി മാറി ഇരുന്നു കളിച്ചു. ആദ്യമായാണ് അച്ഛനെ ഇങ്ങനെ കാണുന്നത്. നാളെ വിഷുവാണ്. കുട്ടികളെ നേരത്തെ കിടത്തിയുറക്കി ഭാര്യയോടൊപ്പം വിഷുക്കണി ഒരുക്കി. പുലർച്ചെ മക്കളുടെ കണ്ണുപൊത്തി കണി കാണിച്ചു. സ്നേഹത്തിന്റെ വിഷുക്കൈ നീട്ടം നൽകി. ആദ്യമായി വിഷുവിന് പടക്കം പൊട്ടിയില്ലെങ്കിലും അവരുടെ ജീവിതത്തിൽ സന്തോഷത്തിന്റെ പൂത്തിരി കത്തിക്കൊണ്ടിരുന്നു. നാലുകാലിൽ വന്ന് സർവം എറിഞ്ഞുടച്ചുകൊണ്ടു അമ്മയേം മക്കളേം പൊതിരെ തല്ലുന്ന അച്ഛന്റെ ഈ മാറ്റം തെല്ലൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. 'നന്ദി കൊറോണ നന്ദി' കുട്ടികൾ ഒന്നിച്ചു പറഞ്ഞു, ഈ കൊറോണക്കാലം കഴിയാതിരിക്കട്ടെ...

**അലീഫ.പി**
VII D
ജി.എച്ച്.എസ് അലനല്ലൂർ
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# ആലംബഹീനർ

പണക്കിലുക്കത്തിൽ വെളുത്ത നഗരമായ ദുബായിൽ അംബരചുംബികളായ കെട്ടിടങ്ങൾ വിസ്മയംതീർത്ത് നിൽക്കുന്ന നയനമനോഹര കാഴ്ച. ഭൂമിയിലെ മാലാഖമാരിൽ ഒരാളായിരുന്ന അഖില താമസിച്ചിരുന്നത് അത്തരം ഒരു ബഹുനിലെക്കെട്ടിടത്തിലാണ്. ബിസ്സിനസ്സുകാരനായ ഭർത്താവ് ഗോപനും ചിന്നു, ലച്ചു എന്നീ സുന്ദരികളായ മക്കളും ഉൾപ്പെടുന്ന സന്തുഷ്ട കുടുംബം. ഒരു ദിവസം അഖില ജോലിചെയ്യുന്ന ആശുപത്രിയിൽ 55 വയസ്സുള്ള ഒരാൾ കടുത്ത പനിയും ചുമയുമായി വന്നു. രാഘവൻ എന്ന അദ്ദേഹത്തെ ചികിത്സിച്ചത് അഖിലയും സുമേഷ് എന്ന ഒരു മലയാളി ഡോക്ടറുംകൂടിയാണ്. ജോലിക്കുശേഷം അഖില കുടുംബസമേതം സിനിമ കാണാൻ പുറത്തേക്കുപോയി. ഇടവേളയിൽ ഗോപൻ ഐസ്ക്രീമും മറ്റും വാങ്ങാനായി തിരക്കേറിയ കടയിൽ പോയി വന്നു. ശേഷം അവർ ഫ്ളാറ്റിലേക്ക് പോയി. പതിവുപോലെ പിറ്റേദിവസം അഖില ആശുപത്രിയിലേക്കും ഗോപൻ ഓഫീസിലേക്കും പോയി. എന്നാൽ ആശുപത്രിയിലെ അവസ്ഥ തൃപ്തികരമായിരുന്നില്ല. രാഘവന് ഒട്ടും ആശ്വാസം ഉണ്ടായിരുന്നില്ല. ഡോക്ടർ രാഘവന്റെ സ്രവം പരിശോധനയ്ക്കയച്ചു. ഫലം വന്നപ്പോഴാണ് രാഘവന് കൊറോണ വൈറസ് ബാധിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞത്. രാഘവനെ പരിശോധിച്ച അവരുടെ സ്രവം പരിശോധിച്ചപ്പോൾ അഖിലക്ക് കൊറോണ വൈറസ് ബാധിച്ചിട്ടുണ്ടെന്നും മാസ്ക് ധരിച്ചിരുന്നതിനാൽ സുമേഷിനെ വൈറസ് ബാധിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടു. എന്നാൽ അഖിലക്ക് ഒരു മുറി പോലും ലഭിക്കുകയുണ്ടായില്ല.

ആശപത്രിക്കെട്ടിടത്തിലെ നാല് ചുവരുകൾക്ക് പുറത്തേക്ക് നൂലുവിട്ട പട്ടം പോലെ പറക്കുകയായിരുന്നു അവളുടെ ഓർമ്മകൾ. കുട്ടികൾ അവളോട് പായസം ഉണ്ടാക്കാൻ ആവശ്യപ്പെട്ടതും സമയത്തിന്റെ പരിമിതിയിൽ ജോലിത്തിരക്ക് കാരണം അവൾക്ക് അതിനെ കഴിയാതിരുന്നതും അങ്ങനെ മങ്ങിയും തെളിഞ്ഞും ഒരുപാട് ഓർമ്മകൾ. മക്കൾ പറഞ്ഞു: ‘അച്ഛാ, ഞങ്ങൾക്ക് അമ്മയെ കാണണം. ഒന്ന് കൊണ്ടുപോകുമോ...” അയാൾ പറഞ്ഞു:” മക്കളെ, അമ്മയെ അവർ കാണിക്കില്ല.” അന്നത്തെ ദിവസം കുട്ടികൾ ഒന്നും

കഴിച്ചില്ല, സംസാരിച്ചില്ല. സദാ നേരവും കരഞ്ഞുകൊണ്ടിരുന്നു. പിറ്റേദിവസം ഗോപൻ കുട്ടികളെ അമ്മയെ കാണിക്കാനായി ആശുപത്രിയിലേക്ക് കൊണ്ടുവന്നു. അവർ അഖില കിടക്കുന്ന മുറിയുടെ വാതിലിൽ നിന്ന് നോക്കി കണ്ണീരൊഴുക്കി. അഖിലക്ക് അത് കണ്ടപ്പോൾ കരച്ചിൽ വന്നു. കിടക്കയിൽ കിടന്ന്, ദയനീയമായ മുഖമുയർത്തി പതിയെ കണ്ണുകൾ തുറന്നുകൊണ്ട്, അമ്മ രണ്ടു ദിവസം കഴിയുമ്പോൾ തിരികെ എത്താം എന്ന് അവൾ കള്ളം പറഞ്ഞു. രണ്ടുദിവസം കഴിഞ്ഞപ്പോൾ ഗോപനും രോഗബാധിതനായി. ഗോപനെ അഖിലയ്ക്ക് അടുത്താണ് കിടത്തിയിരുന്നത്. അവൾ രണ്ടാമത്തെ ദിവസം വൈകുന്നേരമായപ്പോഴേക്കും പതിയെ കണ്ണുകളുയർത്തി ഗോപനെ ഒന്ന് നോക്കി, എന്നന്നേക്കുമായി ആ കണ്ണുകൾ അടഞ്ഞു. അത് അവളുടെ കുട്ടി കളറിഞ്ഞു. അവർ സുമേഷിനൊപ്പം ആശുപത്രിയിലെത്തി. കുട്ടികൾക്ക് അമ്മയെകാണാൻ അനുവാദമില്ലായിരുന്നു. അപ്പോഴേക്കും കുട്ടികളിൽ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. അവരെ എന്നിട്ടും പരിശോധിച്ചില്ല. കുട്ടികൾ! ഡോക്ടർ സുമേഷിനോട് കെഞ്ചിപ്പറഞ്ഞു: "ഞങ്ങൾ നാല് ദിവസമായി അമ്മയെ ഒന്ന് കണ്ടിട്ട്, ഞങ്ങളെ ഒന്ന് കാണിക്കു..." ആരും ഒന്നിനും തയ്യാറായില്ല. കുട്ടികൾക്ക് അച്ഛനെയും നഷ്ടമായി. മൂന്നുദിവസം കഴിഞ്ഞപ്പോൾ ലച്ചു എഴുന്നേറ്റ് പിടിച്ചു നടന്നപ്പോഴേക്കും കുഴഞ്ഞുവീണു മരിച്ചു. ചിന്നു മാതാപിതാക്കളും സഹോദരനും നഷ്ടമായ ദുഃഖം താങ്ങാനാകാതെ ഈ ലോകത്തോട് വിടപറഞ്ഞു. ഒരുപക്ഷേ ചികിത്സിച്ചിരുന്നെങ്കിൽ അവരുടെ രോഗം ഭേദമാക്കാൻ കഴിയുമായിരുന്നു. മറ്റുള്ള രാജ്യങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമാണ് കേരളം. എല്ലാവരും മനുഷ്യരല്ലേ, ഒരേ ചോരയല്ലേ എന്ന് കരുതി എല്ലാവരുടെയും ജീവൻ രക്ഷിക്കാനുള്ള ശ്രമം നടത്തുന്ന കേരളംതന്നെയാണ് ഉത്തമ മാതൃക.

**നമസ്യാ അനിൽ**
VI B
ബി. ആർ. വി. എസ്. എം. ഹയർ സെക്കന്ററി സ്കൂൾ, പ്രയാർ
കായംകുളം ഉപജില്ല, ആലപ്പുഴ

# റോഡിലിറങ്ങരുതേ...

രണ്ടു ദിവസത്തെ പരീക്ഷ ബാക്കിയാണ് എന്ന നീരസം മനസിലൊളിപ്പിച്ച് 'ലോകജനതയ്ക്കുവേണ്ടി വീട്ടിലിരിക്കുന്നു' എന്ന അഹംഭാവത്തോടെയായിരുന്നു എൻെറ 'ലോക്ക്ഡൗൺ' ദിവസങ്ങൾ ആരംഭിച്ചിരുന്നത്. വീട്ടിലെ എല്ലാവരും ഒന്നിച്ചുണരുകയും ഒന്നിച്ച് ഭക്ഷണം കഴിക്കുകയും ഒരുപാടുനേരം ഒന്നിച്ചിരുന്ന് സംസാരിക്കുകയും ഒന്നിച്ചുറങ്ങുകയുമൊക്കെയായപ്പോൾ ജീവിതത്തിൽ മറ്റൊരിക്കലുമില്ലാതിരുന്ന സുരക്ഷിതത്വം അനുഭവപ്പെട്ടു. മരണവാർത്തകൾ അലോസരപ്പെടുത്തുന്നുണ്ടെങ്കിലും വെക്കേഷൻ നൽകുന്ന സുഖത്തേക്കാൾ ജീവിതം ആസ്വദിക്കുകയായിരുന്നു ഞാൻ. വിജനമായ റോഡിലേക്ക് നോക്കിയിരിക്കുമ്പോൾ അത്ഭുതപ്പെട്ടിട്ടുണ്ട്... എന്തു തിരക്കായിരുന്നു ഈ റോഡിൽ കുറച്ചുനാൾ മുൻപുവരെ. എല്ലാവരും അനാവശ്യമായി യാത്രചെയ്ത് റോഡിൽ തിരക്കുണ്ടാക്കുകയായിരുന്നില്ലേ? എൻെറ അച്ഛനും അമ്മയും ഒരുദിവസം തന്നെ പല പ്രാവിശ്യം ടൗണിലേക്ക് വാഹനം ഓടിച്ചു പോയി ഓരോരോ സാധനങ്ങൾ വാങ്ങിയിരുന്നതിൻെറ അനുഭവസാക്ഷ്യം എൻെറ മുന്നിൽ തന്നെയുണ്ടായിരുന്നല്ലോ. ഇപ്പോൾ ഒരാഴ്ചയ്ക്കുള്ള സാധനം ഒന്നിച്ചു വാങ്ങുന്നതിനാൽ ഇടയ്ക്കിടക്കുള്ള യാത്ര ആവശ്യമില്ലാതായിരിക്കുന്നു.

തൊട്ടടുത്ത കവലയിലേക്കും ബന്ധുവീട്ടിലേക്കും നടന്നു പോകുന്നതിനാൽ പ്രകൃതിയുടെ സൗന്ദര്യം ഞാനിന്ന് ആസ്വദിച്ചു തുടങ്ങിയിരിക്കുന്നു വീടിനടുത്തുള്ള അമ്പലവും കുളവും തോടും വയലും ഇടവഴികളും കുഞ്ഞുകാവുകളും ഇപ്പോൾ എൻെറ മനസിൽ നിറഞ്ഞുനിൽക്കുകയാണ്.

എന്തിനായിരുന്നു നാം അനാവശ്യമായി ഇത്ര വാഹനങ്ങൾ ഉപയോഗിച്ചിരുന്നത്? ശരിക്കും ധൂർത്ത് കാട്ടുകയായിരുന്നില്ലേ നമ്മൾ? എത്ര അലക്ഷ്യമായിട്ടായിരുന്നു നാം നമ്മുടെ വിഭവസമ്പത്ത് ചെലവഴിച്ചിരുന്നത്. പ്രകൃതിയെ ഒരു ദാക്ഷിണ്യവും കുടാതെ നമ്മൾ പിച്ചിച്ചീന്തുകയായിരുന്നില്ലേ...? ഇപ്പോൾ അന്തരീക്ഷത്തിലെ പൊടി കുറഞ്ഞു, വലിച്ചെടുക്കുന്ന ശ്വാസത്തിൽ മുറ്റത്തെ കുടമുല്ലപ്പൂവിൻെറ മണം എനിക്കാസ്വദിക്കാൻ കഴിയുന്നു. പണ്ട് റോഡിലെ പൊടി മുറ്റത്തേക്കും വീടിനുള്ളിലേക്കും അടിച്ചുകയറി വന്നതിനാൽ ശ്വാസം ഉള്ളിലെക്കെടുക്കുമ്പോൾ അറിയാതെ ചുമച്ചുപോകുമായിരുന്നു.

ഒരുമാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്കു സംഭാവന ചെയ്യുമ്പോൾ ഉണ്ടാകുന്ന സാമ്പത്തികഞെരുക്ക വേവലാതി അച്ഛൻെറയും അമ്മയുടെയും മുഖത്ത് കാണാം. അമ്മാവൻ കുടിയുണ്ടായിരുന്നെങ്കിൽ പ്രളയത്തിൻെറ ബാക്കി തർക്കങ്ങളും ന്യായാന്യായാവാദങ്ങളും കേൾക്കാമായിരുന്നു. എന്തു ചെയ്യാം, ലോക്ക്ഡൗൺ അല്ലേ. അമ്മാവനും വീട്ടിൽ കുത്തിയിരിപ്പാവും.

എല്ലാവരും വീട്ടിലുള്ളതിനാൽ അമ്മക്ക് രാപകലില്ലാതെ ജോലിയാണ്. എങ്കിലും ആ മുഖത്ത് എല്ലാവരും ഒന്നിച്ച് വീട്ടിലുള്ളതിൻെറ സന്തോഷം കാണാം. വീട്ടിലെ

കുഞ്ഞുപട്ടിയോട് ഇപ്പോൾ ഏറെനേരം സല്ലപിക്കാം. എല്ലാവരേയും എപ്പോഴും കാണുന്നതിൻെറ സന്തോഷം അവളുടെ വാലാട്ടലിലും കാലുരുമ്മി പിന്നാലെ ഗമയിലുള്ള നടത്തത്തിലും കാണാം.

മനുഷ്യർക്ക് എന്ത് ധൃതിയായിരുന്നു കാശുണ്ടാക്കാൻ. എന്തു പരക്കം പാച്ചിലായിരുന്നു. ആർക്കും ഒന്നിനും നേരമില്ല.

തൊടിയിലെ തണുപ്പുള്ള മാവിൻചോട്ടിൽ എല്ലാവരും ഒന്നിച്ച് ഉച്ചവെയിലിൽ ഇത്തിരിനേരം കാറ്റുകൊള്ളുമ്പോൾ ആരുടെ മനസിലും അധ്വാനിച്ചാൽ ഇരട്ടിപ്പിക്കാമായിരുന്ന കാശിൻെറ ചിന്തയില്ല. (ശാന്തമായ മനസുമായിരിക്കുമ്പോൾ ലോകത്തുള്ള എല്ലാ മനുഷ്യർക്കും ഇതുതന്നെയാവില്ലേ ചിന്താഗതി.) തകരയോടും തഴുതാമയോടും വാഴക്കുമ്പിനോടും ചക്കയോടും മാങ്ങയോടും മരച്ചീനിയോടും ചേനയോടും ചേമ്പിനോടും എല്ലാവർക്കും വീണ്ടും പ്രേമം തോന്നിത്തുടങ്ങിയിരിക്കുന്നു. നനക്കിഴങ്ങ് എന്നൊരിനം പണ്ട് നാട്ടിൽ വ്യാപകമായി കൃഷിചെയ്തിരുന്നുപോലും. നല്ലരുചിയുള്ള ആ കിഴങ്ങിൻെറ ചെടിയെ ഇന്ന് ഒന്നു കാണാൻ സാധിച്ചു. ചീരയും വെണ്ടയും പാവലും പടവലവും കോവലുമൊക്കെ എങ്ങനെ കൃഷിചെയ്യാം എന്ന ഗവേഷണത്തിലാണ് ഇപ്പോൾ വീട്ടിൽ എല്ലാവരും.

മുരിങ്ങയുടെ ചുവട്ടിൽ വച്ചു, നാളെ നമുക്കിതിൻെറ ഇല തോരൻ വയ്ക്കാം എന്ന് അമ്മ പറഞ്ഞപ്പോൾ എല്ലാവരും അമ്മയെ ആശ്ചര്യത്തോടെ നോക്കി. ഇല പറിക്കണം, കഴുകണം, കുഞ്ഞായി അരിയണം. ആർക്കാ ഇതിനൊക്കെ നേരം എന്നു പറഞ്ഞ് ഒഴിവാക്കിയിരുന്ന മുരിങ്ങച്ചെടി വർഷങ്ങളായി അവിടെ ഉണ്ടായിരുന്നു എന്ന കാര്യം അപ്പോഴാണ് വീട്ടിലെ പലരും ഓർത്തതുപോലും.

എൻെറ മനസിൽ ഇത്രയും സന്തോഷം നിറഞ്ഞ ദിവസങ്ങൾ ഇതിന് മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. രോഗത്തിൻെറ ഭീതിയും ലോകജനതയുടെ ആകുലതയും മനസ്സിനെ അലട്ടുന്നുണ്ടെങ്കിലും, ഇതൊക്കെ നമ്മെ പലതും പഠിപ്പിക്കുന്നില്ലേ?

ആർക്കാണ് ബോധൽക്കരണം നടത്തേണ്ടത്? ആരാണ് ബോധൽക്കരണം നടത്തേണ്ടത്? അവനവനു സ്വയം തിരിച്ചറിവുണ്ടാവുകയേ നിവൃത്തിയുള്ളു. ആവശ്യത്തിന് കൃഷിചെയ്യണം, പ്രകൃതിയെ അനാവശ്യമായി ചൂഷണം ചെയ്യരുത്, പ്രകൃതിവിഭവങ്ങളെ നശിപ്പിക്കരുത്, ഒന്നിനോടും ആർത്തികാണിക്കരുത് എന്നൊക്കെ ഉപദേശിച്ചാൽ നവോത്ഥാനകേരളത്തിലെ ആർക്കെങ്കിലും മനസ്സിലാകുമോ.

ആവോ, അറിയില്ല.

ഇതൊരു പുതിയ നാന്ദികുറിക്കട്ടെയെന്ന് സ്വയം ആശിക്കോനല്ലേ പറ്റു....

**ദേവി ആജ്ഞന എസ്.**

11 C

വി.എച്ച്.എസ്.എസ്. നെടുവത്തൂർ

കൊട്ടാരക്കര ഉപജില്ല, കൊല്ലം

# രോഗം പ്രതിരോധം

ഇത് ബിനോയ്. ഒരു സാമൂഹ്യപ്രവർത്തകനാണ്. വീട്ടിൽ ഒറ്റയ്ക്കാണ് താമസം. ഭാര്യ ഖത്തറിൽ നേഴ്സാണ്. നാടിന്റെ പുരോഗമനത്തിനും വികസനത്തിനും വേണ്ടി കഷ്ടപ്പെടുന്ന ഒരു സാധാരണക്കാരൻ. റബ്ബർ, കവുങ്ങ് തുടങ്ങിയ കൃഷികളുമുണ്ട്. രണ്ടുവർഷം മുൻപാണ് ഖത്തറിലെ ഒരു വലിയ ആശുപത്രിയിൽ ബിനോയിയുടെ ഭാര്യ അംബികയ്ക്ക് ജോലി ലഭിച്ചത്. വർഷത്തിൽ ഒരു മാസം നാട്ടിലേക്ക് വരാറുണ്ട്. അങ്ങനെയിരിക്കെയാണ് ചൈനയിലെ വുഹാനിൽ കൊറോണ എന്ന വൈറസ് പടർന്നുപിടിച്ചത്. പതിനായിരക്കണക്കിന് ആളുകൾക്ക് രോഗം പിടിപെട്ടു. പലയാളുകളും മരിച്ചുവീണു. ഖത്തറിലും കൊറോണ എത്തി. അംബിക ഒരു കൊറോണരോഗിയെ പരിചരിച്ചിരുന്നു. അയാൾക്ക് കൊറോണ വളരെ രൂക്ഷമായി. മനസ്സിൽ ആളിക്കത്തുന്ന തീ ആയിരുന്നു. തനിക്ക് എന്തെങ്കിലും സംഭവിക്കുമോ എന്ന ഭയം. ഖത്തറിൽ മാത്രമല്ല, ഇന്ത്യയിലും എത്തി മഹാമാരി. രോഗിയെ പരിചരിക്കുന്നതിനിടെ അംബികയ്ക്ക് ചെറിയ തലവേദന അനുഭവപ്പെട്ടിരുന്നു. ആദ്യം അത്ര കാര്യമാക്കിയില്ല. തലവേദന കടുത്തപ്പോൾ ലീവ് ആവശ്യപ്പെട്ടു ഹോസ്പിറ്റൽ മാനേജറുടെ അടുത്തുചെന്നു. എങ്കിലും ലീവ് എടുക്കാൻ സമ്മതിച്ചില്ല. ഒടുവിൽ ചെക്കപ്പ് നടത്തിയപ്പോൾ നെഗറ്റീവ് റിസൾട്ട് ആണ് വന്നത്. ബിനോയ് അവളോട് നാട്ടിലേക്ക് വരാൻ ആവശ്യപ്പെട്ടു. മാനേജറോട് അപേക്ഷിച്ച് ലീവ് എടുത്ത് നാട്ടിലേക്ക് വന്നു. വന്ന ദിവസം തന്നെ ഐസോലേഷനിലേക്ക് മാറ്റി. അപ്പോഴാണ് ബിനോയ്ക്ക് ഒരു ഫോൺ കോൾ വരുന്നത്. കൊറോണ തുടർന്ന് നിരീക്ഷണത്തിലുള്ളവർക്ക് ഭക്ഷണം എത്തിക്കാൻ സഹപ്രവർത്തകർ വിളിച്ചതാണ്. പല വീടുകളിലും ഒന്നും പ്രതീക്ഷിക്കാതെ ഭക്ഷണങ്ങളും മരുന്നുകളും മറ്റ് അവശ്യസാധനങ്ങളും എത്തിച്ചുകൊടുത്തു. ഈ സമയം അംബികയുടെ റിസൾട്ട് വരാൻ ഇടയായി. പോസിറ്റീവ് റിസൾട്ട് ആണ് വന്നത്. ബിനോയി കാര്യം അറിഞ്ഞിട്ടും പ്രതികരിച്ചില്ല.

നാടിനു വേണ്ടി ത്യാഗം ചെയ്യുകയായിരുന്നു. ദിവസങ്ങൾ നീങ്ങി ഞരങ്ങി കടന്നുപോയി. നാടിന്റെ അവസ്ഥയും വഷളായി. ഒരു ദിവസം ബിനോയ് ഒരു ഹൃദ്രോഗിക്ക് സീരിയസായി ആംബുലൻസിൽ പോവുകയായിരുന്നു. കർണാടക അതിർത്തി കഴിഞ്ഞ് മംഗലാപുരം കൊണ്ടുപോകാനാണ്



ശ്രമം. കർണാടക അതിർത്തി മണ്ണിട്ട് തടഞ്ഞിരിക്കുന്നു. ആ ജീവൻ രക്ഷപ്പെട്ടില്ല. നെഞ്ചു വിറയ്ക്കുന്നു, അല്ല ഫോൺകോൾ വന്നതാണ്. 'ഹലോ, അംബികയുടെ ഭർത്താവ് അല്ലേ..?' 'അതെ.' "ഇത് സിറ്റി ഹോസ്പിറ്റലിൽ നിന്നാണ്. 'എന്താ...' "സോറി, ഞങ്ങൾക്ക് രക്ഷിക്കാനായില്ല."

പൊട്ടിത്തെറിച്ച ഹൃദയത്തോടെ അവൻ നിശ്ചലനായി. കണ്ണു കലങ്ങി. ഒന്നു കാണാൻ പോലും സമ്മതിച്ചില്ല.

നാടിനു വേണ്ടിയും മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാനും പ്രവർത്തിച്ച നമ്മുടെ ആരോഗ്യപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, പോലീസുകാർ... ഇവരോടെല്ലാം തിരിച്ചു നൽകാനാകാത്ത നന്ദിയും കടപ്പാടുമുണ്ട്. പ്രവർത്തിക്കുന്നത് നമുക്ക് വേണ്ടിയാണ്. പോലീസുകാർക്കും ആരോഗ്യപ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും കൂപ്പുകൈ.

**അതുൽ ദേവ്**
7 F
യു.പി.എസ്. മുന്നാട്
കാസറഗോഡ് ഉപജില്ല, കാസർഗോഡ്

# ദുഃഖം വിതച്ച കൊറോണ

രാമപുരം എന്ന അതിവിശാലമായ ഗ്രാമം. അവിടെയായിരുന്നു അന്നമ്മച്ചിയുടെയും കോശിച്ചായന്റെയും വീട്. അവരുടെ ഏകമകനാണ് സാമുവേൽ കോശി. സാമുവേൽ പഠിക്കാൻ വളരെ മിടുക്കൻ. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞതോടെ അവന്റെ മാതാപിതാക്കൾ ചെറുപ്പം മുതൽ സംഭരിച്ചുവച്ച തുകയും സ്വത്തും ഒക്കെകൊണ്ട് അവനെ അമേരിക്കയിൽ പഠിക്കാൻ അയച്ചു. കുട്ടിക്കാലം മുതലുള്ള സാമുവേലിന്റെ സ്വപ്നമായിരുന്നു അമേരിക്കയിൽ പോയി പഠിക്കണമെന്നുള്ളത്. അത് അവന്റെ വൃദ്ധമാതാപിതാക്കൾ വളരെ കഷ്ടപ്പെട്ടാണെങ്കിലും സാധിച്ചുകൊടുത്തു. ലോണും കടങ്ങളും ഒക്കെയായി അവർ അങ്ങനെ കഴിഞ്ഞു. എന്നും മകന്റെ ഫോൺ വരാതെ അവർ അത്താഴം പോലും കഴിക്കില്ലായിരുന്നു. അത് മകനും അറിയാം. അതിനാൽ എന്നും അവൻ നേരത്തേ വിളിക്കും. ദാരിദ്ര്യത്തിന്റെ മറവിൽ ആണെങ്കിലും അവരുടെ ചെറിയ ചെറിയ സന്തോഷങ്ങൾ വലിയ വലിയ ആഘോഷങ്ങളാക്കി അവർ കഴിഞ്ഞുകൂടി. ഒരു ദിവസം അന്നമ്മച്ചി ടിവിയിൽ വാർത്ത കാണുകയായിരുന്നു. അപ്പോൾ അന്നമ്മച്ചി ഉറക്കേ വിളിച്ചു പറഞ്ഞു: 'ദേ അച്ചായാ, ചൈനയിൽ എന്തോ വൈറസ് വന്നുവെന്ന്. കൊറോണയെന്നാ പേര്. ഹോ! നിമിഷങ്ങൾകൊണ്ട് എത്ര ജീവനാ പോയത്!"

അന്നമ്മച്ചി അലമാരയ്ക്കരികിലായുള്ള യേശുവിന്റെ ചില്ലുപടത്തിൽ നോക്കി മുട്ടുകുത്തിയിരുന്നു പ്രാർത്ഥിച്ചു: 'കർത്താവേ, കരുണാമയനായ അങ്ങ് സാമുവേലിനെ കാത്തോണേ. ചൈനയിൽനിന്ന് ഈ വൈറസ് മറ്റു രാജ്യങ്ങളിലേക്ക് വ്യാപിക്കുന്നത് തടയേണമേ. ലോകത്ത് ആർക്കും ഒരാപത്തും വരുത്തരുതേ..." പ്രാർത്ഥിച്ചുകൊണ്ട് അവൾ എഴുന്നേറ്റു. മേശയ്ക്കരികിലായി ഫോൺ ബെല്ലടിക്കുന്നത് കേട്ടു. അത് സാമുവേലായിരുന്നു. അന്നമ്മച്ചി ഓടിവന്ന് ഫോൺ എടുത്തു: 'മോനേ, നിനക്ക് സുഖമല്ലേ? കൊറോണവൈറസ് എല്ലാടവും പകരുന്നത് നീ ടിവിയിൽ കണ്ടുകാണുമല്ലോ. സൂക്ഷിക്കണേ മോനേ, എപ്പോഴും മാസ്ക് ധരിക്കണം. കൈകൾ സോപ്പിട്ട് ഇടയ്ക്കിടെ കഴുകണം. മോനേ, നീ പോയാൽ ഞങ്ങൾക്കു വേറാരുമില്ല എന്ന് നീ ഓർക്കണം..." അന്നമ്മച്ചി വിങ്ങിക്കൊണ്ട് കോശിച്ചായന് ഫോൺ നൽകി. സാമുവേൽ അപ്പനോടായി പറഞ്ഞു: 'അമ്മച്ചിയോട് പറയണം, വിഷമിക്കണ്ടെന്ന്. എനിക്ക് കുഴപ്പമൊന്നുമില്ല. നിങ്ങൾ സുഖമായി ഇരിക്കണം." അന്നത്തെ ഫോൺ സംഭാഷണം കഴിഞ്ഞ് ഇരുവരും അത്താഴം കഴിക്കാനിരുന്നു. ആ വൃദ്ധദമ്പതികളുടെ അന്നത്തെ ദിവസവും അങ്ങനെ കഴിഞ്ഞു. പിറ്റേന്നു വാർത്ത വച്ച കോശിച്ചായൻ ഞെട്ടി: 'എന്ത്, അമേരിക്കയിൽ മരണസംഖ്യ കൂടുന്നു എന്നോ! അന്നമ്മോ, നീയിതു കേട്ടോ? നീ ആ ഫോണെടുത്ത് സാമുവേലിനെ ഒന്നു വിളിച്ചേ." അവരുടെ

നെഞ്ചിടിപ്പ് കൂടി. അന്നമ്മ ഇടറിയ സ്വരത്തിൽ പറഞ്ഞു: 'അയ്യോ അച്ചായാ, ഫോൺ ബെല്ലുണ്ട്. പക്ഷേ, എടുക്കുന്നില്ല." ഏതാണ്ട് രാത്രി പത്തുമണിയായി. മകൻ ഇതുവരെ വിളിച്ചില്ല. അന്നമ്മച്ചിയും കോശിച്ചായനും ഉറങ്ങിയിരുന്നില്ല.

പിന്നീട് മകന്റെ വിളി ഇല്ലാതെയായി. ആ ദിവസങ്ങൾ തള്ളിനീക്കാൻ അവർ ഏറെ പണിപ്പെട്ടു. അമേരിക്കയെ വിടാതെ പിടികൂടിയ കൊറോണ തന്റെ മകനു പിടിപെടരുതേയെന്ന് ഉരുവിട്ടുകൊണ്ട് ആ വൃദ്ധദമ്പതികൾ ഓരോ ദിവസവും തള്ളിനീക്കി. പിറ്റേ ദിവസം ഉച്ചതിരിഞ്ഞ് മൂന്നുമണിയായി. എന്നും ചെയ്തുകൊണ്ടിരുന്ന പതിവുകളെല്ലാം തെറ്റി. അവർ രണ്ടുപേരും ഇരിക്കാനോ നിൽക്കാനോ കഴിയാതെ നടന്നുകൊണ്ടിരുന്നു. ഫോൺ ബെല്ലടിക്കുന്നതു കേട്ട് അന്നമ്മച്ചി ഓടിവന്ന് എടുത്തു. അത് സാമുവേലിന്റെ ഉറ്റസുഹൃത്തായ ബെന്നിയായിരുന്നു. അവൻ ചോദിച്ചു: 'സാമുവേൽ കോശിയുടെ വീടല്ലേ?" അന്നമ്മച്ചി ഒരു നെടുവീർപ്പോടെ പറഞ്ഞു: 'അതെ.' ബെന്നി ഇടറിയ സ്വരത്തിൽ പറഞ്ഞു: 'അമ്മച്ചി അറിഞ്ഞുകാണുമല്ലോ കൊറോണ വൈറസിനെ പറ്റി. ഞാനും എന്റെ കൂടെയുള്ള നാലുപേരും വളരെ ഭീതിയിലാണ് കഴിയുന്നത്. സാമുവേലിന്റെ ശരീരത്തിലും ഈ വൈറസ് പ്രവേശിച്ചു." ഇത് കേട്ടപ്പോഴെ അന്നമ്മച്ചിയുടെ പാതി ജീവൻ നഷ്ടമായി. അവൾ ഒന്നും മിണ്ടാതെ മിഴിച്ചുനിന്നു. ബെന്നി സകല ആത്മവിശ്വാസവുമെടുത്ത് അന്നമ്മച്ചിയോട് പറഞ്ഞു: 'ദൈവം നമ്മുടെ സാമുവേലിനെ വിളിച്ചു അമ്മച്ചി. അമ്മച്ചി തളരരുത്. മൃതശരീരം ആശുപത്രി ഉദ്യോഗസ്ഥർ ചേർന്നു സംസ്കരിച്ചു. വളരെ വേദനാജനകമായ അവസ്ഥയാണിത് അമ്മച്ചി.' ഇത്രയും കേട്ടപ്പോൾ അന്നമ്മച്ചിയുടെ കൈയിൽ നിന്നു ഫോൺ താഴെവീണു. അത് പൊട്ടിച്ചിതറി. ഒരുപക്ഷേ ആ പൊട്ടിച്ചിതറിയത് ആ വൃദ്ധയുടെ ഹൃദയമായിരിക്കാം. കോശിച്ചായൻ വിവരമറിഞ്ഞു. ഉള്ളുപൊട്ടുന്ന വേദനയോടെ അയാൾ ഉമ്മറത്തെ ചാരുകസേരയിൽ നിശ്ശബ്ദനായി ഇരുന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞു. കണ്ണീരല്ലായിരുന്നു; ചോരയായിരുന്നു അത്. തന്റെ മകനോടുള്ള സ്നേഹത്തിന്റെ ചോര. അന്നമ്മച്ചിയുടെ അധരം പിടയുന്നു. 'എന്റെ മകനെ നിന്നെ അവസാനമായി ഒരു നോക്കുകാണാൻ കഴിഞ്ഞില്ലല്ലോ!' എന്ന് അവർ ആവർത്തിച്ചു പറയുന്നു. തന്റെ മകന്റെ ഓർമ്മകൾ കളിയാടുന്ന ആ ഭവനത്തിൽ ആ വൃദ്ധർ ഇനിയെത്ര നാൾ.....

**അമിത സന്തോഷ്**

10 C

എ. എം. എം. ഹയർ സെക്കണ്ടറി സ്കൂൾ, ഇടയാറൻമുള
ആറൻമുള ഉപജില്ല, പത്തനംതിട്ട

# ത്യാഗനൊമ്പരങ്ങൾ

"പേടിക്കണ്ട, രോഗം ഉടൻ തന്നെ ഭേദമാകും കേട്ടോ." പതിവുപോലെ കൊറോണാരോഗികൾക്ക് ആശ്വാസവാക്കുകൾ പകർന്ന് തന്റെ ഫോണെടുത്ത് വീട്ടിലേക്ക് വിളിക്കാൻ ബട്ടണമർത്തിയതും ഡോക്ടറുടെ വിളി വന്നതും ഒരുമിച്ചായിരുന്നു. ലത തിരക്കിട്ട് ഡോക്ടറുടെ റൂമിലേക്ക് നടന്നു. ഡോക്ടർ അപ്പോൾ സ്ക്രീനിൽ എന്തോ കാണുകയാണ്. ലത വന്നതറിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു: "ലത, ഐസൊലേഷൻ വാർഡിൽ പുതിയ പേഷ്യന്റ് വന്നിട്ടുണ്ട്. വാർഡ് മൂന്നിന്റെ ഡ്യൂട്ടി ലതയ്ക്കും ഉമയ്ക്കുമാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഇനി ഹോസ്പിറ്റലിൽ പ്രത്യേക വാർഡിൽ താമസിക്കാം." "ശരി, ഞാൻ വീട്ടിലേക്ക് ഫോൺ ചെയ്ത് അറിയിക്കാം." "വേഗം വേണം" ഡോക്ടർ പറഞ്ഞു. 'ഓക്കെ ഡോക്ടർ," ഒരു ചെറു ചിരി സമ്മാനിച്ച് ലത പുറത്തു പോയി. എന്നാൽ ആ ചിരി നിസ്സഹായതയുടേതായിരുന്നു.

ലത വീട്ടിലേക്ക് വിളിച്ചു: "ഹലോ, അമ്മേ, എനിക്കിവിടെ ഡ്യൂട്ടിയുണ്ട്. കുറച്ചു ദിവസം അവിടെനിന്നു മാറിനിൽക്കണം. അമ്മ കൃത്യസമയത്ത് ആഹാരം കഴിക്കണം കേട്ടോ." "മോളേ, നിനക്ക് അസുഖം വരാതെ നോക്കണേ...". " ശരി അമ്മേ, വയ്ക്കുവാണേ..." അവൾ ഫോൺ കട്ടാക്കി ഡ്രസിംഗ് റൂമിൽ പോയി യൂണിഫോമിട്ട് മൂന്നാം വാർഡിലേക്ക് നടന്നു. മനസ്സിൽ ഒരു കുന്നുകയറിയതു പോലെ തോന്നി. വാതിൽക്കൽതന്നെ ഉമ കാത്തുനിൽക്കുന്നത് അപ്പോഴാണ് അവൾ കണ്ടത്.

'ഹായ് ലത.' ഉമ അഭിവാദ്യം ചെയ്തു. 'ഹായ് ഉമ' ലത തിരികെ അഭിവാദ്യം ചെയ്തു. ' ആദ്യമായിട്ടാണോ ഡ്യൂട്ടിക്ക്?' ഉമ ചോദിച്ചു. 'അതേ ഉമ'. "ഞാനു മതേ" ഉമ പറഞ്ഞു. "രോഗിയെ കൊണ്ടുവന്നു." "ഉം, വെരി ക്രിട്ടിക്കലാണ്. അതിനേക്കാൾ വേദനിപ്പിക്കുന്നത് രോഗി ഒരു കുട്ടിയാണ് എന്നുള്ളതാണ്. ദാ, മൈ ഗോഡ്" അവൾ വാതിൽ തുറന്ന് അകത്തേക്ക് പാളിനോക്കി. കിടക്കയിൽ, ചുരുണ്ട മുടിയുള്ള കുട്ടി ശ്വാസത്തിനുവേണ്ടി കൈകാലിട്ടടിക്കുകയാണ്. അതിനിടയിലെ ചുമ അവളെ അസ്വസ്ഥയാക്കി. ആ കാഴ്ച കാണാനാകാതെ അവൾ കതകടച്ചു. 'പാവം കുട്ടി...'.

അവർ തന്റെ ഡ്യൂട്ടി ആരംഭിച്ചു. ആ കുട്ടിക്കു വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. അവളെ ആശ്വസിപ്പിച്ചു; ചിരിപ്പിക്കാൻ ശ്രമിച്ചു. അവളെ തന്റെ മകളെപ്പോലെ ശുശ്രൂഷിച്ചു. രാപകലില്ലാതെ അവൾക്കു വേണ്ടി ചെലവഴിച്ചു.

അങ്ങനെ കുട്ടിയുടെ രോഗം വളരെ വേഗം ഭേദമാകാൻ തുടങ്ങി. ഒരു ദിവസം ലതയ്ക്ക് വീട്ടിലേക്ക് പോകാൻ അവസരം ലഭിച്ചു. അവൾ വളരെയധികം സന്തോഷിച്ചു. വീട്ടിലേക്ക് അതിവേഗം കുതിച്ചു. വീട്ടിലേക്കുള്ള ഇടവഴിയിൽ അവൾ എത്തി. അവിടെയുള്ള എല്ലാവരും തന്നെ നോക്കി എന്തൊക്കെയോ പിറുപിറുക്കുന്നു. അതിലൊരാൾ പറയുന്നത് അവൾ വ്യക്തമായി കേട്ടു: "ദേ, കൊറോണ... മാറിക്കോ..." അത് കേട്ടപ്പോൾ താൻ ഒറ്റപ്പെടുന്നതു പോലെ അവൾക്ക് തോന്നി. അവൾ വീട്ടിലെത്തി കുറച്ചു കഴിഞ്ഞ് തിരിച്ചു പോകാനിറങ്ങി. ഒരു പേന വാങ്ങാനായി കടയിലേക്ക് കയറി. "ഹേയ്! അവിടെ നിൽക്കൂ..." കടക്കാരൻ അല്പം ഗൗരവത്തോടെയാണ്. 'എന്താ വേണ്ടതെന്ന് പറഞ്ഞോളൂ... "ഒരു പേന." ലതയുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. 'കാശ് വേണ്ട, പിന്നെ മതി.' ''അതേയ്, ഒരുകൊറോണരോഗിയെ പരിചരിച്ചതാണോ ഞാൻ ചെയ്ത തെറ്റ്? ഞാൻ ഈ നാടിന് ഒരു സഹായമല്ലേ ചെയ്തത്? ഞങ്ങൾ നേഴ്സുമാർ കുടുംബത്തിൽ നിന്നും മാറി നിൽക്കുമ്പോഴുള്ള വേദന നിങ്ങൾക്ക് മനസ്സിലാവില്ല. ഞങ്ങളെ എന്തിനാണിങ്ങനെ ഒറ്റപ്പെടുത്തുന്നത്? എല്ലാ നിയന്ത്രണങ്ങളും പാലിച്ചാണ് ഞങ്ങൾ പുറത്തിറങ്ങുന്നത്. ഞങ്ങൾ രാജ്യത്തിനു വേണ്ടി ഞങ്ങളുടെ ജീവിതമാണ് ഉഴിഞ്ഞുവച്ചത്. കൊറോണയെ മുഖാമുഖം നേരിട്ടാണ് ഇതുവരെ കഴിഞ്ഞിരുന്നത്. ഞങ്ങളോടിങ്ങനെ ചെയ്യരുത്." അവളുടെ വാക്കുകൾ മുറിയുന്നുണ്ടായിരുന്നു. "ക്ഷമിക്കണം, എല്ലാം എന്റെ തെറ്റാണ്"- കടക്കാരൻ വ്യസനത്തോടെ പറഞ്ഞു.

ഇനി എന്നാണാവോ ഈ നാട് നന്നാവുന്നത്? അവൾ തിരിഞ്ഞ് നടക്കാൻ തുടങ്ങി. വെയിൽച്ചീളുകൾ അപ്പോഴും ശിഖരങ്ങൾക്കിടയിൽനിന്ന് പതുക്കെ പതുക്കെ ഭൂമിയിൽ പതിച്ചുകൊണ്ടിരുന്നു.

**ഗോപിക ഗോപൻ**
VIII A
എം. ജി. ടി. എച്ച്. എസ്. മുഖത്തല
ചാത്തന്നൂർ ഉപജില്ല, കൊല്ലം

# നിറം മങ്ങിയ നഗരക്കാഴ്ചകൾ

വളരെ വിശാലമായ തെങ്ങിൻ തോപ്പുകളും മലകളും വയലുകളുമുള്ള ഒരു സുന്ദരഗ്രാമമാണ് വിഷ്ണുപുരം. അവിടെ ഒരു സാധാരണ കർഷകകുടുംബത്തിലെ അംഗമാണ് ഹരിക്കുട്ടൻ. അച്ഛനും അമ്മയും അനുജത്തിയും മുത്തശ്ശനും മുത്തശ്ശിയും ഉള്ള ഒരു സന്തുഷ്ട കുടുംബമാണ് അവരുടേത്. ആ ഗ്രാമത്തിലുള്ളവരെല്ലാം കർഷകരാണ്. കൃഷിചെയ്യുന്ന പച്ചക്കറികൾ ഗ്രാമത്തിലെ ചന്തയിൽ കൊണ്ടുപോയി വിറ്റാണ് അവർ ജീവിക്കുന്നത്. പുസ്തകങ്ങളിലൂടെയും ടീവിയിലൂടെയും അവൻ നഗരങ്ങളെക്കുറിച്ച് അറിഞ്ഞു. നിരനിരയായി നിൽക്കുന്ന ബഹുനിലകെട്ടിടങ്ങളും ചീറിപ്പായുന്ന പലനിറത്തിലും വലിപ്പത്തിലുമുള്ള വാഹനങ്ങളും. ഇതെല്ലാം ഒന്ന് കാണണമെന്ന് അവന് അതിയായ ആഗ്രഹമുണ്ടായി. ഹരിക്കുട്ടൻ അച്ഛനോട് ആവശ്യം പറഞ്ഞു. അച്ഛൻ ഹരിക്കുട്ടനോട് പറഞ്ഞു, മോൻ വിചാരിക്കുന്നതു പോലെയല്ല നഗരം. പോകുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാലും ഹരിക്കുട്ടന് നഗരത്തിൽ പോകണമെന്നുള്ള ആഗ്രഹം മാറിയില്ല. ഒരുദിവസം അച്ഛൻ പോകുന്നതറിഞ്ഞു അവൻ വാശി പിടിച്ചു. അങ്ങനെ അച്ഛനോടൊപ്പം അവൻ നഗരത്തിലേക്കു യാത്രയായി. വളരെ സന്തോഷത്തോടെയും ആകാംക്ഷയോടെയുമാണ് യാത്രതിരിച്ചത്. തീവണ്ടിയിലെ യാത്ര അവന് ഉണർവ് നൽകി. നല്ല രസമുള്ള യാത്ര. തീവണ്ടിയിറങ്ങി അവിടത്തെ ഹോട്ടലിൽനിന്ന് ആഹാരം കഴിച്ചു. അമ്മയും മുത്തശ്ശിയും ഉണ്ടാക്കുന്ന അത്ര രുചിയില്ല. ഹോട്ടലിൽനിന്നും ഇറങ്ങി റോഡിലൂടെ മുന്നോട്ട് നടന്നു. സഹിക്കാനാവാത്ത ദുർഗന്ധം അനുഭവപ്പെട്ടു. കഴിച്ച ആഹാരം ഛർദിക്കുമോ എന്ന് അവന് തോന്നി. കാരണം, ഗ്രാമത്തിൽ ഇങ്ങനെയുള്ള ദുർഗന്ധമില്ല. അവൻ അച്ഛനോട് തിരക്കി, എന്താ അച്ഛാ, ഇവിടെ വല്ലാത്ത ദുർഗന്ധം? അച്ഛൻ പറഞ്ഞു, ഇതാണ് മോനെ നഗരം. ബഹുനിലകെട്ടിടങ്ങളിൽ നിന്നുള്ള പലതരത്തിലുള്ള മലിനജലം, ഹോട്ടലിലെയും ആശുപത്രികളിലെയും എല്ലാ മലിനജലവും ഒഴുക്കിവിടുന്നത് ഈ കാണുന്ന ഓട വഴിയാണ്. അതാണ് ദുർഗന്ധമുണ്ടാ

ക്കുന്നത്. കുറച്ചുകൂടി മുമ്പോട്ട് അവർ പോയപ്പോൾ ഹരിക്കുട്ടന്റെ ശ്രദ്ധയിൽ പെട്ടത് മറ്റൊന്നായിരുന്നു. മലയുടെ പൊക്കത്തിൽ കൂമ്പാരം കൂടിക്കിടക്കുന്ന പ്ലാസ്റ്റിക്കുകളും കുപ്പികളും ആഹാരസാധനങ്ങളുടെ അവശിഷ്ടങ്ങളും അതിൽനിന്നു പുറത്തുവരുന്ന ദുർഗന്ധവും അവന് സഹിക്കാൻ കഴിഞ്ഞില്ല. കൂടാതെ ഈച്ചയും കൊതുകുകളും അതിൽ നിന്നു പറക്കുന്നു. കാക്കകൾ ആഹാരസാധനങ്ങൾ കൊത്തി വലിക്കുന്നു തെരുവുനായ്ക്കൾ കവറുകളും പൊതികളും കടിച്ചുമുറിക്കുന്നു. ഇതുകണ്ട് ഹരിക്കുട്ടന് വിഷമം തോന്നി. അവൻ അറിഞ്ഞ നഗരമല്ല ഇത്. എന്റെ ഗ്രാമത്തിൽ ഇതൊന്നുമില്ല. ഈ ശുചിത്വമില്ലായ്മകൊണ്ടാണ് നഗരത്തിൽ ഉള്ളവർക്ക് പകർച്ചവ്യാധികൾ പിടിപെടുന്നത്. എന്തുകൊണ്ടും എന്റെ ഗ്രാമം തന്നെയാണ് നല്ലത്. അവൻ മനസിലോർത്ത് ചിരിച്ചുകൊണ്ട് മൂക്കുംപൊത്തി അച്ഛന്റെ കയ്യുംപിടിച്ചു തിരികെ ഗ്രാമത്തിലേക്കു യാത്രയായി.

**സത്യ ആർ. നായർ**
VB
എം. ആർ. എം. കെ. എം. എം. എച്ച്. എസ്. എസ്, ഇടവ,
വർക്കല ഉപജില്ല, തിരുവനന്തപുരം

# ഓർമ്മയിൽ ഒരു കഥ

നന്ദുമോന്റെ കരച്ചിൽ കേട്ടാണ് ഹരി എഴുന്നേറ്റത്. രമ്യയോട് ചോദിച്ചപ്പോൾ അവന് കഥകേൾക്കാനാണ് ബഹളം. സമയം രാത്രി 11 മണി. ഹരിക്ക് ഇത് കേട്ടിട്ട് ചിരിവന്നു. രമ്യയ്ക്ക് അത് കണ്ടിട്ട് കലികയറി. രാവിലെ മുതൽ വൈകുന്നേരം വരെ ഇൻഫോപാർക്കിലെ ജോലിയും കഴിഞ്ഞ് വീട്ടിൽ ജോലിചെയ്തു മടുത്തിരിക്കുമ്പോഴാണ് നന്ദുവിന്റെ കഥ. ടെക്നോളജിയുടെ നിരവധി ഗെയിമുകൾകൊണ്ട് വർണാഭമായ ഈ സൈബർയുഗത്തിലാണ് നന്ദുവിന് കഥ കേൾക്കേണ്ടത്. എല്ലാ കുട്ടികളും ഇപ്പോൾ ഗെയിമുകളുടെ പുറകെ പോകുമ്പോൾ നന്ദുവിന് ഇപ്പോഴും കഥയാണ് പ്രിയം. നന്ദു ഒരു വ്യത്യസ്തമായ കുട്ടിയാണ്. അവൻ എപ്പോഴും കഥകൾ കേട്ട് ആടിപ്പാടി നടക്കാനാണ് ഇഷ്ടം. മുത്തശ്ശി ആയിരുന്നു അവന്റെ കഥപറച്ചിലുകാരി. അവർ മരിച്ചിട്ട് ഇപ്പോൾ ഒരുവർഷമായി. നന്ദുവിനെ കൂട്ടി ടെറസിലേക്ക് കയറിപ്പോയി, കഥ പറഞ്ഞുകൊടുക്കാൻ. നന്ദു കരച്ചിൽ നിർത്തി അച്ഛനോടൊപ്പം കയറിപ്പോയി. ഹരി കഥ പറഞ്ഞു തുടങ്ങി.

കുറെ വർഷങ്ങൾക്കു മുമ്പ് ഒരു വർഷാരംഭത്തിൽ നമ്മുടെ ലോകത്തെ പിടിച്ചുലച്ച ഒരു മഹാമാരിയുടെ കഥ. ഹരി അന്ന് കോളേജ് വിദ്യാർത്ഥിയായിരുന്നു. അച്ഛൻ ഗൾഫിലും. നല്ല രീതിയിൽ ജീവിതം നയിക്കുന്നു. ചെറിയ രീതിയിൽ പിടിപെട്ട രോഗം വളർന്ന് ലക്ഷത്തിലധികം ആളുകൾ മരിക്കുകയും നിരവധി പേർ രോഗമുക്തർ ആവുകയും ചെയ്തു. ഇരു രാജ്യങ്ങളുടെ നിലനിൽപ്പിനുവേണ്ടി ഒന്നേ നശിപ്പിക്കാൻ വേണ്ടി വികസിപ്പിച്ചെടുത്ത വൈറസ് ചോർന്നു പോയതായിരുന്നു അതിന് കാരണം. വലിയ രാജ്യങ്ങളിൽ നിന്ന് വരുന്ന ആളുകളിൽനിന്നാണ് അത് പകരുന്നത്. അങ്ങനെ പലരും പ്രവാസികളെ തള്ളിപ്പറയാനും ചീത്ത വിളിക്കാനും ട്രോൾ ഉണ്ടാക്കാനും തുടങ്ങി. ഒരു ദിവസം ഹരി സാധനങ്ങൾ വാങ്ങാൻ കടയിൽ പോയപ്പോൾ പ്രവാസിയുടെ കുടുംബമായതിനാൽ നിഷേധിച്ചു. എനിക്ക് ഒരുപാട് വിഷമമായി. അച്ഛൻ പോയിട്ട് അഞ്ചു കൊല്ലമായി. ഒരുപാട് നാളായി കൊതിക്കുന്നു, അച്ഛനെ ഒന്ന് കാണണം, കെട്ടിപ്പിടിച്ച് ഒരു ഉമ്മ കൊടുക്കണം. എന്നാൽ അച്ഛന് വരാൻ പറ്റില്ലായിരുന്നു. അച്ഛന്റെ അവസ്ഥ അമ്മയ്ക്കല്ലേ അറിയൂ. കുടുംബത്തെ കാണാൻ കൊതിക്കുന്ന അച്ഛൻ. പ്രധാനമന്ത്രിയുടെയും രാജാക്കന്മാരുടെയും എല്ലാം നിയന്ത്രണത്തിൽ വീട്ടിലിരിക്കുന്ന ജനങ്ങൾ. ആളനക്കമില്ലാത്ത കെട്ടിടങ്ങൾ, മാളുകൾ, നിരത്തുകൾ. ഒരുപാടു പേരുടെ പരിശ്രമവും ദൈവാനുഗ്രഹവുമാണ് മനസ്സുകൾക്ക്

തുണയായത്. ദിവസങ്ങളോളം കുടുംബത്തെ കുറിച്ച് ഓർത്ത് ഭക്ഷണം പോലും കഴിക്കാതെ ദിവസവും അവർ തള്ളിനീക്കുകയായിരുന്നു. അവർക്ക് ആശ്വാസം ആയിരുന്നു ആ വാർത്ത. കാലാവധി നിശ്ചയിക്കുകയും അവരെ പറഞ്ഞേക്കുകയും ചെയ്തു പ്രവാസലോകം. എയർപോർട്ടിൽ എത്തിയതിനു ശേഷം ഹരിയും അച്ഛനും മറ്റു കുറച്ചു പേരും ഒരു പള്ളിയിലായിരുന്നു ക്വാറന്റൈൻ. 14 ദിവസത്തെ സർക്കാരിന്റെ സംരക്ഷണത്തിനു ശേഷം ഹരിയുടെ അച്ഛൻ വീട്ടിലെത്തി. ഹരിയുടെ വീട് ആഘോഷത്തിമർപ്പിൽ ആയിരുന്നു. ഇപ്പോഴും ഹരിയുടെ അച്ഛൻ പറഞ്ഞത്: ആഘോഷിക്കുകയല്ല, പ്രാർത്ഥിക്കുകയാണ് വേണ്ടത്. അച്ഛൻ കഥപറഞ്ഞു കഴിഞ്ഞപ്പോൾ നന്ദുവിനെ കണ്ണുകളിൽനിന്ന് കണ്ണീർത്തുള്ളികൾ നിറഞ്ഞൊഴുകി. നന്ദു ഹരിയെ കെട്ടിപ്പിടിച്ച് കരഞ്ഞു. ഇനിയൊരു രോഗം ഈ ലോകത്തെ നശിപ്പിക്കല്ലേ ദൈവമേ എന്ന പ്രാർത്ഥനയിൽ അവൻ ഉറങ്ങി. ഇനിയൊരു തേങ്ങലായി, ഇനി ഒരു വേദനയായി ഞങ്ങളെ പരീക്ഷിക്കല്ലേ ദൈവമേ. ഈ വൈറസ് ആണ് നമ്മുടെ ലോകത്തെ ഇപ്പോൾ ചുറ്റും വളഞ്ഞിരിക്കുന്നത്. അതുകൊണ്ട് സർക്കാരിന്റെ അപേക്ഷ അനുസരിച്ച് എല്ലാരും വീട്ടിൽത്തന്നെ ഇരിക്കുക. സർക്കാർ പറയുന്ന കാര്യങ്ങൾ അതേപടി ചെയ്യുക.

**സുമിനമോൾ**
IV B
എം. എം. എം. യു. എം. യു. പി. സ്കൂൾ, കാരക്കാട്
ഈരാറ്റുപേട്ട ഉപജില്ല, കോട്ടയം

# നിനച്ചിരിക്കാത്ത അവധിക്കാലം

അവൾ എന്നും സ്കൂളിൽ പോകുന്നുവെങ്കിലും പരീക്ഷ അടുത്ത് വന്നപ്പോൾ അവൾക്ക് പേടിയായി. കാരണം അവൾ ഒന്നും പഠിച്ചു തീർന്നിട്ടില്ല. പതിവു പോലെ അവൾ അന്നും സ്കൂളിൽ പോയി തിരിച്ചുവന്നപ്പോഴാണ് ആ സന്തോഷവാർത്ത അറിഞ്ഞത്. ഈ വർഷം ആരും പരീക്ഷ എഴുതേണ്ട, സ്കൂൾ ഇന്ന് അടയ്ക്കുകയാണ്, എല്ലാവരും ജയിക്കും. ഈ വാർത്ത അറിഞ്ഞതോടെ അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി. സ്കൂൾ അടച്ചത് എന്തിനാണെന്ന് തിരക്കിയപ്പോൾ ആണ് അവൾ അറിഞ്ഞത്, കൊറോണ എന്ന ഒരു വൈറസ് ലോകത്താകെ കോവിഡ് 19 എന്ന വൈറസ് രോഗം പരത്തുന്നു. ഇതുകേട്ട അവൾ സന്തോഷിച്ചു. കൊറോണ വന്നത് നന്നായി, പരീക്ഷയും എഴുതണ്ട, അവധിയും കിട്ടി. എല്ലാവരുമൊത്തു കളിക്കാമെന്നും യാത്ര പോകാമെന്നും അവൾ തീരുമാനിച്ചു. അപ്പോഴാണ് മറ്റൊരു വാർത്ത അവൾ ടി.വിയിൽ കണ്ടത്. മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും പറയുന്നു, എല്ലാവരും വീട്ടിൽ തന്നെ ഇരിക്കണം. യാത്ര ഒന്നും പോകരുത്. ഇത് കേട്ട അവൾ പൊട്ടിക്കരഞ്ഞു. എങ്കിലും പിന്നീട് രോഗത്തിന്റെ തീവ്രത മനസ്സിലായപ്പോൾ അവൾ എല്ലാ കാര്യങ്ങളോടും പൊരുത്തപ്പെടുകയും കോറോണയെ ഈ ലോകത്ത് നിന്ന് തുടച്ചുമാറ്റേണ്ടത് ഓരോരുത്തരുടെയും കടമയാണെന്ന് മനസ്സിലാക്കുകയും ചെയ്തു.

**സിയാന.എ**
1 B
എം.എൽ.പി. സ്കൂൾ, പാലക്കൽ
ചവറ ഉപജില്ല, കൊല്ലം

# കൊറോണക്കാലം

'മോളേ ... നവ്യാ, വന്ന് ഹോംവർക്ക് ചെയ്യ്...' അമ്മ വിളിച്ചു പറഞ്ഞു. സ്കൂളില്ലാത്തത് കൊണ്ട് എങ്ങോട്ടോ കളിക്കാൻ പോവാൻ തയ്യാറെടുക്കുകയായിരുന്നു അവൾ. 'ശ്ശോ... ഈ അമ്മേടെ ഒരു കാര്യം ... സ്കൂളടച്ചല്ലോ അമ്മേ... ഇനിയെന്തിനാ ഹോംവർക്ക് ...? എനിക്ക് വയ്യ.. ഞാൻ സോഫീടെ കൂടെ കളിക്കാൻ പോവുന്നു." അതും പറഞ്ഞു നവ്യ മുറ്റത്തേക്കിറങ്ങി. അതു കണ്ട അമ്മ അടുക്കളയിൽ നിന്നും പുറത്തേക്ക് വന്നു. 'ആഹാ.. നീ ഇതെങ്ങോട്ടാ പോവുന്നത്'? അമ്മ ചോദിച്ചു. 'സോഫീടെ വീട്ടിലേക്കാ...' 'മോളേ ... പത്രത്തിലും ടീവീലും നീ ഒന്നും കണ്ടില്ലേ... ആരും പുറത്തേക്കിറങ്ങരുതെന്ന് നമ്മുടെ മുഖ്യമന്ത്രിയും ആരോഗ്യവകുപ്പും കർശനമായി പറഞ്ഞിട്ടുണ്ട്.'

'അതെന്തിനാ ...' നവ്യക്ക് സംശയം. 'ഇത് കൊറോണക്കാലമാ... കൊറോണ വൈറസ് പരത്തുന്ന രോഗം നാട്ടിൽ പകരാതിരിക്കാൻ നമ്മളെല്ലാം നമ്മുടെ വീട്ടിൽ തന്നെയിരിക്കണം..." അമ്മ വിശദികരിച്ചു 'ഓ... അതൊക്കെ അങ്ങ് ദൂരെയല്ലേ ... ഇവിടൊന്നും വരില്ലമ്മേ.. .'അവൾ ചിണുങ്ങി .

മോളേ... നമുക്ക് അവധിതന്ന് വീട്ടിലിരുത്തി നമ്മുടെ ആരോഗ്യത്തിന് വേണ്ടി കഷ്ടപ്പെടുന്ന ഡോക്ടർമാരെയും പോലീസുകാരെയും ഓർത്ത് നോക്ക് ...

അവൾക്ക് കാര്യം മനസ്സിലായി ... ' ഇനിയിപ്പോ വീട്ടിലിരുന്ന് ഒറ്റക്ക് ഞാനെന്താ ചെയ്യാ...'

'അതിനല്ലേ ടീച്ചർ വാട്സാപിൽ കുഞ്ഞരങ്ങും മറ്റും അയച്ചു തന്നിട്ടുള്ളത് ...' അമ്മ അവൾക്ക് ഫോണിൽ ക്ലാസ് ടീച്ചർ അയച്ച പ്രവർത്തനങ്ങൾ കാണിച്ചുകൊടുത്തു. അവൾക്ക് സന്തോഷമായി ... ഈ കൊറോണക്കാലം അടിപൊളിയാക്കാം... അവൾ ജനലിലൂടെ സോഫിയെ വിളിച്ചു പറഞ്ഞു. 'സോഫീ ഞാൻ കളിക്കാൻ വരുന്നില്ല ...നമുക്ക് നമ്മുടെ വീട്ടിലിരിക്കാം ... കോവിഡിൽ നിന്നു സുരക്ഷിതരാവാം."

**സഫ മറിയം .സി .എച്ച്**
5 A
എ.യു.പി.എസ്. ഹോസ്ദുർഗ് തെരുവത്ത്
ഹോസ്ദുർഗ് ഉപജില്ല, കാസർഗോഡ

# അതിജീവനം

അനുമോൾ ടിവിയുടെ മുന്നിൽതന്നെയാണ് ഏതു സമയവും. ടെലിവിഷനിൽ കൊറോണയെ കുറിച്ചുള്ള വാർത്തകളാണ് നിറഞ്ഞുനിൽക്കുന്നത്. ടിവി കാണുകയാണെങ്കിലും അവളുടെ ശ്രദ്ധ മുഴുവൻ ഫോണിലാണ്. അനുമോളുടെ അച്ഛൻ വിദേശത്താണ്, ദുബായിയിൽ. ഇന്നലെ അച്ഛൻ വിളിച്ചില്ല. ആ ഒരു വിഷമം അവളുടെ മുഖത്തുണ്ട്. ചിന്ത മുഴുവൻ അച്ഛനെ കുറിച്ചാണ്. അടുക്കളയിൽനിന്ന് അമ്മ രേഷ്മ വിളിച്ചു പറയുന്നുണ്ട്, 'അനുമോളേ, ടിവി ശബ്ദം കുറയ്ക്ക്, അച്ഛൻ വിളിച്ചാൽ കേൾക്കില്ല." അത് കേട്ടപ്പോൾ അനുമോൾ വേഗം ടിവിയുടെ ശബ്ദം കുറച്ചു.

അനുമോളുടെ അച്ഛൻ സുധീഷ് ഈ മാസം അവധിക്ക് വരാനിരുന്നതാ... മോൾ അത് കാത്തിരിക്കുകയായിരുന്നു. അച്ഛൻ വരുമ്പോൾ വെക്കേഷൻ അടിച്ചു പൊളിക്കാമെന്നു കരുതി. കഴിഞ്ഞ വെക്കേഷന് അച്ഛൻ എങ്ങോട്ടെല്ലാമാണ് അനുമോളേയും അമ്മയേയും കൊണ്ടുപോയത്. അവളുടെ കുഞ്ഞുമനസ്സ് ആ ഓർമ്മകളിലേക്ക ഊളിയിട്ടു. ഡൽഹിയിൽ പോയി, തിരുപ്പതി, പഴനി... അങ്ങനെയുള്ള തീർത്ഥാടനസ്ഥലങ്ങളിലും പോയി. എല്ലാ ആഴ്ചയും അവരൊന്നിച്ച് പാർക്കിൽ പോകുമായിരുന്നു. എന്തു രസമായിരുന്നു. അവൾക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഇനി അച്ഛന് എന്നാണ് ഞങ്ങളുടെ അടുത്തേക്ക് വരാൻ കഴിയുക? കൊറോണരോഗം വന്നതോടെ വിമാനങ്ങളെല്ലാം റദ്ദാക്കിയില്ലേ. വിദേശത്ത് നിന്ന് ആരേയും ഇങ്ങോട്ട് വരാൻ അനുവദിക്കുന്നില്ലല്ലോ. അച്ഛന്റെ ശബ്ദമെങ്കിലും കേട്ടാൽ മതിയായിരുന്നു. അവൾ അച്ഛന്റെ ഫോൺവിളിക്കായി കാത്തിരുന്നു.

അനുമോളുടെ അമ്മയുടെ കാര്യവും മറിച്ചായിരുന്നില്ല. രേഷ്മയുടെ മനസ്സും വല്ലാതെ അസ്വസ്ഥമായിരുന്നു. എല്ലാദിവസവും വിളിച്ചിരുന്ന ആൾ പെട്ടെന്ന് ഒരു ദിവസം വിളിക്കാതായാൽ ആർക്കാണ് വിഷമം ഇല്ലാതിരിക്കുക. രേഷ്മ ജോലിയെല്ലാം ചെയ്യുന്നുണ്ടെങ്കില്ലും മനസ്സ് കലുഷമായിരുന്നു. പക്ഷേ, ആ വിഷമം അനുമോളെ അറിയിക്കരുതെന്ന നിർബന്ധമുണ്ടായിരുന്നു അവ!ർക്ക്. രാത്രിയായിട്ടും ഫോൺവിളി ഉണ്ടായില്ല. പിറ്റേ ദിവസവും ഇതുപോലെ തന്നെ കടന്നുപോയി. അന്ന് വൈകുന്നേരം ടിവിയിൽ വന്ന വാർത്ത 'ദുബായിയിൽ മൂന്ന് പേർക്ക് കൂടി കൊറോണ സ്ഥിരീകരിച്ചു' എന്നായിരുന്നു. അപ്പോഴേക്കും അനുമോൾ ഉറങ്ങിയിരുന്നു. രേഷ്മ വേഗംതന്നെ സുധീഷിന്റെ ഒപ്പം

ജോലിചെയ്യുന്ന രവീന്ദ്രന്റെ നമ്പർ തിരഞ്ഞ് അതിലേക്ക് വിളിച്ചുനോക്കി. പക്ഷേ, കോൾ പോകുന്നില്ല. രേഷ്മ അന്നുരാത്രി ഉറങ്ങാതെ നേരം വെളുപ്പിച്ചു. രാവിലെ തന്നെ തലേ ദിവസം വിളിച്ച നമ്പറിൽ ഒന്നുകൂടി വിളിച്ചു. റിങ് ചെയ്യുന്നുണ്ട്. അങ്ങേപ്പുറത്ത് രവീന്ദ്രനാണ്. രേഷ്മ സ്വയം പരിചയപ്പെടുത്തി. സുധീഷിനെ കുറിച്ച് തിരക്കി. രവീന്ദ്രൻ ഒന്ന് പരുങ്ങി. പിന്നേയും രേഷ്മ അതേ കുറിച്ച് തന്നെ ആവർത്തിച്ചപ്പോൾ, രവീന്ദ്രന് സത്യം തുറന്നു പറയാതിരിക്കാൻ വയ്യെന്നായി. രോഗം സ്ഥിരീകരിച്ച ആ മൂന്ന് മലയാളികളിൽ ഒരാൾ സുധീഷാണ്. ഇപ്പോൾ ഹോസ്പിറ്റലിൽ തീവ്രപരിചരണ വിഭാഗത്തിലാണ്. അഡ്മിറ്റാവുന്നതിനു മുൻപേ വീട്ടിൽ അറിയിക്കരുതെന്ന് പ്രത്യേകം പറഞ്ഞിരുന്നു. രേഷ്മ ഫോൺ കട്ടാക്കി പൊട്ടിക്കരഞ്ഞു. മോൾ കേൾക്കാതിരിക്കാൻ വേഗം തന്നെ വീടിനു പിറകുവശത്തേക്ക് ഓടിപ്പോയി. ഇതൊരിക്കലും അനുമോൾ അറിയരുത്. അവൾക്കത് താങ്ങാൻ കഴിയില്ല. അവളെ എന്തെങ്കിലും പറഞ്ഞ് വിശ്വസിപ്പിക്കാം. അച്ഛന് ജോലിത്തിരക്കാണെന്നും അതുകൊണ്ടാണ് വിളിക്കാൻ കഴിയാത്തതെന്നോ, അല്ലെങ്കിൽ ഫോണിനു റേഞ്ച് കിട്ടുന്നില്ലായെന്നോ മറ്റോ പറയാം. പാവം അവളത് വിശ്വസിച്ചോളും. രേഷ്മയ്ക്ക് സങ്കടം സഹിക്കാൻ കഴിയുന്നില്ല. പെട്ടെന്ന് അനുമോളുടെ ശബ്ദം കേട്ടപ്പോൾ രേഷ്മ കണ്ണും മുഖവും തുടച്ച് അവളുടെയടുത്തേക്ക് ചെന്നു, ഒന്നും സംഭവിക്കാത്തതുപോലെ. അനുമോൾ രേഷ്മയെ കണ്ടതും അച്ഛൻ വിളിച്ചോ എന്നാണ് അന്വേഷിച്ചത്. രേഷ്മ മുൻകൂട്ടി തീരുമാനിച്ച കള്ളം തന്നെ പറഞ്ഞ് അവളെ ഒരു വിധത്തിൽ വിശ്വസിപ്പിച്ചു.

അച്ഛന്റെ ഫോൺവിളി കാത്ത് അനുമോളും, ഭർത്താവ് സുഖം പ്രാപിച്ച് വരുമെന്ന പ്രതീക്ഷയോടെ രേഷ്മയും...

കാത്തിരിപ്പിന്റെ ദിനങ്ങൾ...

**പ്രയാഗ ജി ജെ**
VIII C
എസ്. എസ്. ജി. എച്ച്. എസ്. എസ്. പുറനാട്ടുകര
തൃശ്ശൂർ വെസ്റ്റ് ഉപജില്ല, തൃശ്ശൂർ

# കാട്ടിലെ ക്വാറന്റൈൻ

തെങ്ങേട്ടക്കാട്ടിലെ മീനുത്തത്തയും ചിക്കുമൈനയും ഉറ്റ ചങ്ങാതിമാരായിരാണ്. ഒരു ദിവസം മീനുവം ചിക്കുവും പഴയത് പോലെ പാറിപ്പറന്നു കളിക്കുന്നില്ല. എന്തോ വിഷമം പോലെ. ഇതു കണ്ട പാറുക്കുഞ്ഞുകുരുവി ചോദിച്ചു: "എന്തുപറ്റി ചങ്ങാതിമാരെ, പതിവില്ലാതെ എന്താ വെറുതെയിരിക്കുന്നത്?" "അറിഞ്ഞില്ലേ? മനുഷ്യരാരും പുറത്ത് ഇറങ്ങുന്നില്ല." 'അതെന്താ?' കുരുവി ചോദിച്ചു. 'പുതിയ തരം വൈറസ് ഇറങ്ങി' മീനുത്തത്ത പറഞ്ഞു. 'അതിന്റെ പേര് കൊറോണ എന്നാണ്.' ചിക്കുമൈന പറഞ്ഞു. 'ഈ വൈറസ് മനുഷ്യർക്ക് പലർക്കുമുണ്ടത്രെ..' മീനു പറഞ്ഞു. 'ഇപ്പോൾ നല്ല വായുവുണ്ട്, നല്ല കാറ്റ്. ഇപ്പോൾ പലതരം മരങ്ങളും ചെടികളും കിളിർക്കുന്നുണ്ട്. ധാരാളം പൂക്കളുമുണ്ട്. പക്ഷെ! 'എന്തുപറ്റി ചിക്കു?' പാറുക്കുരുവി ചോദിച്ചു. 'ഇതെല്ലാം ഉണ്ട്. പക്ഷെ, ഒരു വല്ലായ്മപോലെ തോന്നുന്നു.' ചിക്കുമൈന പറഞ്ഞു. 'അതു ശെരിയാ, മീനു മൂളി. നമുക്ക് ഒന്ന് ഗ്രാമത്തിലേക്ക് പോയാലോ,' പാറു ചോദിച്ചു. അത് നല്ലതാണ്, ചിക്കുമൈന പറഞ്ഞു. അങ്ങനെ അവർ മൂന്നുപേരും കാടിനടുത്തുള്ള ടൂറിസ്റ്റ് ഗ്രാമത്തിലേക്ക് പറന്നു. ഗ്രാമത്തിലെ വഴികളിലും റോഡുകളിലും ആരെയും അവർ കണ്ടില്ല. കൂടുതൽ കടകളും അടച്ചിരിക്കുന്നു. മാത്രമല്ല, തുറന്ന കടകളിലൊന്നും ആരെയും കാണുന്നുമില്ല. പിന്നീട് ചിക്കു അവിടെയുള്ള മാവിൽ ഇരുന്നു കൊണ്ട് പറഞ്ഞു, 'പാറു, മീനു, ഇവിടെ വാ ദാ അത് നോക്കൂ. എന്താ അത്? മീനു ചോദിച്ചു. 'ദാ ആ കടയിൽ നിൽക്കുന്നയാൾ എന്തോ വെച്ച് അയാളുടെ മുഖം മറച്ചിരിക്കുന്നു,' ചിക്കുമൈന പറഞ്ഞു. 'ശരിയാ' പാറു മൂളി. വാഹനങ്ങളും പതിവുപോലെ ഇല്ല. വഴിയരികിലെ ഞാവൽമരത്തിൽ ഇവരുടെ കൂട്ടുകാരൻ അപ്പുക്കുരങ്ങൻ താമസിച്ചിരുന്നു. അവൻ വളരെ ദുഃഖിതനായിരുന്നു. അപ്പൂ, എന്തുപറ്റി? പാറു ചോദിച്ചു. 'ഇപ്പോൾ കോവിഡ് 19 എന്ന രോഗം ബാധിച്ച് ഒരുപാട് പേർ മരണത്തിന് കീഴടങ്ങി. ഒരുപാട് പേർക്ക് ഈ കോവിഡ് 19 എന്ന

രോഗം സ്ഥിരീകരിക്കുന്നു. ഞങ്ങൾക്ക് ആഹാരവും ഇല്ലാതായി. അതുകൊണ്ട് വിഷമിക്കുന്നു എന്ന് അപ്പു പറഞ്ഞു. ശരി നമ്മളെക്കൊണ്ട് ഇപ്പോൾ എന്താ ചെയ്യാൻ സാധിക്കുന്നേ. നീയും നിങ്ങളുടെ വീട്ടുകാരെ ഞങ്ങടെ കൂടെ കാട്ടിലേക്ക് വരൂ. ഞങ്ങളെക്കൊണ്ട് കഴിയുന്നത് ഞങ്ങൾ ചെയ്യാം. അപ്പൂ നീ വിഷമിക്കേണ്ട. വരൂ നമുക്ക് പോകാം. അപ്പുവും കുടുംബവും പറഞ്ഞു. 'ശരി. അപ്പൂ വല്ല കുഴപ്പമുണ്ടോ?' പാറു ചോദിച്ചു. എനിക്കൊരു പനിയുണ്ട്. അമ്മയ്ക്ക് ഒന്നുമില്ല. അച്ഛനും ഇല്ല, അപ്പു പറഞ്ഞു. ചിക്കു പറഞ്ഞു: അപ്പൂ നീ 28 ദിവസം നിന്റെ താമസസ്ഥലത്തു നിന്ന് പുറത്തിറങ്ങരുത്. ആരുമായും ഇടപെടരുത്. അപ്പു പറഞ്ഞു, ശരി ചങ്ങാതിമാരേ. മീനുത്തത്തയും കൂട്ടുകാരും പറഞ്ഞു, 'ഞങ്ങൾ നിനക്ക് വേണ്ട ഭക്ഷണം എത്തിക്കാം കേട്ടോ .അപ്പൂ പറഞ്ഞു, 'നന്ദി ചങ്ങാതിമാരേ, ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല. നിങ്ങളുടെ വാക്കുകൾ ഞാൻ പാലിക്കാം.'

**ഹഫീസ എച്ച്**
V F
എസ്. ഡി. വി. ജി. യു. പി. എസ്. നീർക്കുന്നം
അമ്പലപ്പുഴ ഉപജില്ല, ആലപ്പുഴ

# പുലരികളേ, മടങ്ങിവരൂ

പതിവിലും നേരത്തെ സ്കൂളുകൾ അടച്ചു. പതിയെ പതിയെ വിരസത എന്നെ അലട്ടിക്കൊണ്ടേയിരുന്നു. അതു മനസ്സിലാക്കിയിട്ടാകാം, ഒരു ദിവസം അമ്മ എന്നെ കൈപിടിച്ചുകൊണ്ട് ഒരു നാലുകെട്ടിന്റെ മുന്നിൽ കൊണ്ട് ചെന്നാക്കി. എന്നിട്ട് പറഞ്ഞു.... 'നീ ഇതിനകമൊക്കെ ഒന്ന് കാണൂ, നിനക്കിഷ്ടമാകും'.

അതു വടക്കേപ്പാട്ടു തറവാടായിരുന്നു. പടിപ്പുര കടന്നു ഞാൻ അകത്തു കയറിയപ്പോൾ അതാ ഉമ്മറത്ത് ചാരുകസേരയിൽ ഇരിക്കുന്നു സാക്ഷാൽ എം. ടി. വാസുദേവൻനായർ. അദ്ദേഹം എന്നെ അകത്തേയ്ക്കു ക്ഷണിച്ചു. നാലുകെട്ടിന്റെ വാതിൽ എനിക്ക് മുൻപിൽ തുറക്കും പോലെ തോന്നി. തറവാട്ടിലെങ്ങും അപ്പുണ്ണിയുടെ ശബ്ദം കേൾക്കാമായിരുന്നു. കുടുംബവും ആചാരങ്ങളും ജീവിതത്തിന്റെ വലിയ തടവറകളും, വ്യക്തിയെ ഭക്ഷിക്കുന്നതിനു വേണ്ടി ആഞ്ഞടിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്തു മുന്നേറുകയാണ് അപ്പുണ്ണി. ഒപ്പം വെളിപ്പെടാതിരുന്ന ചരിത്രവും അതിമനോഹരമായി സാർ എനിക്ക് പറഞ്ഞുതരികയുണ്ടായി. എല്ലാം കഴിഞ്ഞ് ഞാൻ അദ്ദേഹത്തോട് യാത്രചോദിച്ചു ഇറങ്ങാൻ തുടങ്ങവേ, ഭഗവതി കുടിയിരിക്കുന്ന നാലുകെട്ടിൽ വച്ചു അദ്ദേഹം എനിക്ക് ഒരു സമ്മാനം തന്നു. രണ്ടാമൂഴം. സമൂഹത്തിലും മാതാവിനാലും സഹോദരങ്ങളാലും എന്നും രണ്ടാം തരക്കാരനായി ജീവിക്കേണ്ടിവന്ന ഭീമന്റെ കഥ. നാളിതുവരെ കേട്ടുവന്ന മഹാഭാരതത്തിലെ ആരും അറിയാതെ പോയ ഭീമന്റെ ദുഃഖം. ചില പുതിയ ചിന്തകൾക്ക് തുടക്കം ഞാൻ അറിയാതെ മനസ്സിൽ കരുതി.

ഇങ്ങനെ ചിന്തിച്ചു നടക്കവേ വഴിയിൽ കുറെ തെണ്ടിക്കൂട്ടങ്ങളെ കണ്ടു. അവരെ ഞാൻ വെറുപ്പോടെ നോക്കി. അതു കണ്ടിട്ടാവണം ആരോ ഒരാളുടെ ശബ്ദം ഞാൻ കേട്ടു. 'അരുത് കുട്ടി, അവരെ അങ്ങനെ കാണരുത്'. എനിക്ക് പരിചിതമായ ഒരു ശബ്ദം. ആ ശബ്ദത്തിനുടമ എന്റെ അരികിൽ എത്തി. എന്റെ അദ്ഭുതിനു അതിരില്ലായിരുന്നു. മലയാളത്തിന്റെ പ്രിയകഥാകാരൻ തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹം എന്നോട് പറഞ്ഞു... 'നീ കണ്ട നാലുകെട്ടിലെയും രണ്ടാമൂഴത്തിലെയും ഉപരിവർഗക്കാർ തരംതാഴ്ത്തപ്പെട്ടവരാണിവർ. ഇവരുടെ സുഖവും ദുഃഖവും തീരുമാനിച്ചതും അവർ തന്നെ. നീയും അവരെ നിന്ദിക്കരുത്, പുതുതലമുറയാണ് നീ.' അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. ഞാൻ ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്നു. ഞാൻ ഓടി അമ്മയുടെ അടുക്കൽ എത്തി. അപ്പോൾ അമ്മ എന്നോട് ചോദിച്ചു.... 'നിന്റെ ഈ പുലരിക്ക് സുഗന്ധമുണ്ടോ?'.....

**നവമി. ബി**
7 B
എസ്. എസ്. പി. ബി. എച്ച്. എസ്. എസ്. കടയ്ക്കാവൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# ഒരു കോവിഡ് 19 വേനലവധി

ഉണ്ണി കിടക്കയിലേക്ക് തലചായ്ച്ചു. ഹോ! ലോക്ഡൗൺ കാരണം വീട്ടിൽ തന്നെയാണ്. ഈ പകൽസമയത്ത് എങ്ങനെ ഉറങ്ങാനാ? അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. അച്ഛൻ ടിവി കാണുന്നുണ്ട്. അങ്ങോട്ടു ചെല്ലാം, വല്ല നല്ല സിനിമയാണെങ്കിൽ കാണാല്ലോ. അവൻ സ്വീകരണമുറിയിലേക്ക് നടന്നു. വാതിൽക്കൽ എത്തിയപ്പോഴേ കേൾക്കാം കരച്ചിൽ. വാളുകൾ ഉരയുന്നു. എന്തൊക്കയോ വീഴുന്ന ശബ്ദം. അവൻ എത്തിനോക്കി, പേടിച്ച് ഒരു ഞെട്ടലോടെ പിന്നോക്കം ചാടി. ഹൊ! അച്ഛൻ ഈ യുദ്ധമുള്ള സിനിമയൊക്കെ എങ്ങനെയാ കണ്ടിരിക്കുന്നേ? അപാര ധൈര്യം തന്നെ. എന്നാ ചിന്നുന്റ കൂടെ കൂടാം. ഉണ്ണിയുടെ അനിയത്തി കുറേ പാവകളെ കൊണ്ട് കളിക്കുകയാണ്. അവനെ കണ്ടതും അവൾ ഒരു കളിപ്പാട്ടഗ്ലാസുമായി വന്നു. അതിൽ വെള്ളമുണ്ടെന്ന ഭാവത്തിൽ അവന്റെ കൈയിൽ കൊടുത്തു. ഉണ്ണിക്ക് ദേഷ്യം വന്നെങ്കിലും വെള്ളം കുടിക്കുന്നതായി ഭാവിച്ചു. ഉടനെ അവൾ ഒരു ടോയ് കാർ അവന് കൊടുത്തു. അവൻ കാർ രണ്ടു വട്ടം നിലത്തിട്ട് ഉരച്ചു. കൂട്ടുകാരുണ്ടായിരുന്നെങ്കിൽ മുറ്റത്തെങ്കിലും കളിക്കാരുന്നു എന്നവൻ വിചാരിച്ചു. ഓ, അമ്മയുടെ അടുത്ത് പോകാം, അവൻ അടുക്കളയിലേക്ക് നീങ്ങി. അവനെ കണ്ടപ്പോഴേ പാചകം ചെയ്തുകൊണ്ടിരുന്ന അമ്മ അവന് ഒരുമ്മ കൊടുത്തു. അത്രേയുള്ളു, പിന്നെ അവനോട് ഒന്നും സംസാരിച്ചില്ല. ഉണ്ണി അമ്മ പണികൾ ചെയ്യുന്നതൊക്കെ ശ്രദ്ധിച്ച് പിന്നാലെ നടക്കാൻ തുടങ്ങി. അവൻ വീടു മുഴുവൻ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. ഹോ! അമ്മ ഓരോ സെക്കന്റിലും വീടിനെ ചുറ്റിക്കൊണ്ടിരിക്കുകയാണല്ലോ. ഇതിലും ഭേദം വെറുതെ ഇരിക്കുന്നതാ. കുറേ നേരം തിണ്ണയിൽ പോയി വെറുതേയിരുന്നു. ഭക്ഷണം കഴിക്കാം, അച്ഛൻ ഉണ്ണിയെ വിളിച്ചു. ഉച്ചയൂണിന് നല്ല കറികളായിരുന്നു. മാമ്പഴപ്പുളിശ്ശേരിയും ഉണ്ടായിരുന്നു, പക്ഷേ, ഒരു രസവും തോന്നുന്നില്ല. അച്ഛനും അമ്മയും ഉണ്ണിയുടെ മുഖത്തെ വല്ലായ്മ ശ്രദ്ധിച്ചു.

ഊണ് കഴിഞ്ഞ് ഉണ്ണി പിന്നെയും തിണ്ണയിൽ പോയിരുന്നു. ഭിത്തിയിൽ ചാരി വച്ചിരുന്ന ബാറ്റ് കണ്ടപ്പോൾ സങ്കടം വന്നു. ഈ അവധിക്കാലം നാല് ചുവരുകൾക്കുള്ളിലായല്ലോ എന്ന് ഉണ്ണി പിറുപിറുത്തു. അവന്റെ സങ്കടം കണ്ട് അച്ഛനമ്മമാർ ഈ അവധിക്കാലം കുട്ടികൾക്ക് സന്തോഷകരമാക്കണമെന്ന് തീരുമാനിച്ചു. അച്ഛൻ കുട്ടികളെ നോക്കി. ഒും,' അവൾക്ക് പ്രശ്നമില്ല, ചിന്നു

തനിയെ പാവകളോട് വർത്താനം പറഞ്ഞ് കളിക്കുകയാണ്. ഇവനാണ് പ്രശ്നം.. ഉണ്ണിയെ നോക്കി തൊണ്ട ശരിയാക്കി അച്ഛൻ പറഞ്ഞു: 'ടീച്ചർ വന്നത് കണ്ടില്ലേ, നമസ്തേ പറയൂ...' 'അതിന് ടീച്ചറെവിടെ?' ഉണ്ണി ചോദിച്ചു. 'ഞാൻ തന്നെയാണ് ടീച്ചർ,' അച്ഛൻ രണ്ട് കസേര എടുത്ത് കുട്ടികളെ ഇരുത്തി. "ഞാനൊരു കഥപറയാൻ പോകുന്നു" എന്ന് അച്ഛൻ പറഞ്ഞു. കുട്ടികൾ കൈയടിച്ചു. "ഇതൊരു വലിയ കഥയാണ്. നിങ്ങൾക്കറിയാമോ, ചൈന എന്നൊരു മഹാരാജ്യമുണ്ട്." അനിയത്തി വായും പൊളിച്ചിരുന്നു. ഉണ്ണിക്ക് ഒരു കൂസലുമില്ല. ഹും, ചൈനയെ ആർക്കാ അറിയാൻ മേലാത്തത്. മാസ്കും വച്ച് നടക്കുന്ന എത്രയോ ചൈനക്കാരെ ഞാൻ ടി വിയിൽ കണ്ടിരിക്കുന്നു. ചൈനയിലെ ഏതോ ഒരു വന്യജീവി മാർക്കറ്റിൽ നിന്നു ചാടിവന്ന റംബൂട്ടാൻ പോലിരിക്കുന്ന വൈറസിനെക്കുറിച്ച് ഇത് എത്രാമത്തെ തവണയാ അച്ഛൻ കഥ പറയുന്നത്. എന്തായാലും അവൻ റംബൂട്ടാൻ പോലെ നല്ലതല്ല, ഭയങ്കരനാ. ഒരു കുട്ടിഭീകരൻ തന്നെയാ. അതാ മുറ്റത്തൊരു കാലൊച്ച . ആഹാ, വല്യച്ഛൻ വന്നിരിക്കുന്നു . എന്തൊക്കയോ കൊണ്ടുവന്നിട്ടുണ്ട്. വാഴത്തൈകളും ചെറിയ പായ്ക്കറ്റുമുണ്ട്. തൽക്കാലം അച്ഛന്റെ കഥയിൽനിന്ന് രക്ഷപ്പെട്ടു. വല്യച്ഛൻ വാഴ നടാൻ പോകുകയാണ്. ഞങ്ങളും വല്യച്ഛന്റെ കൂടെ വാഴനടാൻ പോകുവാ, കുട്ടികൾ വല്യച്ഛന്റ കൂടെ കൂടി. രണ്ടു പേരും പൊയ്ക്കോ. പക്ഷേ, വാഴത്തൈ നശിപ്പിക്കരുത്. പ്രത്യേകിച്ച് നീ, അമ്മ അനിയത്തിയെ ചൂണ്ടി കൊണ്ട് പറഞ്ഞു. അനിയത്തി ഒരു കുസൃതിച്ചിരി ചിരിച്ചു. ഇല്ലമ്മേ, ഞാൻ ഇവളെ നോക്കിക്കോളാം, ഉണ്ണി പറഞ്ഞു. വല്യച്ഛൻ വന്നതോടെ കുട്ടികൾ ഉഷാറായി. വല്യച്ഛൻ വാഴത്തൈകളെടുത്ത് വീടിന് പുറകിലെ പറമ്പിലേക്കിറങ്ങി. പച്ചക്കറിവിത്തു പായ്ക്കറ്റുകളുമായി ഉണ്ണിയും കൂടെ അച്ഛനും അമ്മയും. അനിയത്തി വല്യച്ഛന്റെ തൂമ്പയെടുക്കാൻ ശ്രമിച്ചു. തൂമ്പയും അവളും വീഴുമെന്നു കരുതി അമ്മ വേഗം അവളെ പിടിച്ചു. അച്ഛൻ തൂമ്പ മേടിച്ച് വാഴക്കുഴിയെടുക്കാൻ തുടങ്ങി. അമ്മ വാക്കത്തികൊണ്ട് പുല്ലു വെട്ടിക്കളയാനും തുടങ്ങി. തൂമ്പ കിട്ടാത്തതിനാൽ ചിന്നു വേഗം ചെന്ന് കളിക്കത്തിയെടുത്ത് അമ്മയുടെ കൂടെ കൂടി. നീ ഇങ്ങോട്ടു വാ, വാഴത്തൈ നടാം. നല്ല രസാ എന്നത് കേട്ട് ചിന്നു വേഗം ഉണ്ണിയുടെ അടുത്തെത്തി. വല്യച്ഛൻ വാഴയെല്ലാം നട്ടു, തണലും നാട്ടി കുട്ടികളെ നടുന്ന രീതിയെല്ലാം കാട്ടിക്കൊടുത്തു. കുട്ടികൾ സന്തോഷത്തോടെ ഓടിനടന്നു.

അവർ തിരികെ വീട്ടിലെത്തി. പെട്ടെന്നാണ് കുട്ടികൾ അത് കണ്ടത്, വല്യച്ഛൻ വെറുതേ വെള്ളമൊഴിച്ച് കൈകഴുകുന്നു. വല്യച്ഛാ, അനിയത്തി ചാടി വന്നു, ദേ ഈ സോപ്പുകൊണ്ട് കഴുകണം. വല്യച്ഛാ, കൈകഴുകുന്ന രീതി ഞാൻ കാണിച്ചു തരാം, ഉണ്ണി പറഞ്ഞു. ദാ, ഇങ്ങനെ ചെയ്യണം, ഉണ്ണി പറഞ്ഞു. വല്യച്ഛൻ ചിരിച്ചു കൊണ്ട് പറഞ്ഞു, വല്യച്ഛന്റെ പീക്കിരികൾ മിടുക്കരാണല്ലോ. ചായ കുടിക്കാമച്ഛാ, അമ്മ ചായ കൊണ്ടുവന്നു. കൂടെ ചക്ക വറുത്തതും. വല്യച്ഛനും കുട്ടികളും വന്ന് ചായ കുടിച്ചു. പീക്കിരികൾ കുറച്ച് വിശ്രമിക്ക്, പോ, പോയുറങ്ങ് കുറച്ചു നേരം, വല്യച്ഛൻ പറഞ്ഞു. ഉണ്ണിയും ചിന്നുവും കിടക്കയിലേക്ക് പാഞ്ഞു. ചിന്നു വേഗം ഉറക്കമായി. ഉണ്ണി കണ്ണ് തുറന്ന് കിടക്കുകയാണ്. അവൻ അന്നു നട്ട വാഴ വലുതാകുന്നതും വാഴക്കുല ഉണ്ടാകുന്നതുമെല്ലാം സ്വപ്നം കണ്ടു കിടന്നു. വല്യച്ഛൻ വന്നപ്പോ എത്ര പെട്ടെന്നാണ് ബോറടിയൊക്കെ മാറിയത്. ഇപ്പോ പറമ്പിൽ വാഴയൊക്കെ നിൽക്കുന്നതു കാണാൻ എന്തു രസമാണ്. നാളെ വല്യച്ഛൻ വാഴ നനയ്ക്കുമ്പോൾ കൂടെ പോകണം. ഒത്തിരി കാര്യങ്ങൾ ചെയ്യാനുണ്ട്. ഹായ്, സ്കൂൾ തുറക്കുമ്പോൾ വാഴക്കുലയും ഉണ്ടാകും. കൂട്ടുകാരൊട് പറയാൻ ഒത്തിരി കാര്യങ്ങളുമായി. ഉണ്ണി മെല്ലെ ഉറക്കമായി. പ്രതീക്ഷയുടെ നല്ല നാളെകൾ സ്വപ്നം കണ്ടുകൊണ്ട്.

**ഗൗരിപാർവതി എം.ജി.**
VI B
എസ്. എസ്. വി. യു. പി. സ്കൂൾ, കല്ലറ
കുറവിലങ്ങാട് ഉപജില്ല, കോട്ടയം

# അങ്ങനെയൊരു കൊറോണക്കാലത്ത്

അവസാനപരീക്ഷയും കഴിഞ്ഞ് വളരെ ആഹ്ലാദത്തോടെയായിരുന്നു ഉണ്ണിക്കുട്ടൻ അന്ന് വിദ്യാലയത്തിൽനിന്നു വീട്ടിലേക്കെത്തിയത്. താൻ കാത്തിരുന്ന വേനൽക്കാല അവധി ഇതാ ഇപ്പോൾ വന്നെത്തിയിരിക്കുന്നു. പരീക്ഷയോ പരീക്ഷാ പേടിയോ കൂടാതെ കൂട്ടുകാരോടൊത്ത് ഉല്ലസിക്കുന്നതും അമ്മയോടൊപ്പം സമയം ചെലവഴിക്കുന്ന നിമിഷങ്ങളും അവന്റെ മനസ്സിലൂടെ കടന്നുപോയി. അവൻ നേരെ അടുക്കളയിൽ ചെന്ന് അമ്മയ്ക്ക് അഹ്ലാദത്തോടെ ഒരു മുത്തം നൽകി. ഉണ്ണിക്കുട്ടനെ പുണർന്നുകൊണ്ട് അമ്മ പറഞ്ഞു: ' ഉണ്ണീ, വേഗം കുളിച്ച് വാ, അമ്മ പലഹാരം എടുത്തുവയ്ക്കാം'. കുളിയെല്ലാം കഴിഞ്ഞ് തന്റെ ആ വർഷത്തിലെ പാഠപുസ്തകങ്ങൾ തട്ടിൻപുറത്തേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

പുസ്തകങ്ങളെല്ലാം ഒതുക്കിവച്ച് തട്ടിൻപുറത്ത് നിന്ന് ഇറങ്ങവേ പൊടിപിടിച്ച് കിടക്കുന്ന ഒരു ചുവന്ന ഡയറി അവന്റെ ശ്രദ്ധയിൽ പെട്ടു. അവനത് എടുത്തു നോക്കി. തന്റെ അമ്മയുടേതാണത്. അവൻ അതിലെ വർഷം നോക്കി- '2020'. അതിലെ താളുകൾ മറിച്ചു നോക്കി. അതിലെ ചുവന്നക്ഷരത്തിൽ എഴുതിയിരിക്കുന്ന വാക്കുകൾ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അവൻ വായിച്ചു- 'അങ്ങനെയൊരു കൊറോണക്കാലത്ത്'.

ഡയറിയുമെടുത്ത് ആകാംക്ഷയോടെ അവൻ അമ്മയുടെ അടുത്തെത്തി. 'കൊറേണയോ...! അതാരാണമ്മേ?'. അമ്മ തന്റെ ഡയറിയും പിടിച്ചു നിൽക്കുന്ന ഉണ്ണിക്കുട്ടനു നേരെ തിരിഞ്ഞിട്ടു പറഞ്ഞു: 'ഹാ.....മോന് കഥ കേൾക്കാൻ ഇഷ്ടല്ലേ..... അമ്മ ഒരു കഥ പറയട്ടെ'. ഉണ്ണി ഉത്സാഹത്തോടെ കഥ കേൾക്കാനായി കാതോർത്തിരുന്നു. അമ്മ കഥ പറഞ്ഞു തുടങ്ങി.

"അമ്മയ്ക്കന്ന് ഉണ്ണിക്കുട്ടന്റെ പ്രായമേ ഉള്ളൂ. അങ്ങനെയിരിക്കേ ഒരിക്കൽ ഭൂമിയിലുള്ള മനുഷ്യർ അവന്റെ സ്വാർത്ഥതയ്ക്കും ഇഷ്ടാനിഷ്ടങ്ങൾക്കും അനുസരിച്ച് ഒരോ ചീത്ത പ്രവൃത്തികൾ ചെയ്തുകൊണ്ടേയിരുന്നു. അത് ഒരു പരിധിവിട്ടപ്പോൾ പ്രകൃതിയെയും ദൈവത്തെയും വേദനിപ്പിച്ചു. അങ്ങനെ ഒരു ദിവസം ദൈവം മനുഷ്യനെ ഒരു പാഠം പഠിപ്പിക്കാനായി ഒരു ഭൂതത്തെ ഭൂമിയിലേക്കയച്ചു. മനുഷ്യരതിനെ കൊറോണയെന്നും കോവിഡ് 19 എന്നും പേരിട്ടു വിളിച്ചു."

'ഭൂതമോ! ആ ഭൂതം എങ്ങനെയായിരിക്കാ...?' ഉണ്ണിക്കുട്ടൻ ഇടറിയ മുഖത്തോടെ ചോദിച്ചു.

"ആ ഭൂതത്തെ ആർക്കും കാണാൻ കഴിയില്ല. അത് ഈ ലോകം മുഴുവൻ വ്യാപിച്ച് നടക്കും. ആ ഭൂതം ഓരോ മനുഷ്യനെയും തന്റെ വലയിൽ കുരുക്കി രോഗികളാക്കി മാറ്റി. പലരെയും അത് കൊല്ലുകയും ചെയ്തു. ലോകം മുഴുവൻ മരണഭീതിയിൽ മുഴുകി. അവസാനം എല്ലാ മനുഷ്യരും ഈ ഭൂതത്തെ ഭയന്ന് വീടുകളിലിരിപ്പായി. അത് മനുഷ്യദേഹത്ത് വരാതിരിക്കാൻ എല്ലാവരും കൈകൾ നിരന്തരം കഴുകാൻ തുടങ്ങി. എല്ലാ പരീക്ഷകളും മാറ്റിയതിനാൽ സ്കൂൾ കുട്ടികളും ജോലികൾ മാറ്റിവച്ച് മാതാപിതാക്കളും മറ്റെല്ലാവരും പുറത്തിറങ്ങാതെ വീടുകളിൽതന്നെ അടച്ചിരിപ്പായി. സമയമില്ലെന്ന് നടിച്ച് ഓരോ കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് മാറുന്ന മനുഷ്യൻ അന്ന് ഓരോ ദിവസത്തെ സമയവും തള്ളിനീക്കാൻ വീർപ്പുമുട്ടി. കുടുംബങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലുമുള്ള ബന്ധങ്ങൾ ഊഷ്മളമായി. അന്ന് നമ്മുടെ പോലീസ് ഉദ്യോഗസ്ഥരുടെ ഓരോ സേവനങ്ങളും ജീവൻ രക്ഷിക്കാനായി പ്രയത്നിച്ച ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ സേവനങ്ങളും വളരെയേറെ വിലപ്പെട്ടതായിരുന്നു. അങ്ങനെയിരിക്കെ അവസാനം ദൈവം തന്നെ തീരുമാനിച്ചു. ഈ പരീക്ഷണമങ്ങ് അവസാനിപ്പിക്കാമെന്ന്. മനുഷ്യരെല്ലാവരും സ്നേഹത്തോടെയും സമാധാനത്തോടെയും ജീവിക്കുന്നത് കണ്ട് സന്തുഷ്ടനായ ദൈവം ആ ഭൂതത്തെ തന്റെ അടുത്തേക്ക് മടക്കിവിളിക്കുകയും ചെയ്തു."

കഥ അവസാനിച്ചപ്പോൾ ഉണ്ണിക്കുട്ടൻ അമ്മയോട് ചോദിച്ചു: 'ദൈവം ആ ഭൂതത്തെ ഇനിയും ഇങ്ങോട്ടേക്കയയ്ക്കോ!' അമ്മ അവനെ അടുത്ത് ചേർത്തുകൊണ്ട് പറഞ്ഞു: 'അതെല്ലാം ദൈവത്തിന്റെ ഓരോ പരീക്ഷണങ്ങളല്ലേ...... നമ്മൾ അതെല്ലാം അതിജീവിച്ച് പാഠമുൾക്കൊണ്ട് നല്ല മനുഷ്യരായി ജീവിക്കാൻ പഠിക്കണം. ഉണ്ണിക്കുട്ടൻ അതോർത്ത് പേടിക്കണ്ടാട്ടോ......'

അവനെ പുണർന്നുകൊണ്ട് താനുണ്ടാക്കിയ പലഹാരം അവന്റെ വായിൽ വച്ച് കൊടുത്തു. അവനത് ആസ്വദിച്ച് കഴിക്കാൻ തുടങ്ങി.

**സഹ്‌വ വി. എം.**
X D
എസ്. സി. ജി. എച്ച്. എസ്. എസ്. കോട്ടക്കൽ,
മാള ഉപജില്ല, തൃശ്ശൂർ

# മാലാഖയുടെ ചിറകുകൾ

14 ദിവസം സർജിക്കൽ മാസ്ക് ധരിച്ച് ഉറക്കമില്ലാതെ പാറിനടന്ന മാലാഖ ഇന്ന് വിശ്രമത്തിനായി വീട്ടിലേക്ക് മടങ്ങുകയാണ്. ആശുപത്രിയിലെ അധികാരികളോട് യാത്രപറയാനായി മനസ്സിൽ ഒരുപാട് ആകുലതയുടെ വാങ്മയചിത്രങ്ങൾ മാറിമറിഞ്ഞുകൊണ്ടിരുന്നു. വീട്ടുമുറ്റത്തും പരിസരത്തും ഭൂമിയുടെ ശാപമെന്ന് തോന്നുന്ന രീതിയിൽ കിടക്കുന്ന ചവറുകളിലേക്ക് സൂര്യകിരണങ്ങൾ വന്നുപോയിട്ട് ഇന്നേക്ക് 14 ദിവസം കഴിഞ്ഞിരിക്കുന്നു. ഉത്സവപ്പറമ്പ് പോലെ ചിതറിക്കിടക്കുന്ന വർണശബളമായ വസ്ത്രങ്ങൾ നിറഞ്ഞ മുറികൾ, അവയിലെ അഴുക്ക്, ചുവരുകളിൽ തന്റെ കാലനെ കാത്തിരിക്കുന്ന മാറാമ്പൽ, പാത്രങ്ങളിലെ എണ്ണമയങ്ങൾ എല്ലാം നിറഞ്ഞ അവളുടെ മനസ്സിനെ കീഴ്പ്പെടുത്താൻ അശരീരിയായി വന്ന ചോദ്യത്തിന് ആയി. ‘ നീ മാലാഖ വസ്ത്രമണിഞ്ഞ് വേണോ ഈ കുടുംബം പോറ്റാൻ?‘ എന്ന ഭർത്താവിന്റെ കുത്തുവാക്കു നിറഞ്ഞ ആ ചോദ്യം അവളിലെ മാലാഖയെ തളർത്തിയിരുന്നു. പെട്ടെന്ന് കാതിനെ ഉണർത്തുന്ന ഒരു ശബ്ദം അവർ കേട്ടു. ആനിമോളേ ദൈവം അനുഗ്രഹിക്കും കേട്ടോ...... ലോകത്തിന്റെ സൃഷ്ടികളായ മാർവെൽ ബാറ്റ്സ്മാൻ പോലെ മുഖത്തിൽ N 95 റെസ്പിരിയേറ്റ് മാസ്ക് ധരിച്ച് എണ്ണത്തുള്ളികൾ വിരിയാത്ത വെളുത്ത മുടിയിഴകൾ മാത്രമുള്ള ഒരു 85 കാരിയായ അന്നംകുട്ടിയുടെ ശബ്ദമായിരുന്നു അത്. തിരക്കുകൾ പറഞ്ഞു പലപ്പോഴും അവധിക്കായി വീട്ടിൽ വരുമ്പോൾ മിണ്ടാതിരുന്നു പ്രവാസിയായ തന്റെ മകനോടൊപ്പം കഴിയുവാൻ ദൈവം തന്ന സമ്മാനമാണ് കൊറോണ എന്ന് പറയുന്ന അന്നംകുട്ടിക്ക് ലോകത്തെ മുട്ടുകുത്തിച്ചു. കൊവിഡ് 19 പോസിറ്റീവ് ആയിട്ട് ഇന്നേക്ക് 7 ദിവസം. എല്ലാ സങ്കടങ്ങൾക്ക് ഇടയിലും സന്തോഷം കണ്ടെത്തുന്ന അന്നം കുട്ടിയുടെ വാക്കുകൾ അവൾ മനസ്സിൽ കരുതിവച്ചുകൊണ്ട് അധികാരികളോടു യാത്ര പറഞ്ഞു അവൾ വീട്ടിലേക്ക് മടങ്ങി. സ്കൂട്ടറിന്റെ ഇരുചക്രങ്ങൾ കറങ്ങുന്നതിനോടൊപ്പം അവളുടെ മനസ്സും കറങ്ങിക്കൊണ്ടിരുന്നു. വിശ്രമത്തിന് ഉള്ള ദിനങ്ങൾ അവൾക്ക് വെല്ലുവിളിയായിരുന്നു. അവൾ ഒന്ന് പ്രാർത്ഥിച്ചു ‘ദൈവമേ, എനിക്ക് മാലാഖമാരെപ്പോലെ പറക്കാനുള്ള ചിറക് തരണമേ....‘ ആകുലതയുടെ യുദ്ധഭൂമിയിൽ എത്തിയപ്പോൾ ഒന്ന് ചിന്തിച്ചു... മാറിപ്പോയോ? എന്ന മട്ടിൽ അവൾ തലയിൽനിന്ന് ഹെൽമറ്റും മുഖത്തുനിന്ന് മാസ്ക്കും അഴിച്ചുമാറ്റി ഒന്നും കൂടി ചുറ്റും നോക്കി, ഇത് എന്റെ വീട് തന്നെയാണോ? എന്റെ കല്യാണം കഴിഞ്ഞ് വന്ന്

കയറിയ ദിവസം പോലെ വീടും പരിസരവും മാറിയിരിക്കുന്നു. പെട്ടെന്ന് ഓടി മുൻപിലേക്ക് അവളുടെ ഭർത്താവ് സോപ്പും വെള്ളവുമായി വന്നു. കുത്തുവാക്കുകൾ പ്രതീക്ഷിച്ച അവളോട് കരുതലിന്റെ സ്നേഹം കാണിച്ച... അയാളോട് അവൾ ചോദിച്ചു... 'തെന്താ സ്വപ്നമാണോ?' ആ ചോദ്യത്തിന് ചിരിച്ചുകൊണ്ട് അയാൾ ഇത്തരം പറഞ്ഞു: 'നീ പോയി കുളിച്ചിട്ടു വാ... എന്നിട്ട് സംസാരിക്കാം. ലോക് ഡൗൺ ദിവസങ്ങളിലെ 14 ദിവസങ്ങൾ വേണ്ടിവന്നു നിന്നെ ഞങ്ങൾക്ക് മനസ്സിലാക്കാൻ.' അവൾ ഒന്നും മിണ്ടാതെ വീടിന്റെ പിന്നിലെ കുളിമുറിയിലേക്ക് പോയി. കുളിച്ചു കൊണ്ടിരിക്കുമ്പോൾ മനസ്സിൽ ഉയർന്ന ചിന്തകൾ എല്ലാം സത്യമാണെന്ന് കുളിമുറിയുടെ വാതിലിനപ്പുറത്തു നിന്നുള്ള വാക്കുകൾ വേണ്ടി വന്നു. അമ്മേ, വേഗം കുളിച്ചു വായോ... തന്റെ മകളുടെ ശബ്ദം കേട്ട് കുളികഴിഞ്ഞ് പുറത്തേക്കിറങ്ങിയ അവൾക്കു മുൻപിൽ നിൽക്കുന്ന രണ്ട് യോദ്ധാക്കൾ... വീട്ടിലിരുന്ന് കോവിഡ്-19 നേരിടുന്ന ഹോം മാസ്ക് ധരിച്ച ആ ധീരയോദ്ധാക്കൾ കൈകൾ പിടിച്ച് അവളെ വീട്ടിലേക്ക് കയറ്റി. ഒരു നിമിഷം പകച്ചു നിന്ന അവൾക്ക് മുന്നിൽ വൃത്തിയായി കിടക്കുന്ന മുറികളും കഴുകി വൃത്തിയായി വച്ച അടുക്കളയിലെ പാത്രങ്ങളും വസ്ത്രങ്ങളും ഒന്നായി മന്ത്രിച്ചു: 'ഇതെല്ലാം ചെയ്തത് നിന്റെ ചിറകുകളാണ്, നിന്റെ ജീവിതത്തിലെ ഭൂമിയിലെ ചിറകുകൾ'...

**ജോഫിയ സി. ജെ.**
9 B
എസ്. സി. ജി. എച്ച്. എസ്. എസ്. കോട്ടക്കൽ,
മാള ഉപജില്ല, തൃശ്ശൂർ

# നിശ്ശബ്ദയായ ഗ്രാമം

പടിപ്പുരവാതിൽ കടന്നാൽ നെൽപ്പാടം. സ്വർണവർണമാർന്ന നെൽക്കതിരുകൾ ഒരേ താളത്തിൽ നൃത്തമാടുന്നു. മന്ദമാരുതൻ അവരുടെ നൃത്തത്തിനു വെഞ്ചാമരം വീശുന്നുവെന്നു തോന്നിപ്പോകും. പെട്ടെന്നെന്റെ ചിന്തകളെ മുറിച്ചുകൊണ്ട് ഊട്ടുപുരയിൽനിന്ന് ചില ശബ്ദങ്ങൾ കടന്നുവന്നു. തറവാട്ടിൽ എല്ലാവരും എത്തിയിട്ടുണ്ട്. ഇനിയൊരു ഓണക്കാലം തന്നെ. ഞാൻ പതിയെ പടിക്കെട്ടുകളിറങ്ങി അകത്തളത്തിലെത്തി. മുതിർന്നവർ വാർത്തകൾ കേൾക്കുന്ന തിരക്കിലാണ്. ഞാൻ അടുക്കളയിലേക്ക് നടന്നു. അമ്മയെവിടെ എന്നായിരുന്നു എന്റെ അന്വേഷണം. ആ അന്വേഷണം ചെന്നവസാനിച്ചത് തെക്കേ തൊടിയിലെ വരിക്കപ്ലാവിന്റെ ചുവട്ടിലായിരുന്നു. അമ്മ ചക്ക പറിക്കാനുള്ള പരിശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. 'അമ്മേ, ഞാൻ സഹായിക്കണോ?' ചോദ്യത്തിനു മുമ്പേതന്നെ ഉത്തരമെത്തി. 'വേണ്ട മോനേ' എന്നായിരുന്നു മറുപടി. മുറ്റത്ത് കുട്ടികൾ മണ്ണപ്പം ചുട്ടുകളിക്കുന്നു. വല്യച്ഛന്റെ ശാസന പുറകേയെത്തി. 'മണ്ണിൽ കളി നിർത്തി കൈ നന്നായി സോപ്പിട്ടുകഴുകി അകത്തുകേറിക്കോ, പുറത്ത് രോഗങ്ങളുടെ മഹാപ്രളയമാണ്'. ശാസനയ്ക്ക് ആക്കം കൂട്ടാനെന്നോണം കൈയിൽ ചൂരൽവടിയുമുണ്ട്. കുട്ടികൾ പാത്രത്തിൽനിന്നു വഴുതിവീണ മുത്തുകൾ പോലെ നാലുവഴിക്കും ചിതറി. വല്യമ്മ അടുത്ത അടവുമായി രംഗത്തെത്തി. 'കൈ നന്നായി സോപ്പിട്ടുകഴുകി കയറി വരുന്നവർക്ക് നല്ല കായവറുത്തത് കൊടുക്കുന്നുണ്ട്'. ഇതു കേൾക്കേണ്ട താമസം, കുട്ടികൾ പൈപ്പിൻ ചുവട്ടിലൊത്തുചേർന്നു. എല്ലാവരും കൈകഴുകി കായവറുത്തതും വാങ്ങി ഉമ്മറത്തേക്കു നടന്നു. വല്യച്ഛൻ കുട്ടികളോടു പറഞ്ഞു, 'ഇനി ആരും പുറത്തിറങ്ങേണ്ട. മാധവന്റെ മുറിയിൽ ഒരുപാട് പുസ്തകങ്ങളുണ്ട്. അതെടുത്ത് വായിച്ചിട്ട് വൈകിട്ട് നിങ്ങൾ വായിച്ച കഥ മറ്റുള്ളവർക്ക് പരിചയപ്പെടുത്തണം. ഏറ്റവും നന്നായി അവതരിപ്പിക്കുന്നവർക്ക് വല്യച്ഛന്റെ വക പ്രത്യേക സമ്മാനവും'. ഇതുകേൾക്കേണ്ട താമസം കുട്ടികൾ എന്റെ മുറിയിലേക്ക് ഓടി. പുസ്തകങ്ങൾ അലങ്കോലമാക്കിയിടരുത്, ആവശ്യമുള്ളത് മാത്രം എടുത്ത് ബാക്കി അടുക്കിവയ്ക്കുക എന്ന താക്കീതും ഞാൻ നൽകി. ഞാൻ പാടവരമ്പിലൂടെ മുൻപോട്ടു നടന്നു. ആധുനികത ഒട്ടും എത്തിനോക്കിയിട്ടില്ലാത്ത എന്റെ കൊച്ചുഗ്രാമം... എത്ര മനോഹരിയാണു നീ... ഒരു ആത്മഗതമെന്നപോൽ ഞാൻ മനസ്സിൽ പറഞ്ഞു. പാടത്തിനരികിലെ കേശവൻ ചേട്ടന്റെ വീടിനടുത്തെത്തിയിട്ടും ഒരനക്കവുമില്ല. 'കേശവൻചേട്ടാ...കേശവൻ ചേട്ടാ...'ഞാൻ വിളിച്ചു. കേശവൻചേട്ടൻ പതിയെ പുറത്തിറങ്ങി വന്നു. 'ആ മാധവൻകുഞ്ഞോ, എപ്പോ എത്തി?' 'രണ്ടുമൂന്നു ദിവസമായി. തറവാട്ടിൽനിന്നു പുറത്തിറങ്ങിയില്ലയെന്നേയൊള്ളൂ. ഇപ്പോഴത്തെ നാട്ടിലെ അവസ്ഥ കണ്ടില്ലേ, ആകെ പേടിയാകുന്നു'. കേശവൻചേട്ടൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'ഹേയ്,

പേടിക്കേണ്ട ആവശ്യമൊന്നുമില്ല. സോപ്പുപയോഗിച്ചു കൈകൾ കഴുകുകയും സാമൂഹിക അകലം പാലിക്കുകയും ചെയ്താൽ മതിയെന്നല്ലേ പറയുന്നത്. പിന്നെ നമ്മുടെ തൊടിയിലെ ചക്കയും മാങ്ങയും മുരിങ്ങയുംപോലുള്ള പ്രതിരോധ ഔഷധങ്ങൾ കഴിക്കുകയും ചെയ്താൽ മറ്റൊന്നും പേടിക്കേണ്ടതില്ല'. ഇത്രയും പറഞ്ഞ് ഞാൻ തിരിച്ച് തറവാട്ടിലേക്കു നടന്നു. കേശവൻ ചേട്ടൻ എന്നെ വിളിച്ചു, 'കുഞ്ഞേ, ഞാനും തറവാട്ടിലേക്കുവരാം'. അങ്ങനെ ഞങ്ങൾ രണ്ടാളും വരമ്പിലൂടെ തറവാട്ടിലെത്തി. നല്ല ചക്കപ്പുഴുക്കിന്റെ മണം തറവാടിന്റെ പടിപ്പുരവരെയെത്തിയിരുന്നു. കുട്ടികൾക്കെല്ലാം വരാന്തയിൽ കഴിക്കാനുള്ള ഇലകൾ നിരന്നിരുന്നു. ഒപ്പം ഞാനും ചേർന്നു. കേശവൻചേട്ടനും അമ്മ ഒരു ഇലയിട്ടു പുഴുക്കു വിളമ്പി. പ്രാവുകൾക്ക് അരിമണി വിതറുന്ന കാര്യവും വല്യച്ഛൻ മറന്നില്ല. വല്യച്ഛൻ കുട്ടികളോടായി പറഞ്ഞു: 'മക്കളെ, നമ്മുടെ കപ്പയും ചക്കയും മാങ്ങയുമൊക്കെയാണ് നമുക്ക് ആരോഗ്യം നൽകുന്ന ഭക്ഷണങ്ങൾ. മാത്രമല്ല, ആരോഗ്യമുള്ള ശരീരത്തിൽ രോഗങ്ങൾ പ്രവേശിക്കത്തുമില്ല. എന്റെയൊക്കെ ചെറുപ്പകാലത്ത് ഇതൊക്കെയായിരുന്നു ഞാൻ കഴിച്ചിരുന്നത്. അന്ന് ഇന്നത്തേപോലെ ഫാസ്റ്റ്ഫുഡ് ഒന്നുമില്ലായിരുന്നു. അന്നെല്ലാം രോഗങ്ങളും കുറവായിരുന്നു'. ഇതു പറയുമ്പോഴേക്കും അമ്മ പത്തായത്തിൽ പഴുക്കാൻ വച്ചിരുന്ന പൂവൻപഴവുമായെത്തി. രാവിലത്തെ ആഹാരത്തിനുശേഷം ഞാൻ എന്റെ മുറിയിലേക്കു നടന്നു. സീതച്ചേച്ചി മുറികൾ വൃത്തിയാക്കുന്ന തിരക്കിലാണ്. ചേച്ചി എന്നോടായി ചോദിച്ചു: 'ഈ പുസ്തകങ്ങളിൽ കുറേയൊക്കെ വല്ല വായനശാലയ്ക്കും കൊടുത്തുകൂടെ, എന്തിനാ ഇങ്ങനെ മുറിയിൽ പൊടിപിടിപ്പിക്കാൻ വച്ചിരിക്കുന്നത്?' അതിനുള്ള ഉത്തരം ഒരു നേർത്ത പുഞ്ചിരിയായിരുന്നു. തറവാടിന്റെ തറകളെല്ലാം പളുങ്കുപോലെ തിളങ്ങിയിരുന്നു. പുസ്തകക്കൂട്ടങ്ങളിൽനിന്ന് ഒരു പുസ്തകമെടുത്ത് ഞാൻ എന്റെ കട്ടിലിലേക്ക് കിടന്നു. വായനയ്ക്കിടയ്ക്ക് എപ്പോഴോ ഞാൻ ഉറക്കത്തിലേക്കു വഴുതിവീണു. പെട്ടെന്നു കേട്ടൊരു ശബ്ദം എന്നെ ഉറക്കത്തിൽനിന്നുണർത്തി. ബസ് പാലക്കാട് എത്തിയിരിക്കുന്നു. രണ്ടുവർഷത്തിനുശേഷമുള്ള തിരിച്ചുവരവ്. മുഖത്ത് മാസ്കുകൾ ധരിച്ച മനുഷ്യർ ബസിന്റെ ചിലഭാഗങ്ങളിലായി ഇരിക്കുന്നു. എന്റെ ഗ്രാമത്തിലെങ്ങും നിശ്ശബ്ദത തളം കെട്ടിയിരിക്കുന്നു. ഈ രോഗമെന്ന മഹാമാരി എന്റെ ഗ്രാമത്തെ നിശ്ശബ്ദയാകാൻ പഠിപ്പിച്ചിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലുമായി ഞാൻ തറവാട്ടിലേക്ക് നടന്നു...

**പാർവതി അശോക്**
IX C
എസ്. എച്ച്. ജി. എച്ച്. എസ്. ഭരണങ്ങാനം
പാലാ ഉപജില്ല, കോട്ടയം

# നീനയുടെ പ്രഭാതം

നേരം 8:00 ആയിരിക്കുന്നു. അടുക്കളയിൽ പണികൾ തകൃതിയായി നടക്കുന്നു. വണ്ടികളുടെ ശബ്ദം മാത്രം കേട്ടുണരുന്ന നീനയ്ക്ക് ഒരു ആശയക്കുഴപ്പം. എന്തെന്നില്ലാത്ത ഒരു നിശ്ശബ്ദത. നീന കട്ടിലിൽനിന്ന് പതിയെ ഉറക്കച്ചടവോടെ എഴുന്നേറ്റു. കർട്ടൻ മെല്ലെ വലിച്ചുമാറ്റി ജനൽപ്പാളികൾ തുറന്ന് പുറത്തേക്ക് നോക്കി. തുറക്കാൻ മടിക്കുന്ന അവളുടെ കൺപോളകളെ തൊട്ടു തലോടിക്കൊണ്ട് മന്ദമാരുതൻ കടന്നുപോയി. പൂന്തോട്ടത്തിൽ വിടർന്നുനിൽക്കുന്ന പൂക്കൾ ഓരോന്നും തനിക്ക് ശുഭദിനം നേരുന്നതായി അവൾക്ക് തോന്നി. പെട്ടെന്ന് ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് കുയിലിനെ മധുരനാദം കേട്ടു. ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. തൊടിയുടെ തെക്കേ മൂലയ്ക്ക് ഉള്ള വലിയ പുളിമരത്തിന്റെ കൊമ്പിൽനിന്നാണ് എന്ന് അവൾ തിരിച്ചറിഞ്ഞു. കുയിലിന് ഒപ്പം എതിർപാട്ട് പാടി എങ്കിലും കുയിലമ്മ തന്നെ വിജയിച്ചു. വേറെയും ധാരാളം കിളിനാദങ്ങൾ അവൾ കേട്ടു. പെട്ടെന്ന് അവൾക്ക് താൻ വേറെ എവിടെയോ ആണ് എന്നൊരു തോന്നൽ. തന്റെ നാട് തന്നെയല്ലേ? അവൾ സംശയിച്ചു. ആ കിളിനാദങ്ങളിൽ ഒന്ന് തനിക്ക് പരിചയമില്ലാത്തതാണല്ലോ? ഏത് കിളിയുടേതാണ് ആലോചനകളിൽ മുഴുകി ഇരുന്നപ്പോഴാണ് അമ്മയുടെ വിളി വന്നത്. പുറകെ ശകാരവും. ഞാൻ ഓടി അടുക്കളയിലേക്കു ചെന്നു. 'എന്താ അമ്മേ ഇന്ന് ഇങ്ങനെ?' പാത്രങ്ങൾ കഴുകിക്കൊണ്ടിരുന്ന അമ്മ തിരിഞ്ഞു ചോദിച്ചു, 'എങ്ങനെ?' 'ഇത്രയും ശാന്തത?' 'ആഹാ, അപ്പോഴേക്കും നീ എല്ലാം മറന്നോ? ഇനി 21 ദിവസത്തേക്ക് എല്ലാം ഇങ്ങനെതന്നെ.' സ്കൂളിൽ പോകണ്ടല്ലോ എന്ന സന്തോഷത്തോടെ ചായ വാങ്ങി പുറത്തേക്കിറങ്ങി. ചായ കുടിച്ചുകൊണ്ടിരിക്കെ അവളുടെ മനസ്സിലൂടെ ഒരായിരം ചിന്തകൾ കടന്നുപോയി. യാത്രകൾ ഏറെ ഇഷ്ടപ്പെടുന്ന നീന വെക്കേഷന് പോകേണ്ട സ്ഥലങ്ങൾ എല്ലാം മുൻകൂട്ടി തീരുമാനിച്ചിരുന്നു. അതൊക്കെ നടക്കില്ലല്ലോ എന്ന് ഓർത്ത് നിന്ന് അറിയാതെ ഒരു നിമിഷം ലോക്ഡൗണിനെ ശപിച്ചു. എന്നാൽ അടുത്ത നിമിഷം അവളിലെ പൗരബോധം ഉണർന്നു. പത്രത്താളുകളിലൂടെ 'കൊറോണ എന്ന മഹാമാരിയുടെ' സംഹാരതാണ്ഡവത്തെക്കുറിച്ച് ബോധം ഉണ്ടായിരുന്ന അവൾ തന്റെ തെറ്റായ ചിന്ത ഓർത്തു വിഷമിച്ചു. കൊറോണയെ പിടിച്ചുകെട്ടാൻ എത്ര നാൾ വേണമെങ്കിലും വീട്ടിൽ ഇരിക്കാം എന്ന് ആ പിഞ്ചു മനസ്സ് പ്രതിജ്ഞയെടുത്തു. ചൂടുചായ ഊതിക്കുടിച്ചുകൊണ്ട് വരാന്തയിലിരുന്ന് ആവോളം ശുദ്ധവായു ശ്വസിച്ചു. താൻ ശ്വസിക്കുന്ന ഈ വായുവിൽ കൊറോണ വൈറസ് ഉണ്ടോ എന്ന് പേടിച്ച് നീന അകത്തേക്ക് കയറി വാതിലടച്ചു.

**അഥീന എച്ച്. ദാസ്**
IX D
എസ്. എൻ. എം. എച്ച്. എസ്. എസ്. പുറക്കാട്
അമ്പലപ്പുഴ ഉപജില്ല, ആലപ്പുഴ

# ബ്രേക്ക് ദ ചെയിൻ

തന്റെ വീട് ഒരു കൊച്ചുസ്വർഗമായാണ് ആ അമ്മമാലാഖക്ക് തോന്നിയത്. തന്നെ ജീവനു തുല്യം സ്നേഹിക്കുന്ന ഭർത്താവ്, കുട്ടിക്കുറുമ്പുകൾ കാണിക്കാനും ആ വീടിനു വെളിച്ചമേകാനും താൻ ജന്മം നൽകിയ രണ്ട് പൊന്നോമനകൾ. അഞ്ചു വയസ്സുള്ള ജോണിമോനും രണ്ടരവയസ്സുള്ള മിനിക്കുട്ടിയും. ഇതിലധികം ഒന്നും ആ നിഷ്കളങ്കയായ നേഴ്സിന് ആവശ്യമില്ലായിരുന്നു.

ഹോസ്പിറ്റലിലെ ഡ്യൂട്ടി കഴിഞ്ഞ് വരുമ്പോൾ അവർ അവളെ സ്വീകരിച്ച് സ്നേഹം കൊണ്ട് മൂടും. അവർക്ക് ആശ്വാസം ലഭിക്കാൻ ആ സുന്ദരനിമിഷങ്ങൾ മതിയായിരുന്നു.

എന്നാൽ നാട്ടിലാകെ പടർന്നുകൊണ്ടിരുന്ന കോവിഡ് 19 റീനയിലും ഭീതിയുണർത്താതിരുന്നില്ല. എങ്കിലും അതു പുറത്തുകാണിക്കാതെതന്നെയാണ് അന്നും അവൾ ഹോസ്പിറ്റലിൽ പോയത്. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ആ കുഞ്ഞുപൈതൽ ചെറിയ വിഷമത്തോടെ ചോദിച്ചു, 'എനിക്കും അച്ഛനും എല്ലാവർക്കും ലീവാണല്ലോ, അമ്മ മാത്രം എന്തിനാ എപ്പോഴും പോകുന്നേ?'

ആ കുഞ്ഞുമോനെ സന്തോഷിപ്പിക്കാൻ വേണ്ടി അവൾ ഒരു കള്ളം പറഞ്ഞു, 'കുറച്ചു ദിവസത്തേക്ക് ഹോസ്പിറ്റലിൽ വലിയ കോൺഫറൻസും സദ്യയും ഒക്കെ ഉണ്ട്. എല്ലാ വിശേഷങ്ങളും അമ്മ വന്നിട്ട് പറഞ്ഞുതരാം'. അപ്പോ അമ്മ ഇന്ന് തിരിച്ചു വരില്ലേ എന്ന് ചോദിച്ചപ്പോൾ ആദ്യം അവളൊന്ന് പതറി. ശേഷം രണ്ട് കുഞ്ഞുങ്ങളുടെയും നെറ്റിയിൽ ഉമ്മവെച്ചുകൊണ്ട് പറഞ്ഞു: 'അച്ഛൻ ഇല്ലേ മക്കളെ..... അമ്മ വേഗം വരും. എല്ലാവരെയും ഒന്നുകൂടി കെട്ടിപ്പിടിച്ചു മുത്തം കൊടുത്ത് റീന വീട്ടിൽനിന്ന് ഇറങ്ങി. തിരിഞ്ഞുനോക്കാതെ.... അഭിവാദ്യമർപ്പിക്കാനെന്നോണം വഴിനിറയെ വീണുകിടന്ന കുഞ്ഞു കൊന്നപ്പൂക്കൾ അവളുടെ കാലുകൾക്ക് മെത്തവിരിച്ചു. അവളുടെ കാൽ ച്ചുവട്ടിലേക്ക് കരിയിലകൾ ഓടിയെത്തി.

നടന്നു തളർന്ന് അവൾ ഹോസ്പിറ്റലിൽ എത്തി. തന്റെ ജോലിയിൽ ഒരു കുറവും വരുത്തില്ല എന്ന് ദൃഢനിശ്ചയം ചെയ്ത അവളുടെ കണ്ണുകൾ സൂര്യപ്രകാശത്തിൽ ജ്വലിച്ചുകൊണ്ടിരുന്നു. മുഖംമറച്ച് ഓരോരുത്തരെയും ശുശ്രൂഷിക്കുമ്പോൾ അവളുടെ മനസ്സിൽ തന്റെ രണ്ട് കുഞ്ഞുപുഷ്പങ്ങളുടെ മുഖം ഓടിയെത്തി...

ദിവസങ്ങൾ ഓരോന്നായി പിന്നിട്ടുകൊണ്ടിരുന്നു. ഒടുവിൽ ആ മാലാഖയെയും കൊറോണ വൈറസ് വെറുതെവിട്ടില്ല. ആ മഹാമാരിക്ക് അവളും കീഴ്പ്പെട്ടു. ഹൃദയം

വിങ്ങിപ്പൊട്ടുമ്പോഴും അവൾ പുഞ്ചിരിച്ചുകൊണ്ട് സെൽഫി എടുത്ത് അയച്ചു കൊടുത്തു. ഭർത്താവിനെയും മക്കളെയും ഒന്നുമറിയിച്ചില്ല. അവർ സുഖമായി മെത്തയിൽ ഉറങ്ങി. അമ്മയുടെ തണലില്ലാതെ.

മഹാമാരി തന്റെ ഉറ്റവർക്ക് കൊടുക്കരുതെന്ന് അവൾക്ക് നിർബന്ധമായിരുന്നു. 'ഐ കാൻ ബ്രേക്ക് ദ ചെയിൻ' -അവൾ മനസിൽ മന്ത്രിച്ചു. രാത്രി ഇരുണ്ടുവന്നു. എവിടെനിന്നോ ഒരു കാലൻകോഴി കൂവുന്നത് പോലെ അവൾക്ക് തോന്നി. ശക്തമായ കാറ്റിൽ ഹോസ്പിറ്റലിനു പുറത്തുള്ള ഒരു മരത്തിൽനിന്നും വിടർന്നുവന്നുകൊണ്ടിരുന്ന പുഷ്പം താഴേക്ക് പതിച്ചു. ശ്വാസം കിട്ടാതെ അവൾ പിടഞ്ഞു. ആ മാലാഖയുടെ നിഷ്കളങ്കമായ മിഴികളിൽ നിന്നും അശ്രുകണങ്ങൾ കവിളിലൂടെ ഒലിച്ചിറങ്ങി. അവൾ കഠിനമായി പരിശ്രമിച്ച് കൊണ്ട് ശ്വാസത്തിന് വേണ്ടി പിടഞ്ഞു. അപ്പോഴേക്കും ഡോക്ടർമാരും നഴ്സുമാരും ഓടിയെത്തി. പക്ഷെ, ആർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഹോസ്പിറ്റലിലെ ആധുനിക വെന്റിലേറ്ററിനും അവളെ രക്ഷിക്കാൻ കഴിഞ്ഞില്ല. എന്നെന്നേക്കുമായി അവളുടെ ശ്വാസം നിലച്ചു.

ദൈവം മറ്റൊരു സുന്ദരമായ ലോകത്തേക്ക് ആ മാലാഖയെ കൂട്ടിക്കൊണ്ടുപോയി. ഹോസ്പിറ്റലിലെ മറ്റു ജീവനക്കാർ എല്ലാം കണ്ണുനീർ തുടച്ചു.

അന്ത്യചുംബനം പോലും നിഷേധിക്കപ്പെട്ട അവളുടെ ഭർത്താവും രണ്ട് പിഞ്ചുകുഞ്ഞുങ്ങളും തേങ്ങിക്കരഞ്ഞു. അദ്ദേഹം രണ്ടു കുഞ്ഞുങ്ങളെയും മാറോടു ചേർത്ത് കെട്ടിപ്പിടിച്ചു. ഇതിനാണോ അച്ഛാ അമ്മ പോയത്? എന്ന് ചോദിക്കുമ്പോൾ ആ കുഞ്ഞിന്റെ മുഖം കരഞ്ഞുവീർത്തിരുന്നു. അമ്മ അവസാനം ഹോസ്പിറ്റലിലേക്ക് പോകുമ്പോൾ നൽകിയ അന്തചുംബനം ആ കുഞ്ഞുമോന് മറക്കാൻ കഴിഞ്ഞില്ല. മറ്റുള്ളവർക്ക് വെളിച്ചമേകിയ ആ സ്നേഹദീപം എന്നന്നേക്കുമായി അണഞ്ഞു...

**നിദാ റമീസ്**
VIII P
എൻ.എ.എം എച്ച്.എസ്.എസ്, പെരിങ്ങത്തൂർ
ചൊക്ലി ഉപജില്ല, കണ്ണൂർ

# എന്റെ ആദ്യാനുഭവം

ആയിരം സംവത്സരങ്ങളായി എന്റെ ജീവിതം ഒരു തടവറയ്ക്കുള്ളിലായിരുന്നു. എനിക്ക് കാവലായി ധാരാളം സുരക്ഷാകവചങ്ങൾ. എപ്പോഴും എന്റെ മനസ്സ് ആഗ്രഹിക്കുമായിരുന്നു. ഇതിൽനിന്നും എനിക്ക് ഒരു മോചനം കിട്ടിയിരുന്നെങ്കിൽ. ഇതിനിടയിലാണ് അലാവുദ്ദിൻ അത്ഭുതവിളക്ക് തുറന്ന് ജിന്നിനെ മോചിപ്പിച്ചതു പോലെ, അഹല്യക്ക് ശാപമോക്ഷം ലഭിച്ചതുപോലെ എന്നെയും ആരോ തുറന്നു വിട്ടിരിക്കുന്നു. എന്റെ സന്തോഷത്തിനു അതിരുകൾ ഇല്ലായിരുന്നു. ലോകം മുഴുവൻ കാണാൻ എനിക്ക് കൊതിയായി. പക്ഷേ, ഞാൻ പുറത്തുവന്നു എന്ന കാര്യം അറിഞ്ഞപ്പോൾ തന്നെ എല്ലാവരും ഭയന്നു. എന്താണ് എല്ലാവർക്കും എന്നെ പേടി എന്ന് മനസ്സിലാകുന്നില്ല. എന്നെ തൊട്ടു വിളിച്ചാൽ മാത്രമേ ഞാൻ കൂടെ പൊകൂ. എന്നെ തൊട്ടു വിളിച്ചപ്പോൾ ഞാൻ വിചാരിച്ചു എന്നോടുള്ള സ്നേഹം കൊണ്ടാണെന്ന്. അതുകൊണ്ടാണ് ഞാൻ കൂടെ പോകുന്നത്. ലോകത്തിന്റെ നാനാഭാഗത്തുള്ളവരും എന്നെ തൊട്ടു വിളിച്ചു. എല്ലാവരുടെ കൂടെയും ഞാൻ പോയി. അങ്ങനെയിരിക്കുമ്പോൾ അപ്രതീക്ഷിതമായിട്ടാണ് എനിക്ക് കേരളത്തിലേക്ക് ഒരു ക്ഷണം ഉണ്ടായത്.

ഹായ് ! ദൈവത്തിന്റെ സ്വന്തം നാട്. എനിക്കും ആ സുന്ദരാമായ നാട് കാണണം. ആ സുഹൃത്തിനൊപ്പം ഞാൻ മലയാളനാട്ടിലെത്തി. ഫ്ളൈറ്റ് ലാൻഡ് ചെയ്യുന്നതിന് മുമ്പേ ഞാൻ ആ നാട് കണ്ടു. പച്ചവിരിച്ച നെൽപ്പാടങ്ങളും ഉയർന്നു നിൽക്കുന്ന മലകളും കായലുകളിൽ മുട്ടിയുരുമ്മി നിൽക്കുന്ന ചീനവലകളും......... വെറുതെയല്ല ദൈവത്തിന്റെ സ്വന്തം നാടെന്നു പറയുന്നത്. അത്രയ്ക്ക് സുന്ദരമാണ് കേരളം. എയർപോർട്ടിന് പുറത്തിറങ്ങിയപ്പോൾ എന്തൊരു ജനത്തിരക്കാ.... .. ഒരാളെ കൊണ്ടുപോകാൻ പത്തു പേരെങ്കിലും കാണും.

ഇവിടെ ഇങ്ങനെയാണോ? എല്ലാ തിരക്കും ഞാൻ ശരിയാക്കി തരാം, ഞാൻ മനസ്സിൽ മന്ത്രിച്ചു. ഓ...... എന്തൊരു ചൂട്. ചൂടെനിക്ക് സഹിക്കാനാകില്ല.

താമസിയാതെ എന്റെ സുഹൃത്തിനു പോകുവാനുള്ള വാഹനമെത്തി. വാഹനത്തിൽ AC ഉള്ളതുകൊണ്ട് ചൂടിൽനിന്ന് ഞാൻ രക്ഷപ്പെട്ടു.

ആ! ഇത്രയും പറഞ്ഞിട്ടും എന്നെ നിങ്ങൾക്ക് പരിചയപ്പെടുത്തിയില്ലല്ലോ. എല്ലാവരെയും എനിക്ക് സ്നേഹിക്കാനേ അറിയൂ. ആദ്യം പറഞ്ഞതുപോലെ ആര് ക്ഷണിച്ചാലും ഞാൻ അവരുടെ കൂടെ പോകും. തൊട്ടു വിളിക്കണമെന്നു മാത്രം.... പിന്നെ ഞാൻ അവരെ സ്നേഹിച്ചു കൊല്ലും. എല്ലാവരും സ്നേഹിക്കുന്നത് ഹൃദയത്തിൽ കയറിയാണ്. ഞാൻ അങ്ങനെയല്ല. ഞാൻ ശ്വാസകോശത്തിൽ ഇരുന്നു സ്നേഹിക്കും. സ്നേഹിച്ച്.... സ്നേഹിച്ച്....കൊല്ലും. പക്ഷെ ഇവിടെ നേരെ മറിച്ചായിരുന്നു ആദ്യാനുഭവം. സ്നേഹിച്ചു.... സ്നേഹിച്ചു.... ആ സുഹൃത്ത് എന്നെ കൊന്നു... .

ഇമ ഋഷി
VIII B
എൽ. എഫ്. സി. എച്ച്. എസ്. ഇരിങ്ങാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# പപ്പൂസിന്റെ ചുറ്റുപാട്

പപ്പൂസ് അതിരാവിലെ ഉറക്കം എഴുന്നേറ്റു. 'എനിക്ക് ചായ താ അമ്മേ'. 'അയ്യേ, പല്ല് തേയ്ക്കാതെയാണോ ചായ കുടിക്കുന്നത്'. അമ്മ പപ്പൂസിനെ എടുത്തു മടിയിലിരുത്തി സ്നേഹത്തോടെ തലോടി. 'എന്താ അമ്മേ പല്ലുതേയ്ക്കാതെ ചായ കുടിച്ചാല്'. 'വായ്ക്കകത്തുള്ള കീടാണുക്കൾ ശരീരത്തിലേക്ക് പ്രവേശിക്കും'. പപ്പൂസ് ഓടിപ്പോയി പല്ലു തേച്ചു വന്നു ചായ കുടിച്ചു. ചായകുടി കഴിഞ്ഞ് പപ്പൂസ് പുറത്തേയ്ക്കിറങ്ങി. പറമ്പിൽ അപ്പൂപ്പൻ തെങ്ങിന് തടമെടുക്കുന്നു. പപ്പൂസ് അപ്പൂപ്പന്റെ അടുത്തെത്തി. 'അപ്പൂപ്പാ, എന്തിനാ ഇങ്ങനെ ചെയ്യുന്നത്?' 'എന്റെ പപ്പൂക്കുട്ടാ, നല്ലതുപോലെ തെങ്ങ് കായ്ക്കാനാണ് ഇങ്ങനെ ചെയ്യുന്നത്'. പപ്പൂസും അപ്പൂപ്പന്റെ ഒപ്പം കൂടി. 'അയ്യോ, അപ്പൂപ്പാ എന്നെ കൊതുക് കടിക്കുന്നു'. 'മക്കളേ, ഇവിടെ നിന്നാൽ കൊതുകിന്റെ കടി ഇനിയും കൊള്ളണം. പപ്പൂസ് വീട്ടിലേക്ക് പൊയ്ക്കോളൂ'. അപ്പൂപ്പന്റെ സഹായത്തിനു വന്ന അമ്മൂമ്മ പറഞ്ഞു. 'ഈ കൊതുകുകളെ കൊല്ലാൻ ഒരു വഴിയും ഇല്ലേ അപ്പൂപ്പാ?' 'ഉണ്ടല്ലോ മക്കളേ, നമ്മുടെ പരിസരം വൃത്തിയാക്കുക, വെള്ളം കിടക്കുന്നതു മാറ്റുക, വേണ്ടാത്ത പുല്ല് വെട്ടി വൃത്തിയാക്കുക'. അപ്പൂപ്പൻ പറയുന്നതു കേട്ടപാടെ പപ്പൂസ് വീട്ടിലേക്കോടി വീടിനു ചുറ്റും നടന്നു. അതാ, ഒരു ചിരട്ടയിൽ വെള്ളം കെട്ടിക്കിടക്കുന്നു. പപ്പൂസ് അതിലെ വെള്ളം എടുത്തുമാറ്റി ചിരട്ട കമഴ്ത്തിവച്ചു. പിന്നെ പപ്പൂസിന്റെ പഴയ സൈക്കിളിലെ ടയറിലും വലിച്ചെറിഞ്ഞ കുപ്പിയിലും കെട്ടിക്കിടന്ന വെള്ളം മാററി. പിന്നെ അമ്മൂമ്മയുടെയും അമ്മയുടെയും സഹായത്തോടെ വീടിന് ചുറ്റുമുള്ള വേണ്ടാത്ത പുല്ല് വെട്ടി പരിസരം വൃത്തിയാക്കി. 'അപ്പൂപ്പാ', പപ്പൂസ് സന്തോഷത്തോടെ അപ്പൂപ്പന്റെ അടുത്തേയ്ക്കോടി. 'ഞങ്ങൾ എല്ലായിടവും വൃത്തിയാക്കി. അച്ഛൻ വരുമ്പോൾ പപ്പൂസാണ് എല്ലാ പരിസരങ്ങളും വൃത്തിയാക്കിയതെന്ന് പറയണം കേട്ടോ'. 'ഹമ്പട കള്ളാ, ശരി, അങ്ങനെ തന്നെ പറഞ്ഞേക്കാം'. 'ഇനി നമ്മുടെ പരിസരത്ത് കൊതുക് മുട്ടയിടില്ല അല്ലേ അപ്പൂപ്പാ', 'ഇല്ല മോനേ'. 'വാ അപ്പൂസേ, നമുക്കിനി എന്തെങ്കിലും കഴിക്കാം. അതിനുമുമ്പ് കൈകളും കാലുകളും വൃത്തിയായി കഴുകണം'. 'എന്തിനാ അപ്പൂപ്പാ അങ്ങനെ ചെയ്യുന്നത്?' 'നമ്മുടെ പരിസരം വൃത്തിയാക്കിയതുപോലെ നമ്മുടെ ശരീരവും വൃത്തിയാക്കണം, കുറഞ്ഞത് ഇരുപത് സെക്കന്റെങ്കിലും കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകണം. എന്നാലേ കൊറോണയെപ്പോലുള്ള വൈറസുകൾ നശിക്കുകയുള്ളൂ'. പപ്പൂസും അപ്പൂപ്പനും നന്നായി ദേഹം വൃത്തിയാക്കിയശേഷം അമ്മ ഉണ്ടാക്കിയ പ്രഭാതഭക്ഷണമായ പുട്ടും കടലക്കറിയും കഴിക്കാനായി അടുക്കളയിലേക്കോടി.

**അച്ചുത്**
IIA
എൽ. പി. എസ്. ഒറ്റശേഖരമംഗലം
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ആശ്രയം

പതിവില്ലാതെ ഗേറ്റ് കരയുന്ന ശബ്ദം കേട്ട് ഭവാനിയമ്മ പുറത്തേക്കിറങ്ങി. ഒരാൾ വീട്ടിലേക്ക് വരുകയാണ്. ചുക്കിച്ചുളിഞ്ഞ ശരീരം. നിറം മങ്ങിയ വസ്ത്രം. നരച്ച കുറ്റിച്ചെടി പോലുള്ള തലമുടി. കൃഷിക്കാരൻ ദാമുവല്ലേ വരുന്നത്? ഭവാനിയമ്മ വിളിച്ച് പറഞ്ഞു. അയാൾ ഉമ്മറത്തെത്തി. എല്ലാവരെയും വളരെ ദയനീയമായി നോക്കി. കണ്ടിട്ട് എന്തോ സഹായത്തിനായി വന്നതാണെന്ന് തോന്നുന്നു. ജന്മി ചോദിച്ചു. എന്താ? എന്താണിവിടെ കാര്യം? ദാമു പറഞ്ഞു തുടങ്ങി: "എന്റെ മകൻ കരൾരോഗം ബാധിച്ച് കിടപ്പിലാണ്. മരുന്ന് വാങ്ങാൻ ധാരാളം പണം വേണം. കഴിഞ്ഞ മൂന്നാഴ്ചയായി പണിക്ക് പോകാൻ കഴിയുന്നില്ല. മരുന്ന് വാങ്ങാൻ കഴിയുന്നില്ല. മരുന്ന് വാങ്ങാൻ എന്തെങ്കിലും തന്ന് സഹായിക്കണം. അല്ലെങ്കിൽ എന്റെ മകൻ...." "അധ്വാനിച്ചു കിട്ടുന്നതൊക്കെ അന്നന്നു ചെലവഴിച്ചാൽ ഇങ്ങനെ ഇരിക്കും. ഇനിയെങ്കിലും കിട്ടുന്നതൊക്കെ സൂക്ഷിച്ച് വയ്ക്കാൻ പഠിക്കണം. നിനക്ക് ഇതൊരു പാഠമായിരിക്കട്ടെ." ദാമു അപേക്ഷിച്ചു: "കുത്തിക്കിളച്ചു കിട്ടുന്നത് കൊണ്ട് കഷ്ടിച്ചാ മരുന്ന് വാങ്ങുന്നത്. ഇപ്പോൾ.... അതും ഇല്ലാണ്ടായി." "പോയി വേറെ പണി നോക്ക് ദാമൂ." അയാൾ വീട്ടിനുള്ളിൽ കയറി വാതിൽ ശബ്ദത്തിലടച്ചു. ഊണുമുറിയുടെ സമീപമുള്ള തടിയലമാര തുറന്ന് പണപ്പെട്ടി കയ്യിലെടുത്തു. ഒരിക്കൽക്കൂടി രൂപ എണ്ണി തിട്ടപ്പെടുത്തി വച്ചു. ആരെങ്കിലും വന്നുപോയാൽ ഇങ്ങനെ ചെയ്യുക അയാളുടെ പതിവാണ്. അപ്പോഴേക്കും ഭവാനിയമ്മ ചായ കൊണ്ടുവന്നു. അവർ ചോദിച്ചു: "ആ പാവത്തെ സഹായിക്കാമായിരുന്നു." "മറ്റുള്ളവരുടെ കാര്യം നമ്മൾ നോക്കേണ്ട ആവശ്യമൊന്നുമില്ല." ജമീന്ദാർ ചായ കുടിച്ച് തന്റെ മുറിയിലേക്ക് പോയി. രണ്ടു ദിവസം പിന്നിട്ടു. ജമീന്ദാർ പ്രഭാതത്തിൽ എഴുന്നേറ്റ് പുറത്തേക്ക് നോക്കി. അവിടെ ഒരു സ്ത്രീ നിൽക്കുന്നു. അവളുടെ കയ്യിലെ പിഞ്ചുബാലൻ കരയുകയാണ്. "എന്താടീ കൊച്ച് കരയുന്നേ?" ജമീന്ദാർ വിളിച്ചു ചോദിച്ചു. "രണ്ടു ദിവസമായി വല്ലോം കഴിച്ചിട്ട്, പട്ടിണിയാ" –അവളുടെ മറുപടി. "അപ്പുറത്തെ പീടികയിൽനിന്ന് വല്ലതും വാങ്ങിച്ച് കൊട്..." അയാൾ അകത്തേക്കു പോയി. അങ്ങനെയങ്ങനെ ഒരു മാസം പിന്നിട്ടു. ഒരു രാത്രിയിൽ ജമീന്ദാർ ഉറങ്ങാൻ കിടക്കുമ്പോൾ ചുമച്ചുകൊണ്ട് പറഞ്ഞു: "തൊണ്ടയിൽ മുള്ളുകുത്തുന്നതു പോലെ തോന്നുന്നു." ഭവാനിയമ്മ വന്ന് നെറ്റിയിൽ തൊട്ട് നോക്കി. പൊള്ളുന്ന ചൂട്. അങ്ങോട്ടുരുണ്ട്, ഇങ്ങോട്ടുരുണ്ട് അയാൾ ആ രാത്രി

കഴിച്ചുകൂട്ടി. പിറ്റേന്ന് കാറിൽ കയറി ആശുപത്രിയിൽ എത്തി. പരിശോധനക്കിടെ ഡോക്ടർ ചോദിച്ചു: "നിങ്ങളുടെ ആരെങ്കിലും വിദേശത്തു നിന്ന് വന്നിട്ടുണ്ടോ?" ജമീന്ദാർ പറഞ്ഞു: "എന്റെ മകൻ ഇറ്റലിയിലെ ഒരു വലിയ കമ്പനിയുടെ മാനേജർ ആണ്. കഴിഞ്ഞ ആഴ്ച അവന്റെ കൂട്ടുകാരൻ കുറേ സ്വർണവും 12 ലക്ഷം രൂപയും കൊണ്ട് തന്നു. ഞാനത് ഭദ്രമായി അലമാരയിൽ വച്ചിട്ടുണ്ട്." അപ്പോഴേക്കും അയാൾക്ക് ശ്വാസം ഉള്ളിലേക്ക് വലിച്ചെടുക്കാൻ പ്രയാസം നേരിട്ടു തുടങ്ങി. രണ്ട് നഴ്സുമാർ അയാളെ സ്ട്രക്ച്ചറിൽ കിടത്തി. തീവ്രപരിചരണ വിഭാഗത്തിലെ ഡോക്ടറോട് ജമീന്ദാർ പറഞ്ഞു: "എത്ര രൂപ വേണമെങ്കിലും തരാം. എത്ര ടെസ്റ്റ് വേണമെങ്കിലും നടത്തിക്കോ. എന്റെ രോഗം ഭേദമായാൽ മാത്രം മതി." ഡോക്ടർ അയാളുടെ മുഖത്ത് നോക്കി ഒന്ന് ചിരിക്കുക മാത്രം ചെയ്തു. അല്പനേരം അയാൾ എന്തോ ചിന്തിച്ചിരുന്നു. ദാഹിച്ച് തൊണ്ട വരളുന്നു. വെള്ളം വെള്ളം വെള്ളം -അയാൾ പതിയ ശബ്ദത്തിൽ പറഞ്ഞു. രണ്ടു മാലാഖമാർ ജമീന്ദാരുടെ അടുത്തേക്ക് പാഞ്ഞെത്തി. ഒരാൾ അയാളെ താങ്ങിയിരുത്തി. മറ്റേയാൾ ഒരു ഗ്ലാസ് വെള്ളം അയാളുടെ വായോട് ചേർത്ത് പിടിച്ചു. അയാൾ അവരെ നോക്കി ചിരിച്ചു. അവർ അയാളെയും. നോട്ടുകെട്ടുകളെക്കാൾ വലിയ പലതും ലോകത്തിലുണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞു.

**നിവീജ എം. രാജീവ്**
VII B
എൽ. എം. എസ്. എച്ച്. എസ്. എസ്. അമരവിള
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# നഷ്ടജീവിതം

പ്രകൃതിസുന്ദരമായ സ്ഥലം. പലതരത്തിലുള്ള വൃക്ഷങ്ങൾ, ചെടികൾ, പൂക്കൾ, പക്ഷികൾ, പ്രാണികൾ എന്നിവ ആ ദേശത്തെ സുന്ദരവും സുരഭിലവുമാക്കി. ഈ സ്ഥലം അങ്ങ് ദൂരെ ചൈനയിലെ വുഹാനിലാണ്. അവിടെ ഒരു കുടിൽ. ആ കുടിലിൽ താമസിക്കുന്നത് രണ്ടു പേരാണ്. 7 വയസ്സുകാരൻ ഹാക്കും അവന്റെ അമ്മ ലെയ്കും. അടുത്തുള്ള വീടുകളിൽ പണിചെയ്ത് കിട്ടുന്ന ചെറിയ തുകയും സാധനങ്ങളും കൊണ്ടാണ് അവർ തന്റെ കുടുംബം പോറ്റിയിരുന്നത്.

ജീവിതത്തിന്റെ പടുതികളിൽ വീണുപോയ അവർക്ക് സഹായത്തിന് ആരും തന്നെ ഉണ്ടായിരുന്നില്ല. എങ്കിലും കഠിനമായ ജീവിതസാഹചര്യങ്ങളെയെല്ലാം അവർ അതിജീവിച്ചു. ഒരു ദിവസം പണിക്കു പോയ ലെയ്ക് അറിയുന്നത് തന്റെ നാട്ടിൽ ഭീതിപരത്തി പടർന്നുപിടിക്കുന്ന ഒരു തരം വൈറസിനെപ്പറ്റിയായിരുന്നു. നാളെ മുതൽ പണിക്ക് വരേണ്ട- അവർ ജോലിക്ക് നിൽക്കുന്ന വീട്ടുകാർ പറഞ്ഞു.

ദുഃഖിച്ചിരിക്കുന്ന അമ്മയോട് ഹാക്ക് കാര്യം തിരക്കി. “നമ്മുടെ നാട് മുഴുവൻ ഒരു രോഗം പടർന്നുപിടിക്കുന്നത്രേ! കൊറോണയെന്ന സൂക്ഷ്മജീവിയാണത്രേ കാരണക്കാരൻ! കോവിഡ് 19 എന്നാത്രേ രോഗത്തിന് പേരിട്ടിരിക്കുന്നത്! ഇത് ശരീരത്തിൽ കയറിക്കൂടിയാൽ പിന്നെ രക്ഷയില്ലത്രെ! സൂക്ഷിക്കണേ, മകനേ. വെളിയിലിറങ്ങരുതെന്നാ സർക്കാർ പറയുന്നത്. പക്ഷെ നമുക്കെങ്ങനെ.....?” വൈകാതെ ചൈനയിലാകമാനം കേവിഡ്19 പടർന്നുപിടിച്ചു. രാജ്യത്ത് ലോക് ഡൗൺ പ്രഖ്യാപിച്ചു. 7 വയസ്സുകാരൻ ഹാക്കിന് ഇതെപ്പറ്റി വലുതായൊന്നും മനസ്സിലായിട്ടില്ല. ദിനംപ്രതി ഒത്തിരി ആളുകൾ മരിക്കുന്നെന്ന വാർത്ത വന്നു കൊണ്ടേയിരുന്നു.

ലോക്ഡൗൺ സമയത്ത് ഭക്ഷണമെങ്ങനെ കിട്ടാനാണ്? സർക്കാർ നൽകുന്ന ഭക്ഷണപ്പൊതി കിട്ടിയാലായി.

തന്റെ കുഞ്ഞിന് ഭക്ഷണം വാങ്ങാൻ പുറത്തിറങ്ങിയതാണ് ലെയ്ക്. ആരാ? എന്താ ഇവിടെ? ശബ്ദം കേട്ട് ലെയ്ക് തിരിഞ്ഞു നോക്കി. പൊലീസാണ്. കാര്യം പറഞ്ഞു. പക്ഷേ, അവർ കാര്യമാക്കിയില്ല. പൊലീസ് അവളെ ആശുപത്രിയിലെത്തിച്ച് ഐസൊലേഷൻ ചികിത്സയിലാക്കി. അവിടത്തെ സാഹചര്യം വ്യത്യസ്തമായിരുന്നു. എന്തുമാത്രം ആളുകളാണിവിടെ! എല്ലാം കേവിഡ് 19 രോഗികൾ!! ദിവസവും അനേകർ പോയി. മരിച്ചതോ? സുഖമായതോ? ആരോടും ചോദിക്കാനൊത്തില്ല. പുതിയ ആൾക്കാർ വന്നുകൊണ്ടേയിരുന്നു.

തന്റെ മകൻ ഹാക്കിനെക്കുറിച്ചുള്ള ചിന്തകളായിരുന്നു മനസ്സു നിറയെ. കരഞ്ഞു പറഞ്ഞിട്ടും അവർ ലെയ്കിനെ വിട്ടയച്ചില്ല. 14 ദിവസങ്ങൾ കടന്നുപോയി. അവസാനം പരിശോധനഫലം വന്നു- നെഗറ്റീവ് . നിങ്ങൾക്ക് പോകാം- ഡോക്ടർ പറഞ്ഞു.

എങ്ങനെ വീടെത്തിയെന്നറിയില്ല. തന്റെ മകനെക്കുറിച്ചുള്ള ചിന്തയിൽ വീട്ടിലേക്ക് ഓടുകയായിരുന്നോ? അല്ല, ശരിക്കും പറക്കുകയായിരുന്നു.

വീട് പൂട്ടിക്കിടക്കുന്നു. ഹാക്ക് , ഹാക്ക് .... ലെയ്ക് വിളിച്ചു. പക്ഷേ, മറുപടിയില്ല. കതക് പതുക്കെ തള്ളി നോക്കി. ചാരിയിട്ടേയുണ്ടായിരുന്നുള്ളൂ. കതക് തുറന്നു. പക്ഷേ അകത്ത് ... ആ കാഴ്ച ... അത് അവർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഹാക്ക്! എന്റെ മകനേ! ഞാനില്ലാത്തപ്പോൾത്തന്നെ നീ പോയല്ലോ എന്റെ മകനേ... അവർ മകന്റെ മൃതശരീരത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു. ലെയ്ക് ബോധമറ്റു വീണു.

ലെയ്കിന്റെ ആരോഗ്യസ്ഥിതിയറിയാൻ ആരോഗ്യപ്രവർത്തകർ വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച അതിദയനീയമായിരുന്നു. അഴുകിത്തുടങ്ങിയ മകന്റെ മൃതശരീരത്തിനരികിൽ മരണാസന്നയായി ലെയ്ക്. പെട്ടെന്നുതന്നെ അവളെ ആശുപത്രിയിലാക്കി. പക്ഷേ, വിധി അവളെ കൊണ്ടുപോകുന്നതിനുള്ള മാലാഖയെ അയച്ചുകഴിഞ്ഞിരുന്നു. മാലാഖ ലെയ്കിനെ അവളുടെ മകന്റെയടുത്തേക്ക് കൊണ്ടുപോയി.

**അഭൗമ ജെ.എസ്.**
VIII B
എൽ.എം.എസ്.എച്ച്.എസ്.എസ്. അമരവിള
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# വിങ്ങുന്ന മനസ്സ്

ശാന്തമായൊഴുകുന്ന അരുവികളും കളകളാരവങ്ങൾ മുഴക്കി പറക്കുന്ന പല വർണ്ണ പക്ഷികളും കുഞ്ഞുമന്ദമാരുതന്റെ തലോടലിൽ തലയാട്ടിനിൽക്കുന്ന വൃക്ഷലതാദികളും അടങ്ങുന്ന പ്രകൃതിരമണീയമായ ഒരു കൊച്ചുഗ്രാമമാണ് ഒൻപത് വയസ്സുകാരനായ നിതിന്റേത്. നിത്യ എന്ന അഞ്ചു വയസ്സുകാരിയായ കുഞ്ഞനുജത്തിയും അമ്മയും അച്ഛനും അടങ്ങുന്നതാണ് അവന്റെ കുടുംബം. കുടുംബത്തിന്റെ ദാരിദ്ര്യവും കഷ്ടപ്പാടും അവന്റെ അച്ഛനെ ഗൾഫിലെത്തിച്ചു. പെട്ടെന്നൊരു ദിനം അവന്റെ കാതുകളിൽ ആ വാർത്ത എത്തി. അവന്റെ അച്ഛൻ വിദേശത്തുനിന്ന് ഭവനത്തിലേക്ക് മടങ്ങിവരുന്നു എന്ന്. വളരെ ആഹ്ളാദത്തോടെയാണ് ആ വാർത്തയെ അവൻ വരവേറ്റത്. പിന്നീടുള്ള ദിനങ്ങൾ സന്തോഷത്തോടു കൂടിയാണ് അവൻ പിന്നിട്ടത്. കാരണം അവന്റെ അച്ഛൻ വാങ്ങിക്കൊണ്ടു വരുന്ന കളിപ്പാട്ടങ്ങളും സമ്മാനങ്ങളുമായിരുന്നു അവന്റെ മനസ്സ് നിറയെ.

നാളെയാണ് ആ സുദിനം. തന്റെ അച്ഛൻ വരുന്ന ദിനം. മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങുന്നതു പോലെ അവന് തോന്നി. ആ വിരസത അകറ്റാനായി അവൻ ടി.വി. ഓൺ ചെയ്തു. പെട്ടെന്നാണ് പുറത്തായിരുന്ന അവന്റെ അമ്മ ഓടി വന്ന് റിമോട്ട് തട്ടിപ്പറിച്ച് ടി.വിയിൽ ന്യൂസ്ചാനൽ വച്ചത്. അതിൽ ബ്രേക്കിംഗ് ന്യൂസായി ചൈനയിലെ വുഹാനിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട കോവിഡ് 19 എന്ന വൈറസിനെപ്പറ്റിയും അത് ചൈനയിൽ ആയിരങ്ങളുടെ മരണത്തിനും ലക്ഷക്കണക്കിന് ആളുകളുടെ രോഗബാധയ്ക്കും മാത്രമല്ല, വിദേശരാജ്യങ്ങൾ തുടങ്ങി ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ വൈറസ് പടർന്നുപിടിക്കുന്നതായും അനേക മരണത്തിന് കാരണമാക്കുന്നതായും വാർത്താചാനലിൽ മിന്നിമറയുന്നതും അവൻ കണ്ടു. അവന്റെ അമ്മ ‘എന്റെ ദൈവമേ, ചതിച്ചല്ലോ’ എന്ന് നെഞ്ചത്ത് കൈവച്ച് നിലവിളിയോടെ പറയുന്നത് അവൻ കേട്ടു. എന്താണ് എന്ന് അവന് പൂർണ്ണമായി മനസ്സിലായില്ല. എങ്കിലും എന്തോ അപകടം ഉണ്ടെന്ന് അവന്റെ കുഞ്ഞുമനസ്സ് മന്ത്രിച്ചു.

ഇന്നാണ് അച്ഛൻ വരുന്നത്. അവൻ വളരെ സന്തോഷത്തോടെ പതിവിലും നേരത്തെ ഉറക്കമെണീറ്റ് അച്ഛന്റെ വരവും കാത്ത് അക്ഷമയോടെ നിന്നു. അവന്റെ മനസ്സ് നിറയെ അച്ഛൻ കൊണ്ടുവരുന്ന സമ്മാനങ്ങളും. അതിന്റെ സന്തോഷത്തിലായിരുന്നു അവൻ. ഇടയ്ക്കിടെ അമ്മയും വാതിൽക്കൽ വന്ന് പുറത്തേക്ക് നോക്കുന്നുണ്ടായിരുന്നു. ‘എന്റെ ദൈവമേ, ഒന്നും സംഭവിക്കരുതേയെന്ന് പിറുപിറുത്തുകൊണ്ട് പോകുന്നത് അവൻ പല പ്രാവശ്യം

ശ്രദ്ധിച്ചു. ആരും പോകേണ്ടയെന്ന് അച്ഛൻ അറിയിച്ചിരുന്നതിനാൽ എയർപോർട്ടിൽ വിളിക്കാൻ ആരും പോയിരുന്നില്ല.

മണിക്കൂറുകൾ ചിലത് കഴിഞ്ഞു പോയി. പെട്ടെന്ന് ഒരു വാഹനത്തിന്റെ ഇരമ്പൽ അവന്റെ കാതുകളിൽ വന്നലച്ചു. അവൻ അച്ഛൻ വന്നേ എന്ന് ഉച്ചത്തിൽ പറഞ്ഞു കൊണ്ട് മുറ്റത്തേക്ക് ചാടി. വളരെ ഇരമ്പുന്ന ശബ്ദത്തോടെ ഒരു കാർ വീട്ടിന് മുന്നിൽ ബ്രേക്കിട്ടു. കാറിന്റെ പിൻസീറ്റിൽനിന്നും അവന്റെ അച്ഛൻ പുറത്തിറങ്ങുന്നത് ആനന്ദാശ്രുക്കളോടെ നോക്കി നിന്നു. അച്ഛനെ കെട്ടിപ്പുണർന്ന് കവിളിൽ മുത്തം നൽകാൻ അവൻ വെമ്പൽക്കൊണ്ടു. ഇരുകരങ്ങളും നീട്ടിക്കൊണ്ട് അവൻ അച്ഛന്റെ അടുക്കലേക്ക് ഓടിയടുത്തു.

ആ സമയം ഹുങ്കാരശബ്ദത്തോടെ ഒരു വാഹനം അച്ഛൻ വന്ന കാറിന് പിന്നിലായി അലർച്ചയോടെ ബ്രേക്കിട്ട് നിന്നു. ഫെയിസ് മാസ്ക്കുകളും കൈയുറകളും ശരീരം മറയ്ക്കുന്ന പ്രത്യേകതരം വസ്ത്രങ്ങളും അണിഞ്ഞ മൂന്ന് പേർ ആ വാഹനത്തിൽ നിന്ന് ചാടിയിറങ്ങി. കുഞ്ഞേ, അച്ഛനെ തൊടരുത് എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് നടുവിലായി നിന്നു. എന്താണ് കാര്യമെന്ന് മനസ്സിലാകാതെ നിതിൻ തനിക്ക് മുൻപിൽ നിൽക്കുന്നവർക്കിടയിലൂടെ അച്ഛന്റെ മുഖത്തേക്ക് നോക്കി. അവിടെ സന്തോഷത്തിന് പകരം ചൈതന്യം നഷ്ടപ്പെട്ട് ക്ഷീണിതമായ അച്ഛന്റെ മുഖമാണ് അവന് കാണാൻ കഴിഞ്ഞത്. കൂടാതെ കിതയ്ക്കുന്നുമുണ്ടായിരുന്നു. ശബ്ദം കേട്ട് ഇറങ്ങി വന്ന അമ്മയെയും അനുജത്തിയെയും അച്ഛനോടടുക്കാൻ അവർ അനുവദിച്ചില്ല. അപ്പോഴാണ് ആ മനുഷ്യർ വന്ന വാഹനത്തിലെ എഴുത്ത് അവൻ ശ്രദ്ധിച്ചത് - കേരളസർക്കാർ ആരോഗ്യവകുപ്പ്. അവർ അച്ഛനുമായി എന്തൊക്കെയോ സംസാരിച്ചു. തുടർന്ന് തന്നോടോ അമ്മയോടോ കുഞ്ഞനുജത്തിയോടോ ഒന്നും സംസാരിക്കാൻ പോലും അനുവദിക്കാതെ അവരുടെ വാഹനത്തിൽ കയറ്റി. അച്ഛൻ കൊണ്ടുവന്ന ബാഗുകളും അതുപോലെ അവർ എടുത്തുവച്ചു. അവന്റെ കുഞ്ഞുമനസ്സ് തേങ്ങി. എന്റെ സമ്മാനങ്ങൾ. ആ മനുഷ്യൻ അമ്മയോട് എന്തൊക്കെയോ പതുക്കെ സംസാരിക്കുന്നത് കാണാൻ കഴിഞ്ഞു. അമ്മ കണ്ണുനീർ തൂകിക്കൊണ്ട് തലയാട്ടി കേൾക്കുന്നുണ്ടായിരുന്നു. അച്ഛനെയും വഹിച്ചുകൊണ്ടുള്ള ആ വാഹനം തന്റെ മുന്നിൽനിന്നു പോയി മറഞ്ഞു. കണ്ണുനീർ കാഴ്ചമറയ്ക്കുന്ന കണ്ണുമായി ആ വാഹനം മറയുവോളം അവൻ നോക്കി നിന്നു, വിങ്ങുന്ന മനസ്സുമായി...

**അഹിൻ എസ്. ആർ.**
VII B
എൽ.എം.എസ്.എച്ച്.എസ്.എസ്. അമരവിള
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# 'കുട്ടി'സോപ്പും 'കീറ'ത്തുണിയും

നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ മനുഷ്യൻ ഇവിടെ ഉണ്ടായിരുന്നു. മനുഷ്യന്റെ പുരോഗമനചിന്തകൊണ്ട് പല കണ്ടുപിടിത്തങ്ങളും ഉണ്ടായി. അതിൽ 'കുട്ടി' എന്ന സോപ്പിന്റെയും കീറ എന്ന തുണിയുടെയും കഥയാണിത്. കുട്ടിയും കീറയും സുഹൃത്തുക്കളായിരുന്നു. അവർ എല്ലാ ദിവസവും നടക്കാൻ ഇറങ്ങുമായിരുന്നു. അപ്പോൾ അവർ അവരുടെ ദയനീയമായ ജീവിതത്തെക്കുറിച്ച് പറയുമായിരുന്നു. 'മുൻകാലങ്ങളിൽ നദിയുടെയും കുളത്തിന്റെയും അരികിലൂടെ പോകുമ്പോൾ നല്ല സുഗന്ധമായിരുന്നു. പക്ഷെ, ഇപ്പോൾ മൂക്ക് പൊത്തി വേണം പോകാൻ' എന്ന് ഈർഷ്യയോടെ കുട്ടി കീറയോട് പറഞ്ഞു. അപ്പോൾ കീറ പറഞ്ഞു,''എന്റെ അവസ്ഥയും ഇതുതന്നെയാണ്. മുൻകാലങ്ങളിൽ 18 മുഴം തുണിയാണ് ഉപയോഗിച്ചിരുന്നത്. എന്നാലിന്ന് മനുഷ്യൻ വളരെ കുറച്ച് വസ്ത്രം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. മനുഷ്യന്റെ ധൃതിയിലുള്ള യാത്രയിൽ എന്നെ അത്ര പ്രാധാന്യമുള്ളതായി അവർ കാണുന്നില്ല. അവർക്ക് എന്നെ ആവശ്യമില്ലാതായി. പകരം സുഗന്ധവസ്തുക്കൾ ശരീരത്തിൽ പൂശുകയാണ് ചെയ്യുന്നത്'. കടുത്ത അവജ്ഞയോടെ കീറ കൂട്ടിച്ചേർത്തു. 'ആ രൂക്ഷഗന്ധം വിയർപ്പിനോട് കൂടെ കലർന്ന് മൂക്കിൽ അടിച്ചുകേറുമ്പോൾ, മരിക്കണമെന്നു വരെ തോന്നാറുണ്ട്'. അപ്പോൾ കുട്ടി പ്രതികരിച്ചു, 'മനുഷ്യന്റെ ശുചിത്വമില്ലായ്മ കാരണം പല അതിഥികളായ അസുഖങ്ങളും വന്നുകൂടാറുണ്ട്. അതുപോലെ ഒന്നാണ് ഇപ്പോൾ കടന്നുവന്നിരിക്കുന്ന കൊറോണ വൈറസും. അത് കാരണം എന്നെ വേണ്ടാത്തവർ പോലും ഇപ്പോൾ എന്നെ ഉള്ളം കൈയിൽ വച്ചാണ് ഉറങ്ങുന്നതുപോലും'. ഒരു പരിഹാസച്ചിരിയോടു കൂടി കീറ പ്രതികരിച്ചു.'ശരിയാണ്, എന്നെ കാൽമുഴം തുണിയിൽ നാല് വാലും വച്ച് മനുഷ്യന്റെ വായും മൂക്കും പൊത്തി കെട്ടാൻ ഉപയോഗിക്കുന്നു. ഇനി എന്നാണാവോ എന്റെ വാലിന്റെ എണ്ണം കൂടുന്നത്?' അങ്ങനെ ഇന്ന് 'കുട്ടി'യും 'കീറ'യും മനുഷ്യന്റെ സന്തതസഹചാരികളായി മാറി.

**അഭിഷേക് വി.**
III C
എൽ. എം. എസ്. എൽ. പി. എസ്. അമരവിള
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# കൊറോണയെ തോൽപ്പിച്ച പെൺകുട്ടി

അക്കരെക്കാട് എന്ന കൊച്ചുഗ്രാമത്തിലാണ് ജെംന എന്ന പെൺകുട്ടി താമസിച്ചിരുന്നത്. പച്ചവിരിച്ച പാടങ്ങളും തോടുകളും പുഴകളുമുള്ള ഭംഗിയുള്ള ഗ്രാമം. അവൾ പക്ഷികളോടും ചിത്രശലഭങ്ങളോടും കിന്നാരം പറഞ്ഞു പാട വരമ്പിലൂടെയാണ് സ്കൂളിൽ പോകുന്നത്. പതിവുപോലെ അവൾ അന്നും സ്കൂളിൽ പോയി. മൈക്കിലൂടെ ഹെഡ്മാസ്റ്റർ വിളിച്ചു പറഞ്ഞു: 'നാളെ മുതൽ സ്കൂൾ അവധിയാണ്. കൊറോണ എന്ന രോഗം നമ്മുടെ നാട്ടിലും എത്തിയിരിക്കുന്നു. നിങ്ങളെല്ലാവരും ജാഗ്രതയോടെ വീട്ടിൽ തന്നെയിരിക്കണം'. ജെംനയ്ക്കു ഒന്നും മനസ്സിലായില്ല. എന്നാൽ വളരെ സന്തോഷം തോന്നി. നാളെ മുതൽ സ്കൂളിൽ വരണ്ടല്ലോ...വീട്ടിലെത്തി. 'അമ്മേ... നാളെ മുതൽ സ്കൂളവധിയാണ്. കൊറോണ എന്ന രോഗം നമ്മുടെ നാട്ടിലും വന്നിരിക്കുന്നു.' അവൾ കൊറോണ എന്ന രോഗത്തെക്കുറിച്ച് അമ്മയോട് ചോദിച്ചു. അമ്മ നന്നായി വിവരിച്ചു പറഞ്ഞുകൊടുത്തു. "ദേ ...മോളെ, ഇന്ന് ഉച്ചയ്ക്ക് ഇറ്റലിയിൽ നിന്ന് ചിറ്റപ്പൻ വന്നിരുന്നു.നിനക്ക് മിഠായിയും മറ്റും കൊണ്ട് വന്നിട്ടുണ്ട്'. 'അമ്മ വിളിച്ചു പറഞ്ഞു. പിറ്റേ ദിവസം രാവിലെ അവൾ ഉറക്കമുണർന്നു. വീട്ടിൽ ഒരു ശബ്ദവുമില്ല. അമ്മയെയും കാണുന്നില്ല. വീടിന് മുന്നിലായി അച്ഛനും അമ്മയും നിൽക്കുന്നു. രണ്ടുപേരുടെയും മുഖത്ത് വല്ലാത്ത ഭയം. ഇടയ്ക്ക് അവരുടെ പതിഞ്ഞ ശബ്ദത്തിൽ നിന്ന് ചിറ്റപ്പനും കുടുംബത്തിനും കൊറോണ എന്ന രോഗം പിടിപ്പെട്ടതായി മനസിലായി. പെട്ടെന്ന് വീടിനു മുന്നിലായി ഒരു ആംബുലൻസ് വന്ന് നിന്നു. മുഖം മൂടി കെട്ടി, കൈയുറകളിട്ട ആളുകൾ വന്ന് എല്ലാവരോടും വണ്ടിയിൽ കയറാൻ പറഞ്ഞു. ജെംനയ്ക്ക് ഒന്നും മനസിലായില്ല. അവൾ ഭയന്ന് വിറച്ച് കരയാൻ തുടങ്ങി. വണ്ടി ആശുപത്രിയിലെത്തി. ജെംന ആദ്യമായാണ് ഒരു മുറിയിൽ ഒറ്റയ്ക്ക് കിടക്കുന്നത്. ദേഹമെല്ലാം മൂടിക്കെട്ടിയ ഒരാൾ ഒരു ഭക്ഷണപ്പൊതിയും കുടിവെള്ളവും കൊണ്ടുവന്നു. സമയം രാത്രിയായി. അവൾക്ക് ഉറക്കം വന്നില്ല. അവളുടെ അമ്മയ്ക്കും അച്ഛനും രോഗം കണ്ടെത്തിയതായി ഡോക്ടർ പറഞ്ഞു. ശരീരമാകെ വല്ലാത്ത വേദന. അവൾ അല്പമൊന്നു മയങ്ങി.

ഉറക്കത്തിൽ അവൾ ഒരു സ്വപ്നം കണ്ടു. ചിത്രത്തിൽ കണ്ട അതേ വൈറസ് തന്റെ പിന്നാലെ വരുന്നു. ജെംന ഓടാൻ തുടങ്ങി. വൈറസ് പിന്നാലെയും. അവൾ തന്റെ ശക്തി ഉപയോഗിച്ച് ആഞ്ഞ് ഓടാൻ തുടങ്ങി. വൈറസ് വിളിച്ചു പറഞ്ഞു, 'നിന്റെ അമ്മയെയും അച്ഛനെയും ഞാൻ കീഴടക്കി. നിന്നെയും ഞാൻ കീഴടക്കും'. അവൾ ഉറക്കെ വിളിച്ചു പറഞ്ഞു, നിനക്ക് എന്നെ തോൽപ്പിക്കാനാവില്ല. ഞാൻ കൈകൾ സോപ്പിട്ടു കഴുകുകയും മുഖത്ത് മാസ്ക് ധരിക്കുകയും ചെയ്യും. നിന്നെ ഞാൻ മരുന്ന് കൊണ്ട് നിർവീര്യമാക്കും. പെട്ടെന്ന് അവൾ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. പിറ്റേ ദിവസം അവൾക്ക് ഒന്നും ചെയ്യാൻ വയ്യ. അവളുടെ മനസ്സിൽ കൊറോണവൈറസിനെ തോൽപ്പിക്കണം എന്ന ചിന്ത മാത്രം. അവൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം ഒറ്റമുറിയിൽ കിടന്ന് മരുന്ന് കഴിച്ചു. ശരീരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്തു. അവൾ ഒരു തീരുമാനമെടുത്തു. 'കൊറോണയെ ഞാൻ തോൽപ്പിക്കും'. അങ്ങനെ 28 ദിവസങ്ങൾ കഴിഞ്ഞു. അവളുടെ മനസിലെ ധൈര്യം കൊറോണ വൈറസിനെ തോൽപ്പിച്ചു. അവൾക്കു രോഗം സുഖമായി. അവൾ ഉറക്കെ വിളിച്ചു പറഞ്ഞു, 'ഞാൻ കൊറോണയെ തോൽപ്പിച്ചേ'...

**സിബ്യ വി. എസ്.**
III A
എൽ. എം. എസ്. എൽ. പി. എസ്. അമരവിള
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# അമ്മുവിന്റെ സങ്കടം

മാർച്ച് 16, അമ്മു അന്ന് നേരത്തെ ഉണർന്നു. അവൾ വളരെ സന്തോഷവതിയായിരുന്നു, അവളുടെ അച്ഛൻ ദുബായിൽ നിന്ന് വരുകയാണ്. കൈനിറയെ ചോക്ലേറ്റും സമ്മാനങ്ങളുമായിട്ടായിരിക്കും അച്ഛൻ വരുക. അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി. പക്ഷേ, അച്ഛൻ വന്നപ്പോൾ എടുക്കാനോ ഉമ്മ തരാനോ നിന്നില്ല. അവൾ അമ്മയോട് ചോദിച്ചു, 'എന്താ അമ്മേ, അച്ഛന് എന്നോട് പിണക്കമാണോ?' അമ്മ പറഞ്ഞു, 'അല്ല മോളെ, നീ ഇപ്പോൾ ടിവിയിലും പത്രത്തിലും ഒക്കെ കാണുന്നില്ലേ, കോവിഡ് 19 എന്ന അസുഖത്തെക്കുറിച്ച്. അച്ഛൻ ദുബായിൽ നിന്ന് വിമാനത്തിലാണ് വന്നത്. അതിൽ പല രാജ്യങ്ങളിലെ ആളുകൾ ഉണ്ടാകും. അതുകൊണ്ട് വൈറസ് പിടികൂടാൻ സാധ്യതയുണ്ട്. അതിനാൽ ഒരു മുൻകരുതലായി അച്ഛൻ കുറച്ചുദിവസം തനിച്ചിരിക്കണം. അതുകാരണമാണ് അച്ഛൻ നിന്നെ എടുക്കാഞ്ഞത്.' അവളുടെ മനസ്സിൽ പിന്നെയും പല സംശയങ്ങളും ഉണ്ടായി. പിറ്റേന്ന് നേരം വെളുത്തപ്പോൾ അവൾ അടുത്ത കൂട്ടുകാരിയുടെ അടുത്തേക്ക് ഓടി. അച്ഛൻ വന്ന വിവരം അറിയിക്കാനാണ് ചെന്നത്. പക്ഷേ, ദിയയുടെ അമ്മ പറഞ്ഞു, 'അമ്മു, നീ കുറച്ചുദിവസത്തേക്ക് കളിക്കാൻ വരരുത്.' അവൾ സങ്കടപ്പെട്ട് മടങ്ങിവന്നു

പിന്നീട് കടയിൽ പോയപ്പോൾ ആളുകൾ അവളെ തുറിച്ചുനോക്കി പിറുപിറുക്കുന്നത് കണ്ടു. ആരും അവളോട് ചിരിക്കുന്നത് പോലുമില്ല. അടുത്ത വീട്ടിലെ ചേച്ചി അവളെ കണ്ട മാത്രയിൽ വാതിലടച്ചുകളഞ്ഞു. അമ്മുവിന് ആകെ വിഷമമായി. അവൾ അമ്മയോട് ചോദിച്ചു, 'അമ്മേ, അച്ഛന് അസുഖം ഒന്നും ഇല്ലല്ലോ. പിന്നെ എന്തിനാ ആളുകൾ എന്നെ ഭീതിയോടെ നോക്കുന്നത്? എനിക്ക് അസുഖം വരുമോ അമ്മേ?' 'ഇല്ല മോളെ, നീ അച്ഛന്റെ മുറിയിൽ പോകരുത്. ഇടയ്ക്കിടെ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകണം. അച്ഛനുമായി അകലം പാലിക്കണം. നല്ല പച്ചക്കറികളും പഴങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. അത് രോഗപ്രതിരോധശേഷി കൂട്ടും. പുറത്തിറങ്ങുമ്പോൾ മാസ്ക് ഉപയോഗിക്കണം. പുറത്തുനിന്ന് വന്നാൽ കൈയും മുഖവും സോപ്പ് ഉപയോഗിച്ച് കഴുകുക. ഇങ്ങനെയൊക്കെ ചെയ്താൽ മോൾക്ക് അസുഖം വരില്ല'. അമ്മ അവളെ സമാധാനിപ്പിച്ചു. അപ്പോൾ അവൾ ദൈവത്തോട് പ്രാർഥിച്ചു, 'ദൈവമേ എത്രയും പെട്ടെന്ന് ഈ കൊറോണ മാറ്റിത്തരണമേ.'

വൈഗ നന്ദ
II B
എൽ. എഫ്. സി. യു. പി. സ്കൂൾ മമ്മിയൂർ
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# മാലാഖ

സമയം രാത്രി 10 മണി. ഇപ്പോഴും ആശുപത്രിജീവനക്കാർ രോഗികളുടെ ജീവനുവേണ്ടി പൊരുതുകയാണ്. അതിനുവേണ്ടി അവർ എത്രമാത്രം കഷ്ടപ്പെടുന്നു! പെട്ടെന്ന് ഒരാൾ രോഗിയുടെ ഭക്ഷണവുമായി ഐസിയുവിലേക്ക് കടന്നു. ഗവൺമെന്റ് മെഡിക്കൽ കോളേജിലെ നഴ്സ് നീതു ആയിരുന്നു അത്. ആശുപത്രിയിലെ മിക്ക രോഗികൾക്കും പ്രിയപ്പെട്ടവൾ, എന്നും പുഞ്ചിരിക്കുന്ന മുഖവുമായി രോഗികളെ സമീപിക്കുന്നവൾ, സദാ സേവനസന്നദ്ധയായവൾ.

രാവിലെ രോഗികളെ പരിചരിച്ച ഡോക്ടർ ബിനുവിന് കൊവിഡിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഡോക്ടർ അജീഷ് പറഞ്ഞു, 'നമ്മളെല്ലാം പരിശോധനയ്ക്ക് വിധേയരാകുന്നതാണ് നല്ലത്. കാരണം, നമ്മൾവഴി രോഗം മറ്റുള്ളവരിലേക്ക് പകരാതിരിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ടല്ലോ'. ഡോക്ടർ ബിനുവും അത് ശരിവെച്ചു.

പരിശോധനയുടെ ഫലം വന്നു. ആശുപത്രിജീവനക്കാരിൽ ആറുപേർ നെഗറ്റീവും രണ്ടുപേർ പോസിറ്റീവും. ഈ വാർത്ത കേട്ടപ്പോൾ ആളുകൾ ഞെട്ടി. അവരുടെ പ്രിയപ്പെട്ട നഴ്സ് നീതുവും അതിൽ ഒരാളായിരിക്കുന്നു.

ഉച്ചയ്ക്ക് അവൾക്ക് ഒരു ഫോൺകോൾ വന്നു. അത് നീതുവിനേ ഏറെനേരം കാത്തിരുന്ന് അക്ഷമരായ അഞ്ചും എട്ടും വയസ്സുള്ള അവളുടെ മക്കളായിരുന്നു. അവൾ ഫോൺ ചെവിയിലേക്ക് ചേർത്തുവെച്ച്, 'ഹലോ...' അമ്മയുടെ ഇടറിയ ശബ്ദം കേട്ട് മക്കളുടെ മനസ്സിൽ സങ്കടം അണപൊട്ടി. ' അമ്മയ്ക്ക് എന്തു പറ്റി എന്ന് പറ'. അവർ ആകാവുന്നത്ര ആവർത്തിച്ചു. 'മക്കൾ മാമന്റെ വീട്ടിൽ പൊയ്ക്കോ. വികൃതി ഒന്നും കളിക്കരുതേ... ' വാക്കുകൾ മുറിഞ്ഞു, കണ്ണുകൾ നിറഞ്ഞൊഴുകി.

തുടർന്നുള്ള ദിവസങ്ങളിലും നീതുവിന് ആശുപത്രിയിൽതന്നെ തുടരേണ്ടി വന്നു. ഷിനോജിനെ ഒന്ന് കാണാനോ ആശ്വസിപ്പിക്കാനോ കഴിഞ്ഞില്ലല്ലോ, അതോർത്ത് അവളുടെ ഹൃദയം ഉരുകി. ചേട്ടൻ ഏറെക്കാലമായി രോഗബാധിതനായി അവളുടെ നിഴലിൽ

ആയിരുന്നല്ലോ ജീവിച്ചത്. രാത്രി ഷിനോജിനെ ഒന്നു വിളിക്കാം. 'ഹലോ...'. മറുഭാഗത്ത് നിന്നും മറുപടി ലഭിക്കാതായപ്പോൾ അവൾ പറഞ്ഞു, ' ചേട്ടാ, എനിക്കിന്നും ഡ്യൂട്ടി ഉണ്ട്. നാളെ ഒരു ഓഫ് കിട്ടുമായിരിക്കും.'. ഷിനോജ് ഒന്ന് മൂളുക മാത്രം ചെയ്തു. വിഷമം താങ്ങാനാവാതെ അവൾ ഫോൺ കട്ട് ചെയ്തു. ഒരുപക്ഷേ ഏട്ടൻ അറിഞ്ഞു കാണുമോ, അവൾ ചിന്തിച്ചു. പിറ്റേന്ന് ഡോക്ടർ അജീഷ് മാധ്യമങ്ങളോട് വിതുമ്പിക്കൊണ്ട് പറഞ്ഞത് കേട്ടുനിന്നവരുടെ കണ്ണുകളെ ഈറനണിയിച്ചു. ഡോക്ടർ ബിനുവും നേഴ്സ് നീതുവും കൊറോണ ബാധിച്ചു ഐസിയുവിൽ ആണുള്ളത്. അടുത്ത ദിവസത്തെ പത്രവാർത്ത ആരോഗ്യമേഖലയിലുള്ളവരെ അടക്കം ഞെട്ടിച്ചു. അതിനു മുമ്പേതന്നെ രോഗികളുടെ പ്രിയപ്പെട്ട നേഴ്സ് നീതു ഒരു മാലാഖയായി ഈ ലോകം വിട്ടു മറ്റു മാലാഖമാരുടെ ലോകത്തേക്ക് പാറിപ്പറന്നു പോയിരുന്നു.

**അസ്‌ലഹ ഫർഹത്ത്**
VIII A
കെ. കെ. വി. എം. പി. എച്ച്. എസ്. എസ്, പാനൂർ
പാനൂർ ഉപജില്ല, കണ്ണൂർ

# കൊറോണ@ഭൂമി

ഞാൻ കൊറോണ. ചൈനയിലെ വുഹാൻ മാർക്കറ്റിൽ തുടങ്ങി എന്റെ പ്രയാണം ഇതാ ലോകം മുഴുവൻ പരന്നുകിടക്കുന്നു. ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചു. ലോകത്തിൽ ഏറ്റവും അധികം വിവരം നൽകി. എന്നാൽ മനോഹരമായ കൈകൾ പ്രകൃതിയെ താലോലിക്കുന്നതിന്ന് പകരം പ്രുകൃതിയെ മാലിന്യം എറിയാനുള്ള ചവറ്റുകൊട്ടയാക്കി മാറ്റി.

തന്റെ ബുദ്ധിയിൽ അവൻ പ്രുകൃതിയെ ദ്രോഹിക്കാൻ തുടങ്ങി. മറ്റു ജീവജാലങ്ങളെ തനിക്ക് കാണാനായി കൂട്ടിലാക്കി. ഭൂമി അവരുടേതുമാണെന്ന് ചിന്തിക്കാതെ നടനമാടി. ഒടുവിൽ അവരെയൊന്നടക്കി നിർത്താൻ വന്നതാണ് ഞാൻ.

ഞാൻ വരുമ്പോൾ ഇവിടെ പണ്ട് കണ്ടിരുന്ന മലകളും പുഴകളും ഒന്നും ഇല്ല. പകരം കൂറ്റൻ കെട്ടിടങ്ങൾ. പുഴകൾ നിറയെ മാലിന്യം. ഒരു ഭാഗത്തു സുന്ദര സുമുഖരായി സകല ആനന്ദവും അനുഭവിച്ച സുഖിച്ച് ജീവിക്കുന്നവർ. മറുഭാഗത്ത് ജീവന് വേണ്ടി പ്രാണൻ നിലനിർത്താൻ വെമ്പുന്നവർ.

ഇവരുടെയൊക്കെ ജീവിതത്തിന്റെ താളക്രമത്തിൽ ഞാനൊന്ന് തലയിടുന്നു. എന്നാൽ ഭൂമിയിൽ മനുഷ്യർ കാട്ടുന്ന തമാശകൾ കൊണ്ട് സ്വന്തം കൂട്ടരേ തന്നെ അവർ കൊല്ലുന്നു. വഞ്ചിക്കുന്നു. ഒരാൾ മാത്രം ഒരു കോടി ജനതയെ ഇല്ലാതാ ക്കുന്നു. മറ്റൊരു ജന്തുവിലും കാണാത്ത വന്യമായ ക്രൂരമുഖം അവനുണ്ട്. ചിലയിടത്ത് അവൻ ചെയ്യുന്നതോർത്ത് ഞാൻ ദുഃഖിച്ചു. വിശന്ന വയറുമായി മാതാവിനരികിൽ അലമുറയിടുമ്പോൾ ടൺ കണക്കിന് ഭക്ഷണം കുഴിച്ചുമൂടുന്നു. എത്ര വേദനാജനകം. പക്ഷേ, മെത്തയിൽ കിടന്ന് ഉറങ്ങുമ്പോഴോ അധികാര പരിധിയിൽ വിലസുമ്പോഴോ അതൊട്ടും അവനെ അലോസരപ്പെടുത്തുന്നില്ല.

വീണ്ടും ഇത് തന്നെ ആവർത്തിക്കുന്നു അവൻ തന്നെ വിഭാഗങ്ങൾ പലതുണ്ടാക്കി പരസ്പരം തമ്മിലടിപ്പിച്ച് മത്സരിക്കുന്നു. ഭൂമിയിലെ തികച്ചും വ്യത്യസ്തനായ ജീവിയായ എന്റെ വരവ് ആദ്യമൊന്നും

ആരെയും അമ്പരപ്പിച്ചില്ല. ചൈനയെ പോലും പിടിച്ചുകുലുക്കിയില്ല. 'ലേറ്റായി വന്താലും ലേറ്റസ്റ്റ് ആയി വരുവേൻ' എന്ന പോലെ പിന്നെ ഒരു ചാട്ടമായിരുന്നു.

ആഹാ ... അങ്ങനെ ഒരു ലക്ഷത്തിലധികം മനുഷ്യരെ ചുമ്മാ അങ്ങ് കൊന്നുകളഞ്ഞു. മനുഷ്യൻ തലകുത്തി മറിയുന്നു, മരുന്ന് കണ്ടെത്താൻ. അതിനിടയ്ക്കാണ് അവർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചത്. അത് എന്റെ വർദ്ധനവ് അങ്ങ് കുറച്ചു. എങ്കിലും എന്റെ പരമാവധി ഞാൻ സ്കോർ ചെയ്തു.

ലോക്ക് ഡൗൺ എനിക്ക് അത്രയങ്ങ് പിടിച്ചിട്ടില്ല. പിന്നെ മാസ്കും സാനിറ്റയ്സറും എന്റെ ശത്രുക്കളാണ്. വല്ലാതെ കഷ്ടപ്പെടുത്തുന്നു അവർ. എന്റെ ഉദ്ദേശ്യം ചെറുതാണു കേട്ടോ. പാഠം പഠിപ്പിക്കൽ... അതായത് മനുഷ്യനെ ഒരു പാഠം പഠിപ്പിക്കൽ. അവന്റെ ചെയ്തികൾ ഓർത്ത് അവൻ തന്നെ ഒന്ന് വലയട്ടെ. അവന്റെ അഹങ്കാരവും അസൂയയും എന്നെ ബാധിക്കില്ല. അതേത് കൊലകൊമ്പനായാലും. അതുകൊണ്ടുതന്നെ പാഠങ്ങൾ പഠിപ്പിക്കാൻ ഒരു മാഷായി കൂട്ടുകാർ എന്നെ കണ്ടോളൂ....

ഇനി ഞാൻ വിശ്രമിക്കണമെങ്കിൽ വൃത്തിയും ശുചിത്വവുമാണ് പരിഹാരം. പ്രതിരോധമാണ് എന്റെ ബലഹീനത. ശുചിത്വമില്ലായ്മ, അനാവശ്യ ഇടങ്ങളിലെ കൂടിക്കാഴ്ച എന്നിവയാണ് എന്റെ മാർഗങ്ങൾ. ഒരു പാഠമായി എന്നെ സ്വീകരിക്കുക. എന്റെ പ്രയാണം നശിപ്പിച്ചാൽ നിങ്ങൾക്ക് കൊള്ളാം. അത്രതന്നെ. അപ്പ ശരി.

ക്യാമറാമാൻ വൃത്തിയില്ലായ്മക്കൊപ്പം സ്വന്തം കൊറോണ@ഭൂമിയിലെ രോഗിയുടെ സമീപത്ത് നിന്നും.

**അമാന ഫാത്തിമ**
10 A
കെ. പി. എം. എസ്. എം. എച്ച്. എസ്. എസ്. അരിക്കുളം
കൊയിലാണ്ടി ഉപജില്ല, കോഴിക്കോട്

# കണ്ണാ നീ മനസ്സിലാ

നാളെ വിഷു ആണ്. എപ്രിൽ 14. കഴിഞ്ഞ വർഷവും വിഷു ഇതേ ദിവസം തന്നെ ആയിരുന്നു എന്നാണ് എന്റെ ഓർമ. കഴിഞ്ഞ വർഷം വിഷുവിനു എല്ലാവരും കൈനീട്ടം തന്നു. കണി വയ്ക്കാനായി വഴിയരികിൽ നിന്ന് ഒരു കൃഷ്ണന്റെ പ്രതിമയും കടുത്ത വിലപേശലിലൂടെ അമ്മ വാങ്ങി തന്നു. കണി വെള്ളരിക്ക ഇല്ല എന്ന് പറഞ്ഞു കരഞ്ഞപ്പോൾ രാത്രിയിൽ അച്ഛൻ ഒരു കണിവെള്ളരിക്കയും വലിയ പൈസ കൊടുത്തു വാങ്ങി തന്നു. ഇതൊക്കെ കഴിഞ്ഞ വർഷം. കൃഷ്ണന്റെ പ്രതിമ ഇപ്പോഴും വീട്ടിൽ ഇരിപ്പുണ്ട്. പക്ഷെ കണി വയ്ക്കുന്നില്ല . ആരും ഒരു തയ്യാറെടുപ്പും നടത്തുന്നില്ല. അച്ഛനോട് ചോദിച്ചപ്പോൾ പറഞ്ഞു കൊറോണയാണ് അതുകൊണ്ടു വിഷുക്കണിയും കൈനീട്ടവും ഒന്നും ഇല്ല എന്ന്. അച്ഛൻ ജോലിക്കു പോയിട്ടും കുറെ നാളായി .എല്ലാവരും നല്ല വിഷമത്തിലാണ്. സത്യമായിട്ടു കൊറോണായോട് ആദ്യമായി എനിക്ക് ദേഷ്യം തോന്നിയതു ഇപ്പോഴാണ്... എന്നാലും കുഴപ്പമില്ല കൃഷ്ണ നീ എന്റെ ഉള്ളിലല്ലേ...

**ഭാനുപ്രിയ എ ജെ**
III
ഗവ. എൽ. പി. എസ് അരുവിക്കര പുന്നാവൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# MY NAUGHTY PET

On the second day of lock down my pet cat Minnu came to me and asked,

"Shall we go to the play ground?"

I said, "No, we have to stay inside. There is corona everywhere."

So she sat near to me. Then my pet dog Jimmy came. He also sat there on the floor. We were watching cartoon together. At that time my father came and he took the remote.

"I want to see the news."he said.

The news was all about Covid-19. I felt sad, so went outside and sat on the veranda. My pets also came and sat next to me. Jimmy looked at me and said,

"So..you sit here, I shall go outside and see what's going on there."

"No......Don't Go...." I shouted, but he ran away.

"Mew....don't worry, let's dip him in soap water." Minnu said.

So, we took a bucket and filled it with soap water, then waited for him.

**സാറ**
IV B
ജി.എൽ.പി.എസ്.വിളപ്പിൽ
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# ലോക്ഡൗൺ

സമയം രാവിലെ 6 മണി ആവുന്നു. കിടക്കപ്പായയിൽ നിന്ന് എണീക്കുമ്പോൾ മീനു നിത്യവും ചെയ്യാറുള്ള ഈശ്വരനാമം ജപിച്ചു. പായ ചുരുട്ടി കട്ടിലിനടിയിലേക്ക് വച്ചു. അടുക്കളയിൽ നിന്ന് പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം കേൾക്കാം. മുറ്റത്തേക്കിറങ്ങുമ്പോൾ അച്ഛൻ ബീഡിയും വലിച്ച് പത്രം വായിച്ച് ഇരുപ്പുണ്ട്. മുഖമുയർത്തി കണ്ണടയിലൂടെ എന്നെ ഉഴിഞ്ഞു നോക്കി. വീണ്ടും പത്രത്തിലേക്ക് ഊളിയിട്ടു. തൊടിയിലിറങ്ങി കിണറ്റിൻ കരയിൽ ചെന്ന് ഉമിക്കരി എടുത്ത് പല്ലുതേയ്ച്ചു. മുഖം കഴുകി. വീട്ടിലെ കിട്ടുപ്പൂച്ച കാലുകളിൽ മുഖമുരസി അടുത്ത് നിൽപ്പുണ്ട്. ഇനി എന്ത്? ജനലിനിടയിലൂടെ മേശപ്പുറത്തിരിയ്ക്കുന്ന എന്റെ ബാഗ് കണ്ടു. ഇനി എന്നാണ്? കിട്ടുപ്പൂച്ചയോട് ഞാൻ ചോദ്യമെറിഞ്ഞു. ങ്യാവൂ! അത്രമാത്രം. ഇടവഴി പോകുന്നിടത്തേയ്ക്ക് നടന്നു. വിജനമാണ്. അവധിയാണ്. കൂട്ടുകാരോടൊത്ത് കളിയ്ക്കാൻ അവൾക്ക് ആഗ്രഹം തോന്നി. ബെന്നിയും , രാജുവും, നീനയുമൊയ്ക്കെ എന്ത് ചെയ്യുകയാവും. എത്ര ദിവസമായി അവരോടൊത്ത് തമാശകൾ പറഞ്ഞിട്ട് . മീനു തിരികെ നടന്നു. ഉമ്മറത്ത് പത്രം വായിച്ച് തീർന്നിട്ടില്ല അച്ഛൻ. തലേ ദിവസം മീനു വരച്ച കൊറോണ വൈറസിന്റെ ചിത്രം തറയിൽ കിടക്കുന്നു. മീനു അത് കയ്യിലെടുത്തു. ഇത്രയ്ക്കും ആരാധിയ്ക്കാൻ ഇവനാരാ? ചിത്രം അവൾ ചുരുട്ടിക്കൂട്ടി. വാഷ് ബേസിനിൽ ചെന്ന് സോപ്പുപയോഗിച്ച് മുഖവും കൈകളും നന്നായി കഴുകി. അടുക്കളയിൽ ചെന്ന് ദോശയും സാമ്പാറും കഴിച്ചു. ആരും കാണാതെ വീട്ടിൽ നിന്നും പിന്നിലൂടെ മൈതാനത്തിറങ്ങി. ആരുമില്ല. കൂട്ടുകാരെ ആരെയും കാണാനുമില്ല. നശിച്ച ഒരു കൊറോണ. അവൾ പിറുപിറുത്തു. മീനു തിരികെ നടന്ന് വീട്ടിലെത്തി. കസേരയിൽ പത്രം കിടക്കുന്നു. അതെടുത്ത് മറിച്ചു നോക്കി. 'കൊറോണ' ലോകത്ത് 17 ലക്ഷത്തോളം രോഗികൾ... മരണം പതിനായിരങ്ങൾ കടന്നു. ഒന്നേ കണ്ണോടിച്ചുള്ളൂ. പത്രം അവിടെയിട്ട് മുറിയിലേയ്ക്കോടി. ബാഗ് തുറന്ന് പേപ്പർ എടുത്തു. പെൻസിലും സ്കെച്ചും ഉപയോഗിച്ച് മനോഹരമായ ഒരു പോസ്റ്റർ തയ്യാറാക്കി. കൊറോണയെ തുരത്താൻ... വീട്ടിലിരിയ്ക്കൂ... സാമൂഹ്യ അകലം പാലിയ്ക്കൂ. ഇതല്ലാതെ മറ്റ് മാർഗമില്ല. മീനു കണ്ണു തുടച്ചു. എല്ലാം ശരിയാവും. ജൂണിൽ സ്കൂൾ തുറക്കുമ്പോൾ എന്തൊക്കെ അനുഭവങ്ങളാവും ഓരോരുത്തർക്കും പറയാനുണ്ടാവുക. നാട്ടിൽ കോവിഡിനെ തുരത്താൻ ജീവൻ പണയം വച്ച് സേവനം ചെയ്യുന്ന ഓരോരുത്തരെയും അവൾ നന്ദിയോടെ ഓർത്തു. ശരിയ്ക്കും അവർ തന്നെയല്ലേ ദൈവങ്ങൾ...?

**സഞ്ജന**
VI
ഗവ.ബി .വി .യു .പി.എസ്., കീഴാറ്റിങ്ങൽ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# ആരോഗ്യം

ചിത്രപുരി ഭരിച്ചിരുന്നത് ചന്ദ്രസേനൻ എന്ന രാജാവാണ്. അദ്ദേഹത്തിന് ഒരു കാര്യത്തിൽ മാത്രമേ വിഷമമുണ്ടായിരുന്നുള്ളൂ.തന്റെ പ്രജകൾ മടിയന്മാരായിരുന്നു. ആയതിനാൽ, തന്റെ രാജ്യത്ത് പെട്ടെന്ന് രോഗങ്ങൾ പടർന്നു പിടിക്കുമെന്ന് രാജാവിന് അറിയാമായിരുന്നു. ഒന്നരവർഷങ്ങൾക്ക് ശേഷം അദ്ദേഹം ഭയന്നപോലെ ഒരു മഹാമാരി ആ രാജ്യത്ത് പിടിപെട്ടു സമർത്ഥരായ എല്ലാ വൈദ്യന്മാരും ആ മഹാമാരിക്കു മുന്നിൽ പകച്ചു നിന്നു. രണ്ടു ദിവസത്തിനുള്ളിൽ ആ രാജ്യത്തിന്റെ പകുതിയിലധികവും ആ മഹാമാരി ഭക്ഷിച്ചു. രാജാവ് എന്ത് ചെയ്യണമെന്നാലോചിച്ചു നിന്നു. പലതരത്തിലുള്ള വൈദ്യവിദ്യകളും പരീക്ഷിച്ചിട്ടും ഒരു ഫലവും ഇല്ലെന്നു മനസ്സിലാക്കിയ രാജാവ് തന്റെ രാജ്യത്തിന്റെ മുമ്പത്തെ സ്ഥിതിയെക്കുറിച്ചാലോചിച്ചു. എല്ലാവരും കുഴിമടിയന്മാരായിരുന്നു... അതു തന്നെ ആയിരുന്നു പ്രശ്നവും. അതിനാൽ രാജാവ് ഒരു ഉപായം കണ്ടെത്തി. ഉടൻ തന്നെ ഭടന്മാർ രാജ്യം മുഴുവൻ കൃഷിയ്ക്ക് അത്യാവശ്യമായ വസ്തുക്കൾ വിതരണം ചെയ്യുകയും ഏറ്റവും കൂടുതൽ വിളവ് എടുക്കുന്നവർക്ക് 1000 പൊൻപണം സമ്മാനമായി നൽകുന്നതാണെന്ന് വിളംബരം ചെയ്യുകയും ചെയ്തു. ഇത് കേട്ടയുടനെ പ്രജകൾ തങ്ങളുടെ മടി എല്ലാം മാറ്റി വെച്ച് ആവേശത്തോടെ കൃഷിപ്പണിയിൽ ഏർപ്പെട്ടു. മാസങ്ങൾ കടന്നു പോയി... ചിത്രപുരി രാജ്യം അധ്വാനികളുടെയും സമൃദ്ധിയുടെയും നാടായി മാറി. അങ്ങനെ ഒരു മരുന്നിനും ചെറുക്കാൻ കഴിയാത്ത രോഗത്തെ അധ്വാനവും ഒത്തൊരുമയും കൊണ്ട് ചെറുത്ത്നിൽക്കാൻ കഴിഞ്ഞതിൽ രാജാവ് സന്തോഷവാനായി. പിന്നെ ഒരിക്കലും ആ രാജ്യത്ത് കൃഷി നിലച്ചിട്ടുമില്ല. രോഗങ്ങൾ പടർന്നു പിടിച്ചിട്ടുമില്ല.

**അൽഫിയ എസ് എസ്**
VI D
ഗവ. യു പി എസ് കണിയാപുരം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# നഴ്സ് എന്ന മാലാഖ

അയാൾ വാതിൽ തുറന്ന് പുറത്തേക്ക് നടന്നു. എല്ലാററിനെയും തന്റെയുള്ളിൽ പുതച്ച് മൂടി ഇട്ടിരിക്കുന്ന മഞ്ഞിന്റെ ധൂമപാളികളെ വകഞ്ഞു മാറ്റിക്കൊണ്ട് അയാൾ മുന്നോട്ടുനടന്നു. ലണ്ടനെന്ന തിരക്കേറിയ മഹാനഗരം, ഇപ്പോൾ തികച്ചും വിജനമായിരിക്കുന്നു. കോവിഡ് എന്ന മഹാമാരി എല്ലാവരേയും അകത്തിരുത്തിയപ്പോൾ പോലും അയാൾക്ക് വിശ്രമിക്കാനായില്ല. കാരണം അയാൾ ഒരു നഴ്സാണ്. മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുക എന്നത് തന്റെ കടമയാണ്. ഒട്ടേറെ രോഗികളാണ് ദിനം തോറും ആ ആശുപത്രിയിൽ എത്തുന്നത്. അതിൽ മരിക്കുന്നവരുടെ എണ്ണത്തിൽ ഒട്ടും കുറവില്ല. ആശുപത്രി പരിസരത്ത് എത്തിയപ്പോൾ ഹൃദയം ഒന്ന് വിറങ്ങലിച്ചു. ഇന്ന് എന്തോ ഒരു വല്ലാത്ത ഭയം. ഐസൊലേഷൻ വാർഡിൽ രോഗികളെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് ഒട്ടും സുരക്ഷാ ഉപകരണങ്ങൾ ലഭിച്ചിരുന്നില്ല. അതിനാൽ ഒരുപാട് പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇന്ന് ഒരു പുതിയ കേസ് വന്നു. വെറും മൂന്ന് മാസം പ്രായമുള്ള ഒരു നവജാത ശിശുവിനാണ് കോവിഡ് സ്ഥിഥീകരിച്ചത്. ഒരു കുഞ്ഞിന് എപ്പോഴാണ് ഏറ്റവും കൂടുതൽ കരുതലും സ്നേഹവും ലഭിക്കേണ്ടത് ആ സമയത്ത് ഇങ്ങനെയൊക്കെ ഉണ്ടായാൽ ആ മാതാപിതാക്കളുടെ മാനസികാവസ്ഥ എന്തായിരിക്കും? ഞാനും ഉടനെ ഒരു അച്ഛനാകാൻ പോവുകയാണല്ലോ എന്ന ചിന്തയിൽ അയാൾ സ്വയം ആ കുഞ്ഞിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. ഒരു അച്ഛന് കൊടുക്കാൻ പറ്റുന്ന അത്രയും സ്നേഹവും ശുശ്രൂഷയും ആ കുട്ടിക്ക് കൊടുത്തു. ആ കുഞ്ഞ് രക്ഷപ്പെടാൻ ഒരു സാധ്യതയുമില്ല എന്ന് ഡോക്ടർമാർ വിധിയെഴുതിയപ്പോഴും അയാൾക്ക് കുഞ്ഞ് രക്ഷപ്പെടുമെന്ന് ആത്മവിശ്വാസമുണ്ടായിരുന്നു. ദിവസങ്ങൾ കഴിയുംതോറും കുഞ്ഞിന്റെ ആരോഗ്യനില മെച്ചപ്പെട്ടു. ആ കുഞ്ഞിന്റെ കൂടെ കളിചിരികളിൽ മുഴുകുമ്പോൾ കുഞ്ഞ് കൂടുതൽ അയാളിലേക്ക് അടുത്തു. ദിവസങ്ങൾ കടന്നുപോയി. കൊറോണയുടെ വായിലകപ്പെട്ടവരുടെ എണ്ണം കൂടി കൂടി വന്നു. കുഞ്ഞ് പതിയെ പതിയെ ജീവിതത്തിലേക്ക് തിരികെ വന്നു കൊണ്ടിരുന്നു. എന്നാൽ മറുവശത്ത് തന്റെയുള്ളിൽ രോഗമുണ്ടെന്ന് അറിയാതെ ആ നഴ്സ് ജീവിക്കുകയായിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ അയാൾ കോവിഡ് 19 ന്റെ ലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങി. അതോടെ കുഞ്ഞും അയാളും തമ്മിൽ അകന്നു. എന്റെ ജീവൻ നീ എടുത്താലും 'ആ കുഞ്ഞിന്റെ ജീവൻ രക്ഷിക്കണേ' എന്ന് അയാൾ എപ്പോഴും മനസ്സുരുകി ദൈവത്തോട് പ്രാർത്ഥിച്ചു. ആ കുഞ്ഞ് അസുഖം ഭേദമായി ആശുപത്രി വിട്ടെന്ന് ദിവസങ്ങൾക്കുള്ളിൽ ഒരു സഹപ്രവർത്തകൻ വഴി അയാൾ അറിഞ്ഞു. ദൈവം അയാളുടെ പ്രാർത്ഥന കേട്ടെന്നതുപോലെ രോഗം മൂർച്ഛിച്ച് ആ നിമിഷം തന്നെ ആ 'നഴ്സ് എന്ന മാലാഖ' സ്വർഗ്ഗത്തിലേക്ക് യാത്രയായി.

**ഷംന ഷിഹാബ്**
VII E
ഗവ. യു പി എസ് കണിയാപുരം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# മാളുവിന്റെ സ്വപ്നം

ഒരു അനൗൺസ്മെന്റ് കേട്ടാണ് മാളു പുലർച്ചെ ഉറക്കമുണർന്നത്. എന്താണിത്? എവിടെ തിരിഞ്ഞാലും കൊറോണ, കൊറോണ, കൊറോണ. മാളു കണ്ണുതിരുമി അമ്മയുടെ അടുത്തെത്തി.'അമ്മേ ഇവിടെ ഒന്നും കൊറോണ ഇല്ലല്ലോ. പിന്നെന്തിനാണ് ഇതൊക്കെ ചെയ്യുന്നത്?' മോളേ ലോകം മുഴുവൻ കൊറോണ പടർന്നു പിടിക്കുകയാ, നമ്മുടെ കൊച്ചു കേരളത്തിലും എത്തിയില്ലേ. ശ്രദ്ധിച്ചില്ലെങ്കിൽ, വലിയൊരാപത്ത് ഉണ്ടാകും. പിന്നെ ഇന്നു മുതൽ ലോക്ക്ഡൗണാണ്.പുറത്തൊന്നും പോകാൻ പറ്റില്ല.' അയ്യോ.. ഈ അവധിക്കു കൂട്ടുകാർ ഒന്നിച്ചു പാടത്തു കളിക്കാൻ പോകാൻ പറ്റില്ലേ'. ഇല്ല. ഇടിവെട്ടേറ്റതു പോലെ നിന്നു മാളു. പകൽ മുഴുവൻ മാളു നിരാശയിലായിരുന്നു. കളിക്കാൻ പോകാൻ അമ്മയോട് വഴക്കടിച്ചു നോക്കി. പിന്നെ വീടിന്റെ പടിക്കൽ പാടത്തേയ്ക്കു നോക്കി ഇരുന്നു. രാത്രി ഉറക്കത്തിൽഒരു സ്വപ്നം കണ്ടു മാളു. കൂട്ടുകാരൊത്തു പാടത്തു കളിക്കുകയായിരുന്നു അവൾ. പെട്ടെന്നു കടലിരമ്പുന്ന പോലൊരു ശബ്ദം. അതാ തിരമാല പോലെ എന്തോ ഒന്ന് അവർ നിന്ന ഭാഗത്തേയ്ക്കു വരുന്നു. അല്ല അത് വെള്ളമല്ല, മണൽതരിയോ അല്ല. ടി.വി.യിലും പത്രത്തിലും ഇന്നലേ കണ്ട കൊറോണ വൈറസിന്റെ രൂപമായിരുന്നു. അവരെയൊന്നാകെ വിഴുങ്ങുവാൻ പാഞ്ഞു വരുന്നു. 'മാളു എന്തു പറ്റീ, എന്തിനാ കരയുന്നതു'. അച്ഛന്റെയും അമ്മയുടേയും ശബ്ദം കേട്ടാണ് അവൾ ഞെട്ടിയുണർന്നത്. 'അമ്മേ ഞാൻ ഇനി പുറത്തൊന്നും പോകില്ലമ്മേ, ആ കൊറോണ വൈറസ് ഞങ്ങളെ വിഴുങ്ങാൻ വന്നു'. കരഞ്ഞുകൊണ്ടു മാളു പറഞ്ഞു. 'മോളേ പേടിക്കേണ്ട, നീ സ്വപ്നം കണ്ടതാ'. അമ്മ അവളുടെ കണ്ണുനീർ തുടച്ചു. നമ്മൾ ശുചിത്വമുള്ളവരായാൽ കൊറോണ നമ്മുടെ അടുത്തുപോലും വരില്ല. അമ്മ അവളെ സ്നേഹത്തോടെ ചേർത്തു പിടിച്ചു.

**ആശ .എ എ**
VII A
ഗവ യു പി എസ് ചാക്ക
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# അപ്പുവിന്റെ അമ്മ

ഇന്ന് മൂന്ന് ദിവസമായി അപ്പു അവന്റെ അമ്മയെകണ്ടിട്ട്. അച്ഛൻ മരിച്ചുപോയ അവന് അച്ഛനും അമ്മയും ചേട്ടനും ചേച്ചിയും ഒക്കെ അവന്റെ അമ്മയാണ് . ഇപ്പോൾ അവന്റെ ആശ്രയം അവർ വാടകയ്ക്ക് താമസിക്കുന്ന വീടിന്റെ ഉടമയായ അമ്മൂമ്മയാണ്. അവർ അമ്മയെപ്പോലെ പലപ്പോഴും ഒറ്റയ്ക്കിരുന്നു കരയുന്നത് അവൻ കണ്ടിട്ടുണ്ട്. അമ്മൂമ്മയ്ക്കു അവനെ വലിയ ഇഷ്ടമാണ്. അവനെ വാരിയെടുത്തിട്ടു ഉമ്മ കൊടുത്തിട്ടു പറയും നിനക്ക് എന്റെ അജിക്കുട്ടന്റെ മോന്റെ പ്രായമാണ്. അവനു മൂത്തത് മോളും ഇളയത് നിന്നെപ്പോലൊരു മോനും. എന്റെ കുട്ടിയോളെ താലോലിക്കാൻ ഒരവസരം അവർ തന്നിട്ടില്ല എന്ന് അമ്മയോടു പറയുന്നത് അവൻ കേട്ടിട്ടുണ്ട്. പാവം അമ്മൂമ്മ ഒറ്റയ്ക്കായതുകൊണ്ടാണ് അപ്പുവിനും അമ്മയ്ക്കും വീടിന്റെ ഒരു ഭാഗം വാടകയ്ക്ക് കിട്ടിയത്. അപ്പുവിന്റെ അമ്മ മെഡിക്കൽ കോളേജിലെ നഴ്സ് ആണ്. അങ്കണവാടി പൂട്ടിയത്തിനു ശേഷം 4 വയസുള്ള അവന് കളിയ്ക്കാൻ ആരും ഇല്ലാതായി. അമ്മ വരുന്നുണ്ടോയെന്നു ജനാലയിലൂടെ നോക്കിയിരിക്കുമ്പോൾ അയൽപ്പക്കത്തെ കുട്ടികളെ അവരുടെ അച്ഛനും അമ്മയുമൊക്കെ ചേർന്ന് കളിപ്പിക്കുന്നത് കാണുമ്പോൾ അവനു കരച്ചിൽ വരും. അമ്മയെ കാണണം എന്ന് പറഞ്ഞു കരഞ്ഞപ്പോൾ അമ്മൂമ്മ പറഞ്ഞു അമ്മയെ ഹോസ്പിറ്റലിൽ നിന്നും വിടില്ല എന്ന്. കൊറോണ വാർഡിലാണ് അമ്മയ്ക്കു ഡ്യൂട്ടി. പെട്ടെന്ന് പടർന്നുപിടിക്കുന്ന വൈറസാണ് . അതുകൊണ്ടാണ് അമ്മയെ വിടാത്തത് എന്ന് പറഞ്ഞിട്ടും അവൻ കരച്ചിലോടു കരച്ചിൽ തന്നെ. അമ്മൂമ്മ അടുക്കളയിൽ ജോലി ചെയ്യുന്ന തക്കം നോക്കി അവൻ അമ്മ പോകാറുള്ള വഴിയേ ഇറങ്ങി പുറപ്പെട്ടു. ലോക്ക്ഡൗൺ ആയതിനാൽ വഴിയിൽ ആരും അവനെ കണ്ടില്ല. കുറച്ചുനടന്നപ്പോൾ ഒരു പോലീസ് വാഹനം അവന്റെ മുന്നിൽ വന്നു നിന്നു. മോൻ എവിടെ പോകുന്നു? ഞാൻ അമ്മയെ കാണാൻ പോവുകയാ... എന്നെ അവിടെ കൊണ്ടുപോകാമോ? പൊലീസിനോട് അവൻ കരഞ്ഞുകൊണ്ട് ചോദിച്ചു. അപ്പുവിനെ കാണാതെ അമ്മൂമ്മ ഓടി

വന്നു. പോലീസ് അവരിൽ നിന്നും കാര്യങ്ങൾ ചോദിച്ചു മനസിലാക്കി. അവർ അപ്പുവിനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ദൂരെനിന്നു കാണിക്കണമെന്ന് വിചാരിച്ച് അവർ അമ്മൂമ്മയെയും അപ്പുവിനെയുംകൂട്ടി ആശുപത്രിയിലേക്ക് പുറപ്പെട്ടു. അവരെ ആശുപത്രിയുടെ വെളിയിൽ നിർത്തി അമ്മയെ ജനാലയിലൂടെ കാണിച്ചു. അമ്മയെകണ്ടതും അവൻ നിയന്ത്രണം വിട്ടു കരയാൻ തുടങ്ങി. അമ്മയും കൂട്ടുകാരും കണ്ടുനിന്നവരും കരഞ്ഞുപോയി. അപ്പുവിനെപ്പോലെ എത്രമക്കളാണ് വഴിക്കണ്ണുമായി അമ്മമാരെ നോക്കിയിരുന്നത്. നമുക്കുവേണ്ടി നമ്മുടെ നാടിനു വേണ്ടി വീടും ബന്ധങ്ങളും ഉപേക്ഷിച്ചു ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തകർക്കും പോലീസിനും എല്ലാറ്റിനുമുപരി ജനങ്ങളോടൊപ്പം നിൽക്കുന്ന നമ്മുടെ സർക്കാരിനും മുന്നിൽ നമിച്ചുകൊണ്ടു എന്റെ കഥ ഇവിടെ അവസാനിപ്പിക്കട്ടെ.

**ശ്രീവിനായക്**
VII A
ഗവ. യു. പി. എസ്. പൂവച്ചൽ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# അമ്മ

ഇതാരുടെ കഥ എന്ന് അറിയാമോ? എന്റെ... ആരോമലിൻെറ.. ഞാൻ ഏഴാം ക്ലാസ്സിലാണ്. എനിക്ക് കൂട്ടുകാരോടുകൂടി കളിക്കുന്നതാണ് ഇഷ്ടം.പക്ഷേ വിദ്യാലയം നേരത്തെ അടച്ചു. വീട്ടിൽ ഞാൻ മാത്രമായി. അമ്മ രാവിലെ ജോലിക്ക് പോകും. അമ്മാമ്മയോട് കൂട്ടുകൂടി പകൽ തള്ളി നീക്കും. അങ്ങനെ ഒരു ദിവസം വൈകുന്നേരം... നാളെ ലോക്ക്ഡൗൺ ആണ് അമ്മ അമ്മാമ്മയോട് . എനിക്ക് ഒന്നും മനസ്സിലായില്ല. അടുത്തദിവസം രാവിലെ അമ്മ വിളിക്കല്ലേ എന്ന് പ്രാർത്ഥിച്ച് കിടക്കുകയായിരുന്നു. (.എന്നും രാവിലെ അമ്മ വിളിക്കും... ആരൂ എണീക്ക് .... എനിക്ക് നന്നേ ദേഷ്യം വരും.) ഇന്ന് എന്തേ വിളിക്കാത്തെ? പതുക്കെ കണ്ണു തുറന്ന് നോക്കി. നേരം വെളുത്തല്ലോ? എന്നെ കെട്ടിപ്പിടിച്ച് അമ്മ കിടന്നു ഉറങ്ങുന്നു. എനിക്ക് വിശ്വാസം വന്നില്ല, വീണ്ടും നോക്കി. എൻെറ അമ്മ, എനിക്ക് കരച്ചിൽ വന്നു. എപ്പോഴും തിരക്കുള്ള എൻെറ അമ്മ. ലോക്ക്ഡൗൺ എനിക്ക് സന്തോഷകാലമായി. അമ്മ എൻെറ കൂട്ടുകാരി ആയി. എല്ലാരും പറയും ഇത് മോശക്കാലമാണെന്ന് ... പക്ഷേ എനിക്ക് പുതിയ ഒരു കൂട്ടുകാരിയെ കിട്ടിയ കാലം. എൻെറ അമ്മ... എൻെറ മാത്രം...

**ആരോമൽ എസ്.എസ്**
VII A
ഗവ.യു.പി.എസ് വെങ്ങാനൂർ ഭഗവതിനട
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# മലിനമനസ്സ്

ഹോ! എന്തൊരു ബഹളം .ഇവറ്റകളെക്കൊണ്ട് തോറ്റു. ഈ ബഹളമൊക്കെ കാണുമ്പോൾ ബീവറേജ് ഷോപ്പിന് മുന്നിൽ മാത്രം അച്ചടക്കത്തോടും നിന്നുകണ്ടിട്ടുള്ള മലയാളി ഗൃഹനാഥന്മാരുടെ അച്ചടക്കം ഇവിടെയും കൊണ്ടുവരണം എന്ന് തോന്നിപ്പോകുന്നു. കുറ്റം പറഞ്ഞിട്ട് കാര്യമില്ല .മലയാളി എവിടെയായാലും മലയാളി തന്നെയാണല്ലോ. ങ്ഹാ! അവിടെയെന്താ ഒരു തിരക്ക്? വിശിഷ്ടാതിഥി എത്തിയെന്ന് തോന്നുന്നു. ഗോവൻ സായിപ്പന്മാരോടൊത്ത് തീൻമേശ പങ്കിടാൻ ഭാഗ്യം സിദ്ധിച്ച മഹാൻ. കൊതുകുകൾക്കിടയിലെ അടിമത്തത്തിനും ജാതി, വർണ്ണ, വർഗ്ഗ വിവേചനങ്ങൾക്കെതിരെയും പോരാടിയ മഹാത്യാഗി, വേൾഡ് പ്രാണി അസോസിയേഷന് പ്രവർത്തിക്കാൻ ഏറ്റവും അനുയോജ്യമായ ഇടം കേരളത്തിലെ പൊതുറോഡുകളാണെന്ന് ലോകത്തിനുമുന്നിൽ വിളംബരം നടത്തിയ മലയാളി തുടങ്ങി ഒട്ടനവധി വിശേഷണങ്ങൾക്ക് അർഹനാണ് ഇന്നത്തെ അതിഥി; മണിനാഥൻ കൊതുക് .

തിരക്കിനിടയിൽ ഒരുവിധത്തിൽ അദ്ദേഹത്തിനോടൊപ്പം ചേർന്നുനിന്ന് ഒരു ഫോട്ടോ പാസാക്കി. കഷ്ടം! ഇതെന്തൊരു തിരക്കാണ്. ഇന്നലെ രാത്രി ഗോവ ഫ്ളൈറ്റിൽ ഏതോ ഒരു മലയാളിയുടെ ഷുഗറും പ്രെഷറും കൊളസ്ട്രോളും കൊണ്ട് തടിച്ചു വീർത്ത ശരീരത്തിൽ കയറി വിശ്രമം ഇല്ലാതെ യാത്ര ചെയ്തിട്ടാണത്രെ അദ്ദേഹം ഇന്നിവിടെ സംസ്ഥാന ഈച്ച സമ്മേളനത്തിന് എത്തിച്ചേർന്നത്. അദ്ദേഹത്തിനെക്കൊണ്ട് ഒരു സ്ട്രോങ് റെക്കമെന്റേഷൻ ചെയ്യിച്ചിട്ട് വേണം ഇപ്പോഴത്തെ സെക്രട്ടറി പദവിയിൽ നിന്നും പ്രസിഡന്റ് പദവിയിലേക്ക് മാറാൻ.

ഹോ! നേരമേറെ വൈകിയിരിക്കുന്നു. പത്ത് മണിക്ക് മുൻപ് വീട്ടിൽ എത്തണം. അതിഥിക്ക് താമസിക്കാനുള്ള സൗകര്യമൊക്കെ ഒരുക്കിയിരിക്കുന്നത് സിറ്റിയിലെതന്നെ ഫൈവ്സ്റ്റാർ ഹോട്ടലിലെ സെപ്റ്റിക് ടാങ്കിലാണ്. എവിടെയാണെങ്കിലും നാം നമ്മുടെ ആതിഥ്യമര്യാദ കാട്ടേണ്ടതുണ്ടല്ലോ. പിന്നെ ഇത് കേരളമല്ലേ .താമസസൗകര്യത്തിനൊന്നും തീരെ വിഷമം ഉണ്ടാകില്ല. ങ്ഹാ! ഇനിയും വൈകിയാൽ വീട്ടിൽ എത്തുമ്പോഴേക്ക് ആ മാമിത്തള്ള വാതിലും ജനലും എല്ലാം അടച്ചുപൂട്ടും. അവരുടെ വീട്ടിലെ സെപ്റ്റിക് ടാങ്കിൽ

താമസിച്ചുകൊണ്ടിരുന്നപ്പോൾ ഒരു പ്രശ്നവും ഇല്ലായിരുന്നു. ഭാര്യ കമലാക്ഷിയുടെ നിർബന്ധം മൂലമാണ് മാമ്മിത്തള്ളയുടെ ഫ്രിഡ്ജിലേക്കു താമസം മാറ്റിയത്. അതുകൊണ്ടിപ്പോൾ എന്നും നേരത്തെ വീട്ടിൽ എത്തണം. പക്ഷെ സെപ്റ്റിക് ടാങ്കിനെക്കാൾ സുഖപ്രദം ഫ്രിഡ്ജ് തന്നെ.

മാമ്മിത്തള്ളക്ക് ഏതാണ്ട് അമ്പത്തിയഞ്ച് വയസ്സ് കാണും. അവരുടെ ഭർത്താവ് വിദേശത്താണ്. രണ്ട് ആൺമക്കൾ. രണ്ടെണ്ണത്തിനെക്കൊണ്ടും ഒന്നിനും കൊള്ളില്ലെന്നാണ് മാമ്മിത്തള്ള എപ്പോഴും പറയാറ്. മാമ്മിത്തള്ള ക്രൂരയും കണ്ണിൽ ചോരയില്ലാത്തവളുമാണ്.കാലങ്ങളായി അവരുടെ വീട്ടിലാണ് താമസമെങ്കിലും തന്നോടോ തന്റെ കുടുംബത്തോടോ അവർ യാതൊരു സ്നേഹവും പ്രകടിപ്പിച്ചിട്ടില്ല. കൊല്ലം എത്ര കഴിഞ്ഞു.എന്നിരുന്നാലും 'കടക്കു പുറത്ത്' എന്നേ അവർ തന്നോടും കമലാക്ഷിയോടും പറഞ്ഞിട്ടുള്ളു.എങ്ങാനും ആ കിടക്കയിലൊ മേശമേലൊ പോയിരുന്നാൽ പടപണ്ടാരം ചൂലെടുത്ത് ഒറ്റയടി! പലതവണ തലനാരിഴയ്ക്കാണ് അവരുടെ ഉരുക്ക് പോലെ ബലിഷ്ഠമായ കൈകളിൽ നിന്ന് രക്ഷപെട്ടിട്ടുള്ളത്. ആലോചിച്ച് നിന്ന് വീടെത്തിയത് അറിഞ്ഞില്ല.ഭാഗ്യം!വാതിൽ തുറന്നുകിടപ്പുണ്ട്. നാളെയാ റോഡിന്റെ വശത്തുള്ള ഓടയിൽ ഒരു പൊതുയോഗമുണ്ട്. ഈ അടുത്ത കാലങ്ങളിലായി മനുഷ്യർ തങ്ങളെപ്പോലെയുള്ളവർക്കായി ചെയ്തുതരുന്ന ഉപകാരങ്ങൾ സ്മരിച്ചുകൊണ്ടുള്ള അഥവാ അതിന് നന്ദി അറിയിച്ചുകൊണ്ടുള്ള യോഗമാണ്.

രാത്രി താമസിച്ച് കിടന്നതിനാൽ ഉണരാൻ ലേശം വൈകി. ധൃതിപ്പെട്ടാണ് യോഗസ്ഥലത്തെത്തിച്ചേർന്നത്. മുഖ്യാതിഥി താനാണെന്നാണ് പറഞ്ഞിരുന്നത്. എന്തായാലും പ്രസംഗം പൊടിപൊടിക്കണം.യോഗസ്ഥലത്ത് ചെറുതല്ലാത്ത ഒരു ആൾക്കൂട്ടം വരവേൽക്കാനായി ഉണ്ടായിരുന്നു. ഒരു സെലിബ്രിറ്റിയുടെ ജാഡയോടെ താത്കാലികമായി ഒരുക്കിയ വേസ്റ്റ് കൂനയാകുന്ന സ്റ്റേജിലേക്ക് കയറിയപ്പോൾ താനൊരു കൊച്ചു ലാലേട്ടനാണെന്ന് തോന്നിപ്പോയി. പിന്നെ തീപ്പൊരി ചിതറുന്ന പ്രസംഗം

എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

> ഞാൻ നിങ്ങളുടെ ഏവരുടെയും പ്രിയങ്കരനായ തങ്കച്ചൻ കൊതുക്.നാം ഇന്നിവിടെ ഒത്തുകൂടിയതിന്റെ ലക്ഷ്യം തന്നെ നമ്മുടെ വംശത്തിന്റെ നിലനില്പിന് കാരണക്കാരായ മാനവരാശിയോടുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നതിനായാണെന്ന സത്യം നമുക്കേവർക്കും അറിയാവുന്നതാണല്ലോ. നമുക്ക് വേണ്ടി പോരാടുന്ന നിരവധി

മനുഷ്യജന്മങ്ങൾ നമുക്ക് ചുറ്റിനും ഉണ്ട്. സ്വന്തം വീട്ടിൽ പോലും നമുക്ക് വാസസ്ഥലം ഒരുക്കിത്തരാൻ മാത്രം വിശാല മനസ്സുള്ളവരാണ് മലയാളികൾ.സ്വന്തം വീട്ടിലെ ഫ്രിഡ്ജും സെപ്റ്റിക് ടാങ്കുകളും എല്ലാം തന്നെ നമുക്ക് വേണ്ടി ഡെഡിക്കേറ്റ് ചെയ്യുന്ന ഈ മഹാന്മാരുടെ വിശാലമനസ്കത പ്രശംസനീയം തന്നെ. നമ്മുടെ സഹജീവികളായ ഈച്ചകളുടെ കാര്യവും ഇത് തന്നെ. വലിയ വലിയ ചാക്കുകളിലും സഞ്ചികളിലും ഗാർഹികമാലിന്യം തള്ളി അവർക്ക് വാസസ്ഥലം ഒരുക്കുന്ന മനുഷ്യർക്കിടയിൽ സാമൂഹ്യവിരുദ്ധർ എന്ന് വിളിക്കപ്പെടുന്ന എത്രയോ മാന്യന്മാർ ഇന്ന് നമ്മുടെ കേരളത്തിലുണ്ട്.

മാന്യരേ, കേരളത്തിലെ ഓടകളെപ്പറ്റി പരാമർശിച്ചില്ലെങ്കിൽ ഒരു പക്ഷേ ഈ പ്രസംഗം തന്നെ അർത്ഥശൂന്യമായിപ്പോകുമെന്ന് ഞാൻ വിചാരിക്കുന്നു. വികസനവും നഗരവത്കരണവും എന്തുതന്നെ ആയാലും നമ്മുടെ ചുറ്റുപാടുകൾ നമുക്ക് അനുകൂലമായി മാറിക്കൊണ്ടിരിക്കുകയാണ്.ഈ അവസരത്തിൽ നിങ്ങളെ നാം മറ്റൊരു പ്രധാനകാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു. റോഡിനിരുവശത്തേയും മാലിന്യക്കൂമ്പാരം നീക്കം ചെയ്യണമെന്നും ഓടകൾ വൃത്തിയാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒരുകൂട്ടം ദുഷ്ടരായ മനുഷ്യർ നടത്തിയ ജാഥയുടെ ഭാഗമായി വാസസ്ഥലം നഷ്ടപ്പെട്ടവർ ഒരുതരത്തിലും വിഷമിക്കേണ്ടതില്ലെന്നും വൃത്തിയാക്കിയ സ്ഥലങ്ങൾ ഉടൻതന്നെ പഴയപടിയിലേക്കെത്തുമെന്നും ബഹു. ജില്ലാ പ്രാണി അസോസിയേഷൻ പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

നമ്മുടെ പുരോഗതിയ്ക്കും ഉന്നമനത്തിനും കാരണക്കാരായ ദൈവദൂതരാണ് മനുഷ്യസന്തതികൾ. നാം അവർക്ക് രോഗങ്ങളും ദുരിതങ്ങളും മാത്രം സമ്മാനിച്ചിട്ടും അവർ നമ്മോട് കരുണാർദ്രമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.ഇത്തരം നിലപാടുകൾ സ്വീകരിക്കാൻ മനുഷ്യന്റെ ഭാവിതലമുറയും തയ്യാറാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്കാരം.

എന്റെ ദൈവമേ! ഇതെന്താ? യുദ്ധക്കളമോ? വർഷത്തിലൊരിക്കൽ മാത്രം വീട് വൃത്തിയാക്കാറുള്ള മാമ്മിത്തള്ളക്കിതെന്തുപറ്റി? ഈശ്വരാ കണ്ടിട്ട് സഹിക്കുന്നില്ല. ഇവരിതെന്തൊക്കെയാ കാട്ടിക്കൂട്ടുന്നത്? അതാ അവിടൊരു മൂലയിൽ

മാമ്മിത്തള്ളയുടെ അടിയേറ്റ് കിടക്കുന്ന കമലാക്ഷി.കമലാക്ഷിയുടെ വായിൽനിന്ന് വന്ന വാർത്ത കേട്ട് ഞെട്ടിപ്പോയി. കാറോണയെന്നോ കാറിത്തുപ്പിയെന്നോ മറ്റോ ആണത്രേ അതിന്റെ പേര്. ഒരു കൂട്ടം ആളുകൾ വന്ന് വീട് വൃത്തിയാക്കണമെന്നും കൈകഴുകണമെന്നും പുറത്തിറങ്ങരുതെന്നുമെല്ലാം പറഞ്ഞുവത്രേ. ഇപ്പോഴാണ് കാര്യങ്ങളുടെ കിടപ്പ് പിടികിട്ടിയത്.

എന്താണ് സംഗതിയെന്ന് അറിഞ്ഞിട്ട് വരാമെന്ന് കരുതി പുറത്തിറങ്ങിയപ്പോഴാണ് ഇതിന്റെ ശരിക്കുള്ള ഭീകരത മനസ്സിലായത്. പലരുടെയും അവസ്ഥ ഇതുതന്നെ. എല്ലാവർക്കും അവനവന്റെ കിടപ്പാടങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. പിന്നെ ഒന്നുകൂടി അറിയാൻ കഴിഞ്ഞു. ഈ രോഗത്തിന്റെ പേര് കൊറോണയെന്നാണത്രെ. വീട്ടിലെ സ്ഥിതിഗതികൾ ദിവസം ചെല്ലും തോറും വഷളായി വരികയാണ്. മാമ്മിത്തള്ളയുടെ കുഴിമടിയന്മാരായ മക്കൾ ഇപ്പോൾ സദാസമയവും വീട്ടിൽത്തന്നെയുണ്ട്. അതിനാൽ പണ്ടത്തെപ്പോലെ സ്വതന്ത്രമായി നടക്കാൻ കഴിയില്ല. ആ കുഴിമടിയന്മാർ കാലന്റെ അവതാരങ്ങളാണെന്ന് തോന്നിപ്പോകുന്നു. കൊറോണ വന്നേപ്പിന്നെ വീട്ടിനുള്ളിലേക്ക് കയറാൻപോലും കഴിയാതെയായി. എപ്പോഴും ക്ലീനിങ്ങോട് ക്ലീനിങ്! ചെന്നുപെട്ടാൽ പിന്നെ കഥകഴിഞ്ഞതുതന്നെ.

ഓടകളിലും റോഡിന്റെ വശങ്ങളിലുമൊക്കെ വേസ്റ്റിടാൻ വരുന്നവരുടെ പൊടിപോലും കാണാനില്ല. കാക്കിയിട്ട കുറച്ച് പോലീസ്കാരെയല്ലാതെ റോഡിലെങ്ങും ഒരു മനുഷ്യജീവിയെപ്പോലും കാണാനില്ല. സെപ്റ്റിക് ടാങ്കുകൾ പോലും ആളുകൾ വൃത്തിയാക്കുകയാണ്. വേനലായതിനാൽ റബ്ബർ ചിരട്ടകളിൽപോലും ഒരുതുള്ളി വെള്ളമില്ല.ഈശ്വരാ! ഇത് കേരളം തന്നെയോ? മലിനീകരണം തന്റെ ജന്മാവകാശമെന്ന് കരുതുന്ന മലയാളിയുടെ നാടോ ഇത്? വിശ്വസിക്കാൻ പ്രയാസം.

**ദേവിക.പി.**
VIII F
ഗവ:എച്ച്.എസ്.എസ്.,അഞ്ചൽ ഈസ്റ്റ്
അഞ്ചൽ ഉപജില്ല, കൊല്ലം

# ലച്ചുവിന്റെ സ്വപ്നം

'മോളേ, എഴുന്നേൽക്ക് ' ശബ്ദം കേട്ട് ലച്ചുമോൾ ചാടിയെഴുന്നേറ്റു. ആശ്ചര്യം. ലച്ചു മോളെ വിളിച്ചേഴുന്നേൽപ്പിച്ചത് അമ്മയായിരുന്നു. ആകാംക്ഷയോടെ അവൾ കിടക്കയിൽ നിന്ന് ചാടിയേഴുന്നേറ്റ് പല്ലു തേയ്ക്കാൻ പോയി. തിരിച്ചു അടുക്കളയിൽ ചെന്നപ്പോൾ അതാ അച്ഛമ്മയോടൊപ്പം അമ്മയും അടുക്കളയിൽ ഒരു ചെറിയ സ്റ്റീൽ ഗ്ലാസിൽ ലച്ചുമോൾക്ക് പാൽ വച്ചിരുന്നു. അത് ചൂടാറ്റി അമ്മ അവൾക്കു കൊടുത്തു.

'ലച്ചുമോളേ' പുറത്തുനിന്ന് ചേച്ചിയുടെ ഉച്ചത്തിലുള്ള വിളി കേട്ട് ലച്ചുമോൾ കസേരയിൽ നിന്ന് ചാടിയേഴുന്നേറ്റ് ഒരു ചെറുപുഞ്ചിരി വിടർത്തി കാണിച്ച് ഓടിക്കളഞ്ഞു. ഉമ്മറത്തെ കസേരയിലിരുന്ന് അച്ഛൻ പത്രം വായിക്കുന്നത് കണ്ട് ഒരു നിമിഷം അവൾ നിന്നു. പേജ് മറിക്കുന്നതിനിടയിൽ. 'മോൾ എഴുന്നേറ്റുവോ'. അച്ഛൻ ചോദിച്ചു. 'ഉം' ഒരു മൂളലും കൊണ്ട് അവിടുന്ന് സ്ഥലം കാലിയാക്കി. മുറ്റത്ത് ചെടികൾക്കിടയിലൂടെ നടക്കുയായിരുന്നു അച്ചാച്ചനും പാറുച്ചേച്ചിയും. റോസയിൽ ഉണ്ടാർന്ന മൊട്ടു വിരിഞ്ഞത് കാണിയ്ക്കാനായി ചേച്ചി ലച്ചുമോളേ വിളിച്ചതായിരുന്നു. ആ കാഴ്ച കണ്ട് കൗതുകം കൊണ്ട് ലച്ചു അച്ചാച്ചന്റെ കൈ പിടിച്ചുനടന്നു. 'അച്ചാച്ച സമയം എത്രയായി ' ലച്ചു അച്ചാച്ചനോട് ചോദിച്ചു. 'ഒരു ഒമ്പതുമണിയായികാണും'. അച്ചാച്ചൻ പറഞ്ഞു. 'അപ്പോ സ്കൂളിൽ പോവണ്ടേ ഇന്ന്?' ലച്ചുവിന്റെ ആശ്ചര്യത്തോടെയുള്ള ചോദ്യം കേട്ട് അപ്പൂപ്പൻ പറഞ്ഞു. 'വേണ്ട'. ലച്ചുവിനെ കുളിപ്പിച്ച് സ്കൂളിൽ യാത്രയാക്കുന്നത് അച്ഛമ്മയാണ് എന്നാൽ ഇന്ന് ലച്ചുവിനേ കുളിപ്പിച്ചതും അപ്പം കഴിപ്പിച്ചതുമെല്ലാം അമ്മയായിരുന്നു. 'അച്ഛമ്മ എന്തിയേ?' ലച്ചു അമ്മയോട് ചോദിച്ചു. 'ഇവിടുണ്ട് ' അമ്മ ലച്ചുവിനോട് പറഞ്ഞു.

അച്ഛമ്മ അമ്മിണ്ണി പശുവിനെ അഴിച്ചു കെട്ടാനായി പുറത്തേക്ക് പോയത് നോക്കി ലച്ചു വാതിൽപ്പടിയിൽ ഇരുന്നു. തിരിച്ചുവന്നപ്പോൾ അച്ഛമ്മ അവളേയും എടുത്ത് അകത്തേക്ക് പോയി നടുമുറ്റത്തിന്റെ ഒരു തൂണിൽ ചെന്നു ചാരിയിരുന്നു . 'അച്ഛമ്മേ എന്താ ഇന്ന് സ്കൂൾ ഇല്ലാത്തേ? അച്ഛനും അമ്മയ്ക്കും ജോലിയില്ലേ? ചേച്ചിക്കും ക്ലാസ് ഇല്ലേ? അമ്മുവും ചിന്നുവും കളിക്കാൻ വരില്ലേ ഇങ്ങനെ കുറേയേറേ ചോദ്യങ്ങൾ അവൾ അച്ഛമ്മയോട് ചോദിച്ചു. 'ഇനി കുറെ ദിവസത്തേക്ക് അച്ഛനും അമ്മയും വീട്ടിലുണ്ടാവും മോൾക്ക് സ്കൂളും ഉണ്ടാവില്ല.' അച്ഛമ്മ മറുപടി നൽകി. 'അതെന്താ?' ലച്ചുവിൻെറ ചോദ്യത്തിന് അച്ഛമ്മ ഒരു കഥയെന്ന പോലെ പറഞ്ഞു.

'നമ്മുടെ ഈ ലോകത്തെ കൊറോണ വൈറസ് എന്ന ഒരു മഹാമാരി പിടിച്ചു കുലുക്കി. ആ വൈറസ് ആരുടെ ശരീരത്തിൽ വേണമെങ്കിലും കയറാം.' അതെന്താ അച്ഛമ്മേ അത് മായാവി ആണോ?' ലച്ചു ചോദിച്ചു. 'അതെ, പക്ഷേ പേരിനു വ്യത്യാസം ഈ വൈറസ് ശരീരത്ത് കയറിയാൽ മരിച്ചുപോകുമത്രെ, അതുകൊണ്ട് ഇത് ശരീരത്തിൽ കയറാതെ നോക്കണം. അതിനായി സർക്കാർ കുറെ ദിവസത്തെ അവധി പ്രഖ്യാപിച്ചിരിക്കുകയാണ്'. 'ഹായ്! അപ്പോ അമ്മൂന്റെം ചിന്നൂന്റെം കൂടെ കളിക്കാല്ലോ' ലച്ചൂ പറഞ്ഞു മുഴുവിക്കുന്നതിന് മുൻപേ അച്ഛമ്മ പറഞ്ഞു. 'ഇല്ല ലച്ചൂ ഈ ദിവസം മുഴുവനും വീട്ടിൽ കഴിയണം. പുറത്തിറങ്ങാൻ പാടില്ല.' ആപത്തുണ്ടാവുമ്പോൾ രാജൂനേം രാധേയും മായാവി രക്ഷിക്കും. നമ്മളെ ആരു രക്ഷിക്കും അച്ഛമ്മേ? 'മാലാഖമാർ' അച്ഛമ്മ ഉയർന്ന സ്വരത്തിൽ പറഞ്ഞു. 'മാലാഖമാരോ? ആരാ അത് ?'. 'വെള്ള വസ്ത്രം ധരിച്ച മാലാഖമാർ. അവരാണ് നമ്മളെ രക്ഷിക്കുന്നത്'. 'അപ്പോ ഈ മാലാഖമാരുടെ കയ്യിൽ മാന്ത്രികവടിയും ചിറകും ഉണ്ടാവോ?' ലച്ചുവിന്റെ ചോദ്യത്തിന് ചിരിച്ചുകൊണ്ട് അച്ഛമ്മ ഉത്തരം നൽകി. 'ഉണ്ടല്ലോ; സ്നേഹമാണ് അവരുടെ കയ്യിലെ മാന്ത്രികവടി, സാന്ത്വനമാണ് അവരുടെ ചിറക്'. 'അച്ഛമ്മേടെ കാലത്ത് ഈ വൈറസ് ഉണ്ടായിരുന്നോ?' 'ഇല്ല മോളെ'. 'പിന്നെ എവിടെന്ന് വന്നു?' ലച്ചു അച്ഛമ്മയുടെ മടിയിൽ കിടന്നുകൊണ്ട് ചോദിച്ചു. 'അതോ തന്റേത് എന്നപോലെ മനുഷ്യർ ഭൂമിയെ പിടിച്ചു കുലുക്കുമ്പോൾ കുപിതയായ ഭൂമി പ്രതികാരം പോലെ പുത്തൻ രോഗങ്ങളെ എത്തിക്കുകയാണ്. അതിരുകൾ മാഞ്ഞുകൊണ്ടിരികുന്ന ഈ ലോകത്ത് ഇവ അതിവേഗമണ് പരക്കുന്നത്.'

അച്ഛമ്മയുടെ വാക്കുകൾ പാറുക്കുട്ടിയുടെയും ,അച്ചാച്ചന്റെയും, അമ്മയുടെയും അച്ഛന്റെയും കാതിലെത്തി. പക്ഷെ ലച്ചുമോൾ മാത്രം കേട്ടില്ല അവൾ അച്ഛമ്മയുടെ മടിയിൽ തലവെച്ചുകിടന്ന് ഉറങ്ങിപ്പോയി. അവളുടെ സ്വപ്നത്തിൽ അച്ഛമ്മ പറഞ്ഞപോലെ മാലാഖമാർ പ്രത്യക്ഷപ്പെട്ടിരുന്നു. രാവും പകലുമില്ലതെ വീടുകളിൽ പോകാതെ നമ്മെ രക്ഷിക്കുന്ന മാലാഖമാരെ അവൾ സ്വപ്നത്തിലൂടെ കണ്ടു.

**മാളവിക ആർ**
X B
ഗവ.എച്ച്.എസ്.എസ്.കുട്ടമശ്ശേരി
ആലുവ ഉപജില്ല, എറണാകുളം

# ധൈര്യശാലിയായ അപ്പു

കേരളത്തിൽ ഒരു കൊച്ചുഗ്രാമത്തിൽ അപ്പു എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൻ നാലാം ക്ലാസിൽ പഠിക്കുകയായിരുന്നു. അപ്പുവിന്റെ വീട്ടിൽ അവന്റെ മാതാപിതാക്കളും ഒരു സഹോദരിയും ഉണ്ടായിരുന്നു. അവൻ വളരെ നല്ല കുട്ടിയായിരുന്നു. മാതാപിതാക്കളെയും ഗുരുക്കൻമാരെയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമായിരുന്നു. അപ്പുവിന്റെ പിതാവ് വിദേശത്തായിരുന്നു. അതാണ് അവരുടെ കുഞ്ഞുകുടുംബത്തിന്റെ ഏക വരുമാനം. മാത്രമല്ല, നാട്ടുകാർക്കും വളരെ സഹായിയായിരുന്നു അദ്ദേഹം. അപ്പു ഒരുപാടുനാളായി തന്റെ പിതാവിനെ കണ്ടിട്ട്. അങ്ങനെയിരിക്കെ ഒരു ദിവസം തന്റെ പിതാവ് നാട്ടിലേക്കു വരുന്നു എന്നറിഞ്ഞു അപ്പു വളരെ സന്തോഷിച്ച. അങ്ങനെ ആ ദിവസം വന്നെത്തി. പിതാവിനൊത്ത് ആ കുടുംബം വളരെ സന്തോഷത്തിലായിരുന്നു. പക്ഷേ ആ സന്തോഷം അധികനാൾ കടന്നുപോയില്ല. ഒരു ദിവസം വാർത്താവിനിമയത്തിലൂടെ ഒരു ദുരന്തവാർത്ത നാടാകെ പരന്നു. കോവിഡ്19 എന്ന മഹാരോഗം ഒരുപാട് രാഷ്ട്രങ്ങളെ മൂടിയെന്നും ഇന്ത്യയിലേക്കു പകർന്നുകൊണ്ടിരിക്കുകയാണെന്നും. അതുകൊണ്ടു വിദേശത്തുനിന്നു വന്നവർ നിരീക്ഷണത്തിൽ ഇരിക്കാൻ സർക്കാർ ഉത്തരവ് വന്നു. അങ്ങനെ അപ്പുവിന്റെ കുടുംബത്തിൽ അന്ധകാരം മൂടി. 14ദിവസം നിരീക്ഷണത്തിനൊടുവിൽ മാതാപിതാക്കൾക്കും സഹോദരിക്കും കോവിഡ്19 സ്ഥിരീകരിച്ചു. അതോടെ അപ്പു വളരെ വിഷമത്തിലായി. അപ്പുവിന്റെ കുഞ്ഞുമനസ്സിൽ കുഞ്ഞു കുഞ്ഞു സ്വപ്നങ്ങൾ ഉണ്ടായിരുന്നു. എന്നാലും അപ്പു ധൈര്യം കൈവിട്ടില്ല. പരിഭ്രാന്തിയല്ല ജാഗ്രതയാണ് വേണ്ടതെന്ന സർക്കാരിന്റെ മുദ്രാവാക്യം അവൻ മുറുകെ പിടിച്ചു കോവിഡിനെതിരെ പോരാടി. തന്റെ കുഞ്ഞു കൈകൾകൊണ്ടു കോവിഡിനെതിരെ പോസ്റ്ററുകൾ തയ്യാറാക്കി, മാസ്ക്കുകൾ നിർമിച്ചു. കുട്ടികളെയും മുതിർന്നവരെയും ശുചീകരണത്തെകുറിച്ചു ബോധവൽക്കരിക്കുകയും ചെയ്തു. അങ്ങനെ അപ്പു തന്റെ കുടുംബത്തെയും നാടിനെയും കോവിഡ് എന്ന ഭയത്തിൽ നിന്നും രക്ഷിച്ചു. ശുചിത്വത്തിലൂടെ ജാഗ്രത പാലിച്ചാൽ കോവിഡ്19 എന്ന മഹാവ്യാധിയെ നമുക്കു പ്രതിരോധിക്കാം... അതിജീവിക്കാം... എന്ന് ഈ കഥ പഠിപ്പിക്കുന്നു.

**റോഷൻ സാമുവൽ**
III F
ഗവ.എൽ.പി.ബി.എസ്. പെരുങ്കടവിള
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# കരുതലിന്റെ കൈകൾ

മൂക്കിന് മുകളിൽ ഒരു നീറ്റൽ. കൈ കൊണ്ട് തൊട്ടു നോക്കി.രക്തം ഒലിക്കുന്നു. സ്ഥിരമായി മാസ്ക് ഉപയോഗിച്ചതിന്റെ പാട്. ടിഷ്യു എടുത്ത് രക്തം തുടച്ചു. ഒന്ന് ഉറങ്ങിയിട്ട് ദിവസം എട്ടായിക്കാണും. ഐ.സി.യു വിന്റെ വാതിൽ ചാരി നിന്ന് അവൾ ഉറങ്ങി. "sister come fast" എന്ന ഡോക്ടറുടെ വിളി ഉറക്കത്തിൽ നിന്നും ഉണർത്തി.

രക്ഷാകവചം ധരിച്ച് കോവിഡ് വാർഡിന്റെ പതിനഞ്ചാം നമ്പർ മുറിയിലേക്ക് പോയി.വിദേത്ത് നിന്നു വന്ന എട്ട് വയസുകാരി കുട്ടിയുടെ മുറിയാണത്. വരുന്ന ആഗതരെയെല്ലാം പുഞ്ചിരി കൊണ്ട് എതിരേൽക്കുന്ന അവൾ കേവിഡെന്ന ഈ മഹാമാരിയേയും പുഞ്ചിരിയേടെ എതിരേറ്റു എന്ന് പറ!ഞ്ഞാൽ അതിൽ അത്ഭുതപ്പെടാനില്ല. അവളുടെ മുഖത്ത് ഞാനെന്റെ വിദ്യമോളെ കണ്ടു. മാതാപിതാക്കളെ നഷ്ടപ്പെട്ടു എന്ന സത്യം ഇന്നും ഈ കുരുന്ന് അറിയുന്നില്ല. ചോക്ലേറ്റുമായി വരുന്ന പപ്പയേയും നറുമുത്തവുമായി വരുന്ന മമ്മയേയും സ്വപ്നം കണ്ട് അവൾ സെഡേറ്റിവിന്റെ വീര്യത്തിൽ മയങ്ങി.

എന്തോ മനസിൽ ഒരു കനത്ത വിങ്ങൽ. കുളിച്ച് വൃത്തിയായി തിരികെ മുറിയിലെത്തി. മൊബൈൽ ഫോൺ പരതിയപ്പോൾ മേശപ്പുറത്തിരുന്ന പൊതിയിൽ കണ്ണുടക്കി. രോഗം ഭേദമായി മടങ്ങിപ്പോയ ഒരു വിദേശി നൽകിയതാണ്. തുറന്ന് നോക്കാൻ സമയം കിട്ടിയില്ല. മെല്ലെ പൊതി തുറന്നു. പതിനാല് ദിവസത്തെ ഏകാന്തവാസം കഴിഞ്ഞാണ് പൊതി കയ്യിലെത്തിയത്. വീര്യമുള്ള അണുനാശിനിയുടെ ഗന്ധം മൂക്കിലേക്ക് തുളച്ച് കയറി. ഒരു കത്തും ഒരു ഗോൾഡൻ ബ്രേസ്ലെറ്റും. കത്തിലൂടെ കണ്ണുകൾ പരതി. "Thanks, thanks a lot. Your sacrifice towards all humantiy is impressive. You all are the angles of God sent from heaven." എന്തോ ഈ വാക്കുകൾ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു.

കിടക്ക വിരിച്ചു അപ്പോഴേക്കും മൊബൈൽ ശബ്ദിച്ചു. വീട്ടിൽ നിന്നാണ്. 'അമ്മേ എന്താ വീട്ടിൽ വരാത്തേ?' വിദ്യ മോളുടെ ശബ്ദം. മോളെ എന്തൊക്കെയോ പറഞ്ഞ് ആശ്വസിപ്പിച്ചു. ചേട്ടനോട് അവളെ ആശ്വസിപ്പിക്കാൻ ചട്ടം കെട്ടി.ഫോൺ കട്ട് ചെയ്തു. എത്ര നാൾ ഇങ്ങനെ കഴിയേണ്ടി വരും. ഈശ്വരാ സർവ്വവും കാണുന്ന അങ്ങ് ഈ വിപത്തിൽ നിന്നും ഏവരേയും രക്ഷിക്കണേ.

കിടക്കവേ നാളെ പോകുന്ന പന്ത്രണ്ടാം നമ്പർ മുറിയിലെ അമ്മാമ്മയെ ഓർത്തു. എന്താ ഏതാ എന്നറിയാതെ മറ്റുള്ളവരെ കാണാനും പുറത്തിറങ്ങാനും ആഗ്രച്ച അമ്മാമ്മ നാളെ പോകുകയാണ്. എന്തോ ചെയ്തതിനൊക്കെ ഒരു ഫലമുണ്ടായി എന്ന ഒരു തോന്നൽ മനസ്സിനെ സ്പർശിച്ചു.

ഉറക്കം മാടി വിളിച്ചു. ഒപ്പം പോകാൻ ഒരുങ്ങിയപ്പോൾ എമർജൻസി അലാം മുഴങ്ങി. വീണ്ടും തയ്യാറായി വാർടിലേക്ക് പോയി. ഇരുപത്തി ഏഴാം നമ്പർ മുറിയിലെ അച്ഛൻ മരിച്ചിരിക്കുന്നു. മക്കൾ ഉപേക്ഷിച്ച ഈ പാവം ഒരു പിടി ഭക്ഷണം സന്തോഷമായി കഴിച്ചത് ഇവിടെ വന്ന ശേഷമാണ്. ഒരു കാലത്ത് നാടിനെ മുഴുവൻ കോരിത്തരിപ്പിച്ച ബിരിയാണിക്കയാണിതെന്ന് പറഞ്ഞാൽ ആരും ഞെട്ടും. പാവം മക്കളെ എന്നും തിരക്കും. മക്കൾ തിരിഞ്ഞു പോലും നോക്കില്ല. സുകൃതക്ഷയം അല്ലാതെന്തു പറയാൻ.

വന്നു കിടന്നു ഉറങ്ങി. ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു. ദൈവം ഇറങ്ങി വന്ന് ഏവരേയും സ്പർശിക്കുന്നു. രോഗം ഒന്നാകെ ഭേദമാകുന്നു. പൂക്കൾ വിടരുന്നു. പക്ഷികൾ ചിലയ്ക്കുന്നു. കുട്ടികൾ കളിക്കുന്നു. സന്തോഷമുള്ള ലോകം. ഉറക്കത്തിലും അവൾ ചിരിച്ചു.

ഇതാണ് ഓരോ ആരോഗ്യപ്രവർത്തകരുടെയും അവസ്ഥ. മാനവരാശിയുടെ നന്മക്കായി സ്വജീവിതം ത്യജിച്ച് പോരാടുന്ന മാലാകമാർക്കായി ഇത് ഞാൻ സമർപ്പിക്കുന്നു.

**ഇർഫാന എസ്**
X
ഗവ.വി.എച്ച്. എസ്.എസ്. ഇരവിപുരം
കൊല്ലം ഉപജില്ല, കൊല്ലം

# ഐക്യദീപം

കാലമേറെ പിന്നിട്ടു. ടെക്നോളജിയുടെ പിറകെ ഓടുന്ന കാലം. ഒരു ക്ലിക്കിൽ പലതും മാറ്റിമറിക്കാനുള്ള മനുഷ്യൻറെ കഴിവ് പലപ്പോഴും അപകടങ്ങളിലേക്ക് നയിച്ചിട്ടുണ്ട്. എന്നുവെച്ച് മനുഷ്യന്റെ മസ്തിഷ്ക വികാസത്തെ എതിർക്കാൻ ഒക്കുമോ? ഒരു ഞായറാഴ്ച ദിവസം തന്റെ ഒരു രോഗിയുടെ അസുഖത്തെ കുറിച്ചും ട്രീറ്റ്മെന്റിനെ കുറിച്ചും അസുഖത്തിൽ നിന്ന് ആ രോഗിയെ എങ്ങനെ റിക്കവറി ചെയ്തെടുക്കാമെന്നും ചിന്തിക്കുകയായിരുന്നു ഡോക്ടർ ധ്രുവ് പ്രകാശ്. പെട്ടെന്ന് ഒരു നിലവിളി കേട്ട് അദ്ദേഹം ഞെട്ടി. ശബ്ദം കേട്ട ഭാഗത്തേക്ക് പോയി. അദ്ദേഹത്തിന്റെ മകൻ, മൂന്നു വയസ്സുകാരൻ അർജുൻ ധ്രുവ്ന്റെ കയ്യിൽ നിന്നും മൂത്തമകൻ ആദിത് ധ്രുവ് മൊബൈൽഫോൺ വാങ്ങിച്ചതിനായിരുന്നു നിലവിളിച്ചത്. മക്കൾ രണ്ടുപേരുടെയും വഴക്കു തീർക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന് അത് സാധിച്ചില്ല. അർജുന് തന്റെ പ്രിയ കൂട്ടുകാരി ഡോറയുടെ കാർട്ടൂൺ കാണണം. ടിവിയിൽ കാണുന്നതിനേക്കാൾ മൊബൈൽഫോണിൽ കാണുന്നതാണ് അവന് താൽപര്യം. മൂത്തമകൻ ആകട്ടെ പബ്ജി കളിക്കാതിരിക്കാനും വയ്യ. എട്ടുവയസ്സുകാരനായ ഇവൻ ഈ കളിയിൽ നിന്നു തന്നെ തന്നെ ഭാവി സ്വപ്നം കണ്ടു തുടങ്ങി.

മിസ്സിസ് നിഷ ധ്രുവ് അടുക്കളയിൽ നിന്ന് ചായയുമായി വന്നിട്ട് ഭർത്താവിന് കൊടുത്തു. കരയുന്ന മകനെ നോക്കി നിഷ പറഞ്ഞു 'അർജൂ..... നിർത്തൂ. ഈ പപ്പയുടെ ഫോണിൽ നിന്നു കാർട്ടൂൺ കണ്ടോളൂ.' തന്റെ ഭർത്താവിനെ കയ്യിൽ നിന്ന് ഫോൺ വാങ്ങി മകന് കൊടുത്തു. മകന്റെ കരച്ചിൽ നിർത്താനായി മൊബൈൽ ഫോൺ കൊടുത്ത ഭാര്യയെക്കുറിച്ച് ആലോചിച്ചു. ചായ കുടിക്കുമ്പോൾ ആണ് ഡോക്ടർ പത്രം ശ്രദ്ധിക്കുന്നത്. തലക്കെട്ടിൽ ചൈനയിലെ വ്യൂഹാൻ സിറ്റിയിൽ രൂപം കൊണ്ട Covid-19 എന്ന വൈറസിനെ കുറിച്ചായിരുന്നു.

കുറച്ചു ദിവസങ്ങൾ കൊണ്ടുതന്നെ ഈ മാരക രോഗം പടർന്നു പിടിച്ചു കൊണ്ടിരിക്കുകയാണ്. തന്റെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗിയെ കുറിച്ച് ഡോക്ടർക്ക് ആശങ്കയുണ്ടായിരുന്നു. അപ്പോഴാണ് നേഴ്സ് ആ രോഗിയുടെ ടെസ്റ്റിംഗ് റിപ്പോർട്ടുമായി വന്നത്. ഡോക്ടർ റിപ്പോർട്ട് വാങ്ങി നോക്കി. സംശയിച്ചത് പോലെ തന്നെ Covid-19 സ്ഥിരീകരിച്ചിരിക്കുന്നു. അതുപോലെ അഞ്ച് രോഗികൾക്ക് കൂടി ടെസ്റ്റിംഗ് റിപ്പോർട്ട് ലഭിക്കാനുണ്ട്. ഡോക്ടർ രോഗികളെ കുറിച്ച

ആശങ്കയോടെ ആലോചിക്കുമ്പോഴാണ് മിസ്സിസ് നിഷയുടെ ഫോൺകോൾ വന്നത്. അപ്പോഴാണ് ഡോക്ടർ നാലുദിവസമായി വീട്ടിൽ പോയിട്ട് എന്ന് ഓർത്തത്. മക്കളെക്കുറിച്ച് ഓർത്തപ്പോൾ വല്ലാത്ത വിഷമം തോന്നി. ഡോക്ടർ ഫോൺ എടുത്തപ്പോൾ മകൻ അർജുനായിരുന്നു. 'ഹലോ പപ്പാ! പപ്പ എന്താ വീട്ടിൽ വരാതെ?' 'അർജൂ.... പപ്പയ്ക്ക് പേഷ്യന്റിനെ നോക്കണ്ടേ...' മറുപടിയായി ഡോക്ടർ പറഞ്ഞു. 'അല്ല പപ്പാ...ഇന്ന് ഞായറാഴ്ച്ച അല്ലേ, പപ്പ അല്ലേ പറഞ്ഞത് 'Sunday is Holyday' എന്ന്' അർജുൻ പറഞ്ഞു. അപ്പോഴാണ് ഡോക്ടർ കലണ്ടറിലേക്ക് നോക്കിയത്. ഓ ശരിയാണ്. ദിവസങ്ങൾ കടന്നു പോയത് പോലും അറിഞ്ഞില്ല. ഡോക്ടർ മകനോട് ചോദിച്ചു: 'ചേട്ടൻ എന്തെടുക്കുവാ?' 'ചേട്ടൻ ഫോണിൽ കളിക്കുവാ, ചേട്ടന് സ്കൂൾ പൂട്ടിയിരിക്കുകയാണ്. പപ്പ ഇടയ്ക്ക് കൈ 'hand wash' ഉപയോഗിച്ചു കഴുകണം, മാസ്ക് ധരിക്കണം' മകൻ ഓർമപ്പെടുത്തി. മകന് പപ്പയെ കുറിച്ചുള്ള ശ്രദ്ധയെ കുറിച്ചൊർത്ത് അഭിമാനം തോന്നി.

രണ്ട് ദിവസം കഴിഞ്ഞ് ഒരു രാത്രി അദ്ദേഹത്തിന് ക്ഷീണം തോന്നി. പുലർച്ചെ ആയപ്പോഴേക്കും തല വേദനയും പനിയും അനുഭവപ്പെട്ടു. അദ്ദേഹം ഉടനെ തന്നെ നേഴ്സിനെ വിളിച്ചു കാര്യം പറഞ്ഞു. നേഴ്സ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മറ്റൊരു ഡോക്ടറെ അറിയിച്ചു. പെട്ടതുതന്നെ ഡോക്ടർസ് പരിശോധനയ്ക്ക് വേണ്ടി നിർദ്ദേശം നൽകുകയും ഡോക്ടർ ധ്രുവ് പ്രകാശിനെ ഐസൊലേഷനിൽ മാറ്റുകയും ചെയ്തു. രണ്ടുദിവസം കഴിഞ്ഞ് ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചു. റിസൾട്ട് പോസിറ്റീവ് ആയിരുന്നു. ഡോക്ടർ ധ്രുവ് പ്രകാശിനോട് എങ്ങനെ ഈ കാര്യം പറയുമെന്ന ആശങ്കയിലായിരുന്നു ഡോക്ടർമാരും നഴ്സുമാരും. അപ്പോഴേക്കും ഡോക്ടർക്ക് ശ്വാസതടസ്സം അനുഭവപ്പെട്ടു. ഉടനെ ഓക്സിജൻ നൽകുകയും ചെയ്തു. ഇടയ്ക്കു ബോധം ഇല്ലാതായി കൊണ്ടിരുന്നു. ബോധം വരുമ്പോൾ ഡോക്ടർ മരണം മുന്നിൽ കണ്ടു. ഭാര്യയെയും മക്കളെയും കുറിച്ച് ഓർത്ത് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. പല ദിവസങ്ങളും ബോധമില്ലാതെ കടന്നുപോയി. ഡോക്ടറെ അടുത്തറിയാവുന്ന രോഗികൾക്കും മറ്റുള്ളവർക്കും വലിയ വിഷമമായി. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

പലരുടെയും രോഗം മാറ്റിയ ഒരു നല്ല ഡോക്ടർ ആയിരുന്നു ധ്രുവ് പ്രകാശ്. എന്തിന് കോവിഡ് ബാധകരെ പോലും രാപകലില്ലാതെ ശുശ്രൂഷിച്ച രക്ഷകൻ. അദ്ദേഹത്തിനു വേണ്ടി പലരും ദൈവത്തിന്റെ മുന്നിൽ കൈകൂപ്പി പ്രാർത്ഥിച്ചു.

എല്ലാവരുടെയും പ്രാർത്ഥന ദൈവം കേട്ടു. അദ്ദേഹം പതിയെ കണ്ണു തുറന്നു. ശരീരവേദനയും ശ്വാസ തടസ്സവും കുറഞ്ഞു തുടങ്ങി. അദ്ദേഹത്തിനുവേണ്ടി

തുറന്നുവെച്ച സ്വർഗ്ഗവാതിൽ കൊട്ടി അടച്ചു. പ്രാണവായു ശ്വസിക്കുമ്പോൾ ഇതുവരെ ലഭിക്കാത്ത ഒരു സുഖം ഡോക്ടർക്ക് അനുഭവപ്പെട്ടു. കുറച്ചു ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തിന് കോവിഡ് നെഗറ്റീവ് ആയി. ജീവൻ തിരിച്ചു നൽകിയ ദൈവത്തോടും മറ്റ് സഹപ്രവർത്തകരോടും നന്ദി പറഞ്ഞ് അദ്ദേഹം വീട്ടിലേക്ക് പോയി.

ഡോക്ടറെ കണ്ടപ്പോൾ ഭാര്യക്കും മക്കൾക്കും സന്തോഷമായി. ഡോക്ടറുടെ കണ്ണുകൾ നിറഞ്ഞു. മക്കളുടെ അടുത്തേക്ക് പോയ ഡോക്ടറോട് അർജുൻ പറഞ്ഞു; 'സ്റ്റോപ്പ് പപ്പാ.... ഒരു മീറ്റർ അകലെ നിൽക്ക്, കൈകൾ വാഷ് ചെയ്യൂ പപ്പ.' മകന്റെ ബാല്യസഹജമല്ലാത്ത നിഷ്കളങ്കത നിറഞ്ഞ സംസാരം കേട്ട് നിഷയും ആദിതും ചിരിക്കാൻ തുടങ്ങി. എന്നാൽ ഡോക്ടർ തന്റെ മകന്റെ ശ്രദ്ധയെ കുറിച്ച് ചിന്തിക്കുകയായിരുന്നു.

പിറ്റേന്ന് രാത്രി ജനങ്ങൾ ഐക്യത്തോടെ ദീപം തെളിയിക്കുമ്പോൾ ഡോക്ടർ ധ്രുവ് പ്രകാശവും കുടുംബവും അതിൽ ഒത്തുകൂടി. അവർ ലോകത്തിനു വേണ്ടി പ്രാർത്ഥിച്ചു.

എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യാൻ ഐക്യത്തോടെയുള്ള പ്രവർത്തനത്തിന് സാധിക്കും. പ്രതീക്ഷയുടെ 'ഐക്യ ദീപം' പ്രകാശം പരത്തി.

**സങ്കീർത്തന. വി .പി**
10 C
ജി .വി .എച് .എസ് .എസ് .എടയന്നൂർ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ



# കൊറോണക്കാലം

ആദ്യമാദ്യം എനിക്കും ചേച്ചിക്കും സന്തോഷമായിരുന്നു. ദിവസങ്ങൾ അങ്ങനെ പോകെ, ടീച്ചർമാരെയും കൂട്ടുകാരെയും കാണാൻ ആഗ്രഹം തോന്നിത്തുടങ്ങി. ഹോംവർക്കുകൾ ചെയ്യാൻ മനസും കയ്യും വെമ്പി. പപ്പ ഭയങ്കര ഗൗരവക്കാരനാണ്. ആ ഗൗരവമെല്ലാം അഭിനയമാണെന്നു ഞങ്ങൾക്ക് മനസിലാക്കിത്തന്നത് ഈ കൊറോണക്കാലമാണ്. ഞാനും ചേച്ചിയും ആവുംവിധം അമ്മയെ വീട്ടുജോലികളിൽ സഹായിച്ചു. പപ്പ ഇടയ്ക്കുവന്ന് സഹായിക്കുന്നതായി ഭാവിച്ചിട്ട്, വായിക്കാൻ സമയം കിട്ടാതെ വച്ച പുസ്തകങ്ങൾ വാശിയോടെ വായിച്ചു. അമ്മയും ചേച്ചിയും ഞാനും മുമ്പത്തെപ്പോലെ വീട്ടിൽ വരുന്ന ദിനപത്രം മാത്രം വായിച്ചു. ആദ്യം വാടിയത് അമ്മയുടെ മുഖമാണ്. ദിവസങ്ങൾ പോകെ, ചിലപ്പോഴൊക്കെ പപ്പയുടെ മുഖവും വാടുന്നതു കണ്ടു. 'പപ്പയോടു പലഹാരങ്ങളും ഓറഞ്ചും ആപ്പിളും കുറേ നാളേക്ക് ചോദിക്കരുത് കേട്ടോ!' എന്ന് അമ്മ രഹസ്യമായി പറയുംവരെയും ഞങ്ങൾക്ക് കാര്യത്തിന്റെ ഗൗരവം മനസിലായില്ല... ഈ ഞെരുക്കങ്ങൾക്ക് അയവുവരുന്നതുവരെ കടയിൽനിന്നു വാങ്ങുന്ന പലഹാരങ്ങളും പഴങ്ങളും പപ്പയോടു ചോദിക്കേണ്ട എന്ന് ഞാനും ചേച്ചിയും തീരുമാനിച്ചത് അങ്ങനെയാണ്. ഞങ്ങളുടെ രുചിയേറിയ അപേക്ഷകൾ ഈ സാഹചര്യത്തിൽ പപ്പയുടെ അസ്വസ്ഥതയ്ക്കു കാരണമാകുന്നുവെന്ന് മനസിലാകുകയായിരുന്നു. ഇന്ത്യ ലോക്ഡൗണിലായിട്ട് മൂന്നാഴ്ചയാവുന്നു. 'നമ്മുടെ മുഖ്യനും സർക്കാരും കാര്യങ്ങൾ നല്ലനിലയിൽ കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് ദുരിതങ്ങൾ പരമാവധി കുറയുന്നത് ' ഫോണിൽ വിശേഷം പറയുന്ന സുഹൃത്തുക്കളോടെല്ലാം പപ്പ പറയുന്നതു കേട്ടു. ഇന്നലെ വൈകുന്നേരമാണ് പ്രദീപ ടീച്ചർ വിളിച്ചത്. ഞങ്ങൾ ഓരോരുത്തരോടും ടീച്ചർ പ്രത്യേകം പ്രത്യേകം സുഖവിവരങ്ങൾ അന്വേഷിച്ചു. ഏറ്റവും കൂടുതൽ സന്തോഷിച്ചതു ഞാനാണ്. എന്റെ ക്ലാസ് ടീച്ചറാണു വിളിച്ചത്. അത്താഴം കഴിക്കാനിരിക്കുമ്പോൾ പപ്പ പറഞ്ഞു, 'ഈ സാഹചര്യത്തിൽ, ടീച്ചറുടെ സുഖമാണോ എന്ന ചോദ്യത്തിന് വെറും കുശലാന്വേഷണത്തിനപ്പുറം വലിയ അർത്ഥങ്ങളും മൂല്യങ്ങളുമുണ്ട്...' ഞങ്ങൾ മുഖമുയർത്തി പപ്പയെ നോക്കി. ആരെക്കുറിച്ചും അത്രപെട്ടെന്ന് നല്ലതു പറയാത്ത ആളാണ്. ഞങ്ങൾക്ക് അദ്ഭുതം തോന്നി. 'പപ്പാ...' ഞാൻ വിളിച്ചു. 'ഉം..?' പപ്പ എന്നെ നോക്കി. 'ഒന്നുമില്ല...' ഞാൻ പറഞ്ഞു.

**അധിൻ പി. എസ്.**
VB
ഗവണ്മെന്റ് യു. പി. എസ്. വെള്ളറട
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പൂട്ടിയിട്ട ഹൈമാസ്റ്റ് രാത്രി

നായകൾ ഓരിയിടുന്ന ലോക്ക് ഡൗൺ നഗരത്തിന്റെ രാക്കോലം. പേടിപ്പെടുത്തുന്ന വിജനത. ഇന്ന് വരെ കാണാത്ത തിളക്കമാണ് ഹൈമാസ്റ്റ് ലൈറ്റിന്. അങ്ങാടിയിലെ എന്റെ പുരയുടെ മച്ചിൽ നിന്നും നോക്കിയാൽ വിളക്കുമര വെട്ടത്തിൽ കാണാത്ത കവലക്കാഴ്ചകളില്ല. അപൂർവ്വം ചില വെളുത്ത മുഖംമൂടികൾ വേഗത്തിൽ പായുന്നുണ്ട്. അയൽപക്കത്തെ അപ്പുവിന്റെ അച്ഛൻ ബാലേട്ടൻ വന്നിട്ടുണ്ട്. അകലം പാലിച്ചാണെങ്കിലും എന്നും കോലായിയുടെ മുന്നിൽ വന്ന് നിൽക്കും. കിഴക്കേതലയിലെ നാലുംകൂടിയോടം നല്ലരസമാണ്. ഇപ്പോഴാണെങ്കിൽ എന്നെ ആരും കൊണ്ടുപോകാറുമില്ല. ഞാൻ ദിനവും തുള്ളിച്ചാടി നടന്നിരുന്ന നഗരം. കിഴക്കേതല കാണാനുള്ള എന്റെ കൊതി ഞാൻ ബാലേട്ടനോട് പറഞ്ഞു. 'നാളെ സന്ധ്യക്ക് വന്നിട്ട് കൊണ്ടുപോകാട്ടോ' അതും പറഞ്ഞ് ബാലേട്ടൻ സ്ഥലം വിട്ടു. അടുത്ത ദിവസത്തിനായി കൊതിച്ചു. വീട്ടുകാരൊക്കെയും സിനിമയിൽ മുഴുകിയിരിക്കും. ഈ പകലും കഴിയാറായി. കളിയും കഴിഞ്ഞു. മാനത്ത് മിന്നുന്ന താരങ്ങൾ തലപൊക്കിയതോടെ ബാലേട്ടൻ വന്നു. വീട്ടുകാരെല്ലാം ടി.വിക്കു മുന്നിലാണ്. കോലായിയിൽ കളിക്കുകയാണെന്ന് പറഞ്ഞ് ഞാൻ പതുക്കെ പുറത്തിറങ്ങി. ആദ്യമായി വിജനമായ വലിയ റോഡിലൂടെ രണ്ട് ചെറിയ മനുഷ്യർ ഉലാത്താൻ തുടങ്ങി. നടപ്പാതയുടെ നീളവും വീതിയും കൂടിയ പോലെ.അഴുക്കുചാലുകൾ വറ്റിവരണ്ടിട്ടുണ്ട്.ആർക്കും ശല്യമില്ലാതെ വവ്വാലുകൾ റോഡരികിലെ പൂവാകമരച്ചില്ലകളിൽ തൂങ്ങിക്കിടക്കുന്നുണ്ട്.ഏതോ കെട്ടിടത്തിന്റെ മുകളിൽ ഏതോ ഭാഷയിൽ ചില പിറുപിറുക്കൽ.പാലപ്പൂവിന്റെ മണം. അകലെ സഹ്യന്റെ മുകളിൽ തീകൊണ്ടുള്ള നീണ്ട വര. എന്റെ കയ്യിൽ ബാലേട്ടൻ മുറുകെ പിടിച്ചിട്ടുണ്ട്. ആരോ പിന്തുടരുന്നുണ്ടെന്ന് ബാലേട്ടന് സംശയമായി.ഒന്നും സംഭവിക്കില്ലെന്ന് ഉറപ്പുണ്ട്. ഇതെന്റെ നഗരമാണ്.ഇതിന്റെ നിറവും ഇരുട്ടും വെളിച്ചവും മണവും സ്വാദും ദുഖവും സന്തോഷവും എല്ലാം നുണഞ്ഞവനാണ് ഞാൻ. 'ആരെന്തൊക്കെ പറഞ്ഞാലും ഈ നഗരം കാണാതെ വീട്ടിലിരിക്കാൻ എന്നെ കിട്ടില്ല.' ബാലേട്ടൻ പറഞ്ഞു. രണ്ട് ടവറുകൾക്കിടെ വാവട്ടത്തിൽ തിളങ്ങുന്ന കിരീടം അപ്പോൾ ഞങ്ങളെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. രാവിലെ മുതലുള്ള അങ്ങാടി കാഴ്ചകൾ അയാൾ എനിക്ക് പറഞ്ഞു തന്നുകൊണ്ടേയിരുന്നു. വണ്ടിയൊച്ച കേൾക്കാതെ ഉണരുന്ന പ്രഭാതം. കോലാഹലങ്ങളെ ഗ്രാമത്തിലൊതുക്കിയ നഗരം നിശബ്ദമാണ് നിശ്ചലമാണ്. പാട്ടുകേട്ടും വ!ർത്തമാനം കൂടിയും നടന്നും ഇരുന്നും കൂട്ടംകൂടിയും ആരുമില്ല.

വ്യായാമക്കാരില്ല. കാത്തിരിപ്പുകേന്ദ്രത്തിൽ ഇരുന്നുറങ്ങാനുമാളില്ല. ചായക്കടയിലെ സിലിണ്ടർ പോലെയുള്ള സമാവറിൽ നിന്നുയരുന്ന ആവി തണുത്തുറഞ്ഞിരുന്നു. ഉമ്മറത്തും നടപ്പാതയിലും ചൂലിന്റെ പാതിവട്ടത്തിലുള്ള ഉരസൽപാടുകളില്ല. കുട്ടിപ്പർദ്ദയും തൊപ്പിയും പൂജാരിമാരും മൊല്ലാക്കമാരും പാൽക്കാരും മീൻകാരും ബംഗാളികളും ഓട്ടക്കാരും ഓട്ടോക്കാരും ആരും ഇല്ല.ഇടക്ക് വീട്ടിൽ പോയി പാത്തും പതുങ്ങിയും വീണ്ടുമെത്തുമെന്ന് ബാലേട്ടൻ പറഞ്ഞ് നിർത്തി.രാക്കാഴ്ചകൾ എത്ര സുന്ദരമാണ്. കടകളൊന്നുമില്ല. ഒച്ചപ്പാടില്ല. മാലിന്യമില്ല. ചപ്പുചവറുകൾ കത്തിക്കുന്നില്ല. ഖൂർക്കാസില്ല, ആരുമില്ല. ഞാനും ബാലേട്ടനും മാത്രം. ഒരു എ.ടി.എം. കേന്ദ്രവും മരുന്നു കടയും മാത്രമാണ് ഇത്രയും നടന്നിട്ടും കണ്ടത്. സമയം കുറെയായി. വീട്ടുകാരുടെ വിചാരം ഞാനിപ്പോഴും കോലായിയിലുണ്ടെന്നാവും. ബാലേട്ടന്റെ നടത്തത്തിന് വേഗം കൂടാൻ തുടങ്ങി. ഉമ്മറത്തെത്താം നേരത്ത് പൊടുന്നനെ ഒരു ജീപ്പ് വന്ന് നിർത്തി. കുറെ പേർ അതിൽ നിന്നും ചാടി ഇറങ്ങി. പിന്നാലെ ഒരു വലിയ വാനും എത്തി. ബാലേട്ടനോട് അതിൽ കയറാൻ പറഞ്ഞു. ഒച്ചപ്പാട് കേട്ട് എന്റെ അച്ഛനും അമ്മയും പുറത്തിറങ്ങി. ആരാ മോളേ അത്? ബാലേട്ടനാണല്ലോ അത്,അച്ഛൻ പറഞ്ഞു. വാനിനടുത്ത് പോയി എന്തൊക്കെയോ പറഞ്ഞ് അച്ഛൻ തിരിച്ചു വന്നു. എന്നെയും കൂട്ടി കിന്നരിച്ച് അന്നത്തെ രാവും കഴിയാറായി. ബാലേട്ടന്റെ കൂടെയുള്ള ഒരുപാട് കാണാക്കാഴ്ചകൾ കണ്ട് സുഖസുന്ദരമായി ഉറങ്ങി. പിറ്റേന്ന് കവലയിൽ പതിവില്ലാത്ത ആൾക്കൂട്ടം.ബാലേട്ടനെ കുറിച്ചാണ് ചർച്ച.ഒന്നും മനസ്സിലാകുന്നില്ല. ഒരു ജീപ്പ് വീണ്ടും എത്തി. ആശുപത്രിക്കാരാണത്. അച്ഛൻ അകത്തേക്ക് ഓടി വരുന്നുണ്ട്.'നോക്കൂ നമ്മുടെ ബാലേട്ടന് കോവിഡാണത്രെ.' നമ്മൾ അയോളോട് അകലം പാലിച്ചത് ഭാഗ്യമായി, അമ്മ പറഞ്ഞു. ഞാൻ ആകെ തരിച്ചു പോയി. പേടിച്ച് വിറച്ചു. എത്രയോതവണ എന്നോട് പറഞ്ഞതാണ് പുറത്ത് ആരോടൊപ്പവും കൂടരുതെന്ന്. തലേന്ന് രാത്രിയിലെ സുന്ദരചിത്രങ്ങൾ ഞൊടിയിടയിൽ ദുരന്തമായി. പേടിസ്വപ്നമായി. പാവം എന്റെ അച്ഛനും അമ്മയും... ഞാൻ കാരണം.....

**നെസിൽ കീടത്ത്**
VIA
ജി.എച്ച്.എസ് അലനല്ലൂർ
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# സ്നേഹസങ്കീർത്തനം

എത്ര നാളായി എന്റെ പൊന്നോമനയുടെ മുഖമൊന്നു കണ്ടിട്ട്... എത്ര നാളായി അവന്റെ നിറഞ്ഞ പുഞ്ചിരി ദർശിച്ചിട്ട് ... എന്നായിരിക്കും അവന്റെ കൊഞ്ചലുകളും പരിഭവങ്ങളുമൊക്കെ ഇനി ഒന്ന് കേൾക്കാൻ കഴിയുന്നത്? കൊറോണയും അതിന്റെ പ്രഭാവങ്ങളുമൊക്കെ ആറിത്തണുത്തിട്ടു വേണം അവനെ ഒന്ന് കാണാൻ പോകേണ്ടത്. പാവം! അവനാകെ വിഷമിച്ചിരിക്കുകയാവും. എന്തായാലും അവനാവശ്യപ്പെട്ടിരിക്കുന്ന ടോയ് കാർ ഇത്തവണ അവനു സമ്മാനിക്കണം. നഴ്സായതിനാൽ നിന്നുതിരിയാൻ നേരമില്ല. ലില്ലി ഇതൊക്കെയോർത്തു നിന്നപ്പോഴാണ് പുറകിൽ നിന്നാരോ തൊട്ടുവിളിക്കുന്നതായി അവൾക്കു തോന്നിയത്. തിരിഞ്ഞുനോക്കിയപ്പോൾ ഒരു ആൺകുട്ടി, അവന്റെ കയ്യിൽ ചുവന്ന ഇതളുകളുള്ള ഒരു കുഞ്ഞു റോസാപ്പൂവ്. ആ പൂവ് ലില്ലിക്കു നേരെ നീട്ടിയിട്ടവൻ പറഞ്ഞു. 'ആന്റി ഇതാ' എന്തിനാ മോനെ ഈ പൂവ് എനിക്ക് തന്നത്? ലില്ലി ചോദിച്ചു. 'ആന്റിയെക്കണ്ടാൽ എന്റെ മമ്മയെപ്പോലുണ്ട്. അതുകൊണ്ടാണ് ഈ റോസാപ്പൂവ് നൽകിയത്", അവൾ പുഞ്ചിരിച്ചുകൊണ്ട് അവനെ നോക്കി നിന്നു. മോന്റെ മമ്മയുടെ പേരെന്താ? അവൾ തിരക്കി. 'ക്രിസ്റ്റീനാ ജോർജ്' അവൻ മറുപടി നൽകി. ഈ പേര്... ഇന്നലെ കൊറോണ മരണങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ ഈ ക്രിസ്റ്റീനയും... അതെ അവർ തന്നെ. നീണ്ട വെളുത്ത തലമുടിയും ഇന്ദ്രനീല കല്ലുകൾ പോലെ തിളങ്ങുന്ന മിഴികളുള്ള ആ സുന്ദരി. ഈ കുട്ടി അവളുടെ മകനായിരുന്നോ? അവൾ ഓർത്തു ലില്ലി അവനോടു പേര് ചോദിച്ചു. 'ക്രിസ്റ്റഫ് ക്രിസ്റ്റഫ് ജോർജ്' പെട്ടെന്ന് സീനിയർ നഴ്സായ ഡെയ്സി അവിടേക്കു കടന്നുവന്നു . 'മോൻ ഇവിടെ നിൽക്കുകയാണോ? ആ കവറിങ്ങും മാറ്റിയോ? ഡോക്ടറങ്കിൾ വഴക്കു പറയുമെന്നറിയില്ലേ? പോ... പോയി അത് ധരിച്ചു ബെഡിൽ വിശ്രമിക്കൂ, ഡെയ്സി അവനോടു പറഞ്ഞു. 'എനിക്ക് വയ്യ ഇങ്ങനെ ഒറ്റയ്ക്ക് ഞാനും പോകാം മമ്മയുടെ അടുത്തേക്ക്...' അവന്റെ കുരുന്ന് കണ്ണുകളിൽനിന്ന് കണ്ണുനീർ പൊടിഞ്ഞു. 'അങ്ങനെ പറയാതെ മോനെ വിശ്രമിക്കുകയും കൃത്യ സമയത്തു മരുന്നുകഴിക്കുകയും ചെയ്താൽ മോന്റെ അസുഖമൊക്കെ ഭേദമാകും. മോൻ പോയി വിശ്രമിക്കൂ'. ഡെയ്സി അവനെ പറഞ്ഞുവിട്ടു. മുറിയുടെ നിഗൂഢ മായ ഏകാന്തതയിലേക്കു അവൻ നടന്നു നീങ്ങി. പാവം ഇവൻ രക്ഷപ്പെടാനുള്ള ചാൻസ് കുറവാണ്. ഈ അടുത്തൊരക്കൽ അവനു ശ്വസനസംബന്ധമായ ശസ്ത്രക്രിയ നടത്തിയിരുന്നു. അതാണ് കാരണം. പാവം കുഞ്ഞ്! ഡെയ്സി നെടുവീർപ്പിട്ടു. തന്റെ മകനെയായിരുന്നു ലില്ലി ആ കുട്ടിയിൽ കണ്ടത്. അവൾക്ക് ഒരുപാടു സങ്കടം തോന്നി. അവൾ അവിടെ നിന്ന് തന്റെ ഡ്രസ്സിങ് റൂമിലേക്കു ചെന്ന് മേശമേലിരുന്ന വിശുദ്ധ ബൈബിൾ തുറന്നു വായിച്ചു. അല്പം വായിച്ച പ്പോൾ തന്നെ മനസ്സ് തണുത്തു. കർത്താവെ... അവനൊന്നും സംഭവിക്കരുതേ... അവൾ ഉള്ളുരുകി പ്രാർത്ഥിച്ചു. അതിനുശേഷം അടുത്തുള്ള ഡ്യൂട്ടി വാർഡി ലേക്ക് അവൾ പോയി. 'അമ്മേ ഇപ്പോഴവിടെ എങ്ങനെയുണ്ട്? ഇവിടെയൊക്കെ ലോക്ക്ഡൗണാ, അമ്മ സുഖമായി ട്ടിരിക്കുന്നുവോ ടോയ് കാറിന്റെ കാര്യം മറക്കല്ലേ മറന്നാൽ ഞാനമ്മയോടു

പിണങ്ങും' മോന്റെ സംഭാഷണം കേട്ട് ലില്ലി ഒന്ന് ചിരിച്ചു. 'എന്റെ പൊന്നിന് വാങ്ങിച്ചു തരാം പോരെ, എനിക്കിവിടെ ഒരു കുഴപ്പവു മില്ല മോൻ ധൈര്യമായിരുന്നോ ലില്ലി ഉറപ്പു നൽകി, അത് മതി ഞാൻ വയ്ക്കുക യാണ് പിന്നീട് വിളിക്കാം.' അമ്മ ഫോൺ കട്ട് ചെയ്തോ. ലില്ലി ഫോൺ കട്ട് ചെയ്തു അപ്പോഴാണ് ഇന്നലെ കണ്ട കുട്ടിയെ അവൾ ഓർത്തത് അവനും ഒരു ടോയ് കാർ സമ്മാനമായി കൊടുക്കാം. തത്കാലം മോന് വാങ്ങി വച്ചിരിക്കുന്നത് ആ കുഞ്ഞിന് കൊടുക്കണം. മോന് പിന്നീട് വാങ്ങാം. അവൾ അത് അലമാരയിൽ നിന്ന് എടുത്തു മേശമേൽ വച്ചു. തന്റെ സുരക്ഷാകവചം അണിഞ്ഞതിനുശേഷം അവൾ ആശുപത്രിയിലേക്ക് പുറപ്പെട്ടു. ആശുപത്രിയിലെത്തിയ ലില്ലി ക്രിസ്റ്റഫ് കിടക്കുന്ന വാർഡിലേക്ക് പോയി. അവിടെ അവനെ കണ്ടില്ല. ഓ അവനെ പരിശോധനക്ക് കൊണ്ടുപോയിക്കാണും. അപ്പോഴാണ് അവളോർത്തത് 'അയ്യോ ടോയ് കാർ എടുക്കാൻ മറന്നു' അവൾക്കത് അന്നുതന്നെ കൊടുക്കണമെന്നു ള്ളതിനാൽ അവൾ മേലുദ്യോഗസ്ഥരോട് അനുവാദം ചോദിച്ചു വാങ്ങി ഹോസ്റ്റലി ലേക്ക് പോയി. അവൾ അവിടെയെത്തി തന്റെ റൂമിന്റെ താക്കോൽ സെക്യൂരിറ്റി യുടെ കയ്യിൽനിന്ന് വാങ്ങി റൂം തുറന്നു ഉള്ളിൽ കയറി. പെട്ടെന്ന് അവളുടെ ഹൃദയസ്പന്ദനം ഉയരുന്നതായി തോന്നി. മനസ്സിനൊരു സുഖക്കുറവ്, എന്തിന്റെ സൂചനയായിരിക്കുമിത്? അവൾ തിരുസ്വരൂപത്തിനു മുന്നിൽ മുട്ടുകുത്തി പ്രാർഥിച്ചു. 'എല്ലാം അറിയുന്ന ഉടയതമ്പുരാനെ... മരണങ്ങൾ കണ്ടു മടുത്തു മരവിച്ച മനസ്സാണെന്റേത്. ഇനിയും എത്ര മരണങ്ങൾ കാണാൻ ഇടയാകും എന്നും അറിയില്ല. എന്തുവന്നാലും സഹിക്കാൻ മനസ്സിന് ബലം നൽകണേ... കർത്താവെ'. പ്രാർഥനക്കുശേഷം മേശമേലിരുന്ന ടോയ്കാർ എടുത്തു അവൾ ആശുപത്രിയിലേക്ക് പോയി. അവിടെ മറ്റൊരു നേഴ്സ് വന്നു അവളോട് പറഞ്ഞു 'ഇന്നലെ മരിച്ചവരുടെ പേരുവിവരങ്ങൾ ഉടൻ നൽകാനായി ഡോക്ടർ നിർദേശിച്ചു ലില്ലി അതൊന്നു എഴുതിയെടുത്തു വരൂ' ശരി അവൾ മോർച്ചറിയിലേക്ക് പോയി. കുന്നുകൂടി കിടക്കുന്ന ശവങ്ങൾ അതിനു നടുവിൽ ജീവനുള്ള ശവമായി അവൾ നിന്നു. ഓരോ മൃതദേഹത്തിന്റെയും പേരുവിവരം അവൾ തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തി. അവൾ ചെറിയൊരു പൊതിക്കെട്ടിനരികിലെത്തി. പേരുവിവരം ഉയർത്തി വായിച്ചു. ഒരു നിമിഷം ആത്മാവ് അവളിൽ നിന്നും വേർപെട്ടു എന്നവൾ ക്കു തോന്നി. ശ്വാസമെടുക്കുവാൻ അവൾ മറന്നു ശരീരം മുഴുവൻ നിശ്ചലമായി ഭൂമി പിളർന്നു താഴെ പോയിരുന്നെങ്കിൽ എന്നവൾ കരുതി ആ പേരവൾ മെല്ലെ ഉരുവിട്ടു 'ക്രി... ക്രിസ്റ്റഫ് ജോർജ്, വയസ്സ് 8 ഇതവനാണ് അവൻ അവന്റെ അമ്മയു ടെ അരികിലേക്ക് പോയിരിക്കുന്നു. വീർപ്പു മുട്ടി നിന്ന ആ സങ്കടം അണപൊട്ടി ഒഴുകാൻ തുടങ്ങി ക്രിസ്റ്റഫ്... ക്രിസ്റ്റഫ് ജോർജ്....

**അക്ഷിത.ഡി.എസ്**
IX C
ഗവൺമെന്റ്. മോഡൽ.എച്ച്.എസ്.എസ്. വർക്കല
വർക്കല ഉപജില്ല, തിരുവനന്തപുരം

# ഗൗരിയുടെ ശുചിത്വലോകം

ആകസ്മികമായി വന്നുചേർന്ന അവധിക്കാലം നന്നായി ആഘോഷിക്കുകയാണ് ആറാം ക്ലാസ്സുകാരിയായ ഗൗരി. പരീക്ഷയൊക്കെ മാറ്റിവച്ചതിന്റെ സന്തോഷം പറയാനുണ്ടോ! മാത്രമല്ല കുറേ നാളുകൂടി അമ്മയേയും അച്ഛനേയും ഒത്തിരി നേരം കളിക്കാൻ കൂടെ കിട്ടുന്നത് ഇപ്പോഴാണ്. ആരോഗ്യവകുപ്പിൽ ലാബ് അസിസ്റ്റന്റായ പ്രതീപിന്റെയും ശോഭന ടീച്ചറുടെയും ഒറ്റമകളായ ഗൗരിയുടെ കളിക്കൂട്ടുകാരനാണ് അയൽപക്കത്തെ അഞ്ചാം ക്ലാസുകാരൻ അപ്പു. അവൻ പലപ്പോഴും കൃഷിക്കാരനായ അച്ഛനെ സഹായിക്കുന്ന തിരക്കിലായിരിക്കും.

പഴയ കഥാപുസ്തകത്തിന്റെ താളുകൾ മറിച്ചും മണപ്പിച്ചും നോക്കിക്കൊണ്ടിരിക്കെ ഗൗരിയുടെ അമ്മയുടെ വിളി വന്നു: 'ഗൗരീ ദാ ഉച്ച ഭക്ഷണം റെഡി'. പിന്നാലെ അതാ അച്ഛന്റെ ശബ്ദവും. 'ഗൗരി ഹാൻഡ് വാഷിട്ട് കൈ നന്നായി കഴുകണേ' നല്ല ഓറഞ്ചിന്റെ നിറവും മണവും ഉള്ള പുതിയ ഹാൻഡ് വാഷ് പൈപ്പിന്റെ അരികിൽ സ്ഥാനം പിടിച്ചിട്ട് കുറച്ച് ദിവസമേ ആയിട്ടുള്ളൂ. കൈകൾ നന്നായി കഴുകി ഭക്ഷണവും എടുത്ത് അവൾ ടിവിയുടെ അരികിലേക്ക് ഓടി. ഉച്ചഭക്ഷണത്തിനു ശേഷം അവൾ അച്ഛന്റെ മുറിയിലേക്ക് ചെന്നു. വാട്ട്സാപ്പിലെ പുതിയ വിശേഷങ്ങളിലൂടെ കണ്ണോടിച്ചുകൊണ്ട് കട്ടിലിൽ കിടക്കുകയാണ് അച്ഛൻ. 'അച്ഛാ എനിക്ക് ഒരു കഥ പറഞ്ഞ് തരാമോ?', അച്ഛന്റെ നെഞ്ചിൽ തല ചായ്ച്ചു കൊണ്ട് ഗൗരി ചിണുങ്ങി. 'മോളേ ,നീ വാർത്തകൾ ശ്രദ്ധിക്കുന്നുണ്ടോ? കോവിഡ് 19 എന്ന അസുഖം ലോകമാകെ പടരുകയാണ്. ഇന്ന് കേരളത്തിൽ മാത്രം 12 പുതിയ കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്'. അച്ഛൻ ആശങ്കയോടുകൂടി ഫോണിൽത്തന്നെ നോക്കിക്കൊണ്ടിരുന്നു. 'അതിന് നമുക്കെന്താ അച്ഛാ.' കൊറോണ അവൾക്ക് സമ്മാനിച്ച സന്തോഷകരമായ നിമിഷങ്ങളെ ആലോചിച്ച് കൊണ്ട് അവൾ കിടന്നു. 'മോളെ നീ ഇത് കണ്ടോ' ഫോണിലെ കൊറോണയുടെ ചിത്രത്തിലേക്ക് അച്ഛൻ അവളുടേ ശ്രദ്ധ ക്ഷണിച്ചു. കളിക്കുടുക്കയിലെ Mr. കീടാണുവിനെയാണ് അവൾക്ക് അപ്പോൾ ഓർമ്മ വന്നത്. 'എട്ടോളം വൈറസുകൾ ചേർന്ന ഒരു വൈറസ് കുടുംബമാണ് കൊറോണ വൈറസ്. ഒരു ജീവകോശത്തിനുള്ളിൽ മാത്രമേ അവക്ക് ജീവിക്കാൻ കഴിയൂ. നമ്മുടെ ആരോഗ്യവും ശുചിത്വവും പ്രതിരോധ ശേഷിയും കൊണ്ട് മാത്രമേ ഇത്തരം സൂക്ഷ്മാണുക്കളെ നേരിടാൻ പറ്റൂ. ആദ്യമായ് നമുക്ക് വേണ്ടത് വ്യക്തിശുചിത്വമാണ്. കൈകൾ എപ്പോഴും നമ്മൾ വൃത്തിആയി സൂക്ഷിക്കണം.' വിവിധ രീതിയിൽ കൈ കഴുകുന്ന ചിത്രങ്ങൾ അച്ഛൻ

ഫോണിൽ കാട്ടികൊടുത്തു. 'ഭക്ഷണം കഴിക്കുന്നതിന് മുമ്പും പിമ്പും വായും കൈകളും ശുചിയാക്കണം. നഖങ്ങൾ വളരാൻ അനുവദിക്കരുത്. കഴുകി ഉണക്കിയ വസ്ത്രങ്ങൾ ഉപയോഗിക്കുക. വീടിന് വെളിയിൽ ഇറങ്ങുമ്പോൾ ചെരുപ്പുകൾ ധരിക്കണം. പുറത്തെവിടെയെങ്കിലും യാത്ര പോകുമ്പോൾ ഒരു തൂവാല കയ്യിൽ പിടിക്കണം. അസുഖമുള്ളവരിൽ നിന്ന് അകലം പാലിക്കണം. നമ്മുടെ അപ്പുവിന്റെ കാര്യം തന്നെ നോക്കൂ. ചെരുപ്പിടാതെ കക്കൂസിലും തൊഴുത്തിലും വീട്ടിനകത്തും കേറി ഇറങ്ങി നടക്കുന്നു. വൃത്തി ആയി വസ്ത്രം ധരിക്കുന്നതിലും കൈകാലുകൾ വൃത്തി ആക്കുന്നതിലും അവൻ ശ്രദ്ധ കൊടുക്കാറേ ഇല്ല. അവനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല, മാതാപിതാക്കൾ വേണം കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്താൻ.' 'ജലദോഷവും ശ്വാസംമുട്ടും അവന്റെ കൂടെപ്പിറപ്പാണ് ' എന്ന അവന്റെ അമ്മയുടെ സ്ഥിര ഡയലോഗ് ഗൗരിക്ക് ഓർമ്മ വന്നു. 'അപ്പൊ അപ്പുവിനെ കൊറോണ പിടിക്കുമോ?' ഗൗരി ഭയപ്പോടെ ചോദിച്ചു. 'എന്നല്ല ഗൗരീ. വൃത്തി ഇല്ലായ്മ നമ്മുടെ പ്രതിരോധ ശേഷി കുറക്കും. അങ്ങനെയുള്ളവരെയാണ് പലപ്പോഴും പകർച്ചാവ്യാധികൾ പിടികൂടാറ്. വ്യക്തിശുചിത്വം മാത്രം പോരാട്ടോ പരിസര ശുചിത്വവും വേണം. എന്നും വീടിന്റെ അകവും പുറവും വൃത്തി ആക്കണം. മലിന ജലം കെട്ടികിടക്കുന്നത് തടയണം. നനഞ്ഞ വസ്ത്രങ്ങൾ വെയിലത്ത് നന്നായി ഉണക്കണം. പ്ലാസ്റ്റിക്കുകളും മറ്റ് ചപ്പു ചവറുകളും വലിച്ചെറിയരുത്.'...

പരിസര ശുചിത്വത്തെക്കുറിച്ച് പറഞ്ഞ് തുടങ്ങിയപ്പോഴേക്കും ഗൗരി ഉറക്കത്തിലേക്ക് വഴുതി വീണിരുന്നു. അവൾക്ക് ചുറ്റും വൈറസും ബാക്റ്റീരിയകളും മറ്റും തുള്ളികളിക്കുകയായിരുന്നു. അവൾക്ക് സുപരിചിതമായ സ്ഥലമായിരുന്നു അത്. എങ്കിലും അവിടുത്തെ മാലിന്യങ്ങൾ അവളെ നോക്കി കൊഞ്ഞനം കുത്തി. വഴിയരികിൽ കെട്ടികിടക്കുന്ന മലിന ജലത്തിലും വഴിയാത്രക്കാർ കാർക്കിച്ച് തുപ്പുന്ന കഫക്കെട്ടുകളിലും ചായക്കടയിൽ തുറന്നു വച്ച പലഹാരങ്ങളിലും കീടാണുക്കൾ പെറ്റു പെരുകിക്കൊണ്ടിരുന്നു. ക്രമേണ അവ വായുവിൽ ഉയർന്ന് ഒരു പന്തിന്റെ ആകൃതി കൈവരിച്ചു. അവക്ക് ചുറ്റാകെ കിരീടം പോലെ മുള്ളുകൾ മുളച്ചു വന്നു. പകർച്ചവ്യാധികൾ പടർത്തി മനുഷ്യവംശത്തെ തന്നെ ഇല്ലാതാക്കാൻ വന്ന പടയാളികളെപ്പോലെ അവ ഗൗരിക്കു നേരെ പാഞ്ഞടുത്തു. ഒരു ചൂലെടുത്ത് ഹാൻഡ് വാഷിലും സാനിറ്റൈസറിലും മുക്കി, കാർട്ടൂണിലെ സൂപ്പർ ഹീറോയെപ്പോലെ ഗൗരി കീടാണുക്കളുടെ നേർക്ക് എടുത്ത് ചാടി. അവളുടെ പുറകെ അപ്പുവും മറ്റു കുട്ടുകാരും മാസ്കുകൾ ധരിച്ച് അണി ചേർന്ന് കീടാണുക്കളെ തുരത്താൻ തുടങ്ങി.

'ശുചിത്വ കേരളം സുന്ദരകേരളം' എന്ന പ്ലക്കാർഡും പിടിച്ചു കൊണ്ടായിരുന്നു അവരുടെ വരവ്. കീടാണുക്കളെല്ലാം എങ്ങോട്ടെന്നില്ലാതെ പാഞ്ഞു. ജാക്കിയുടെ കുര കേട്ട് തിരിഞ്ഞ് നോക്കിയപ്പോൾ അവൾ ആഗ്രഹിച്ചതു പോലെ സുന്ദരമായൊരു കേരളം കാണാൻ കഴിഞ്ഞു. തൂവാല മറച്ച് തുമ്മുന്ന ആളുകൾ; പലഹാരങ്ങൾ സൂക്ഷിക്കാൻ ചില്ലലമാരകൾ ഉള്ള കടകൾ; ചപ്പുചവറുകളെല്ലാം ചവറ്റുക്കുട്ടയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. താനെന്തോ വല്ല്യ കാര്യം ചെയ്ത പോലെ ഗൗരിക്ക് തോന്നി. അവൾക്ക് അഭിനന്ദനങ്ങൾ അർപ്പിച്ച് കൊണ്ട് ജാക്കി അവളെ നോക്കി കുരക്കുന്നുണ്ടായിരുന്നു. ജാക്കിയുടെ ശബ്ദം ഉച്ചത്തിലായി.അവൾ ഞെട്ടിയുണർന്നു. ഇതെല്ലാം ഒരു സ്വപ്നമാണെന്ന് അവൾ തിരിച്ചറിഞ്ഞു. ജാക്കിയുടെ കുര വെളിയിൽ അപ്പോഴും കേൾക്കാമായിരുന്നു. പുറത്ത് നിന്നാരോ മുറ്റത്ത് വന്നു കാണും. സൂക്ഷ്മാണുക്കളുമായുള്ള പോരാട്ടവും വിജയവുമൊക്കെ ഒന്നു കൂടി ഓർത്തെടുക്കാനവൾ ശ്രമിച്ചു. സാനിറ്റൈസറിന്റെ ഗന്ധം അവളുടെ മുറിയാകെ നിറഞ്ഞു നിന്നു. അവൾ പതുക്കെ എഴുന്നേറ്റ് ഉമ്മറത്തേക്ക് ചെന്നു.

ഗൗരിയുടെ അച്ഛനും സുഹൃത്തും കൂടി സാനിറ്റൈസർ ഉണ്ടാക്കുന്നതിന്റെ തിരക്കിലാണ്. പരിഷത്ത് പ്രവർത്തിക്കുന്ന ചന്ദ്രൻ ഗൗരിയുടെ അച്ഛനെ സാനിറ്റൈസർ ഉണ്ടാക്കാൻ പഠിപ്പിക്കുകയായിരുന്നു. ഗൗരി വളരെ കൗതുകത്തോടെ അത് നോക്കി നിന്നു. (75 മില്ലിഗ്രാം) ഒരു ചെറിയ പ്ലാസ്റ്റിക് ബക്കറ്റിൽ ഐസോ പ്രൊപ്പൈൽ ആൽക്കഹോൾ (75 മില്ലിഗ്രാം), ഗ്ലിസറോൾ (10 മില്ലിഗ്രാം), ഹൈഡ്രജൻ പെറോക്സൈഡ് (5 മില്ലിഗ്രാം) ഡി സ്റ്റിൽഡ് വാട്ടർ (10 മില്ലിഗ്രാം) എന്നിവ ഒഴിച്ച് അച്ഛൻ നന്നായി ഇളക്കി. എന്നിട്ട് ഇഞ്ചി പുൽത്തൈലം, ഓറഞ്ച് ഫ്ളേവർ, ലെമൺ ഫ്ളേവർ എന്നിവയിൽ അച്ഛനിഷ്ടപ്പെട്ട ഓറഞ്ച് ഫ്ളവേർ എടുത്ത് അച്ഛൻ ഓറഞ്ചിന്റെ നിറവും മണവും ആ സാനിറ്റൈസറിന് നൽകി. സമീപത്തുള്ള 10 വീടുകളിൽ സാനിറ്റൈസർ ഉണ്ടാക്കി കൊടുക്കാനുള്ള ചുമതല അച്ഛനെ ഏൽപ്പിച്ചിട്ട് ചന്ദ്രൻ മാമൻ പോയി.

ശുചീകരണ പ്രവർത്തനത്തിന് തയ്യാറായിരിക്കുന്ന രാസവസ്തുക്കളുടെ കിറ്റുകൾ ഗൗരിക്ക് വീണ്ടും ഊർജ്ജം പകർന്നു. അച്ഛനെ പോലെ തന്നെ തനിക്കും നമ്മുടെ പ്രദേശത്തെ ശുചീകരിക്കാനും കുറച്ചു പേരിലെങ്കിലും ശുചിത്വ ബോധം വളർത്താനും വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് അവൾ ഉറപ്പിച്ചു. ഉടൻ തന്നെ ഒരു ബോട്ടിൽ സാനിറ്റൈസർ എടുത്ത് കൊണ്ട് അവൾ അപ്പുവിന്റെ വീടിനു നേരെ പാഞ്ഞു. തന്റെ സ്വപ്നത്തിൽക്കണ്ട മലിനപ്രദേശം പോലെ തോന്നി അപ്പുവിന്റെ വീടും പരിസരവും. തൊഴുത്തിന് ചുറ്റും ഗോമൂത്രം കെട്ടി കിടന്നിരുന്നു. തെങ്ങിൻതോപ്പിൽ ഒരു ട്രൗസറ് മാത്രം അണിഞ്ഞ് പശുവിനെ കുളിപ്പിക്കാൻ

സഹായിക്കുകയായിരുന്നു അപ്പു. നിലത്ത് നിരത്തിയിട്ട പച്ചക്കറികൾ അഴുക്കുപുരണ്ട ചാക്കിലേക്ക് അരിഞ്ഞിട്ടുകൊണ്ട് അടുക്കളയിൽ ഇരിക്കുകയാണ് അപ്പുവിന്റെ അമ്മ. ഗൗരിയെ കണ്ടപ്പോൾ തന്നെ ഒലിച്ചിറങ്ങിയ മൂക്കള ട്രൗസറിൽ തേച്ചു കൊണ്ട് അവൻ ഗൗരിയുടെ അടുത്തേക്ക് ഓടി വന്നു. അവന്റെ ദേഹത്തെ ചാണകത്തിന്റെ നാറ്റം ഗൗരിയെ അസ്വസ്ഥയാക്കി. ഗൗരിയുടെ കയ്യിലെ കുപ്പിയിൽ അവൻ കൗതുകത്തോടെ നോക്കി.

'ഗൗരി ചേച്ചീ.. എന്താ ഇത്? നല്ല മണം!'

'ഇതാണ് സാനിറ്റൈസർ. ഇത് കീടാണുക്കളെ തടയും. പിന്നെ ഈ വൃത്തിയില്ലായ്മ നിന്റെ പ്രതിരോധ ശേഷി കുറയ്ക്കും. അതുകൊണ്ട് നീ ഇനിമേലിൽ വൃത്തി ഇല്ലാതെ നടക്കരുത്. വീടിന് വെളിയിൽ ഇറങ്ങുമ്പോൾ ചെരുപ്പുകൾ നിർബന്ധമായും ധരിക്കണം. പിന്നെ ,ഈ പൊട്ടിയ പാത്രങ്ങളിലും മറ്റും വെള്ളം കെട്ടികിടക്കുന്നത് തടയണം കേട്ടോ' .... ഇങ്ങനെ ഓരോ തെറ്റുകളും ചൂണ്ടികാണിച്ച് അവൾ അവനെ ഉപദേശിച്ചു. അവൾ കണ്ട സ്വപ്നം അവനെയും ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്തു. അവനും ഒരു ഹീറോ ആയതു പോലെ തോന്നി. അവളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് തന്റെ ശീലങ്ങളിൽ ചില മാറ്റങ്ങൾ വരുത്താൻ അവൻ തീരുമാനിച്ചു. ചെരുപ്പിട്ടു, ഗോമൂത്രം കെട്ടിക്കിടക്കുന്നത് തടയണമെന്ന് അവൻ അച്ഛനോട് ആവശ്യപ്പെട്ടു. അവൻ അച്ഛനോടും അമ്മയോടും ഗൗരിയുടെ വാക്കുകൾ പങ്കിട്ടു.

തിരിച്ച് വീട്ടിലേക്ക് നടക്കുമ്പോൾ അപ്പുവിന് നൽകിയ നിർദേശങ്ങളും സാനിറ്റൈസർ ഉണ്ടാക്കുന്ന വിധവും തന്റെ കൂട്ടുകാർക്കെല്ലാം വാട്സാപ്പ് ചെയ്യണമെന്ന് ഗൗരി മനസ്സിൽ ഉറപ്പിച്ചു. ഉമ്മറത്തെത്തിയപ്പോൾ തറയിൽ നിരത്തി വച്ച സാനിറ്റൈസർ കുപ്പികൾ അവളെ നോക്കി അഭിമാനത്തോടെ ചിരിക്കുന്നുണ്ടായിരിന്നു. അഭിനന്ദനം അർപ്പിക്കുകയാണെന്ന പോലെ ജാക്കി അവളെ നോക്കി കുരച്ചു.

താനൊരു ഇമ്മിണി വല്ല്യ കാര്യമാണ് ചെയ്തതെന്ന് അവൾക്ക് തോന്നി... 'ജാഗ്രത' അവൾ സ്വയം പറഞ്ഞു.

**സാഹിതി. ബി. എസ്**
VI A
ഗവൺമെൻറ്, എച്ച്.എസ്. എസ് അയിരുപ്പാറ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# പുതിയ വില്ലൻ മുളപൊട്ടുന്നു...

തെളിഞ്ഞ ആകാശം. സൂര്യഭഗവാൻ തെളിഞ്ഞു ഗമയിൽ മാനത്തുനിന്ന് ജ്വലിക്കുന്നു. 'ഓടെടാ, സമയമായി' കനാലിനു മേലെയുള്ള പാലത്തിലൂടെ അപ്പുവും കൂട്ടരും ഓടുകയാണ്. സ്കൂളിലേക്കാണ് ഓട്ടം. അപ്പു പറഞ്ഞു, 'എടാ, ഇന്ന് വെള്ളിയാഴ്ചയാണ്. നേരത്തെ ബെല്ലടിക്കും.' 'ഓ! ഒടുക്കത്തെ ഒരു പരീക്ഷ' കൂട്ടുകാരനായ വില്യം പറഞ്ഞു. അങ്ങനെ ഓടിയോടി അപ്പുവും കൂട്ടരും സ്കൂളിലെത്തി. അപ്പോഴേക്കും ഫസ്റ്റ് ബെല്ലടിച്ചു. അവർ ഓടി പരീക്ഷറൂമുകളിലെ ക്രമനമ്പർ അനുസരിച്ച് പേപ്പറും പേനയുമായി ഇരുന്നു. അപ്പു ഒരു പരുങ്ങലോടെയാണ് ബെഞ്ചിലിരുന്നത്. 'എടാ അപ്പു, ഇന്ന് ബയോളജിയാ. കുറച്ചൊക്കെ ഞാൻ നോക്കി. എന്നാലും നീ പതുക്കെ പേപ്പർ ചരിച്ച് ഒന്നു കാണിച്ചുതരണം' അനു പറഞ്ഞു. 'ഇവിടെ ഞാനേ ഒന്നും പഠിച്ചില്ല. നോക്കട്ട്' അപ്പു ധിറുതിയിൽ പറഞ്ഞു. ഗിരീഷ് സാറായിരുന്നു ക്ലാസ്സിൽ വന്നത്. ചോദ്യപേപ്പർ കൈയിൽ കിട്ടി. അപ്പു വായിച്ചു നോക്കി. അവന് ചോദ്യങ്ങൾ എളുപ്പമായിത്തോന്നി. താൻ ഉദ്ദേശിച്ച ചോദ്യങ്ങളെല്ലാം വന്നു. ഒരു യുദ്ധം അവസാനിച്ചതുപോലെ അപ്പു പരീക്ഷ എഴുതി. കൂട്ടുകാരും അപ്പുവിന്റേന്ന് നോക്കി എഴുതി. പക്ഷെ അപ്പു സ്വാർത്ഥനാ! എല്ലാമൊന്നും കാണിച്ചുകൊടുക്കില്ല. തന്നേക്കാൾ മാർക്കു വാങ്ങിച്ചാലോ. അതിനാ! 'എന്തായാലും ഇനി നാലു പരീക്ഷ കൂടിയേയുള്ളൂ' അപ്പു പറഞ്ഞു. 'ഇതൊന്നു കഴിഞ്ഞിട്ടുവേണം വെക്കേഷൻ ഒന്ന് അടിച്ചു പൊളിക്കാൻ' വില്യം പറഞ്ഞു. 'അടുത്ത് പത്തിലാ. ഓ, അതോർക്കുമ്പോഴാ തലകറക്കം' അനു പറഞ്ഞു. 'അതിനല്ലേ വെക്കേഷൻ. എത്രവേണോ കളിച്ചു കൂത്താടാമല്ലോ' വില്യം പറഞ്ഞു. 'നമുക്ക് ക്ലബ്ബ് ഒന്നുഷാറാക്കണം. മത്സരങ്ങൾ വയ്ക്കണം. അംഗങ്ങൾ കൂട്ടണം. ക്ലബ്ബ് ഉദ്ഘാടനം ഉടനെ വേണം.' അപ്പു പറഞ്ഞു.

അങ്ങനെ കുശലം പറഞ്ഞുപറഞ്ഞു വീടെത്തി. ക്ലബ്ബിന്റെ സ്വപ്നവുമായി അപ്പു നടന്നു. ഒരു പരീക്ഷ കൂടി കഴിഞ്ഞു. ഇനി മൂന്നെണ്ണം. അപ്പു തന്റെ ആഗ്രഹങ്ങളെ നെഞ്ചിലേറ്റി നടന്നു. വെക്കേഷന് നാട്ടിൽ പല പ്രാവശ്യം ലക്ഷ്മിയും കുടുംബവും വന്നിട്ടുണ്ട്. അപ്പുവിന്റെ അടുത്ത കൂട്ടുകാരിയാണ് ലക്ഷ്മി. രണ്ടുപേരും വലിയ ഇഷ്ടത്തിലാണെന്നു വേണമെങ്കിൽ പറയാം. വെക്കേഷനിലാണ് അവർ കണ്ടുമുട്ടുന്നത്. അപ്പു വലിയ സന്തോഷത്തിലാണിപ്പോൾ.

എന്നാൽ ആ സന്തോഷത്തിനിടയിൽ ഒരു വില്ലൻ പ്രത്യക്ഷപ്പെട്ടു. അത് സിനിമയിൽ കാണുന്നതരം വില്ലനായിരുന്നില്ല, വൻഭീകരനായിരുന്നു. ലോകം തന്നെ അവന്റെ മുൻപിൽ മുട്ടുമടക്കി. അങ്ങനെ അവൻ എല്ലാവരിലേയും കണ്ണിലെ കരടായി മാറി. അവന്റെ വരവോടെ അപ്പുവിന്റെ ആഗ്രഹങ്ങൾ തകിടം മറിഞ്ഞു. അങ്ങനെയിരിക്കെ ടി.വിയിൽ ഒരു ബ്രേക്കിംഗ് ന്യൂസ് കാണിച്ചു.

'സ്കൂൾ പരീക്ഷകൾ റദ്ദാക്കി!; സംസ്ഥാനത്താകെ ലോക്ഡൗൺ' ഇതായിരുന്നു ആ വാർത്ത. അപ്പുവിന് കാര്യം മനസ്സിലായില്ല. അവൻ അച്ഛനോട് ചോദിച്ചു

മനസ്സിലാക്കാൻ ശ്രമിച്ചു. ഇതൊക്കെ സംഭവിച്ചത് ആ വില്ലൻ കാരണമായിരുന്നുയെന്ന് അവൻ മനസ്സിലാക്കി.ആ വില്ലന്റെ പേര്: വൈറസ്. കൊറോണ വൈറസ് . അവൻ ചിന്തിച്ചു. വൈറസിനെപ്പറ്റി അവൻ ബയോളജിയിൽ പഠിച്ചിട്ടുണ്ട്. എന്നാലും വൈറസ് എന്ന ജീവി എത്ര അപകടകാരിയായിരുന്നുവെന്ന് അന്ന് അപ്പുവിനറിയില്ലായിരുന്നു. അവന്റെ മനസ്സ് വിങ്ങിപ്പൊട്ടി. കൂട്ടുകാരും കരഞ്ഞു. അപ്പു പറഞ്ഞു, 'ഒരു പീക്കിറി വൈറസ് മതിയല്ലെടേ, നമ്മളെ കിനാവിനെ തകർക്കാൻ' അവർ പൊട്ടിക്കരഞ്ഞു.

രാത്രി എല്ലാവരും ആകാംഷയോടെ ന്യൂസ് ചാനൽ കാണുന്നു. കൂടെ അപ്പുവും. ലോക്ക്ഡൗൺ എന്നുവച്ചാൽ STAY AT HOME എന്നതാണെന്ന് അപ്പു മനസ്സിലാക്കി. ശരിക്കും പറഞ്ഞാൽ ഒരിടത്തും ഇനി പോകാൻ പാടില്ലായെന്ന്. 'വിമാനസർവ്വീസുകൾ ഇന്ത്യ നിർത്തി' എന്ന വാർത്ത അപ്പുവിനെ പിടിച്ചുകുലുക്കി. അവൻ ലക്ഷ്മിയെ ഓർത്തു. അവളെ, ഒന്നു കാണാൻ പോലുമാകുന്നില്ല എന്ന ആവലാതിയാണ് അപ്പുവിന്. രാവിലെ വില്യമിന്റെ വീട്ടിൽ പോകാൻ അപ്പു ഒരുങ്ങി. അപ്പോഴിതാ അച്ഛൻ അപ്പുവിനെ പുറത്തിറങ്ങാൻ അനുവദിക്കുന്നില്ല. അവൻ അച്ഛനോട് ചൂടായി സംസാരിച്ചു, ഇതുവരെ അങ്ങനെ അച്ഛനോട് സംസാരിച്ചിട്ടില്ല അപ്പു. പക്ഷെ ഇന്ന്... അവൻ ചങ്കുപൊട്ടിക്കരഞ്ഞു. വീട്ടിൽ കുത്തിയിരുന്നു മുഷിഞ്ഞു. ടിവി, മൊബൈൽ മനസ്സാകെ താളംതെറ്റി. അങ്ങനെയിരിക്കെ ഏവരെയും ഞെട്ടിച്ചുകൊണ്ട് ആ വാർത്ത വന്നു. 'അമേരിക്ക എന്ന വൻമരം വീഴുന്നു' അപ്പുവിന് ഒന്നും മനസ്സിലായില്ല. എല്ലാവരും ന്യൂസ് ചാനലിന്റെ മുൻപിൽ കുത്തിയിരുന്നു. കൊറോണ വൈറസ് ലോകത്താകെ പടർന്നുപിടിക്കുന്നു. അമേരിക്കയിൽ കൊറോണ വൈറസ് ബാധിച്ച് ആയിരങ്ങൾ മരിച്ചുവീഴുന്നു. അപ്പു നെഞ്ചിൽ കൈവച്ചു പറഞ്ഞു, 'ദൈവമേ, ലക്ഷ്മി' അമ്മ പറഞ്ഞു, 'അമേരിക്കയുടെ കാര്യമേയിങ്ങനെ, അപ്പോ നമ്മടേതോ?' 'അതെ, ഇത്രയും സാമ്പത്തികവും ആരോഗ്യരംഗത്തെ സൗകര്യങ്ങളും ഉണ്ടായിട്ടും അമേരിക്ക വീണു. അപ്പോ നമ്മളോ?' വല്ല്യച്ഛൻ പറഞ്ഞു. ആകെ അങ്കലാപ്പിലായി എല്ലാവരും. 'ദേ, സുരേഷും കുടുംബവും അമേരിക്കയിലല്ലേ?' അച്ഛൻ പറഞ്ഞു. 'ങ്ഹാ, ശരിയാ. ഇവിടെ വന്ന് വല്ല്യ പൊങ്ങച്ചം അടിക്കുമല്ലോ അവൻ. പറയുന്നത് കേട്ടാ, അമേരിക്ക അവന്റെ അപ്പന്റെ സ്ഥലമെന്നല്ലേ വിചാരം. ചാവട്ടെ 'വല്ല്യമ്മ ദേഷ്യത്തോടെ പറഞ്ഞു.' അതേന്നേ. കാശുണ്ടാക്കാൻ പോണതല്ലേ, അങ്ങ് അമേരിക്കയില് . അവനൊക്കെ അങ്ങനെ തന്നെ വേണം.' വല്ല്യച്ഛനും വല്ല്യമ്മേടെ കൂടെ നിന്നു. 'അതേ, ഇന്ത്യ എന്ന് കേക്കണത് തന്നെ അവന് പിടിക്കൂല. പന്നെ അവൻ ഇവിടെ വരണത് തന്നെ ആ കുട്ടീടെ ശാഠ്യം കാരണാ.' അമ്മ പറഞ്ഞു. ഇതൊക്കെ കേട്ടപ്പോൾ അപ്പുവിന് വലിയ സങ്കടം വന്നു. അങ്ങനെ വീട്ടിൽ കൃഷി ചെയ്തും ടി വി കണ്ടും രണ്ടുമൂന്ന് പുസ്തകം വായിച്ചും നാളുകൾ തള്ളി നീക്കി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഇന്ത്യയെയും കോവിഡ് എന്ന വില്ലൻ കാർന്നു തിന്നുവാൻ തുടങ്ങി. അമേരിക്ക മാത്രമല്ല എല്ലാ രാജ്യങ്ങളെയും കോവിഡ് പിടിച്ചു കുലുക്കാൻ തുടങ്ങി. വീട്ടിലിരുന്ന് ആകെ മുഷിഞ്ഞ് ദിനക്രമമാകെ തെറ്റി.

റോഡിലിറങ്ങുന്നവരെ പൊലീസ് വിരട്ടിയോട്ടിച്ചു. അപ്പുവിനും കൂട്ടുകാർക്കും ആകെപ്പാടെ 'വൈറസ്' എന്ന ജീവിയോട് വെറുപ്പായി.

'നശിച്ച ഒരു വൈറസ്.'

'ഇത്രയൊക്കെയുള്ളു ഒരു മനുഷ്യൻ.' എന്നൊക്കെ കൂട്ടുകാർ പറയാൻ തുടങ്ങി. അപ്പു ഇടയ്ക്കിടെ ന്യൂസ്ചാനൽ ഇട്ടു നോക്കും, ലക്ഷ്മിക്കു വല്ലതും പറ്റിയോന്ന് നോക്കാൻ. അങ്ങനെയിരിക്കെ ഒരു ദിവസം ന്യൂസ് കണ്ടു കൊണ്ടിരിക്കെ കരൾ നൊമ്പരപ്പിക്കുന്ന ഒരു വാർത്ത വന്നു. 'അമേരിക്കയിൽ കോവിഡ് ബാധിച്ച് 4 മലയാളികൾ മരിച്ചു.' അപ്പു ചങ്കിടിപ്പോടെ മരിച്ചവരുടെ പേരുകൾ തിരക്കി. പാവം! മരിച്ച നാലുപേരിലൊരാൾ അപ്പുവിന്റെ ലക്ഷ്മിക്കുട്ടി ആയിരുന്നു. അപ്പു ഓടിച്ചെന്ന് റൂമടച്ചിരുന്ന് കരഞ്ഞു. പൊട്ടിക്കരഞ്ഞു. ലക്ഷ്മിക്കുട്ടിയുടെ മരണത്തോടെ നാട്ടിലെ എല്ലാ ആളുകൾക്കും ജീവനിൽ കൊതിതോന്നി. ഭയം തോന്നി. പലരും പ്രാർത്ഥനയിൽ മുഴുകി. പക്ഷേ, അച്ഛൻ മാത്രം തളർന്നില്ല. അപ്പു പേടിച്ചുകരഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു.

'നീ പേടിക്കണതെന്തിനാ? അമേരിക്കയോ, ഇറ്റലിയോയല്ല ഇന്ത്യ. പ്രത്യേകിച്ച് നമ്മുടെ കേരളം. പിന്നേ നിപ വന്നപ്പോൾ നെഞ്ചുയർത്തിനിന്നവരാണ് നമ്മൾ. പിന്നയാ ഈ കൊറോണ.' 'എന്നാലും എന്റെ ലക്ഷ്മിക്കുട്ടി.' അപ്പു കരഞ്ഞുകൊണ്ട് പറഞ്ഞു. 'ടാ, ലക്ഷ്മിയേ പോലെ എത്രയോ പിഞ്ചുകുഞ്ഞുങ്ങൾ മരിച്ചു വീഴുന്നു. പിന്നെ എത്രയോ ഡോക്ടർമാരും നഴ്സുമാരും തന്റെ ജീവൻ ഇതിനുവേണ്ടി ദാനം നൽകുന്നു. നീ പേടിക്കണ്ട, നാം ഇതിനെ അതിജീവിക്കും.'

അപ്പുവിനെ അച്ഛൻ പറഞ്ഞു സമാധാനിപ്പിച്ചു. അച്ഛൻ പറഞ്ഞതുപോലെ നമ്മുടെ കൊച്ചുകേരളം നിഷ് പ്രയാസം കോറോണ എന്ന വില്ലനെ വേരോടെ പിഴുതുകളഞ്ഞു. എന്നാൽ പല വികസിതരാജ്യങ്ങളെയും ആ വില്ലൻ ആകെ തകർത്തു.

അങ്ങനെ 'LOCK DOWN' എന്നത് മാറി എല്ലാവരും സന്തോഷത്തോടെ കഴിഞ്ഞു. അപ്പുവും കൂട്ടരും അവരുടെ സ്വപ്നമായ ക്ലബ്ബ് ഉദ്ഘാടനം ചെയ്യുകയും കളികൾ കളിച്ച് രസിക്കുകയും ചെയ്തു. പക്ഷേ ലക്ഷ്മിക്കുട്ടിയില്ലല്ലോ എന്ന ദുഃഖം മാത്രം അപ്പുവിന്റെ മനസ്സിൽ കിടന്നു. ആ ദുഃഖം അവനെ എത്തിച്ചത് ഉയരങ്ങളിലേക്കാണ്. ആ ദുഃഖത്തിൽ പിടിച്ചു തൂങ്ങിക്കയറിയ അപ്പു ഇന്ന് ലോകം അറിയുന്ന ഡോക്ടറാണ്. എന്നാൽ വീണ്ടും ഒരു വൈറസ് വില്ലൻ പ്രത്യക്ഷപ്പെടുമോ? അതും ലോകം കാത്തിരിക്കുന്നു...

**ആഭിജിത്ത് കെ ആർ**
IX D
ഗവ. എച്ച്. എസ്സ്. പ്ളാവൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# യന്ത്രമനുഷ്യൻ

ദുബായിലെ വിജനമായ വീഥി. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ജോൺ തന്റെ നാടിന്റെ ഓർമ്മയിൽ വീണുപോയി. ശാന്തമായ പാലക്കാടൻ കാറ്റേറ്റ് പച്ച പുതച്ച് താഴ്‌വാരങ്ങളിൽ തല ചായ്ച്ച് ഉറങ്ങുന്ന ചെറിയ പട്ടണം. പള്ളിപ്പെരുന്നാളിനും ക്ഷേത്രത്തിലെ ഉത്സവത്തിനും ഒരുപോലെ സഹകരിക്കുന്ന ജനങ്ങൾ. നാട്ടിൽ എന്താവശ്യമുണ്ടെങ്കിലും വാർഡ്മെമ്പർ കണാരേട്ടൻ ഫോണിന്റെ ബട്ടൺ ഞെക്കി ജോണിനെ വിളിക്കും. 'ജോണേ,... പള്ളിപ്പെരുന്നാളിന് കാര്യായിട്ടെന്തെങ്കിലും വേണം. നാട്ടില് പാലം പണിയാൻ...' ഇങ്ങനെ നീളും ആവശ്യങ്ങൾ. അതിനെല്ലാം താൻ പണം കൊടുത്തിരുന്നു. താനവിടെ ഇല്ലാത്ത നേരത്ത് എന്തെങ്കിലും ആവശ്യം വന്നാൽ നാട്ടുകാരാണ് കുടുംബത്തിന് തണലാവേണ്ടത്. കൊടുത്തത് മാത്രമേ തിരിച്ചുകിട്ടു എന്നയാൾ വിശ്വസിച്ചു. 'ജോണേ, നീ ഏത് ലോകത്താടോ' സുഹൃത്തിന്റെ ഒച്ച അയാളെ ഉണർത്തി. 'ആര് സുഭാഷോ, ഞാൻ വെറുതെ നാട്ടിലെ കാര്യങ്ങളാലോചിച്ച്...' 'ശരിയാടോ ഇപ്പോൾ സ്വന്തം കുടുംബത്തിന് പോലും നമ്മളോട് ഭയമാ. പണമുണ്ടാക്കുന്ന യന്ത്രങ്ങളായിരുന്നു നമ്മൾ. ശരിക്കും ഈ കൊറോണ മനസ്സിലെ മതിലുകളെ വേർതിരിച്ച് കാണിച്ചുതന്നു. സ്നേഹിക്കുന്നവരെ തിരിച്ചറിയാൻകഴിഞ്ഞു'. 'രോഗം പടർന്നു പിടിക്കുന്ന ഈ നാട്ടിൽ നിന്നും രോഗവാഹകരായി നമ്മൾ നാട്ടിൽ പോകാത്തതാണ് നല്ലത്. പക്ഷേ കുടുംബത്തിൽ നിന്ന് ഒരു ആശ്വാസവാക്ക്... അത് പ്രതീക്ഷിച്ചുകൂടെ' 'എല്ലാം ശരിയാവും ജോണേ' സുഭാഷ് ആശ്വസിപ്പിച്ചു. നേരം രാത്രിയായി. സമയം 9.00. ഭാര്യയും മകളും വീഡിയോ കോളിൽ വന്നു. സീരിയലൊക്കെ തീർന്നു കാണും. ജോൺ ഫോണെടുത്തു. 'ജോണേട്ടാ എന്താ പണമൊന്നും അയക്കാത്തെ. ഡാഡിയും മമ്മിയും എത്രേന്നും പറഞ്ഞാ സഹായിക്കുക. ഇനി ഇങ്ങനെ വയ്യ. മോൾക്ക് പിസയോ ബർഗറോ വാങ്ങിക്കൊടുത്തിട്ട് എത്ര നാളായെന്ന് അറിയാമോ. 'ഇവൾക്കെങ്ങനെ ഇങ്ങനെ സംസാരിക്കാൻ! കഴിയുന്നു. ജോൺ ചിന്തിച്ചു. പെട്ടെന്നാണ് ടിവിയിലെ ന്യൂസ് അയാൾ കണ്ടത്. ഇന്ത്യയിലേക്കുള്ള അവസാന വിമാനം നാളെ രാവിലെ. സുഭാഷും ജോണും എല്ലാ സുരക്ഷാക്രമീകരണങ്ങളുമായി വിമാനത്തിൽ കയറി. ശുഭപ്രതീക്ഷയുമായി ഇന്ത്യൻ ആകാശത്ത്. എയർപോർട്ടിൽ ഇറങ്ങി. മക്കളെ കാണാനുള്ള സന്തോഷത്തിൽ രണ്ട് പേരും രണ്ട് വഴിക്ക് പിരിഞ്ഞു. രോഗലക്ഷണങ്ങളില്ലാത്തതിനാൽ വീട്ടിൽ ക്വാറന്റീനിൽ കഴിയാനാണ് ആരോഗ്യപ്രവർത്തകർ നിർദേശിച്ചത്. അയാൾ വീടിന് മുന്നിലെത്തി. അതിന്റെ

ഓരോ അണുവിലും തന്റെ വിയർപ്പാണെന്ന് അയാൾ ഓർത്തു. പലരും ടാക്സിയിൽ കയറ്റാൻ വിസമ്മതിച്ചത് കാരണം നടക്കേണ്ടി വന്നു. ക്ഷീണം കൊണ്ട് പടിയിലിരുന്ന് മയങ്ങിപ്പോയി. അച്ഛനെ കണ്ട സന്തോഷം കൊണ്ട് ഓടി വരുന്ന മകളെ സ്വപ്നം കണ്ടു. 'നിങ്ങളെന്താ കാണിക്കുന്നത്' ഭാര്യയുടെ ശബ്ദം അയാളെ ഉണർത്തി. 'കുഞ്ഞുങ്ങളുള്ള വീടാണിത്.' അവളുടെ ശബ്ദം കൂടുതൽ ഗൗരവമുള്ളതായി മാറി. ഭാര്യയുടെ മനസ്സ് മനസിലാക്കി ഒരിക്കൽ കൂടി ഓർമ്മകളിലേക്ക് തിരിഞ്ഞു നോക്കികൊണ്ട് അയാൾ ആശുപത്രിയിലേക്ക് നടന്നകന്നു. അവിടെ ഭൂമിയിലെ മാലാഖമാരെ പരിചയപ്പെട്ടു. ഒരു മുറി കിട്ടി. അയാൾ വേഷമൊക്കെ മാറി. തങ്ങളുടെ ആരുമല്ലാത്തവ!ർക്കായി, ഒരിക്കൽപോലും കണ്ടിട്ടില്ലാത്തവർക്കായി, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സഹായിക്കുന്ന കുറേ നഴ്സുമാർ. മക്കളെ ഓർത്ത് ജോൺ പലപ്പോഴും ഒറ്റയ്ക്കിരുന്ന് കരഞ്ഞിരുന്നു. ഇത് ഒരു നഴ്സ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ജോലിക്കിടയിൽ കിട്ടുന്ന സമയം അവൾ അയാളുടെ അടുത്തെത്തി. 'സാർ ഇവിടെ എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്നുണ്ടോ? എന്താണെങ്കിലും എന്നോട് പറയാം.' ആ വിശാലഹൃദയത്തിന് മുന്നിൽ താനൊന്നുമല്ലെന്ന് അയാൾക്ക് തോന്നി. പ്രപഞ്ചം മുഴുവനും ആ മുറിയിലേക്ക് ചുരുങ്ങിയ നിമിഷം. തന്റെ ഇതുവരെയുള്ള ജീവിതത്തെക്കുറിച്ചും ഇനിയെന്തെന്നറിയാത്ത ഉത്കണ്ഠയെ ക്കുറിച്ചും മക്കളെ കാണാൻ കഴിയാത്തതിനെപ്പറ്റിയും അയാൾ പറഞ്ഞു. ഒരുപാട് കരഞ്ഞു. കരയരുത്, കൂടെ ഞങ്ങളില്ലേ എന്നവൾ. പിന്നെ പലപ്പോഴും അയാളുടെ ഏകാന്തതയിൽ ഒരാശ്വാസമായി അവൾ കടന്നുവന്നു. പ്രതീക്ഷയുടെ തീപ്പൊരി ആ മനസിലേക്ക് ഇട്ടുകൊടുത്തു. അവളുടെ പേര് മീര. പ്രാരാബ്ദങ്ങളുടെ കളിക്കൂട്ടുകാരി. വാടകവീട്ടിലാണ് താമസം. കാത്തിരുന്ന് കിട്ടിയ പൊന്നോമന ഒരു അജ്ഞാതരോഗത്തിന്റെ പിടിയിലാണ്. ഒരു ദിവസത്തെ അവന്റെ ചികിത്സയ്ക്കും മരുന്നിനുമുള്ള പണം തന്നെ അവളുടെ ശമ്പളത്തിൽനിന്ന് തികയില്ല. അവൾക്കിപ്പോൾ ഒഴിവ് കിട്ടാത്തതിനാൽ ഭർത്താവാണ് കുഞ്ഞിനെ നോക്കുന്നത്. 'ഒരു തമാശ വീണ്ടും വീണ്ടും കേട്ടാൽ ചിരിക്കില്ലെങ്കിൽ വിഷമങ്ങൾ ഓർത്തോർത്ത് കരയുന്നതെന്തിനെന്ന്' അവൾ ചോദിക്കും. തിരക്കിനിടയിലും മകൻ വീഡിയോകോളിൽ വരുമ്പോൾ അവൾ അവനെ കളിപ്പിക്കും. അവളുടെ സാമീപ്യം അയാളെ മാറ്റിമറിച്ചു. അവളെ സഹായിക്കാൻ ജോൺ തീരുമാനിച്ചു. ഉപയോഗപ്രദമായി ഉപയോഗിക്കുമ്പോഴേ പണത്തിന് വിലയുണ്ടാകു. അയാളുടെ നിരീക്ഷണ കാലാവധി കഴിഞ്ഞു. അവൾ അയാളുടെ അരികിലെത്തി. 'സാർ, നാളെയാണ് കുഞ്ഞിന്റെ ഓപ്പറേഷൻ.

പ്രാർത്ഥിക്കണം.' അവൾ പറഞ്ഞു. ആ ഓപ്പറേഷനാണ് അവന്റെ ഭാവി നിർണ്ണയിക്കുന്നതെന്ന് അയാൾ ക്ക് മനസ്സിലായി. പതിനാല് ദിവസത്തെ ബന്ധം കൊണ്ട് അവൾക്ക് അയാൾ ഒരു സഹോദരനായി മാറിയിരുന്നു. ജോണിന് നല്ലൊരു യാത്രയയപ്പ് ആശുപത്രിക്കാർ നൽകി. ഒരു പുഞ്ചിരിയോടെ അവളും ഉണ്ടായിരുന്നു. സ്വന്തം മകന്റെ ഓപ്പറേഷന് അവന്റെ അടുതെത്താൻ വെമ്പുന്ന ഒരമ്മ അവളിലുണ്ടായിരുന്നു. ഇതുപോലെ വിഷമം കടിച്ചമർത്തി പുഞ്ചിരിക്കുന്നവരായിരിക്കല്ലേ ഓരോ നഴ്സും. വൈകുന്നേരം മകന്റെ ഓപ്പറേഷൻ കഴിഞ്ഞ് ഭർത്താവ് മീരയെ വിളിച്ചു. എല്ലാം ഭംഗിയായി കഴിഞ്ഞു. പക്ഷേ നേരത്തേ തന്നെ ആരോ പണം കൊടുത്തു, ഏതോ ഒരു ജോൺ..... അവൾക്ക് സന്തോഷം അടക്കിപ്പിടിക്കാൻ കഴിഞ്ഞില്ല. ചുരുങ്ങിയ ദിവസം മാത്രം പരിചയമുള്ള തന്നെ അയാൾ എന്തിന് സഹായിച്ചു? ആശുപത്രി രജിസ്റ്ററിൽ നിന്ന് മൊബൈൽ നമ്പർ തപ്പിയെടുത്ത് അയാളെ വിളിച്ചു. വിമാനങ്ങൾ പറക്കാൻ തുടങ്ങിയാലുടൻ അയാൾ തിരിച്ചുപോകുമെന്ന് പറഞ്ഞു. ദിവസങ്ങൾ കഴിഞ്ഞു. വീട്ടിൽ പോകാൻ മനസ്സ് അനുവദിച്ചില്ല. ജോൺ എയർപ്പോർട്ടിലെത്തി. സുഭാഷുമായി വീണ്ടും കണ്ടുമുട്ടി. അവർ സങ്കടങ്ങൾ പരസ്പരം പങ്കുവച്ചു. അവരുടെ ലോകമെന്നും ദുബായിലെ ആ ഒറ്റമുറിയാണെന്നവർ തിരിച്ചറിഞ്ഞു. വിമാനത്തിൽ കയറുംമുമ്പ് ജോൺ ഒരിക്കൽ കൂടി തിരിഞ്ഞു നോക്കി, അച്ഛാ എന്നുള്ള വിളി കേൾക്കാനായി. പക്ഷേ... ആൾക്കൂട്ടത്തിനിടയിൽ അതാ മീര. ഒപ്പം ഭർത്താവും കുഞ്ഞും. ആ കുഞ്ഞിന്റെ കണ്ണുകളിൽ പുതുജന്മത്തിന്റ തിളക്കം. കൈവീശി കാണിച്ചുകൊണ്ട് ആ വിമാനത്തിനൊപ്പം അയാളും ഏഴാംകടലിനക്കരെ മറഞ്ഞു...

**ദേവിക എ ജെ**
X D
ഗവ. എച്ച്. എസ്സ്. പ്ലാവൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ശുചിത്വം

വിജനമായ തെരുവുകൾ, അടഞ്ഞ കടകൾ, വാഹനങ്ങൾ ഇല്ലാത്ത റോഡുകൾ, ഒരു ഫ്ളാറ്റിലെ ഒരു മുറിയിലെ കൊച്ചു ജനാലവഴി ഒരു കുഞ്ഞുതല ഇതു വീക്ഷിക്കുകയായിരുന്നു.

ഇത്രയും നാൾ കണ്ട റോഡ് അല്ല ഇപ്പോൾ. അത് തിരക്കോട് തിരക്ക് ഉള്ളതായിരുന്നു. ആളുകൾ നിറഞ്ഞ വീഥികൾ, റോഡിൽ വരിവരിയായി വണ്ടികൾ, വർണ്ണങ്ങൾ നിറഞ്ഞ കടകൾ, ആകെ ഒരു ബഹളവും തിരക്കും തന്നെ ആയിരുന്നു.

പെട്ടെന്ന് എന്താ സംഭവിച്ചത്? എല്ലാം നിലച്ചതുപോലെ ആളും അരങ്ങും ഒഴിഞ്ഞു നിൽക്കുന്നത് എന്തുകൊണ്ടാണെന്ന് ആ കൊച്ചുകുട്ടിക്ക് മനസ്സിലാകുന്നില്ല. ഒരു വണ്ടി എങ്കിലും വരുന്നത് കാണാൻ അവൻ കൊതിയോടെ മിഴി നീട്ടി ജനാലക്കരികിൽ നിന്നതാണ്. ‘രാമൂ...’

ഓർമ്മയിൽ നിന്ന് അവൻ ഉണർന്നു. ‘എന്താ അമ്മേ....’

അവൻ ജനലിനു അടുത്തുനിന്ന് അടുക്കളയിൽ അമ്മയുടെ അടുത്തേക്ക് ചെന്നു.‘മോനേ.......ആഹാരം കഴിക്ക് വിശക്കുന്നില്ലേ... ‘അമ്മ സ്നേഹത്തോടെ തിരക്കി. അവൻ ഭക്ഷണം ഇരിക്കുന്ന പാത്രത്തിൽ കൊതിയോടെ തൊട്ടതും, അമ്മ വിളിച്ചു. ‘രാമൂ....’ അവൻ പെട്ടെന്ന് തിരിഞ്ഞു നോക്കി. ‘കൈ കഴുകിയോ നീ?’ ‘ഇല്ല അമ്മേ എന്തിനാ കൈ കഴുകുന്നേ. ഞാൻ കളിക്കാൻ പോയില്ല. ഒന്നും എടുത്തില്ല. ഇതാ നോക്കമ്മേ. വൃത്തിയായി തന്നെയാ എന്റെ കൈകൾ ഇരിക്കുന്നത്.’ ‘അതല്ല മോനേ.. കൈയും മുഖവും നമ്മൾ വൃത്തിയായി കഴുകണം. വ്യക്തിശുചിത്വം നമ്മൾ സദാ പാലിക്കണം. മോൻ കണ്ടില്ലേ നമ്മുടെ റോഡിൽ വണ്ടികൾ ഇല്ലാത്തത്, ആളുകളുടെ തിരക്ക് ഇല്ലാത്തത്?’ ‘ങ്ഹാ കണ്ടു അമ്മേ. എന്താ ഇങ്ങനെ? വണ്ടികൾക്ക് എന്താ പറ്റിയത്?’

‘വണ്ടിക്ക് ഒന്നും പറ്റിയതല്ല മണ്ടാ... നമ്മുടെ നാട്ടിൽ മാത്രമല്ല ഈ ലോകത്ത് തന്നെ ഒരു അസുഖം പടർന്നു പിടിച്ചിരിക്കുകയാണ് കോവിഡ് 19. ലോകമാകെ ജനങ്ങൾ ഈ അസുഖം നിമിത്തം മരിച്ചു കൊണ്ടിരിക്കുകയാണ്.‘ രാമുവിന്റെ അച്ഛൻ പറഞ്ഞു. ‘കോവിഡ് എന്നുവച്ചാലെന്താ?’ ‘അത് വലിയ ഒരു അസുഖം ആണ്. ഈ അസുഖം വന്നാൽ പിന്നെ അതിൽ നിന്നുള്ള മോചനം വളരെ പ്രയാസമാണ്. മരുന്നൊന്നും കണ്ടുപിടിക്കാത്ത ഒരു അസുഖമാണിത്.’ അമ്മ അവന് വിശദീകരിച്ചു കൊടുത്തു.

‘ഇതെങ്ങനെയാ അമ്മേ വന്നത്?’ അവന് സംശയം മാറിയില്ല. ‘അതു മോനെ.. വൃത്തിയില്ലായ്മ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഇത് ഒരു വൈറസ് ആണ്



പരത്തുന്നത്. ഈ വൈറസ് സമ്പർക്കത്തിലൂടെ ആണ് വരുന്നത്.വൃത്തിഹീനമായ ചുറ്റുപാടിൽ നിന്നും പലവിധ അസുഖങ്ങൾ നമുക്ക് വരുന്നു. എന്നാൽ അതുപോലെ അല്ല കോവിഡ് 19 എന്ന വൈറസ്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൊടുന്നതി ലൂടെയും രോഗിയുമായി അടുത്ത് ഇടപഴകുമ്പോഴും ഈ വൈറസ് ശരീരത്തിൽ കയറുന്നു. അതിനാണ് കൈയും കാലും കഴുകാൻ പറയുന്നത്. സോപ്പ് ഉപയോഗിച്ച് തന്നെ കഴുകണം എന്നാണ് ഡോക്ടർമാർ പറയുന്നത്. കൈകളിൽ വൈറസ് വന്നാൽ പിന്നെ അത് മുഖത്തേക്കും ശരീരത്തിലേക്കും പോകുന്നു. തുമ്മൽ, ജലദോഷം, പനി എന്നീ ലക്ഷണങ്ങളോടെ ആവും പുറത്തു വരുക. രോഗപ്രതിരോധശേഷി ഇല്ലാത്തവർ പെട്ടെന്ന് മരിച്ചുപോകും. കുട്ടികളും മുതിർന്ന പൗരന്മാരും സൂക്ഷിക്കണമെന്നാണ് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് തന്നിട്ടുള്ളത്. അത് പാലിക്കപെടാൻ നമ്മുടെ ഗവൺമെന്റ് ലോക്ക് ഡൗൺ ഏർപ്പെടുത്തി. അത് നമ്മുടെ കേരളത്തിൽ അസുഖം കുറയ്ക്കാൻ ഏറെ പ്രയോജനപ്പെട്ടു. വണ്ടികൾ കുറയാൻ കാരണം ഇതാണ് മോനെ. അപ്പോൾ ജനത്തിരക്ക് കുറഞ്ഞു.'

ഇത്രയും അമ്മ പറഞ്ഞപ്പോൾ രാമുവിന് ഏറെക്കുറെ കാര്യങ്ങൾ മനസ്സിലായി. അവൻ പറഞ്ഞു 'ശരി അമ്മേ, ഞാൻ കൈകഴുകിയിട്ടേ ഇനി ആഹാരം കഴിക്കൂ'. 'നല്ല കുട്ടി... മോൻ വേഗം കഴിക്കണം. അമ്മ ഈ മുറിയൊക്കെ വൃത്തിയാക്കാൻ പോകുന്നു. മോനും കൂടെ അമ്മയെ സഹായിക്കണം. അമ്മയ്ക്കും മോനും മാസ്ക് കെട്ടി നിന്ന് ജോലി ചെയ്യാം. മാസ്ക് ഒരുപരിധിവരെ നമ്മെ രക്ഷിക്കും. ഇപ്പോൾ മാത്രമല്ല എപ്പോഴും നമ്മൾ വൃത്തിയായിരിക്കണം. നമ്മൾ ശുചിത്വം പാലിച്ചാൽ നമുക്ക് ഒരു അസുഖവും വരത്തില്ല.'

'അമ്മേ, നമുക്ക് നാളെ ബീച്ചിൽ പോകാം.' 'അയ്യോ മോനേ ഇപ്പോഴൊന്നും പോകാൻ പറ്റത്തില്ല.ലോക്ക് ഡൗൺ കഴിയട്ടെ, ഈ അസുഖമൊക്കെ കഴിയട്ടെ എല്ലാവരും സുഖം പ്രാപിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. പിന്നെ നമുക്ക് ബീച്ചിലോ പാർക്കിലോ പോവാലോ. രാമു വേഗം ആഹാരം കഴിച്ചിട്ട് വരണേ.... ഞാൻ ഇവിടെ തൂത്തുവാരട്ടെ. മോൻ മാസ്ക് മറക്കാതെ എടുക്കണേ.'

'ശരി അമ്മേ... ഞാൻ ഇതാ എത്തി.'

**മീനു എൽ.വി.**
X F
ഗവൺമെൻറ്, ജി.എച്ച്.എസ്. എസ് പേരൂർക്കട
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# അമ്മുവിനൊരുമ്മ

ഇന്ന് മീനമാസത്തിലെ തിരുവാതിരനാൾ അമ്മുവിന്റെ പിറന്നാളാണ്. അമ്മുക്കുട്ടി എന്ന അച്ഛന്റെ വിളികേട്ടാണ് അവൾ ഉണർന്നത്. അവൾ കുഞ്ഞിക്കണ്ണുകൾ തിരുമ്മികൊണ്ടു അച്ഛനെ നോക്കി. പിന്നെ വാതിലിനപ്പുറത്തേക്കു അവളുടെ കണ്ണുകൾ ആരെയോ തിരഞ്ഞുകൊണ്ടിരുന്നു. Happy birthday മോളു. അച്ഛന്റെ പിറന്നാൾ ആശംസകളൊന്നും അവളുടെ കാതിൽ വീണില്ല. അവൾ പുറത്തേക്കുനോക്കി എന്നിട്ടു അച്ഛനോട് ചോദിച്ചു 'അമ്മ എവിടെ അച്ഛാ, അമ്മ വന്നില്ലേ. എനിക്ക് അമ്മയെ കാണണം. അച്ഛൻ മറുപടി പറയാതായപ്പോ അവൾ ചോദ്യം ആവർത്തിച്ചു. അച്ഛൻ പിന്നെയും മൗനംപൂണ്ടു. അവളുടെ കുഞ്ഞി കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. പളുങ്കുമണികൾ പോലെ കണ്ണുനീർത്തുള്ളികൾ അവളുടെ കവിൾത്തടത്തിലൂടെ താഴേക്കു ഇറ്റു വീണു. തേങ്ങിക്കൊണ്ടു അവൾ അച്ഛനോട് ചോദിച്ചു അച്ഛൻ മോളേ പറ്റിച്ചതാണല്ലേ. സങ്കടം പുറത്തു കാണിക്കാതെ അച്ഛനവളെ ചേർത്തുപിടിച്ചു. അയാൾ സ്വയം ചിന്തിച്ചു ശരിയാ അമ്മ എന്നു വരുമെന്നുള്ള അവളുടെ അടിക്കടിയുള്ള ചോദ്യത്തിൽ നിന്നും രക്ഷപെടാനായി ഒരു കളവു പറഞ്ഞതായിരുന്നു. ലോകം മുഴുവൻ കൊറോണ എന്ന മഹാമാരി പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന തിനെക്കുറിച്ചും, അവളുടെ അമ്മ ഉൾപ്പെടുന്ന ആരോഗ്യപ്രവർത്തകർ സ്വന്തം ജീവൻ പോലും മറന്നു സമൂഹത്തിനുവേണ്ടിയും മറ്റുള്ളവരുടെ ജീവനുവേണ്ടിയും പ്രയത്നിക്കുന്നതൊന്നും ആ കുഞ്ഞുമനസ്സിനറിയില്ല. പറഞ്ഞാലൊട്ടു മനസ്സിലാക്കേണ്ട പ്രായവും ആയിട്ടില്ല. അവൾ അമ്മയെ പിരിഞ്ഞിട്ടു ഇന്നേക്ക് 5 ദിവസമായി. അവളുടെ അമ്മ ജില്ലാ ആശുപത്രിയിലെ നേഴ്സ് ആണ്. കൊറോണ വാർഡിലാണ് ഡ്യൂട്ടി. ഡ്യൂട്ടിയും നിരീക്ഷണമൊക്കെ കഴിഞ്ഞു ആഴ്ചകൾ കഴിഞ്ഞേ മടങ്ങിയെത്തു. എല്ലാ പിറന്നാളിനും അവൾക്കു ആദ്യമായി കിട്ടുന്ന സമ്മാനം അവളുടെ അമ്മേടെ വക ഒരു ചക്കര ഉമ്മയാണ്. അത് അവളുടെ അവകാശമായി അയാൾക്കും തോന്നി പക്ഷെ എന്തുചെയ്യാനാണ് ഈശ്വരൻ മാര് പോലും നിസ്സഹായതയോടെ നോക്കിനില്കുമ്പോ ആ അച്ഛന് തന്റെ മോളെ ആശ്വസിപ്പിക്കാനേ കഴിഞ്ഞുള്ളു.

മോളുടെ കരച്ചിലടക്കാൻ അയാൾക്കു കഴിഞ്ഞില്ല. ഒടുവിൽ അയാൾ തീരുമാനിച്ചു മോളെ ഒന്നു കൊണ്ടുപോയി അമ്മയെ കാണിക്കാം.അയാൾ അവളുടെ കണ്ണുനീർ

തുടച്ചുകൊണ്ട് പറഞ്ഞു 'മോള് കരയണ്ട നമുക്കു അമ്മയെ ഹോസ്പിറ്റലിൽ പോയി കാണാം' പെട്ടെന്നവൾ അച്ഛന്റെ മുഖത്ത് ഒന്ന് നോക്കി തന്നെ പറ്റിക്കാൻ പറയുന്നത് ആണോ എന്നറിയാൻ. പിന്നെ വിറയാർന്ന ചുണ്ടുകളോടെ ചോദിച്ചു 'സത്യം'. അച്ഛൻ മറുപടി പറഞ്ഞു എന്റെ പൊന്നു മോളാണേ സത്യം. അവളുടെ മുഖത്ത് ചെറുപുഞ്ചിരി വിടർന്നു. അവൾ ചാടി എണീറ്റു. എന്നാ മോള് പോയി പുത്തൻ ഉടുപ്പൊക്കെ ഇട്ടു ഒരുങ്ങട്ടെ അച്ഛാ. അയാൾ സമ്മതം മൂളി. അപ്പോഴേക്കും അച്ഛമ്മ മുറിയിലെത്തി. അച്ചമ്മേടെ കയ്യിൽ തൂങ്ങി അവൾ ഒരുങ്ങാനായി പോയി. അൽപ സമയത്തിന് ശേഷം അമ്മവാങ്ങി വച്ച പുത്തനുടുപ്പൊക്കെ ഇട്ടു സുന്ദരിയായി അവൾ അച്ഛന്റെ അടുതെത്തി. അയാൾ തന്റെ ബൈക്ക് പുറത്തേക്കെടുത്തു. അവൾ ഓടിച്ചെന്നു അതിന്റെ ഫ്രണ്ടിൽ കയറിയിരുന്നു. അച്ഛമ്മയോടു യാത്ര പറഞ്ഞു അവർ പുറപ്പെട്ടു. ആശുപത്രി ഗേറ്റിനു അടുത്തു ബൈക്ക് എത്തി. നേരത്തെ പറഞ്ഞതനുസരിച്ചു അമ്മ അവളെയും കാത്തു ഹോസ്പിറ്റലിന് മുൻ വശത്തു തന്നെ നില്പുണ്ടായിരുന്നു. അൽപം അകലെയായി അച്ഛൻ ബൈക്ക് നിർത്തി. മുഖാവരണം ധരിച്ച ഒരുപാടു അമ്മമാരുടെ ഇടയിൽ നിന്നും അവളുടെ അമ്മയെ കണ്ണുകളിൽ മാത്രം നോക്കി അവൾ തിരിച്ചറിഞ്ഞു. അമ്മയെ കണ്ടതും അവൾ പൊട്ടിക്കരയാൻ തുടങ്ങി. അമ്മെ... അമ്മെ... എന്ന് വിളിച്ചു അവൾ അമ്മേടെ അടുത്തേക്കു പോകാനായി ആഞ്ഞു. അച്ഛൻ അവളെ മുറുകെ പിടിച്ചു. ഇതു കണ്ടു നിന്നു ആ അമ്മ മനസ്സ് വല്ലാതെ പിടഞ്ഞു. ഓടിച്ചെന്നു അവളെ വാരിപ്പുണർന്നു നെറുകയിൽ ഒരായിരം ഉമ്മകൾ നൽകണമെന്ന് ആ അമ്മക്ക് തോന്നി. നിസ്സഹായയായി കണ്ണീർ വർക്കാനേ ആ അമ്മക്ക് കഴിഞ്ഞുള്ളു. കൂടെ നിന്നവർ എല്ലാം നിറകണ്ണുകളോടെ നോക്കി നിന്നു. മോളുടെ കരച്ചിൽ അടക്കാനാകാതെ അച്ഛൻ ബൈക്ക് മുന്നിലേകെടുത്തു പോകാനായൊരുങ്ങി. കണ്ണുനീർ തുടച്ചുകൊണ്ട് അമ്മ കൈ വീശി അവളെ യാത്രയാക്കി. ബൈക്ക് മെല്ലെ ഗേറ്റ് കടന്നു പുറത്തേക്കു പോയി. അപ്പോഴും അവളുടെ തേങ്ങൽ അമ്മയുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. കണ്ണുകൾ തുടച്ചുകൊണ്ട് ആ അമ്മ തന്റെ സഹപ്രവർത്തകരോടൊപ്പം തങ്ങളെ പ്രതീക്ഷിച്ചിരിക്കുന്ന രോഗികളുടെ അടുത്തേക് നടന്നകന്നു

**അദ്വൈത് ആർ സജു**
VI C
ഗവൺമെൻറ്, മോഡൽ എച്ച്.എസ്.എസ് വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# ടു പോയിന്റ് ഒ.(2.O)

'എനിക്ക് വേണ്ടാ ചോറ്.' 'മോളേ കഴിക്കെടീ, ഇത്തിരിക്കൂടി.' അമ്മ അനിയത്തിയെ ഊട്ടുകയാണ്. അവളങ്ങനെയാണ്. ചോറ് വേണ്ട. മിഠായി മതി. ഐസ് ക്രീം മതി. മധുര പലഹാരങ്ങൾ മതി. എന്നും അതൊക്കെ വാങ്ങി നല്കാൻ അച്ഛനു പൈസയില്ല. അതൊന്നും അവൾക്കറിയണ്ട. വേണന്നു പറഞ്ഞാ വേണം. വേണ്ടെന്ന് പറഞ്ഞാ വേണ്ട. അമ്മയും അച്ഛനും അവൾടെ താളത്തിനാണ് തുള്ളുന്നത്.എന്നാലിപ്പോളെന്തായി. എല്ലാം തകർത്തുകൊണ്ടല്ലേ, കൊറോണ വന്നത്. നമ്മുടെ കോവിഡ് പത്തൊൻപതേ. രജനിപ്പടം യന്തിരൻ ടു പോയിന്റ് ഓ. എന്ന് ക്ലാസ്സിൽ സാർ പറഞ്ഞപ്പോൾ ഇങ്ങനെ ഒരു പേരുണ്ടോ എന്നെനിക്ക് സംശയം തോന്നി.ഓ... പോലും. 2.O. അമ്മ ഇന്ന് ഊണിനൊപ്പം അവളെ മയക്കാൻ 2.O ടെലിവിഷനിൽ കാണിച്ചപ്പോ എനിക്ക് തോന്നി ഇനിയുള്ള കാലം യന്ത്രമനുഷ്യൻമാരുടേത് മാത്രമാവുമോ എന്ന്. പിന്നെത്തോന്നി അവരും മനുഷ്യന്റ ഉല്പന്നം തന്നെയല്ലോ. അപ്പോൾ കൂടെ മനുഷ്യനും വേണമല്ലോ. സന്തോഷം. അച്ഛനും അമ്മയും എന്നും വീട്ടിൽ തന്നെ. റേഷനരി, ഫ്രീ കിറ്റ്. ചീരയും മുരിങ്ങയിലയും. പണ്ടത്തെപ്പോലെയല്ല. ഇതൊക്കെ രുചിയോടെ തിന്നാൻ ഞാനും ശീലിച്ചിരിക്കുന്നു. അവളും ഈ പിണക്കം മാറി ചോറു തിന്നാൻ പഠിച്ചു വരുന്നല്ലോ. ബേക്കറിയാഹാരം ദോഷമെന്നാണ് സാറ് പഠിപ്പിച്ചത്. സത്യം തന്നെ. ഇപ്പോൾ ഇതൊക്കെ ഇഷ്ടമായിരിക്കുന്നു. കൊറോണക്കാലത്ത് എന്തെല്ലാം പഠിച്ചിരിക്കുന്നു. ഇനി ഈ ലോക് ഡൗൺ ഒന്നു കഴിഞ്ഞിട്ടു വേണം കൂട്ടുകാരോട് ഇതൊക്കെ ഒന്നു പറയാൻ. ടു പോയിന്റ് ഓയും...

**സ്നേഹ.എം.എസ്.**
VII B
ഗവ. മോഡൽ ഗേൾസ് എച്ച് എസ് എസ് പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# കാത്തിരിപ്പ്

സമയം രാവിലെ ഏഴു മണി. 'ഇന്നാണോ അമ്മേ അച്ഛൻ വരുന്നത്?'... കിടക്കയിൽനിന്നും ചാടിയെഴുന്നേറ്റ അമ്മു ആഹ്ളാദത്തോടെ അമ്മയോട് ചോദിച്ചു. അമ്മ ഒരു നനുത്ത പുഞ്ചിരിയോടെപറഞ്ഞു. 'ഇന്നല്ല അമ്മു, അടുത്ത തിങ്കളാഴ്ച്ചയാണ്.'... 'ഇനിഅധികംദിവസംഇല്ലല്ലോ...' എന്തൊക്കെയോചെയ്ത് തീർക്കാനുണ്ടെന്ന മട്ടിൽ അമ്മു പറഞ്ഞു

ഇപ്പോൾ അമ്മുവിന് പതിനൊന്ന് വയസ്സായി. അച്ഛൻ ഗൾഫിലേയ്ക്ക് പോയപ്പോൾ അമ്മുവിന് ആറു വയസ്സായിരിന്നു. രണ്ടുവർഷം മുൻപേ തന്നെ വീട്ടിൽ വരാൻ ആഗ്രഹിച്ചതാണെങ്കിലും വരാൻ കഴിഞ്ഞില്ല.അതു നീണ്ട് നീണ്ട് ഒടുവിൽ ഇതുവരെ എത്തി. വർഷമിത്ര കടന്നുപോയെങ്കിലും കുഞ്ഞുനാളിലെ അച്ഛനുമൊത്ത എല്ലാ ഓർമ്മകളും മനോഹരമായ ഒരു ചുവർചിത്രം പോലെ അമ്മുവിന്റെ മനസ്സിൽ പതിഞ്ഞുകിടന്നു. ചുവപ്പ് അമ്മുവിന്റെ ഇഷ്ട നിറമായിരുന്നു. അച്ഛൻ പോയപ്പോൾ അമ്മുവിന് ഒരു വാക്ക് നൽകിയിരുന്നു തിരികെ വരുമ്പോൾ, അമ്മുവിന് ഒരു ചുവന്ന സിൻട്രല ഫ്രോക്ക് കൊണ്ടുവരുമെന്ന്. അച്ഛനത് മറന്നോ ആവോ... പക്ഷേ അമ്മു അതിനെക്കുറിച്ച് ഓർക്കാത്ത നാളുകളില്ല. അച്ഛൻ മിഠായിയുടേയും പേനയുടേയം പെൻസിലിന്റേയും പായ്ക്കറ്റുകൾ കൊണ്ടുവരുന്നതും അതു പൊട്ടിച്ച് കൂട്ടുകാർക്ക് കൊടുക്കുന്നതും എല്ലാം അമ്മുവിന്റെ നിത്യ സ്വപ്നമായി മാറിയിരുന്നു. വെളുപ്പാൻ കാലത്ത് സ്വപ്നം കണ്ടാൽ അത് ഫലിയ്ക്കുമെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത്തരം സ്വപ്നങ്ങൾ രാവിലെ തന്നേ കാണേണമേ എന്നാണ് അമ്മുവിന്റെ ഇപ്പോഴത്തെ പ്രാർത്ഥന.

'അമ്മേ കഴിഞ്ഞ മാസം ഞങ്ങടെ സ്കൂളിൽ കൊറോണ എന്ന വൈറസിനെപ്പറ്റിയുള്ള ഒരു വീഡിയോകാണിച്ച് തന്നിരുന്നു. അതിന്റെ പുതിയ പേര് കോവിഡ് 19 എന്നാണെന്നും അത് ചൈനയിൽ വ്യാപകമായി പടരുന്നു വെന്നും മറ്റുള്ള രാജ്യങ്ങളിലേയ്ക്കും വ്യാപിയ്ക്കുന്നു എന്നും ദേ...... ടി.വി. യിൽ എഴുതികാണിയ്കുന്നു...' തന്റെ പുരികങ്ങൾ ചുളിച്ച് ആശങ്കയോടെ അമ്മ വേഗം ടി.വി. യിൽ എഴുതികാണിച്ച വരികളിലൂടെ കുറച്ച്നേരം കണ്ണോടിച്ചു... അമ്മയുടെ മുഖം വാടിത്തളരുന്നത് അമ്മു കണ്ടു... അച്ഛൻ ജോലിചെയ്യുന്ന ഗൾഫുനാടുകളിലും ഈ രോഗം പടർന്നാവോ?... അമ്മ ഒരു നിമിഷം ചിന്തിച്ചു.

കോളിംഗ് ബെൽ ശബ്ദം കേട്ടപ്പോൾ അമ്മു ചിന്തയിൽ നിന്നും ഉണർന്നു....... 'അമ്മൂ... ആരാന്ന്നോക്കിയേ.' ... അമ്മ വിളിച്ച്പറഞ്ഞു... അമ്മു ഓടിപ്പോയി വാതിൽ

തുറന്നു. സന്തോഷത്തോടെ വിളിച്ച് പറഞ്ഞു. 'അമ്മേ... ദേ... കുട്ടമ്മാവൻ വന്നിരിയ്ക്കുന്നു.'... അമ്മ വേഗം കുട്ടമ്മാവന് ചായ ഉണ്ടാക്കാൻ അടുക്കളയിലേയ്ക്ക് പോയി. 'അമ്മുക്കുട്ടിക്കിനി എന്തു വേണം അച്ഛനുടനെ നാട്ടിൽ എത്തുമല്ലോ?...' കുട്ടമ്മാവൻ ചോദിച്ചു? അമ്മു മറുപടി പറയുന്നതിനു മുൻപ് കുട്ടമ്മാവന് ഒരു ഫോൺകോൾ വന്നു.

മാമൻ വരാന്തയിലേക്ക് ഇറങ്ങിനിന്ന് എന്തോ ഒളിക്കുന്ന ഭാവത്തിൽ സംസാരിച്ചു. അതിനിടയിൽ താനറിയാതെ അമ്മാവൻ ശബ്ദം ഉയർത്തി ഞെട്ടിക്കൊണ്ട് 'അളിയൻ ഐസൊലേഷനിലോ!' എന്നുചോദിയ്കുന്നത് അമ്മു കേട്ടു. ചോദിച്ചുടനെ അമ്മാവൻ നാലുപാടും തിരിഞ്ഞുനോക്കി എന്നിട്ട് മുറ്റത്തേയ്ക്ക് ഇറങ്ങിനിന്നു. എന്തോകേട്ടെങ്കിലും അമ്മുവിനതത്ര വ്യക്തമായില്ല. അമ്മു അമ്മയോട് ചോദിച്ചു.....'എന്താഅമ്മേ ഈ ഐസൊലേഷൻ?', 'അതോ, പകർച്ച വ്യാധി ബാധിച്ചവരെ മറ്റുള്ളവർക്ക് രോഗം ബാധിയ്കാതിരിക്കാൻ ഒരുമുൻ കരുതൽ എന്നപോലെ ഒറ്റയ്ക്ക് താമസിപ്പിക്കുന്നതാണ് ഐസൊലേഷൻ...' അമ്മ ഒരു സംശയഭാവത്തിൽ തുടർന്നു. 'ആട്ടേ, അമ്മു ഇത് എവിടെ നിന്ന് കേട്ടു?' കുട്ടമ്മാവൻ ആരോടൊ ഫോണിൽ സംസാരിക്കുന്നത് കേട്ടു. 'അച്ഛൻ ഐസൊലേഷനിലാണോ എന്ന്?... 'അമ്മയുടെ മുഖമാകെ വിളറി. പെട്ടെന്ന് അമ്മ കുട്ടമ്മാവന്റെ അടുത്തേയ്ക്ക ഓടി. കുട്ടമ്മാവനോട് വിവരങ്ങൾ ചോദിച്ചറിഞ്ഞ അമ്മആകെ തകർന്നുപോയി. അമ്മയുടെ കണ്ണുകൾ! നിറഞ്ഞൊഴുകിയത് അമ്മു കണ്ടു. അച്ഛന്റെ വിവരങ്ങൾ അറിയാൻ ഫോൺ വിളിച്ചിട്ട് കിട്ടുന്നില്ല... അതിനുള്ള ഏക മാർഗ്ഗം ടി.വി. ന്യൂസ്സ് ചാനലുകൾആയിരുന്നു. അച്ഛന് രോഗം സ്ഥിരീകരിച്ചു എന്നും അദ്ദേഹം തീവ്ര പരിചരണ വിഭാഗത്തിൽ ആശുപത്രിയിലാണ് എന്നും അറിയാതിരിയ്ക്കാൻ മാമൻ അമ്മയേയും അമ്മുവിനേയും തന്റെ വീട്ടിലേയ്ക്ക് കൂട്ടികൊണ്ടുപോയി. വരാൻ കഴിയാത്ത ഇടത്തേയ്ക്ക് അച്ഛൻ യാത്ര പറഞ്ഞതുമൊന്നും അറിയാതെ അച്ഛന്റെ വരവും കാത്ത് അമ്മു അമ്മാവന്റെ വീട്ടിൽ കാത്തിരുന്നു.

**ദേവനന്ദ എ പി**
VIII A
ഗവ. വി എച്ച്. എസ്സ്. എസ്സ്. വീരണകാവ്
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# പ്രകൃതിയിലെ കൂട്ടുകാർ

പറമ്പിലെ ചക്കരമാവിൽ കുറേ കൂട്ടുകാരുണ്ട് .അണ്ണാറക്കണ്ണനും കിളികളും വണ്ണാത്തിയും ഓലേഞ്ഞാലിയും കാക്കച്ചിയും എല്ലാം. അവർ പരസ്പരം ചോദിക്കുകയാണ്, റോഡിൽ ആളുകളേയും വാഹനങ്ങളെയും ഒന്നും കാണുന്നില്ലല്ലോ? വല്ല ഹർത്താലോ ബന്ദോ ആണോ? ആരും ഇതൊന്നും പ്രഖ്യാപിച്ചതായി ഞാൻ കേട്ടില്ല, കാക്കച്ചി പറഞ്ഞു. പിന്നെന്താ ആളുകളൊന്നും പുറത്തു കാണാത്തത്? അപ്പോഴാണ് അവിടേക്കു പരുന്തമ്മാവൻ എത്തുന്നത്. നിങ്ങളെല്ലാം എന്താണ് ചർച്ച ചെയ്യുന്നത് ഞങ്ങൾ പറയുകയായിരുന്നു ചീറിപ്പായുന്ന വാഹനങ്ങളോ റോഡിൽ തിങ്ങി നടക്കുന്ന ആളുകളെയോ ഒന്നും കാണുന്നില്ലല്ലോ. അത് കേട്ട് പരുന്തമ്മാവൻ പറഞ്ഞു 'കൊറോണ ആയതുകൊണ്ടാണ് ആൾക്കാർ പുറത്തിറങ്ങാത്തത് .കൊറോണയോ? അതെന്താ വല്ല പുതിയ സമരം മറ്റോ ആണോ? അല്ലെ അല്ല ഇതൊരു 'വൈറസ്' ആണ്. അതെന്താണ്? അവരെല്ലാം ഒരേ സ്വരത്തിൽ ചോദിച്ചു. പരുന്തമ്മാവൻ പറഞ്ഞു ചൈനാ രാജ്യത്തു 'വുഹാൻ' എന്ന സ്ഥലത്തു പൊട്ടിപ്പുറപ്പെട്ട ഒരു മഹാമാരി ആണത്. ഇപ്പോൾ എല്ലാ ലോകരാജ്യങ്ങളിലും നമ്മുടെ ഇന്ത്യയിലും കൊച്ചു കേരളത്തിലും പടർന്നു പിടിച്ചിരിക്കുകയാണ്. ഇതിനു മനുഷ്യർ ഇതുവരെ മരുന്നൊന്നും കണ്ടുപിടിച്ചിട്ടില്ല. പുറത്തേക്കിറങ്ങാതെ വീടിനുള്ളിൽത്തന്നെ കഴിയണം എന്ന് ഭരണകൂടവും ആരോഗ്യപ്രവർത്തകരും പറഞ്ഞിരിക്കുകയാണ്. 'ജിൽ ജിൽ' ശബ്ദത്തോടെ അണ്ണാറക്കണ്ണൻ ചിലച്ചു കൊണ്ട് പറഞ്ഞു. മനുഷ്യർക്കു വീട്ടിലിരിക്കാൻ കഴിയുമോ? അവർക്ക് എല്ലായ്പോഴും തിരക്കല്ലേ? ഒന്നിനും സമയമില്ല. അച്ഛനമ്മമാർക്ക് മക്കളോടും മക്കൾക്കു അച്ഛനമ്മമാരോടും മിണ്ടാൻ പോലും നേരമില്ലല്ലോ? വയസ്സായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലും പിഞ്ചുമക്കളെ ആയമാരെ ഏൽപിച്ചും ഓഫീസിലേക്കും വൈകിട്ടു വന്നാലോ വീട്ടുജോലിയും ബാക്കി ഓഫീസ് ജോലിയും .കുട്ടികൾക്കു ഉറങ്ങാൻപോലും

കഴിയാത്തത്ര ഹോംവർക്കുകളും ആരെയും നോക്കാൻ നേരമില്ല. കൈയിൽ വെറ്റിലയിൽ ചുണ്ണാമ്പ് തേക്കുന്നതുപോലെ ഒരു ആധുനിക യന്ത്രം 'മൊബൈൽ' എന്ന് പേര്. അതാണ് അവരുടെ ലോകം. ആരെങ്കിലും ഇതേക്കുറിച്ചു ചോദിച്ചാലോ? ഒന്നിനും സമയമില്ല. അങ്ങനെയുള്ള ഈ മനുഷ്യരാണോ വീട്ടിലിരിക്കുന്നത്? അണ്ണാറക്കണ്ണൻ പറഞ്ഞതുകേട്ട് കിളികൾ വളരെ വിഷമത്തോടെ പറഞ്ഞു, 'മനുഷ്യന് അവരുടെ ആരോഗ്യത്തിനും ജീവനും വേണ്ടി കുറച്ചു ദിവസങ്ങൾ വീട്ടിലിരിക്കാൻ ബുദ്ധിമുട്ടു തോന്നുന്നെങ്കിൽ, ഞങ്ങളുടെ കൂട്ടുകാരെ ചില മനുഷ്യർ കൂടിനുള്ളിൽ അടച്ചിട്ട് വളർത്തുന്നു. അതിൽ ഞങ്ങൾക്കു എത്ര സങ്കടം ഉണ്ടാവും? മനുഷ്യർ ഇതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നതുപോലെ ഞങ്ങൾക്കും സ്വതന്ത്രമായി പറക്കേണ്ടേ? ഈ പ്രകൃതിയിൽ എല്ലാ ജീവജാലങ്ങൾക്കും അവരുടേതായ അവകാശങ്ങളുണ്ട്. 'പ്രകൃതിയെ സ്നേഹിക്കൂ! മനസ്സിലാക്കൂ' ഇപ്പോഴുള്ള ഈ അവസ്ഥ ഒക്കെ മാറും അതിനു വേണ്ടി നമുക്കെല്ലാം ഒരുമയോടെ പ്രവർത്തിക്കാം. 'ലോകാ സമസ്താ സുഖിനോ ഭവന്തു'

**അതുല്യ എ**
IV A
ജിഎംഎൽപിഎസ് ഓടേറ്റി
വർക്കല ഉപജില്ല, തിരുവനന്തപുരം

# തിരിച്ചറിവ്

മൂന്ന് മാസത്തെ അൺലിമിറ്റഡ് നെറ്റ് തീർന്നപ്പോൾ, കാർത്തിക് റൂമിന് പുറത്തിറങ്ങി. ആദ്യം പോയൊന്നു കുളിക്കണം, വെറുതെ കണ്ണാടിയും നോക്കി നിന്നപ്പോഴാണ് തന്റെ താടിയും മുടിയും മത്സരിച്ച് വളർന്ന യാഥാർത്ഥ്യം അവൻ മനസിലാക്കിയത്. ബാർബർ വിജയേട്ടന്റെ അടുത്ത് പോയി ഈ കാട്ടാള രൂപം കളയണമെന്ന് അവൻ മനസിലോർത്തു. തോർത്തുമെടുത്ത് കുളിക്കാൻ പോകുമ്പോൾ അവൻ വീടാകെ ഒന്ന് കണ്ണോടിച്ചു. എല്ലാം പഴയത് പോലെ തന്നെ. പക്ഷെ അച്ഛൻ ജോലിക്കു പോയില്ല, അനിയത്തി സ്കൂളിലും പോയില്ല.

'ഏകാന്തവാസം കഴിഞ്ഞ് ഏട്ടൻ പുറത്തിറങ്ങി അമ്മേ...' അനിയത്തി കീർത്തി അവനെ കളിയാക്കി പറഞ്ഞു. 'നെറ്റ് തീർന്നുല്ലേ.... എനിക്കു തോന്നി' ടീവിയിൽ നിന്നും ശ്രദ്ധ തിരിച്ച് അവനോട് അവൾ കളിയാക്കി ചോദിച്ചു. ഇവൾക്കുള്ളത് വന്നിട്ട് കൊടുക്കണം എന്ന് മനസ്സിൽ വിചാരിച്ച് അവൻ ഒന്നും മിണ്ടാതെ കുളിക്കാൻ ബാത്റൂമിൽ കയറി.

ഈറൻ മാറാത്ത മുടികളോടെ അവൻ കഴിക്കാൻ ഇരുന്നപ്പോൾ അമ്മ വഴക്കു പറഞ്ഞു. എന്നിട്ട് അമ്മ തന്റെ തലയിൽ ചുറ്റി കെട്ടി വെച്ചതോർത്ത് അഴിച്ച് തോർത്തി കൊടുത്തു. 'കുറെ ദിവസമായി നീ റൂമിൽനിന്ന് തന്നെ കഴിക്കുന്നു, കിടക്കുന്നു. അവിടെ ഫുൾടൈം ഫോണിലും കുത്തി കൊണ്ടിരിക്കുന്നു. നിന്റെ കോലം ഒന്നു നോക്കിയേ നീ'... പ്ലേറ്റിലേക്ക് ദോശയും ചമ്മന്തിയും വച്ചുകൊണ്ട് അമ്മ ശകാരിച്ചു. 'പ്രത്യേകിച്ച് ജോലിയും കൂലിയും ഇല്ലാത്ത ഞാൻ എവിടെ പോവാന അമ്മേ...? ഫോൺ ഉണ്ടായതുകൊണ്ട് സമയം പോണു, ഇന്ന് നെറ്റും തീർന്നു'. 'അതു നന്നായി ഇനിയെങ്കിലും എന്റെ മോൻ സ്വന്തം അച്ഛനോടും അമ്മയോടും പെങ്ങളോടും സംസാരിക്കുമല്ലോ' അമ്മ മറുപടിയും പറഞ്ഞു. 'അമ്മേ ഞാൻ പുറത്ത് പോയി മുടി വെട്ടിയിട്ട് വരാം' റീചാർജ് ചെയ്യാൻ ആണ് പോകുന്നത് എന്ന് പറഞ്ഞ് അമ്മ വണ്ടിയുടെ കീ ഒളിപ്പിക്കും. അത് അറിഞ്ഞുകൊണ്ട് തന്നെ അവൻ നുണ പറഞ്ഞു.

'എടാ മോനെ ബാർബർ ഷോപ്പ് ഒന്നുമില്ലെടാ' അതെന്താ അമ്മേ ഇന്ന് ചൊവ്വാഴ്ച ആണോ? അവൻ ഒരു കഷണം ദോശ വായിലിട്ടു കൊണ്ട് ചോദിച്ചു. 'എന്റെ പൊന്നു മോനെ നീ ഏതു ലോകത്താ? 24 മണിക്കൂറും ഫോണിൽ കുത്തിക്കൊണ്ടിരിക്കുന്ന നിനക്ക് ലോകത്തിന്റെ അവസ്ഥ ഒന്നുമറിയില്ലേ'? അമ്മ താടിക്ക് കൈ കൊടുത്ത് കൊണ്ട് ചോദിച്ചു. റൂമിനകത്ത് പബ്ജിയും കളിച്ചു കൊണ്ടിരിക്കുന്ന തന്നോടാണോ അമ്മ രാവിലെതന്നെ ലോകത്തിന്റെ അവസ്ഥയൊക്കെ പറയുന്നേ! എന്താണോ എന്തോ!... അതിനു മാത്രം എന്താ സംഭവിച്ചത്? അമ്മയോട് അങ്ങനെ ചോദിക്കാനുള്ള ധൈര്യമവനുണ്ടായില്ല, ഒന്നും മിണ്ടാതെ ദോശ തിന്നുന്നതിൽ ശ്രദ്ധിച്ച് അവൻ ഇരുന്നു. കയ്യും കഴുകി റൂമിൽ

ചെന്ന് ഡ്രസ്സ് മാറി പുറത്തിറങ്ങിയപ്പോൾ കീർത്തി പറഞ്ഞു 'ഏട്ടാ നീ എങ്ങോട്ടാ പോകുന്നേ പോലീസ് കണ്ടാൽ പിടിക്കും'. 'എനിക്ക് ലൈസൻസ് ഉണ്ട്, ഹെൽമറ്റും വയ്ക്കും, പിന്നെന്തിനാ ഞാൻ പേടിക്കുന്നെ.... നീ പോയി നിന്റെ പണി നോക്ക്'. 'എന്റെ ചേട്ടാ നമുക്ക് ആർക്കും വീട്ടിൽ നിന്നും പുറത്തിറങ്ങാൻ പാടില്ല, സർക്കാരിന്റെ ഉത്തരവാണത്' കീർത്തി പറഞ്ഞു. 'നീ ഒന്ന് പോടീ വീട്ടിൽ തന്നെ ഇരിക്കാൻ പ്രാന്താണോ'. 'ചേട്ടാ ഞാൻ ചുമ്മാ പറയുന്നതല്ല ഇവിടെയൊക്കെ മുഴുവൻ കൊറോണ ആണ്, എല്ലാവരും അതീവ ജാഗ്രതയിലാണ്, ആർക്കും പുറത്തിറങ്ങാൻ പാടില്ല, എവിടെയും പോകാൻ പാടില്ല, ആൾക്കാർ കൂട്ടം കൂടാൻ പാടില്ല അങ്ങനെയൊക്കെ നിയമങ്ങളുണ്ട്. ഇപ്പോൾ ഇങ്ങനെ റൂമിൽ അടച്ചിരുന്ന് ഫോണിൽ കുത്തിയാൽ പോര. ഇത്തിരിയെങ്കിലും ലോക വിവരം വേണം. അവൾ പറഞ്ഞു നിർത്തി. താൻ ഇതുവരെ ഒന്നും അറിഞ്ഞില്ലല്ലോ, 'എന്താ കഥ...! കൊറോണയോ...! എന്താ അത് പുറത്തിറങ്ങാതെ ആൾക്കാർ എങ്ങനെ ജീവിക്കും? നൂറുകൂട്ടം സംശയങ്ങൾ ആയി അവന്. 'ഏട്ടൻ ഈ പത്രം ഒന്ന് നോക്ക് അപ്പൊ മനസ്സിലാവും. ടേബിളിൽ വച്ചിരിക്കുന്ന പത്രം എടുത്ത് അവൾ അവനു കൊടുത്തു. ആദ്യത്തെ പേജ് ഒന്ന് കണ്ണോടിച്ചപ്പോൾ തന്നെ അവന് മനസ്സിലായി കൊറോണ എന്താണെന്നും, ഇന്നത്തെ കേരളം വീട്ടിനുള്ളിലേക്ക് ഒതുങ്ങിക്കൂടി എന്നും. എങ്കിലും പത്രം ടേബിളിലെക്കിട്ട് അവൻ പറഞ്ഞു, ' ഒരു വൈറസിനെ പേടിച്ച് വീട്ടിൽ ഇരിക്കാനോ എനിക്ക് പോണം'. 'ഓ പിന്നേ കഴിഞ്ഞ മൂന്ന് മാസം വീടിന്റെ പടി കാണാത്തവൻ ആണ്, ഒരു പ്രശ്നവും ഇല്ലാത്തപ്പോൾ അവന് വീട്ടിൽ ഇരിക്കണം. ലോകം മുഴുവൻ പേടിച്ച് വീട്ടിലിരിക്കുമ്പോൾ അവന് പുറത്ത് പോണം, മിണ്ടാതെ ഇരുന്നോ നീ' കളത്തിന്റെ പുറത്ത് ചക്ക വെട്ടി കൊണ്ടിരുന്ന അച്ഛൻ ഗൗരവത്തോടെ അവനെ നോക്കി പറഞ്ഞു. 'എനിക്കു മുടി വെട്ടണം' അവൻ പറഞ്ഞു 'എടാ മോനെ മുടിവെട്ടാൻ ബാർബർ ഷോപ്പ് പോയിട്ട് ഒരു കട പോലും ഇവിടെ തുറക്കുന്നില്ല, ഇതൊന്നും ഇതുവരെ എന്റെ പൊന്നുമോൻ അറിഞ്ഞില്ലേ കഷ്ടം'.

പബ്ജി ഇൻസ്റ്റാൾ ചെയ്യാൻ സ്പേസ് ഇല്ലാത്തതുകൊണ്ട് വാട്സാപ്പും ഫേസ്ബുക്കും അൺഇൻസ്റ്റാൾ ആക്കിയതിന്റെ നഷ്ടം അവന് ഇപ്പഴാ മനസ്സിലായത്. ഹെൽമെറ്റ് ഊരി വീടിനകത്തേക്ക് കയറുമ്പോൾ കഴിഞ്ഞ മൂന്ന് മാസം തന്റെ പുറത്തിറങ്ങാനുള്ള സ്വാതന്ത്ര്യം സ്വമേധയാ നിഷേധിച്ചതിൽ ഉള്ള അതിയായ സങ്കടവും കുറ്റബോധവും അവനെ അലട്ടി. അല്ലെങ്കിലും നഷ്ടപ്പെട്ട കണ്ണിൻറെ വില തിരിച്ചറിഞ്ഞിട്ട് കാര്യമില്ലല്ലോ...

**ശ്രേയ സുരേഷ്**
VII F
ജി.എച്ച്.എസ്. കാലിച്ചാനടുക്കം
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# പ്രതീക്ഷ

നിള ജനാലയുടെ കമ്പികളിൽ പിടിച്ച് അകലേക്കു നോക്കി നിൽക്കുകയായിരുന്നു. അവളുടെ നോട്ടം ചെന്നു നിന്നത് ആ കുളപ്പടവിനടുത്തുള്ള വള്ളിപ്പടർപ്പി ലേക്കാണ്. നിളയും കൂട്ടുകാരികളും ഊഞ്ഞാലാടിക്കളിക്കാറുള്ള ആവള്ളിപ്പടർപ്പ്. 'എത്ര ദിവസമായി അവിടേക്ക് പോയിട്ട്'. ആ വള്ളിയൂഞ്ഞാൽ കൈ മാടി വിളിക്കുന്നത് പോലെ നിളയ്ക്ക് തോന്നി. അവൾ ആ മുറിയിൽ കഴിയാൻ തുടങ്ങിയിട്ട് എത്ര ദിവസമായി. എപ്പോഴാണ് ഇനി പുറത്തേക്ക് പോകാൻ കഴിയുക. കൃത്യസമയത്ത് ഭക്ഷണവും വെള്ളവും മുറിയിലേക്ക് എത്തിച്ചു തരും. ആര് അവളുടെ മുറിയിൽ വന്നാലും ശരീരം മുഴുവൻ മൂടിയിട്ടാണ് വരിക. അമ്മയുടെ തലോടലിനായി അവളുടെ കുഞ്ഞു മനസ്സ് കൊതിച്ചു.ചോക്ലേറ്റിന്റെ രൂപത്തിലാണ് കൊറോണ എന്ന മഹാമാരി അവളുടെ അടുത്തേക്ക് വന്നത്. അവളുടെ അങ്കിൾ ഗൾഫിലായിരുന്നു. കഴിഞ്ഞ മാസമായിരുന്നു വന്നത്. ചെറിയ ജലദോഷവും പനിയും ഉണ്ടായിരുന്നു. ആരും ശ്രദ്ധിച്ചിരുന്നില്ല. അങ്കിളിനെ കണ്ടപാടെ അവൾ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു.അങ്കിൾ കൊടുത്ത ചോക്ലേറ്റ് രുചിയോടെ തിന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് അങ്കിളിനെ കോവിഡ് 19 ബാധിച്ചുവെന്നും ആശുപത്രിയിൽ ആണെന്നും അറിഞ്ഞത്. അന്നുമുതലാണ് നിള ആ മുറിയിൽ ഒറ്റപ്പെട്ടത്. പല പ്രാവശ്യം തോന്നിയിട്ടുണ്ട് പുറത്തേക്ക് ഓടി പോയാലോ എന്നൊക്കെ. പക്ഷേ അപ്പോഴേക്കും കൊറോണ എന്ന മഹാമാരിക്കെതിരെ പൊരുതുന്ന ആരോഗ്യ പ്രവർത്തകരെ അവൾക്ക് ഓർമ്മവരും. അവൾക്കും അവളെ പോലെ ഉള്ളവർക്കുംവേണ്ടി പ്രവർത്തിക്കുന്ന നല്ല ജനങ്ങളെയും ഓർമ്മ വരും. ഞാൻ മൂലം മറ്റുള്ളവർക്ക് ഈ രോഗം വരില്ല എന്നവൾ മനസ്സിൽ ഉറപ്പിച്ചു. നിള ജനാലയുടെ അരികിലേക്ക് വീണ്ടും നടന്നു.ആ വള്ളി പടർപ്പിൽ വന്നിരുന്നാടുന്ന വാലാട്ടി കിളികൾ അവളോടെന്തോ പറയുന്നുണ്ടായിരുന്നു. 'ഈ വള്ളിയൂഞ്ഞാൽ നിന്നെയും കാത്ത് ഇവിടെത്തന്നെയുണ്ട്'.

**മാളവിക പി എ**
VII A
ജി.യു.പി.എസ് വിളക്കോട്
ഇരിട്ടി ഉപജില്ല, കണ്ണൂർ

# വിശപ്പോ വൈറസോ?

അവൾ ഇനിയും അലയുകയാണ്... എങ്ങോട്ടെന്നില്ലാതെ... എന്തിനെന്നില്ലാതെ... മിഴികളിൽ നിന്നടർന്നു വീണ മുത്തുകൾ അവളുടെ ഒട്ടിയ കവിളുകൾ തലോടി നിലം പതിക്കുന്നുണ്ടായിരുന്നു. വിശപ്പിന്റെ മുള്ളു വിരിച്ച വഴികളിലൂടെ പറക്കമുറ്റാത്ത കുഞ്ഞിനേയുമേന്തി അവൾ മുന്നോട്ട് നടന്നു.

സുന്ദരിയാണവൾ... കരിയും പുകയുമേറ്റ് മങ്ങിയ നിറം, പാറിപ്പറക്കുന്ന തലമുടി. പക്ഷെ അവളുടെ കണ്ണുകൾക്കൊരു വശ്യതയുണ്ടായിരുന്നു.പതിനേഴ് കാരിയുടെ അഴകാണവൾക്ക്. കഴുകന്മാർ പിച്ചിച്ചീന്തിയ അവളുടെ ശരീരത്തിന് പകരമായി പതിനഞ്ചാം വയസ്സിൽ അവൾക്ക് ലഭിച്ച സമ്മാനമാണ് കൈയിലുള്ളത്. അത് വിശപ്പിന്റെ വേദനകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. വഴിയരികിലെ പീടികത്തിണ്ണയിലേക്കിരുന്ന് അവൾ കുഞ്ഞിനെ മാറോട് ചേർത്തു. നഗരം നിശ്ചലമായിരുന്നു.ആയിരക്കണക്കിന് വാഹനങ്ങളും പതിനായിരക്കണക്കിന് മനുഷ്യരും ഇടതടവില്ലാതെ തിങ്ങി നിറഞ്ഞ നഗരം, കഴിഞ്ഞ രണ്ടു ദിവസമായി നിശ്ചലമാണ്. കീറിയ കുപ്പായത്തെ തെല്ലൊന്ന് മടക്കിവെച്ച നീറിപ്പുകയുന്ന തന്റെ കാലിലേക്കവൾ നോക്കി. അവിടവിടെയായി രക്തം കട്ടപിടിച്ചിരിക്കുന്നു. നീറുന്ന മുറിവുകളിൽ ഈച്ചകൾ ആടിത്തിമിർക്കയാണ്. അവൾ കാൽ മെല്ലെ അനക്കി ഈച്ചകളെ അകറ്റാൻ ശ്രമിച്ചു. അത് പിന്നെയും അവളിലേക്ക് തന്നെ തിരിച്ചു വന്നു.ചെറിയൊരു തുണി കൊണ്ട് അവൾ കാൽ മൂടിവെച്ചു.കാലത്ത് പോലീസുകാർ തല്ലിചതച്ചതിന്റെ വേദന വേറെയും...

ഒട്ടും വിശപ്പ് സഹിക്കവയ്യാതെയായപ്പോൾ ഒരു ഹോട്ടലിന്റെ ചവറ്റുക്കോട്ടയിൽ നിന്ന് കണ്ടെത്തിയ ഒരു കഷ്ണം ബ്രെഡ് കഴിക്കാൻ ഒരുങ്ങുകയായിരുന്നു അവൾ. നിനക്ക് ലോക്ഡോൺ ആണെന്നറിയില്ലേ... എന്നും പറഞ്ഞു പോലീസുകാർ അവളെ അവിടെ നിന്നാട്ടിയോടിച്ചു. അതിനിടെ തനിക്കായി കരുതിയ ഭക്ഷണം നഷ്ടപ്പെട്ടു.അവൾ ഒരു നിമിഷം പൊട്ടിക്കരഞ്ഞുപോയി. കേറിക്കിടക്കാൻ ഒരു കൂര പോലുമില്ലല്ലോ എന്നോർത്ത് അവൾ കണ്ണുമിഴിച്ചിരുന്നു. മുടിയിഴകളെ തഴുകിക്കൊണ്ട് കാറ്റ് കടന്നു പോയി. കാറ്റിനുപോലും കണ്ണീരിന്റെ നനവുണ്ടെന്ന് അവൾക്ക് തോന്നി. പിന്നീടെപ്പോഴോ അവൾ സ്വപ്നങ്ങളിലേക്ക് വഴുതി വീണു.

സൂര്യകിരണങ്ങൾ അവളുടെ മുഖത്ത് ചുംബിച്ചു. അവൾ പതിയെ കണ്ണുകൾ തുറന്നു. വിശപ്പ് അവളെ അപ്പോഴും വേട്ടയാടുന്നുണ്ടായിരുന്നു. അവൾ കുഞ്ഞിനെ അരികിലേക്ക് ചേർത്ത് കിടത്തി. ദൂരെ കുറേ ആളുകളെ പോലീസ് അടിച്ചോടിക്കുന്നുണ്ടായിരുന്നു. 'വീട്ടിലിരിക്കാൻ ബുദ്ധിമുട്ട് ആണ് സാറേ...' ഒരാൾ പറയുന്നത് കേട്ട് അവൾക്ക് ചിരിയാണ് വന്നത് 'ഇവിടെ കുറെ പേർ പുറത്തു നിന്നകത്തേക്ക് പോകാൻ സ്വപ്നം കാണുന്നു... അവിടെ അകത്തു നിന്ന് പുറത്തേക്കോടുന്ന ചിലർ...'

അവൾ സ്വയം പിറുപിറുത്തു. പോലീസിന്റെ കണ്ണ് വെട്ടിച്ചു അവൾ അവിടെ നിന്നു മാറി. കുറച്ചകലെ ഒരു പൈപ്പിൻ ചോട്ടിൽ നിന്ന് ആർത്തിയോടെ വെള്ളം കുടിച്ചു. അവൾ ചുമയ്ക്കുന്നുണ്ടായിരുന്നു.ചിലപ്പോൾ ആ ചുമയെ ഭയന്നാവാം അവൾ താമസിച്ചിരുന്ന ചേരിയിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടത്. സാധാരണ വീട്ടു ജോലികൾ ചെയ്ത് കിട്ടുന്ന കാശ് കൊണ്ട് ആഹാരം കണ്ടെത്തുകയായിരുന്നു പതിവ്.പക്ഷെ ഇന്ന് എല്ലാം നിശ്ചലമാണ്... വീടുകളുടെ പടി അടച്ചിരിക്കുന്നു. ഒരൽപം കഞ്ഞി ലഭിക്കാൻ എന്ത് ചെയ്യണമെന്ന ആധിയിലായിരുന്നു അവൾ. തൊട്ടടുത്ത് നിന്ന് ആരുടെയോ തേങ്ങൽ കേട്ട് അവൾ തിരിഞ്ഞു നോക്കി. ഒരു വൃദ്ധൻ വീണു കിടക്കുന്നു. അടുത്തുള്ള ഫ്‌ളാറ്റിന്റെ ജനാലകളിലൂടെ പലരും അയാളെ നോക്കുന്നതും ഫോട്ടോ എടുക്കുന്നതുമല്ലാതെ ഒരാൾ പോലും അയാളെ സഹായിക്കാൻ മനസ്സ് കാണിച്ചില്ല. .അവൾ അയാളുടെ അടുക്കലേക്ക് പോയി. അയാൾ അവശനായിരുന്നു.അവൾ അയാൾക്ക് അല്പം വെള്ളം കൊടുത്തു. കുറച്ചപ്പുറത്തേക്ക് തെറിച്ചു വീണ മൊബൈൽ ഫോൺ എടുത്തു തരാൻ അയാൾ ആവശ്യപ്പെട്ടു. മകനെ വിളിക്കുമോ എന്ന് അയാൾ ചോദിച്ചു.പക്ഷെ അവൾ നിസ്സഹായിയായിരുന്നു. കാരണം അവൾ ആദ്യമായാണ് മൊബൈൽ കാണുന്നത് തന്നെ. അയാൾ സ്വയം തന്നെ മകനെ വിളിച്ചു.അവൾ അയാളെ എഴുന്നേൽപ്പിച്ചിരുത്തി. അൽപ സമയത്തിനകം ഒരാംബുലൻസ് വന്നു. വെള്ള വസ്ത്രം മൂടിപ്പുതച്ച രണ്ടുപേർ ചേർന്ന് അയാളെ ആംബുലൻസിൽ കയറ്റി. ആരും അവളോട് ഒന്നും സംസാരിച്ചില്ല. ഒരു നന്ദി വാക്ക് പോലും പറഞ്ഞില്ല. അവൾ പിന്നെയും നടന്നു. വിശപ്പ് അവളുടെ കണ്ണുകളെ മൂടുന്നുണ്ടായിരുന്നു. അതിനപ്പുറം മറ്റെന്തൊക്കെയോ അവളെ അലട്ടിയിരുന്നു.

സൂര്യൻ രണ്ടു തവണ കിഴക്ക് ഉദിച്ചു, പടിഞ്ഞാറ് അസ്തമിച്ചു. ദുർഗന്ധമേറുന്ന ഓവുചാലിനരികിൽ അവൾ ഇരുന്നു. കണ്ണുകളിൽ ഇരുട്ട് കയറുന്നപോലെ ശരീരത്തിൽ കുപ്പിച്ചില്ല് തറക്കുന്ന വേദന. ചുമയ്ക്കുമ്പോൾ ജീവൻ തുപ്പുന്ന പോലെ. ശരീരമാസകലം വിറയ്ക്കുന്നുണ്ടായിരുന്നു. കയ്യിലുണ്ടായിരുന്ന കുഞ്ഞ് നിലം പതിച്ചു. അവൾ ഓവുചാലിലേക്കും... ആരും കണ്ടില്ല... ആരും അവളുടെ നിലവിളി കേട്ടതുമില്ല...

**സാന സൈബ**
IX E
ജി.വി.എച്ച്. എസ്.കാഞ്ഞങ്ങാട്
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# ലോക് ഡൗൺ കാലത്തെ വെളിപാടുകൾ

എപ്പോഴും തിരക്ക് പിടിച്ച് നടന്നിരുന്ന ആ മനുഷ്യൻ അപ്രതീക്ഷിതമായാണ് ലോക് ഡൗണിൽ പെട്ടത്. ജീവിതത്തിൽ ആദ്യമായാണ് അയാൾക്ക് ഇങ്ങനെ ഒരു അനുഭവം നേരിടേണ്ടിവന്നത്. വീട്ടിൽ എല്ലാവരും ഉണ്ടെങ്കിലും ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടവനായിരുന്നു അയാൾ. ഒറ്റപ്പെടലിന്റെ വിരസത നീക്കുവാനായി അയാൾ ആദ്യമായി വീട്ട് പരിസരം നിരീക്ഷിക്കുവാൻ തുടങ്ങി.

പറമ്പിലാകെ അയാൾ കണ്ണോടിച്ചു. ഭാര്യയും മക്കളും വേലക്കാരും ചേർന്ന് നട്ടുവളർത്തിയ ചെടികളെല്ലാം വസന്തത്തിന്റെ വരവറിയിച്ച് പൂക്കൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. വണ്ണാത്തി പുള്ളുകൾ ചൂളമടിച്ചു പാടിക്കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. പൂക്കളിൽ തേൻ നുകർന്ന് കൊണ്ട് പറന്നുനടക്കുന്ന പൂമ്പാറ്റകളും തേനീച്ചകളും അയാളുടെ മനസ്സിൽ ബാല്യകാല സ്മരണകൾ ഉണർത്തി.

തുടർന്നുള്ള ദിവസങ്ങളിലും ലോക് ഡൗൺ നീണ്ടതിനാൽ ഇതുതന്നെയായി അയാളുടെ പരിപാടി. താനിവിടെ ഉണ്ടായിട്ടും തനിക്കിതൊന്നും കാണാൻ നേരം ഇല്ലായിരുന്നല്ലോ എന്നോർത്ത് അയാൾക്ക് ലജ്ജതോന്നി.

ഉച്ചയൂണ് കഴിയുമ്പോൾ ഭാര്യയും മക്കളും ചെടി നടാനിറങ്ങും. ക്രമേണ ആ ജോലി അയാൾ ഏറ്റെടുത്തു. വിടർന്നുനിൽക്കുന്ന പൂക്കളെപ്പോലെ അയാളുടെ പ്രവൃത്തി കണ്ട് ഭാര്യയുടെയും മക്കളുടെയും മുഖം വിടർന്നു. ചെടികളെ നനയ്ക്കുന്നതിനിടയിലാണ് ഒരു വണ്ണാത്തിപുള്ള് മരത്തിൽ വച്ചുകെട്ടിയ പാത്രത്തിനുള്ളിൽ തലയിടുന്നത് കണ്ടത്. അയാൾ മെല്ലെ ആ പാത്രമിരുന്ന മരത്തിനടുത്തേക്ക് ചെന്നു. അയാളുടെ വരവ് കണ്ട കിളി പറന്ന് അടുത്ത ചില്ലയിൽ ചെന്നിരുന്ന് ചൂളംവിളി തുടങ്ങി. കിളികൾക്ക് കുടിക്കാനായി ആരോ അതിൽ വെള്ളം തയ്യാറാക്കിവെച്ചതാണെന്ന് അയാൾക്ക് മനസ്സിലായി.

'അച്ഛൻ എന്തുപണിയാ കാണിച്ചേ, ആ കിളിയേ ഓടിച്ചു കളഞ്ഞില്ലേ', എന്നു പറഞ്ഞു അയാളുടെ മകൻ അവിടേക്ക് വന്നു. മകൻ തന്നോടു സംസാരിക്കുന്നത് ആദ്യമായിട്ടാണെന്ന് അയാൾക്ക് തോന്നി. അവൻ

ഉണരും മുമ്പ് അയാൾ ഓഫീസിലേക്ക് പോകുകയും അവൻ ഉറങ്ങി കഴിഞ്ഞാൽ വീട്ടിലെത്തുകയു മാണല്ലോ പതിവ്.

അയാൾ മകനെ സ്നേഹത്തോടെ എടുത്തുയർത്തി പാത്രത്തിന്റെ ഉൾവശം കാട്ടിക്കൊടുത്തു. അതിൽ വെള്ളം കുറവായിരുന്നു. അയാൾ ചെടി നനച്ചു കൊണ്ടിരുന്ന ഹോസ് എടുത്ത് ആ പാത്രം നിറച്ചു. എന്നിട്ട് മാറിനിന്നു. അപ്പോൾ ആ കിളി പാട്ടു നിർത്തി വെള്ളം കുടിക്കുവാൻ തുടങ്ങി. അതുകണ്ടു കൗതുകം പൂണ്ട അയാളുടെ മകൻ പറഞ്ഞു,

'അച്ഛാ, ഞാൻ പറഞ്ഞിട്ട് അമ്മയാണ് ആ പാത്രം കെട്ടി വച്ചത്. സ്കൂളിലെ ടീച്ചർ പറഞ്ഞു, വേനൽക്കാലമായാൽ വെള്ളം കിട്ടാതെ അവ കഷ്ടപ്പെടും. അവർക്കും മനുഷ്യരെപ്പോലെ ദാഹമുണ്ടാകുമെന്ന്'.

അയാൾക്ക് തന്റെ മകനെ ഓർത്ത് അഭിമാനമുണ്ടായി. കൊറോണാ കാലത്ത് തന്റെ ബിസിനസിന് അവധി നൽകി വീട്ടിലിരിക്കാൻ കഴിഞ്ഞതിൽ അയാൾക്ക് ആദ്യമായി സന്തോഷം തോന്നി

**വൈശാഖൻ. ബി. പി**
IX J
എഫ് കെ എം വി എച്ച് എസ് എസ്
കരുനാഗപ്പള്ളി ഉപജില്ല
കൊല്ലം

# മൗനനൊമ്പരം

മനസ്സിനെ മഥിക്കുന്ന ചിന്തകൾ തന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരിയായ പ്രിയപ്പെട്ട ഡയറിയുടെ ഇതളുകളിലേക്ക് പകർത്തിക്കഴിഞ്ഞപ്പോൾ എനിക്ക് തെല്ലൊരാശ്വാസം തോന്നി. ജീവിതം എന്നത് എത്ര നിഷ്ഫലമാണ് എന്ന് തിരിച്ചറിഞ്ഞ നാളുകളാണ് കടന്നുപോകുന്നത്. മണിമന്ദിരങ്ങളുടെ അകത്തളങ്ങളിലാകെ മരണത്തിന്റെ മണിനാദങ്ങൾ.വൻ തിരകളുയർത്തുന്ന കൊടുങ്കാറ്റു പോലെ വൻ കരകളെയാകെ മഹാമാരി പിടിച്ചുലയ്ക്കുന്നു. നെഞ്ചകം വിങ്ങുന്ന ലക്ഷങ്ങൾക്കിടയിൽ നോവിന്റെ ചെറു കനലെരിയുന്ന മനസ്സുമായി ഞാനും. പഠനത്തെ ശപിച്ച്,യൂണിഫോമിനെ വെറുത്ത്, കളിക്കാൻ സമയമില്ലെന്ന് പരിതപിച്ച എനിക്ക് ഇപ്പോൾ സമയം മുഴുവൻ ബാക്കിയാണ്. ഒരു മാസത്തിലേറെയായി സ്കൂൾ ബാഗൊന്ന് തുറന്നിട്ട്. അസഹനീയമാണ് ഫ്ളാറ്റിലെ ഏകാന്തത. എന്റെ അച്ഛൻ നഗരത്തിലെ കോവിഡ് സെന്റർ ആയി പ്രവർത്തിക്കുന്നആശുപത്രിയിലെ ഡോക്ടറാണ്. വീട്ടിലെത്തുന്നത് ചുരുക്കം. വന്നാൽത്തന്നെ ഇടപഴകാറില്ല. അദൃശ്യനായി വിലസുന്ന രോഗാണു എനിക്ക് പലപ്പോഴും കിട്ടാറുണ്ടായിരുന്ന സ്നേഹ ചുംബനങ്ങളെപ്പോലും കവർന്നെടുത്തിരിക്കുന്നു. ജനാലയുടെ ഇടുപ്പമുള്ള ഇഴകൾക്കിടയിലൂടെ മുഖം അമർത്തി ഞാൻ താഴേക്ക് നോക്കി. താഴെ എന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാർ ഒത്തുചേർന്ന് കളിക്കുന്നു. ഇത്തിരിപ്പോന്ന ആ കളിമുറ്റം അവർക്കിപ്പോൾ സ്കൂൾ ഗ്രൗണ്ടിനേക്കാൾ വിശാലമാണ്. പടിക്കെട്ടുകൾ ഇറങ്ങിച്ചെന്ന് അവരോടൊപ്പം കൂടാൻ മനസ്സ് തുടിക്കുന്നു. പക്ഷെ ഒരേ ബെഞ്ചിലിരുന്ന് ഉച്ചഭക്ഷണപ്പൊതി എന്നും പങ്കിട്ട് കഴിച്ചിരുന്ന എന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരി അഷിതയുടെ കണ്ണുകളിൽ തെളിഞ്ഞ ഭീതിയും അകൽച്ചയും ഇപ്പോഴും മനസ്സിൽ തങ്ങി നിൽക്കുകയാണ്. രാവും പകലും മഹാമാരിയോട് പൊരുതുന്ന ഒരച്ഛന്റെ മകളായി പോയതിനാൽ അവൾ എന്നെ ഭയപ്പെടുന്നു, അകറ്റി നിർത്തുന്നു. എങ്കിലും എനിക്ക് തികഞ്ഞ അഭിമാനം തോന്നുന്നു. മരണത്തിന്റെ ആഴക്കയങ്ങളിലേക്ക് മുങ്ങിത്താണു പോകുന്ന അനേകരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുന്ന ഒരച്ഛന്റെ മകളാണു ഞാൻ. ഊണും ഉറക്കവും ഇല്ലാതെ രാപകൽ അധ്വാനിക്കുന്ന ഓരോ ആരോഗ്യ പ്രവർത്തകനും ഉള്ള പ്രാർഥനാ പുഷ്പങ്ങളായി ഈ കുറിപ്പുകൾ സമർപ്പിച്ചു കൊണ്ട് തെളിഞ്ഞ മനസ്സോടെ എന്റെ ഏകാന്തതയിലേക്ക് മടക്കം...

**അൽന വിൻസെന്റ്**
VIII C
നിർമ്മല ഹൈസ്കൂൾ കബനിഗിരി
സുൽത്താൻബത്തേരി ഉപജില്ല, വയനാട്

# മാലാഖ

രാവിലെ പതിവില്ലാതെ അടുക്കളയിൽ അമ്മയെ കണ്ടപ്പോൾ അതിശയം തോന്നി. അതെന്താ അമ്മേ, ഇന്ന് ജോലിക്ക് പോകുന്നില്ലേ? ഇനി അമ്മയ്ക്ക് കുറെ നാൾ ജോലിക്കൊന്നും പോകേണ്ട. അത് പറഞ്ഞപ്പോൾ അമ്മേടെ സ്വരം മാറിയതു പോലെ തോന്നി. പക്ഷെ കുട്ടന് സന്തോഷമായി, സ്കൂളിൽ അയയ്ക്കാൻ ഇനി അമ്മ കാണുമല്ലോ?

അമ്മേ, അപ്പോൾ ഞാനിനീ സ്കൂളിൽ പോകുമ്പോൾ അമ്മ കുട്ടനെ അയയ്കാൻ വരുമല്ലേ? അതിനിനി മോനും കുറെ നാൾ സ്കൂളിൽ പോവണ്ടല്ലോ. അതെന്താ അമ്മേ കുട്ടനിനി പഠിക്കണ്ടേ? അപ്പോൾ കുട്ടനിനി അമ്മുവിനെയും സൈനുവിനെയും രാജുവിനെയുമൊന്നും കാണാൻ പറ്റില്ലേ?

ഇല്ല മോനെ കുറച്ച് നാളിനി കുട്ടന് അമ്മയെ മാത്രമേ കാണാൻ പറ്റൂ. ഹായ് കുട്ടനപ്പോൾ ഇനി എപ്പോഴും അമ്മേടെ കൂടെ ഇരിക്കാലോ. അയ്യോ, അമ്മേ, അപ്പോൾ കുട്ടനിനി രാവിലെയും ഉച്ചയ്ക്കും എന്ത് കഴിക്കും. ഓ.. അമ്മ ഉണ്ടല്ലോ? അമ്മ കുട്ടന് കഞ്ഞി ഉണ്ടാക്കി തരുമല്ലോ? അത് പറഞ്ഞപ്പോൾ അമ്മ എന്തിനാ കരയുന്നത്? അമ്മേ ഞാൻ ജിത്തുവിന്റെ വീട്ടിൽ കളിക്കാൻ പോയ്ക്കോട്ടെ. വേണ്ട കുട്ടാ കുറെ നാള് ആരുടെ കൂടെയും കളിക്കാൻ പറ്റില്ല. ഓ ജിത്തുവിന്റെ വീട്ടിൽ കളിക്കാൻ പോകുമ്പോൾ അവന്റെ അമ്മ കുട്ടന് പാലും ബിസ്ക്കറ്റുമൊക്കെ തരുമല്ലോ. അവന്റെ വീട്ടിലെ അടുക്കള കാണാൻ തന്നെ എന്തു രസമാ.... അവന്റെ അടുക്കള തന്നെ കുട്ടന്റെ വീടിന്റെ അത്ര വലുപ്പമാ... .ഓ... ഇനി അപ്പോൾ കുട്ടന് പാലും ബിസ്ക്കറ്റും ഒന്നും കിട്ടുല്ലല്ലോ... ഓ... സാരമില്ല അമ്മ കൂടെ ഉണ്ടല്ലോ... അമ്മെടെ കൂടെ കുട്ടനും അടുക്കളയിൽ കയറി.

രാവിലെ കഴിക്കാൻ അമ്മ കുട്ടന് ഇന്നലെ കുട്ടൻ സ്കൂളിൽ നിന്നും അമ്മയ്ക്കു വേണ്ടി കരുതിയ കഞ്ഞിയാ നൽകിയത്. അമ്മേ, കഞ്ഞിയാണോ രാവിലെ? സ്കൂളിൽ ആയിരുന്നേൽ കുട്ടന് ഇഡ്ഢലിയും ചമ്മന്തിയും കിട്ടിയേനേ.. അത് കേട്ടപ്പോൾ അമ്മയുടെ കണ്ണ് നിറയുന്നത് കണ്ടു. സാരമില്ല അമ്മേ, കുട്ടന് രാവിലെ കഞ്ഞി കുടിക്കാനാ ഇഷ്ടം.

പിന്നെ ഉച്ചയ്ക്കും രാത്രിയിലുമെല്ലാം കുട്ടന് കഞ്ഞിയാ കഴിക്കാൻ കിട്ടിയത്. കുട്ടന് കഞ്ഞി ഇഷ്ടാന്ന് പറഞ്ഞിട്ടാണോ എപ്പോഴും കഞ്ഞി വയ്ക്കുന്നത്... രാത്രി പ്രാർത്ഥിക്കുമ്പോൾ അമ്മ ഒത്തിരി കരയുന്നതു കണ്ടു.അച്ഛൻ മരിച്ച് പോയതിനു ശേഷം എപ്പോഴും ഇങ്ങനെയാ... പക്ഷെ എപ്പോഴെത്തെയും പോലയല്ല ഒത്തിരി കരഞ്ഞു. കുട്ടനും സങ്കടമായി... രാത്രി കിടന്നപ്പോൾ കുട്ടൻ പറഞ്ഞു, കുട്ടന് രാവിലെ കഞ്ഞി വേണ്ട; ജിത്തുവിന്റെ അമ്മ രാവിലെ ചപ്പാത്തിയും ഇറച്ചിക്കറിയുമാ വയ്ക്കുന്നത്.നമ്മുക്കും നാളെ രാവിലെ അങ്ങനെ വയ്ക്കാം. അമ്മ ഒന്നും പറഞ്ഞില്ല. ഒന്ന് മൂളുക മാത്രം ചെയ്തു.

ജോലിക്ക് പോകേണ്ടാത്തതുകൊണ്ടായിരിക്കും അമ്മ ഉറക്കം തന്നെ. എപ്പോഴാണെന്തോ അമ്മ ഇനി ചപ്പാത്തി ഉണ്ടാക്കുന്നത്? അമ്മേ, അമ്മേ ഇങ്ങ് വന്നേ, ദാ..നോക്കിയേ ഇവിടെ എന്താ ഇരിക്കുന്നതെന്ന്. കുട്ടന് എടുക്കാൻ പറ്റുന്നില്ലല്ലോ? അമ്മേ ഇങ്ങ് വന്നേ. എന്താ മോനെ ഇത്? ആരാ ഇത് നിനക്ക് തന്നത്? അമ്മേ നമ്മുടെ വീടിന്റെ വാതിൽക്കൽ ഇരുന്നതാ... ഹായ് നോക്കിക്കെ നിറയെ ബിസ്ക്റ്റും ഉണ്ട്... അമ്മേടെ കണ്ണിലെ തിളക്കം കുട്ടൻ കണ്ടു. അമ്മ ചുറ്റും നോക്കിയിട്ട് ആരെയും കണ്ടില്ല. കുട്ടൻ നോക്കിയപ്പോൾ ജിത്തുവിന്റെ അമ്മ അവന്റെ വീട്ടിലെ ബാൽക്കണിയിൽ നിന്നും ചിരിക്കുന്നതു കണ്ടു... അപ്പോൾ ആന്റീടെ മുഖത്തിന് നല്ല പ്രകാശമുള്ള പോലെ തോന്നി, മാലാഖമാരുടെ മുഖത്തുള്ളതു പോലുള്ളൊരു പ്രകാശവലയം...

**സാനിയ**
VA
പള്ളിത്തുറ. എച്ച്.എസ്.എസ്
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# അപ്പുവിൻെറ പുതുലോകം

അപ്പുക്കുട്ടൻ മഹാവികൃതിയായിരുന്നു. അവൻ ആടിയും പാടിയും കൂട്ടുകാരോടൊത്തു കളിച്ചു നടന്നിരുന്നതായിരുന്നു. പെട്ടന്നായിരുന്നു പരീക്ഷ എത്തിയത്. അവന് പരീക്ഷ ചൂടിനൊപ്പം കൂട്ടുകാരെ പിരിഞ്ഞ് രണ്ടുമാസം ഇരിക്കേണ്ടതോർത്തു വിഷമം വന്നു. പെട്ടന്നാണ് ആ മഹാമാരി ലോകത്തെ വിഴുങ്ങാൻ എത്തിയത്. പരീക്ഷകൾ മാറ്റി, സ്കൂളുകൾ പെട്ടന്ന് അടച്ചു. ആൾക്കൂട്ടങ്ങളും ഉത്സവങ്ങളും ഒക്കെ ഇല്ലാതായി. കൊറോണ എന്ന വൈറസാണ് കാരണം. ഇത് ലോകമാകെ വ്യാപിച്ചു. ചൈനയിലാണ് തുടക്കം. അപ്പോഴും അപ്പുകുട്ടന് ഇതിൻെറ തീവ്രത മനസ്സിലായില്ല. പെട്ടന്നാണ് ആ ശൂന്യ ദിവസം വന്നെത്തിയത്.ലോകമാകെ ആ ദിനങ്ങളായിരുന്നു. നടപ്പാതകളും കുട്ടികൾ ആർത്തുല്ലസിച്ചു കളിച്ച കളിസ്ഥലങ്ങളും എല്ലാ വിജനമായി. എങ്ങും നിശബ്ദത. വാഹനങ്ങളുടെയും ആളുകളുടെയും ഉത്സവങ്ങളുടെയും ആരവങ്ങൾ സ്തംഭിച്ചാണ് കൊറോണ എന്ന വൈറസ് വന്നെത്തിയത്. അപ്പുക്കുട്ടന് ഇക്കാലം ശൂന്യതയുടെ ലോകമായി മാറി. ചിന്തനിരതനായി ഉമ്മറത്തിരിക്കുമ്പോൾ അവൻെറ ശ്രദ്ധയിൽ ഒരുകൂട്ടം പ്രാവുകൾ വന്നെത്തി. മുറ്റത്ത് അരിമണികൾ കൊത്തിത്തിന്നുന്ന പ്രാവുകളെ ശ്രദ്ധയോടെ നോക്കിയിരന്നു. പിന്നെ ചെടികൾക്കിടയിൽ കലപിലകൂടുന്ന കിളികളും മാവിന്മേൽ കേറി മാങ്ങ തിന്നുന്ന അണ്ണാറക്കണ്ണനും പൂക്കളുടെ തേൻ നുകരുന്ന പൂമ്പാറ്റയും അവൻെറ ശ്രദ്ധയിൽ പെട്ടു. ഇവയൊക്കെ ചുംബിച്ചു കൊണ്ട് ഇളം കാറ്റടിച്ചു പ്രകൃതിയും വന്നു. ആട്ടിൻ കുട്ടിയുടെയും പശുകിടാങ്ങളുടെയും കോഴികുഞ്ഞുങ്ങളുടെയും ലോകത്തിലേക്ക് അവനും ശ്രദ്ധിക്കാൻ തുടങ്ങി. പുറത്തിറങ്ങാൻ കഴിയാത്ത അപ്പുക്കുട്ടന് ഇതൊരു പുതുലോകമായിരുന്നു. മുമ്പെങ്ങും അവനിത് അനുഭവിച്ചിട്ടില്ലായിരുന്നു. ഈ കൊറോണ കാലം അപ്പുക്കുട്ടന് പുതുലോകം തന്നെയായിരുന്നു. കുറച്ചു കാക്കകൾ മുറ്റം ശുചിയാക്കുന്നത് കണ്ടു പെട്ടന്ന് ഓടി അമ്മയുടെ അടുത്തേക്ക് ചെന്നപ്പോൾ അമ്മ വീടുവൃത്തിയാക്കുന്ന തിരക്കിലായിരുന്നു. അവനും അമ്മയെ സഹായിച്ചു. അമ്മ കുമിഞ്ചാൻ പുകയ്ക്കുന്നത് അവൻ കണ്ടു. കുമിഞ്ചാൻ പുകയ്ക്കുന്നത് കീടങ്ങളെ തുരത്താ നാണന്ന് അമ്മ

അവനു പറഞ്ഞുകൊടുത്തു. അവൻ പക്ഷികൾക്കും മറ്റും കുടിക്കാ നായി വെള്ളം മുറ്റത്ത് വയ്ക്കാറുണ്ട്. പ്രതിരോധത്തിനായി ആരോഗ്യപ്രവർത്തകർ പറഞ്ഞ അറിവുവെച്ചു അവൻ ഇടയ്ക്കിടയ്ക്ക് കൈകൾ കഴുകുമായിരുന്നു. പതിവുപോലെ അവൻ മുറ്റത്തിറങ്ങാൻ പോയപ്പോൾ ഉമ്മറത്തിരുന്നു അച്ഛമ്മ അവനോടു പറഞ്ഞു... മോനെ ദൂരത്തേയ്ക്കൊന്നും പോവല്ലേ... പ്രതിരോധത്തിനായി നമുക്കു ശുചിത്വം പാലിക്കേണ്ടതുണ്ട്. സാമൂഹിക അകലവും പാലിക്കണം. എങ്കിൽമാത്രമേ കൊറോണ എന്ന മഹാമാരിയെതുരത്തി ഓടിച്ചു നല്ലൊരു നവലോകം ഉണ്ടാകൂ. ഇതൊക്കെ കേട്ട് അവൻ ചിരിച്ചു കൊണ്ട് തലകുലുക്കി. ഞാൻ വലുത് നീ വലുത് എന്ന് അഹങ്കരിച്ച മനുഷന് അതൊന്നും ഒന്നുമല്ലെന്ന സത്യവും ജാതിയും മതവും വർണവും ഒന്നും ഈ ലോകത്ത് ഒന്നുമല്ലെന്ന തിരിച്ചറിവും കൊറോണ എന്ന മഹാമാരിയെ പ്രതിരോധത്തിലൂടെയെ ഇല്ലാതാണ്ടാക്കാൻ കഴിയൂ എന്ന സത്യവും അപ്പുക്കുട്ടനു മനസ്സിലാക്കാൻ കഴിഞ്ഞു. നാളെ ഒരു നല്ലൊരു നവലോകത്തിനായി അപ്പുക്കുട്ടൻ കാത്തിരുന്നു... ഒത്തൊരുമയോടെ നമുക്കെല്ലാവർക്കും ഒരു നവലോകത്തിനായി കാത്തിരിക്കാം...

**അഭിനവ് . വി**
IV A
പി റ്റി എം എൽ പി എസ് കുമ്പളത്തുംപാറ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# നിങ്ങൾ വിളിക്കുന്ന നമ്പർ പരിധിക്ക് പുറത്താണ്

ലോകം മുഴുവൻ ഭയവും ഭീതിയും പരന്നിരിക്കുകയാണ്. കൊറോണ എന്ന മഹാമാരി ഇന്ന് ലോകത്തെ വിഴുങ്ങിയിരിക്കുകയാണ്.21 ദിവസം ലോക് ഡൗൺ ആയ കാരണം വീട്ടിലിരിപ്പാണ്. വൃത്തിയും വെടിപ്പും ശീലമാക്കി. സാനിറ്റൈസറും ഹാന്റ് വാഷും വാങ്ങി. ഇപ്പൊ ഇത് രണ്ടും നിർബന്ധാ...

സദ്യയ്ക്ക് മുമ്പ് കൈ പോലും കഴുകാതെ വെട്ടിവിഴുങ്ങിയിരുന്ന നമ്മളിപ്പോൾ ഏതുനേരവും കുളിയും ജപവും. നല്ല തമാശ തന്നെ.

ഞാൻ ഇതിനിടെ പച്ചക്കറി വാങ്ങാനായി പോയി. പച്ചക്കറി അത്യാവശ്യ സാധനം ആണല്ലോ. കടയുടെ അടുത്തുള്ള വീട്ടിൽ ഒരു കുട്ടി ഗേറ്റിൽ പിടിച്ച് നിൽക്കുന്നുണ്ടായിരുന്നു. അവൻ എന്നോട് എൻറെ മൊബൈൽ ആവശ്യപ്പെട്ടു. അവനൊരു ഫോൺ ചെയ്യണമത്രേ. ഇത്രയും ചെറിയ ഒരു കുട്ടി എന്നോട് മൊബൈൽ ആവശ്യപ്പെട്ടപ്പോൾ ഗെയിം കളിക്കാനാണെന്ന് ഞാൻ കരുതി.

ഞാൻ അവനോടു ചോദിച്ചു. 'നിനക്കെന്തിനാ ഈ മൊബൈൽ?'

അവൻ പറഞ്ഞു 'എനിക്ക് ഒരാളെ വിളിക്കാനാ.'

അപ്പോൾ ഞാൻ ചോദിച്ചു 'ആരെയാ? ഞാൻ വിളിച്ച് തരാം.'

'ദൈവത്തെ വിളിക്കാനാ ചേച്ചി. കുറെ വിളിച്ചു നോക്കി . എടുക്കുന്നില്ലന്നേ. എടുത്തിരുന്നെങ്കിൽ നമ്മൾ ഇന്ന് നേരിടുന്ന ഈ ദുരന്തത്തിൽ നിന്ന് നമ്മളെയെല്ലാം രക്ഷിക്കാൻ പറയാനാ. ഇത്ര നാൾ പൂജയും പ്രാർത്ഥനയും ഒക്കെയായി നടന്നിട്ട് അങ്ങേര് ഇപ്പ തിരിഞ്ഞുനോക്കുന്നില്ല. അങ്ങേരിപ്പോൾ പരിധിക്ക് പുറത്താണ്.'

'മോനേ വിഷമിക്കേണ്ട. ഇന്ന് ഈ മഹാമാരിയിൽ നിന്നും നമ്മെ രക്ഷിക്കാൻ ദൈവം ശുഭ്രവസ്ത്രധാരിയായും, കാക്കിവസ്ത്രം അണിഞ്ഞും, നല്ല ഭരണാധികാരികളിലൂടെയും നമ്മോടൊപ്പം തന്നെയുണ്ട്.' എന്നുംപറഞ്ഞ് അവന് ഒരു ചിരിയും സമ്മാനിച്ച് ഞാൻ വീട്ടിലോട്ട് തിരിച്ചു.

**ചഞ്ചൽ ആർ**
VI A
പി.കെ.എച്ച്. എസ്സ്.എസ്സ്. മഞ്ഞപ്ര
ആലത്തൂർ ഉപജില്ല, പാലക്കാട്

# തിരിച്ചടി

ഒരു ദിവസം ദൈവത്തിന്റെ മുന്നിൽ രണ്ടു പേർ എത്തി. ഒന്ന് കോവിഡും മറ്റൊന്ന് മനുഷ്യനും.

ദൈവം ചോദിച്ചു, 'നിങ്ങൾക്കെന്താണ് വേണ്ടത്?

ഇരുവരും ഒരേ സ്വരത്തിൽ പറഞ്ഞു, 'ഞങ്ങളിൽ ആരാണ് സ്വർഗത്തിൽ പോവേണ്ടത്?'

അപ്പോൾ ദൈവം പറഞ്ഞു ,' നിങ്ങളിൽ ആരാണോ ഏറ്റവും കൂടുതൽ ആൾക്കാരെ ഉപദ്രവിച്ചത് അയാൾക്ക് നരകത്തിൽ പോകാം, മറ്റേയാൾക്കു സ്വർഗ്ഗത്തിലും പോകാം.'

അപ്പോൾ മനുഷ്യൻ പറഞ്ഞു,' ഞാൻ ആരെയും ഉപദ്രവിച്ചിട്ടില്ല, കോവിഡ് ആണ് എല്ലാ മനുഷ്യരെയും ഉപദ്രവിച്ചത്.'

അപ്പോൾ കോവിഡ് എതിർത്തുകൊണ്ട് പറഞ്ഞു ,' ഞാൻ ആരെയും ഉപദ്രവിച്ചില്ല, ഈ മനുഷ്യൻ കാരണമാണ് ഞാൻ എവിടെ എത്തിച്ചേർന്നത്. കൂടാതെ ഈ മനുഷ്യൻ പ്രകൃതിയെയും ജീവജാലങ്ങളെയും ഉപദ്രവിച്ചു. അഹങ്കാരം നിറഞ്ഞ മനുഷ്യൻ ചെയ്തത്ര ഉപദ്രവം ഞാൻ ആർക്കും ചെയ്തിട്ടില്ല.'

എല്ലാം കേട്ട് നിന്ന ദൈവം പറഞ്ഞു ,' നാളിതുവരെയായി ദ്രോഹങ്ങൾ മാത്രം ചെയ്ത മനുഷ്യാ നീ തന്നെയാണ് നരകത്തിൽ പോകേണ്ടത്. എന്നാൽ ഈ യാതനകാലത്തു നീ കാണിച്ച ഒത്തൊരുമ, സഹജീവിസ്നേഹം അത് കാണാതിരിക്കാനും വയ്യ. അതുകൊണ്ടു മനുഷ്യാ ഈ കോവിഡിനെ തുരത്താനുള്ള മരുന്ന് നിന്റെ ഒത്തൊരുമയിൽ പിറവിയെടുക്കുന്ന ദിവസം നിനക്ക് ഈ നരകത്തിൽ നിന്നും മോചനം ഉണ്ടാകും!

**ധ്യാൻസൂര്യ എ എൽ**
IV A
പുലീപ്പി ഹിന്ദു എൽ പി സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# അങ്ങനെ ഒരു കൊറോണക്കാലത്ത് ...

അന്ന് നേരം വെളുക്കുന്നതിനുമുൻപ് ബ്ലാക്കി ഉണർന്നു.ആ ദിവസത്തിന്റെ പ്രത്യേകത എന്താണെന്നവനറിയാം. തന്റെ സന്തോഷം പ്രകടിപ്പിക്കാനായി ഉറക്കെ കുരയ്ക്കുകയും ഓരി ഇടുകയും വേണമെന്ന് അവന് തോന്നി. അപ്പോൾ തന്നെ അവനത് വേണ്ടെന്നും വച്ചു. തന്റെ വീട്ടിലുള്ളവരെ പുലർച്ചെ തന്നെ വിളിച്ചുണർത്തുന്നത് എന്തിനാണ്? താനൊരു സാധാരണ തെരുവു നായയല്ലല്ലോ! എല്ലാവരും കാണാനിഷ്ടപ്പെടുന്ന പഗ്ഗ് ഇനത്തിൽപ്പെട്ട നായയല്ലെ. അതിന്റെ മര്യാദ കാണിക്കണ്ടെ? മറ്റു നായകളിൽ നിന്നും വ്യത്യസ്തമായ നായയായിരുന്നു ബ്ലാക്കി. തന്റെ വീട്ടുകാർ പറയുന്നതതേപടി അനുസരിക്കുകയും ശുചിത്വശീലങ്ങൾ പാലിക്കുകയും ചെയ്യുന്ന അവൻ ആ വീട്ടിലെ പൂച്ചയെപ്പോലും ഉപദ്രവിക്കില്ല. എന്നാൽ രാത്രി വീട്ടിൽ അസാധാരണമായ എന്തെങ്കിലും നടന്നാലോ, അവന് സംശയം തോന്നിയാലോ, അവൻ ഉറക്കെ കുരച്ച് ശബ്ദമുണ്ടാക്കും. രാത്രി മുഴുവൻ അതിജാഗ്രതയിലാകുന്ന അവൻ ഉറങ്ങുകയേയില്ല.ഇതെല്ലാം കൊണ്ടു തന്നെ വീട്ടുകാർ അവന് പ്രത്യേക പരിഗണനയാണ് നൽകിയിരുന്നത് . അവനെ അവർ തങ്ങളുടെ വീടിനുള്ളിലാണ് താമസിപ്പിച്ചിരുന്നത് . അവന് ഇരിക്കാനും ഉറങ്ങാനും കഴിക്കാനും എല്ലാം അവർ പ്രത്യേക സംവിധാനങ്ങളേർപ്പെടുത്തിയിരുന്നു.

സമയം രാവിലെ ആറ് മണി കഴിഞ്ഞു. വീട്ടിലെ ഓരോരുത്തരായി പുറത്തുവരാൻ തുടങ്ങി. എല്ലാവരുടെയും കണ്ണ് വീടിന്റെ ഗേറ്റിൽത്തന്നെയായിരുന്നു. ബ്ലാക്കി ഒരു മൂലയിൽ ചുരുണ്ടുകിടക്കുകയാണ്. വീട്ടിലെ ഗൃഹനാഥന്റെ മകളായ സാനിയ പറഞ്ഞു. 'ഫ്ളൈറ്റ് വന്നിട്ട് രണ്ട് മണിക്കൂറായല്ലോ! ഈ പപ്പയ്ക്കെന്താ ഇത്ര താമസം. വിളിച്ചിട്ട് മൊബൈലും എടുക്കുന്നില്ല.' 'ഒന്നു സമാധാനിക്ക് മോളേ, പപ്പ ഉടനിങ്ങെത്തും.' സൂസൻ അവളെ സമാധാനിപ്പിച്ചു. വീടിന് മുന്നിൽ ഒരു കാർ വന്നു നിന്നു.എല്ലാവരുംഅവിടേക്ക് നോക്കി. കാറിൽ നിന്നും കോട്ടും സ്യൂട്ടുമിട്ട ഒരു മധ്യവയസ്ക്കൻ ഇറങ്ങി. അയാൾ ഗേറ്റ് തുറന്നു.സാനിയ തുള്ളിച്ചാടി. ബ്ലാക്കി ഓടിപ്പോയി സണ്ണിയുടെ കാലുകളിൽ മുട്ടിയുരുമ്മി നിന്നു. 'പപ്പയെന്താ വിളിച്ചിട്ടെടുക്കാത്തത്?' സാനിയ ചോദിച്ചു. 'ഓ! മൊബൈലിന്റെ ചാർജ് തീർന്നുപോയി മോളെ.' 'ചേട്ടനെന്താ ഇത്ര വൈകിയത്?' സൂസൻ ചോദിച്ചു. 'ഒന്നും പറയണ്ട, വിദേശത്തു നിന്ന് വരുന്നവർക്ക് എയർപ്പോട്ടിൽ ഭയങ്കര പരിശോധനയാ! ഞാനവരുടെ കണ്ണു വെട്ടിച്ച് ഒരു വിധം പുറത്തുകടന്നു. നല്ല തലവേദന, നീയൊരു

കപ്പ് ചായയിങ്ങെടുക്ക്.' അയാൾ കോട്ടൂരി സോഫയിലേക്കിട്ട ശേഷം കസേരയിലിരുന്നു ഷൂസിന്റെ ലേസഴിച്ചു. ബ്ലാക്കി അനുസരണയോടെ ട്രോളി ബാഗിന് സമീപം നിവർന്നിരുന്നു. 'ഇതാ ചായ. ബ്രേക്ക്ഫാസ്റ്ററെടുക്കട്ടെ ചേട്ടാ.' സൂസൻ ചോദിച്ചു. 'ഇപ്പോൾ വേണ്ട, നിങ്ങൾ കഴിച്ചോളിൻ. ഞാനൊന്ന കിടക്കട്ടെ. നല്ല ക്ഷീണം.' അയാൾ ബെഡ്രൂമിലേക്ക് പ്രവേശിച്ചു. ബ്ലാക്കി അയാളെ അനുഗമിച്ചു. 'നീയങ്ങു മെലിഞ്ഞു പോയല്ലോടാ.' സണ്ണി അവനെ തലോടി. യജമാനന്റെ കൈ പൊള്ളുന്നതായി അവന് തോന്നി. അവൻ അസ്വസ്ഥതയോടെ കുതറിമാറി. അയാൾ കിടക്കയിൽ നീണ്ടു നിവർന്നുകിടന്നു. കട്ടിലിനു ചുവട്ടിൽ ബ്ലാക്കി തല നീട്ടി കിടന്നു. എയർ കണ്ടീഷണറിന്റെ മുരളൽ അവന് അസഹ്യമായി തോന്നി. കുറച്ചു നേരം കഴിഞ്ഞപ്പോൾ സൂസൻ വന്ന് വാതിലിൽ മുട്ടി. 'ചേട്ടാ വേഗം വാതിൽ തുറന്നെ.' സൂസന്റെ ശബ്ദത്തിൽ പരിഭ്രമമുണ്ടായിരുന്നു. മുറിയിൽ നിന്ന് പുറത്തിറങ്ങിയ സണ്ണിയെ ബ്ലാക്കിയും അനുഗമിച്ചു. വീട്ടിനു മുറ്റത്ത് മുഖവും ദേഹവുമെല്ലാം മറയ്ക്കുന്ന തരത്തിൽ വസ്ത്രമിട്ട കുറച്ചാളുകൾ നിൽക്കുന്നത് കണ്ടു. അവന് അവരെ കണ്ടപ്പോൾ ഭൂതങ്ങളെപ്പോലെ തോന്നി. അവർ തന്നെ ഉപദ്രവിക്കുമോയെന്ന് ഭയന്ന് ബ്ലാക്കി വാതിലിനു പിറകിൽ പോയൊളിച്ചു. പുറത്ത് വന്നവരും വീട്ടുകാരും തമ്മിൽ എന്തൊക്കെയൊ സംസാരിക്കുന്നുണ്ട് . വാതിൽ അടയുന്ന ശബ്ദം കേട്ട അവൻ ജനലിനടുത്തേക്ക് ഓടിച്ചെന്നു. മൂടിക്കെട്ടിയ വായയുമായി നിൽക്കുകയാണ് വീട്ടുകാരെല്ലാവരും. എല്ലാവരും വേഗത്തിൽ വണ്ടിയിൽക്കയറി. വാതിലുകളടഞ്ഞു. ഉച്ചത്തിലുള്ള കൂവലോടെ അത് വേഗം പാഞ്ഞുപോയി. മുൻപ് ടി.വി. യിൽ അത്തരം വണ്ടികൾ കണ്ടിട്ടുണ്ട് . താനൊറ്റപ്പെട്ടതിൽ ബ്ലാക്കിയ്ക്ക് വിഷമം തോന്നി. മുന്നോട്ട് നീട്ടി വച്ച കൈകൾക്കിടയിൽ മുഖം വച്ചുകൊണ്ട് അവൻ ജനലിനു താഴെ കിടന്നു. ആ കിടപ്പിൽ കിടന്നവൻ ഉറങ്ങിപ്പോയി. പിറ്റേന്ന് കാലത്താണ് ബ്ലാക്കി ഉണർന്നത് . തന്റെ യജമാനൻ ഉടൻ തിരിച്ചു വരുമെന്ന് അവന് തോന്നി. അവന് കടുത്ത വിശപ്പുണ്ടായിരുന്നു. പക്ഷെ ഭക്ഷണപ്പാത്രം കാലിയാ യിരുന്നു.അവൻ മുൻവശത്തെ ജനലിലൂടെ പുറത്തേക്ക് നോക്കി. അവിടെ ഗേറ്റിന് വിടവിലൂടെ അവനാക്കാഴ്ച കണ്ടു. കുറേ തെരുവുനായകൾക്ക് ചിലർ ഭക്ഷണം നൽകുന്നു. അവനുറക്കെ കുരച്ചു. ഗേറ്റ് കടന്ന് അവർ തനിക്കടുക്കലെത്തുമെന്നും അവർ തനിക്കും ഭക്ഷണം നൽകുമെന്നും അവൻ കരുതി. പക്ഷേ അതുണ്ടായില്ല. അവന്റെ

ശബ്ദം ആ വീടിനുള്ളിൽത്തന്നെ മുങ്ങിപ്പോയി. ഏതാണ്ട് ഉച്ചയായപ്പോഴേക്കും വീടിനു മുന്നിൽ ഒരു വണ്ടി വന്നു നിന്നു. വണ്ടിയിൽ നിന്നും സൂസനും സാനിയയും പുറത്തിറങ്ങി വീടിന് നേരെ നടന്നു വരുന്നത് അവൻ കണ്ടു. ഇരുവരുടെയും വായും മൂക്കും മൂടിക്കെട്ടിയിട്ടുണ്ട്. പക്ഷേ എവിടെ യജമാനൻ?പുറകിൽ നടന്നുവരുന്ന ആളുകൾക്കിടയിൽ അദ്ദേഹമില്ല. അവന് തെല്ലു വിഷമം തോന്നി. യജമാനത്തിയും സാനിയയും തന്നെ ആശ്വസിപ്പിക്കുമെന്നും തനിക്ക് ഭക്ഷണം നൽകുമെന്നും കരുതി അവൻ ചെറുതായൊന്നു മോങ്ങി. പിന്നെ പരവതാനിയിൽ കിടന്നുരുണ്ടു. പക്ഷേ വീട്ടിനകത്ത് കയറിയ അവർ വേഗത്തിൽ വെവ്വേറെ മുറികളിൽ കയറി അകത്തു നിന്നും വാതിൽ കുറ്റിയിട്ടതെന്തിനെന്ന് അവൻ അത്ഭുതപ്പെട്ടു. നിരാശയോടെ അവൻ തറയിൽക്കിടന്നു. പുറത്തുനിന്നും വാതിൽ പൂട്ടി ജനലിലൂടെ താക്കോൽ വയ്ക്കുന്നതിനിടയിൽ വാ മൂടിക്കെട്ടിയ ഒരാൾ ബ്ലാക്കിയെ ശ്രദ്ധിച്ചു. ഗേറ്റ് കടന്ന് പുറത്തുപോയ അയാൾ വലിയൊരു കവർ ബിസ്ക്കറ്റുമായാണ് തിരിച്ചെത്തിയത്. അയാൾ ആ പൊതി തുറന്ന ജനലിലൂടെ അകത്ത് വച്ചു. വിശന്നുവലഞ്ഞ അവന്റെ വായിൽ വെള്ളമൂറി. അപ്പോൾ താൻ കരുതിയതു പോലെ വണ്ടിയിൽ വന്നവർ ദുഷ്ടന്മാരല്ല. സ്നേഹമുള്ളവരാണ്. അവൻ നന്ദിപൂർവ്വം വാലാട്ടി. ബ്ലാക്കി എന്ന വിളിയുമായി ഗേറ്റ് കടന്നുവരുന്ന തന്റെ യജമാനനെ സ്വപ്നം കണ്ടുകൊണ്ട് അവൻ അവിടെക്കിടന്നു മയങ്ങി.

**ദിവ്യലക്ഷ്മി. എസ്**
VII A
ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്ക്കൂൾ
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# ഒരു കോവിഡ് നൊമ്പരം

ഇന്നാണ് ആ സുദിനം.ഒരു വർഷത്തിലേറെയായി താൻ കാത്തിരുന്ന ആ ദിവസം എത്തിയിരിക്കുന്നു. പക്ഷെ, വിഷ്ണുവിന്റെ കണ്ണുകളിൽ സന്തോഷമില്ലായിരുന്നു. തികച്ചും മ്ലാനമായിരുന്നു ആ മുഖം.അവൻ ബോർഡിംഗ് സ്കൂളിന്റെ ഹോസ്റ്റലിൽ തന്റെ റൂമിന്റെ ജാലകത്തിലൂടെ പുറത്തേക്ക് നോക്കി. അവന്റെ ചിന്തകൾ എവിടെയൊക്കെയോ അലയുകയായിരുന്നു.അവനെ ചിന്തകളിൽ നിന്നും ഉണർത്തിയത് അനന്തു എന്ന റൂം മേറ്റിന്റെ ശബ്ദമായിരുന്നു. സ്കൂളിലെ അവന്റെ സഹപാഠിയും ബെസ്റ്റ് ഫ്രണ്ടുമാണ് അനന്തു. 'എടാ കഴിഞ്ഞ വർഷത്തെപ്പോലെ ഇപ്രാവശ്യവും എന്നെ കൂട്ടാൻ ആരും വരില്ല.നിന്നെ വിളിക്കാനും ആരും വരില്ലേ?' 'വരും. ലോക്ഡൗൺ മാറിയാലുടൻ എന്റെ അച്ഛനുമമ്മയും വരും. നീ എന്റെ കൂടെ പോര്. ഇപ്രാവശ്യം അവധിക്കാലം എന്റെ വീട്ടിൽ നമുക്ക് അടിച്ചു പൊളിച്ചാഘോഷിക്കാം.' വിഷ്ണുവിന്റെ സന്തോഷം നിറഞ്ഞ വാക്കുകൾ അനന്തുവിനും സന്തോഷം നൽകി.

വിഷ്ണുവിന്റെ ചിന്തകളിലേക്ക് അച്ഛനുമമ്മയും വീടും ഒക്കെ ഓടി എത്തി. അവന്റെ മാതാപിതാക്കൾ അമേരിക്കയിലാണ്. അവൻ ഈ ബോർഡിംഗ് സ്കൂളിലെത്തിയിട്ട് 2 വർഷമായി. വർഷാന്ത്യത്തിൽ മാത്രം തന്നെ കാണാനും കൂടെ കൂട്ടാനും എത്തുന്ന രണ്ടു മുഖങ്ങളായി അച്ഛനും,അമ്മയും മാറിയത് അവന് വലിയ നൊമ്പരമായിരുന്നു. അതിലേറെ അവനെ വേദനിപ്പിച്ചത് കുഞ്ഞനിയനെ പിരിയുന്നതായിരുന്നു. അവനെ ഈ ബോർഡിംഗ് സ്കൂളിലാക്കി അവർ തിരിച്ചുപോയപ്പോൾ അവൻ ദിവസങ്ങളോളം തേങ്ങി കരഞ്ഞിരുന്നു. പിന്നീട് അവധിക്കാലത്തെ 2 മാസമായിരുന്നു അവന്റെ സ്വപ്നം. ഈ ബോർഡിംഗിലെ ജീവിതത്തിൽ അവനാകെ ആശ്വാസമായിരുന്നത് അവന്റെ മുത്തശ്ശിയായിരുന്നു. രണ്ടോ, മൂന്നോ മാസം കൂടുമ്പോൾ ചുക്കിചുളിഞ്ഞ വയറ് മറച്ച നരച്ച സാരിയിൽ പൊതിഞ്ഞു കൊണ്ടു തരുന്ന തേൻ മിഠായി. അനേകം ഉമ്മകൾ നൽകി തന്നെയടുത്തിരുത്തി വിശേഷങ്ങൾ പറഞ്ഞിരുന്ന മുത്തശ്ശി ഓർമ്മയായിട്ട് ഇപ്പോൾ ഒരു വർഷം കഴിഞ്ഞിരിക്കുന്നു. തന്നെ തിരഞ്ഞു വരാനോ കാണാനോ ഇനി ആ മുഖവുമില്ല. ശരിയാണ് ജീവിതം ഒരു നാടകത്തട്ടാണ്, ചില മുഖങ്ങൾ അരങ്ങേറുമ്പോൾ ചിലത് അരങ്ങൊഴിയും.അവൻ മുത്തശ്ശിയുടെ വേർപാട് ഓർത്ത് വിതുമ്പി. പെട്ടെന്ന് അവന്റെ ഓർമ്മകളിലേക്ക് അച്ഛന്റെ ഇന്നലത്തെ ഫോൺ കോൾ ഓടിയെത്തി. ഉടനെ അവനെ കൂട്ടാൻ എത്താൻ കഴിയില്ല എന്നറിച്ചതായിരുന്നു അത്. ലോക്ക് ഡൗൺ കാരണം ഫ്ളൈറ്റില്ല പോലും. താൻ ഒരു വർഷം കൊണ്ട് നെയ്ത് കൂട്ടിയ സ്വപ്നങ്ങളുടെ ചീട്ട് കൊട്ടാരം കാറ്റ് തകർത്തത് പോലെ. കുഞ്ഞനിയനെ കാണാൻ ഇനിയും കുറേനാൾ കാത്തിരിക്കണം എന്നോർത്തപ്പോൾ അവന്റെ കണ്ണുകൾ വീണ്ടും നീർച്ചാലാകാൻ വെമ്പൽ പൂണ്ടു. അവനടക്കം ഇപ്പോൾ പത്ത് കുട്ടികൾ മാത്രമേ ബോർഡിംഗിലുള്ളൂ. മറ്റ് കുട്ടികളെല്ലാം അവരവരുടെ മാതാ പിതാക്കളോടാപ്പം വീടുകളിലേക്ക് മടങ്ങിയിരുന്നു. അനക്കമറ്റു

കിടക്കുന്ന ആ ബോർഡിംഗിനെ അവനേറെ വെറുത്തു. ബോർഡിംഗിലെ അവന്റെ ഏറ്റവും വലിയ ആശ്വാസം അനന്തുവാണ്. ഇവിടെ വന്ന ശേഷം ഒരിക്കൽപ്പോലും അവൻ വീട്ടിലേക്ക് പോയിട്ടില്ല എന്നു പറഞ്ഞപ്പോൾ വിഷ്ണു കാരണമന്വേഷിച്ചു. അവന്റെ മറുപടി ഇങ്ങനെയായിരുന്നു. 'ഡാ, നിങ്ങളുടേതുപോലെയുള്ള സന്തോഷപൂർണ്ണമായ കുടുംബം എനിക്കില്ലെടാ. എന്റെ അച്ഛനും അമ്മയും വേർപിരിഞ്ഞതാണ്. മാതാപിതാക്കളുടെ സ്നേഹവും, വാത്സല്യവും അധികം ഞാൻ അനുഭവിച്ചിട്ടില്ല. അവർ രണ്ടു പേരും വെവ്വേറെ വിവാഹം കഴിച്ച് രണ്ട് കുടുംബമായി. ഞാനിവിടെ ഏകനും. ഇവിടെ വന്ന ശേഷം രണ്ടു വട്ടം അമ്മയും ഒരു വട്ടം അച്ഛനും അവനെ കാണാൻ വന്നിരുന്നുവത്രെ. പതിയെപ്പതിയെ അവർ ഈ വഴി മറന്നു. എന്നെ ഒരു ഭാരമായി തോന്നിയിട്ടുണ്ടാകും രണ്ടു പേർക്കും.ഒരു കണക്കിന് നന്നായി, അവരുടെ പരസ്പരമുള്ള കുറ്റപ്പെടുത്തലുകൾ കേൾക്കണ്ടല്ലോ.' അവൻ ദീർഘനിശ്വാസം വിട്ടു.

പെട്ടെന്ന് വാർഡന്റെ ഇടിമുഴക്കം പൊലെയുള്ള ശബ്ദം അവനെ ചിന്തകളിൽ നിന്നുമുണർത്തി. 'വിഷ്ണുവിനൊരു കോളുണ്ട്' വാർഡൻ പറഞ്ഞു. 'ആരുടെയാ സർ' അവൻ ചോദിച്ചു. 'അമേരിക്കയിൽ നിന്നും അച്ഛന്റേതാണ്.' പെട്ടെന്ന് ചാടി എണീറ്റ് അവൻ സന്തോഷത്തോടെ വാർഡന്റെ മൊബൈൽ വാങ്ങി. പക്ഷെ അച്ഛന്റെ വാക്കുകളിൽ ദുഃഖം നിറഞ്ഞിരുന്നു.'മോനെ, ഉടനെയെങ്ങും ഞങ്ങൾക്ക് കേരളത്തിലേക്ക് വരാൻ കഴിയില്ല. മോൻ വിഷമിക്കരുത്. അവിടെ സേഫ് അല്ലേ?' ആദ്യം അവന് വല്ലാത്ത ദേഷ്യവും, സങ്കടവും തോന്നി. അനന്തുവിനെപ്പോലെ തന്നെയും അച്ഛനുമമ്മയും ഒഴിവാക്കുകയാണോ? അവന്റെ കുരുന്നു മനസ്സിൽ പല ചോദ്യങ്ങളുമുണ്ടായി. പെട്ടെന്ന് അവൻ അച്ഛനോട് ചോദിച്ചു. 'അച്ഛാ. അച്ചു എവിടെ? എനിക്കവനോട് സംസാരിക്കണം. ഒരു നിമിഷം അച്ഛൻ നിശ്ശബ്ദനായി. പിന്നീട് പതിയെ പറഞ്ഞു. 'ഡോൺട് വറി. ബട്ട്....അച്ചു വെന്റിലേറ്ററിലാ മോനേ.... അവനും കോവിഡ് ബാധിച്ചു. ഇവിടെകാര്യങ്ങൾ കുഴപ്പമാ. വിഷ്ണു നീ നമ്മുടെ നാട്ടിലാണെന്നതാണ് ഞങ്ങളുടെ ആശ്വാസം. നമ്മുടെ കേരളത്തിനോളം സുരക്ഷിതമല്ല ഒരു നാടും. ഈ കൊറോണക്കാലത്താണ് അത് മനസ്സിലായത്. മോൻ അച്ചുവിന് വേണ്ടി പ്രാർത്ഥിക്കണം', അച്ഛൻ ഒരു വിതുമ്പലോടെ പറഞ്ഞവസാനിപ്പിച്ചു. അവന് ശ്വാസം നിലക്കുന്നതായും, ശരീരത്തിൽ നിന്നും രക്തം ഊർന്ന് പോകുന്നതായും തോന്നി. അവൻ കട്ടിലിൽ ചാഞ്ഞു കിടന്ന് തന്റെ കുടുംബചിത്രം നെഞ്ചോട് ചേർത്ത്പ്പിടിച്ച് തേങ്ങി തേങ്ങി കരഞ്ഞു. ആ കണ്ണുനീരും തേങ്ങലും ആ ബോർഡിംഗ് മുറി വേദനയോടെ ഏറ്റുവാങ്ങി.

**ഭദ്ര പ്രിയ ജെ എസ്**
VIII C
ബി ജെ എസ് എം വി എച്ച് എസ് എസ് മഠത്തിൽ
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# അന്നു പെയ്ത മഴയിൽ

മഴത്തുള്ളികൾ ഊർന്നിറങ്ങുന്ന ജനൽക്കമ്പികൾക്കിടയിലൂടെ പടർന്നു നിൽക്കുന്ന മരത്തിലെ കൊഴിഞ്ഞു പോകാൻ ആയതും കിളിർത്തു വരുന്നതുമായ ഇലകളെ നോക്കുമ്പോഴും അയാളുടെ മരവിച്ച മനസ്സിൽ ആ വൃദ്ധൻ തിങ്ങിനിന്നിരുന്നു... ഒരു സ്വപ്നം എന്ന പോലെ അയാൾ ഒന്നു ഞെട്ടി അല്ല.... അത് സ്വപ്നമല്ല, യാഥാർത്ഥ്യമാണ്... എവിടെ നോക്കിയാലും ആ വൃദ്ധന്റെ മുഖം എനിക്കിനി ആയുസ്സില്ല ,എന്നാൽ അയാൾ ഇനിയും ജീവിക്കേണ്ടതാണ് ഒരുപാട് വളരേണ്ടതാണ്... എന്ന ദയനീയമായ ശബ്ദം മോനേ ഞാൻ പോകുന്നു നീ അതിജീവിക്കണം.... വീടിനും നാടിനും നന്മയുള്ളവൻ ആകണമെന്ന് ആ വൃദ്ധന്റെ അവസാന വാക്കുകൾ...

പാതി ബോധത്തിൽ അയാളുടെ മനസ്സിൽ പതിഞ്ഞത് ഇത്രമാത്രം എന്നാൽ എന്താണ് അവിടെ സംഭവിച്ചത് എന്ന് ബെൻ ഫ്രാൻസിസിന് മനസ്സിലായില്ല...

കണ്ണുതുറന്നപ്പോൾ താൻ ഇപ്പോൾ തനിയെ ഒരു മുറിയിൽ ആണെന്നും പുറത്തു മഴ പെയ്തു കഴിഞ്ഞിരിക്കുന്നു എന്നും മാത്രമേ അയാൾക്ക് മനസിലാക്കാൻ കഴിഞ്ഞുള്ളൂ... തനിക്ക് എന്തോ വലിയ രോഗമാണ്. ശ്വാസം എടുക്കാൻ കഴിയുന്നില്ല, ശരീരമാകെ എന്തൊക്കെയോ അസ്വസ്ഥതകൾ... ആരും തന്നെ തന്റെ അടുത്തേക്ക് വരാത്തത് എന്താണ്? വന്നാൽ തന്നെ ശരീരം മുഴുവൻ മറച്ചു മനസ്സിലാക്കാൻ കഴിയാത്തവിധം വസ്ത്രം ധരിച്ചിരിക്കുന്നതിന് കാരണമെന്താവാം? ആ വൃദ്ധൻ ആരായിരിക്കാം? ഇങ്ങനെ കുറെയധികം ചോദ്യങ്ങളും ചിന്തകളും അയാളെ അലട്ടിക്കൊണ്ടിരുന്നു...

തന്റെ മുറിയിലേക്ക് ആരോ വരുന്നതായി ബെന്നിന് തോന്നി... ഇയാൾ അതിജീവിച്ചു... ഇനി വെറും മൂന്ന് ദിവസം കഴിഞ്ഞാൽ വീട്ടിൽ വിടാൻ ആകും... ആരോപറയുന്നത് കിടക്കയിൽ കിടന്ന് കേട്ടു... മങ്ങിയ ബോധം പതിയെ പതിയെ തിരികെ വരുന്നതായി അയാൾക്ക് തോന്നി...

അവസാനം താൻ ആശുപത്രിയിൽ വെന്റിലേറ്ററിൽ ആണെന്നും തന്നെ കോവിഡ് 19 എന്ന വില്ലൻ കീഴടക്കിയതായിരുന്നു എന്നും ബെൻ മനസ്സിലാക്കി...

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു.... അയാളുടെ രോഗം ഭേദമായി... ഇപ്പോൾ നന്നായി ശ്വാസം എടുക്കാൻ സാധിക്കും... പഴയ ആരോഗ്യം തിരികെ വന്നതുപോലെ തോന്നുന്നു... ഇപ്പോൾ അയാൾ സന്തോഷവാനാണ്. എന്നാലും ആ വൃദ്ധനും അയാളുടെ വാക്കുകളും ബെന്നിനെ അലട്ടിക്കൊണ്ടിരുന്നു...

അവസാനം തന്നെ ശുശ്രൂഷിച്ച ഡോക്ടറോട് ആ വൃദ്ധനെ പറ്റി അയാൾ അന്വേഷിച്ചു. വെന്റിലേറ്റർകൾക്ക് വേണ്ടി നെട്ടോട്ടമോടുന്ന സമയത്ത്, ഒരു രോഗിയെ മരണത്തിനു വിട്ടു കൊണ്ട് മറ്റൊരു കൂടുതൽ പ്രതീക്ഷയുള്ള രോഗിയെ

രക്ഷിക്കാൻ ശ്രമിക്കുന്ന സമയത്ത്, 'അയാളെ രക്ഷിക്കൂ... അയാൾ ഇനിയും ജീവിക്കേണ്ടവനാണ്... വളരേണ്ടവനാണ്' എന്ന് പറഞ്ഞു സ്വന്തം വെന്റിലേറ്റർ ഉപേക്ഷിക്കാൻ തയ്യാറായ, ഇറ്റലിയിലെ തെരുവുകളിൽ ഭിക്ഷതേടി നടന്ന ഒരു പടുവൃദ്ധൻ... ഡോക്ടർ ഇത്രയും പറഞ്ഞു തീരുന്നതിനു മുമ്പ് തന്നെ ബെന്നിന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ അണപൊട്ടിയൊഴുകി തുടങ്ങിയിരുന്നു... അയാൾ പതറിയ സ്വരത്തിൽ ഡോക്ടറോട് ചോദിച്ചു... ആരായിരിക്കും ആ വൃദ്ധൻ? ഒരു ചെറു പുഞ്ചിരിയോടെ ഡോക്ടർ പറഞ്ഞു, അറിയില്ല... എനിക്കും ഒരുപക്ഷേ തനിക്കും ആ വൃദ്ധനെ അറിയില്ല... എന്നാൽ അയാൾക്ക് തന്നെ നന്നായി അറിയാം... വളരെ നന്നായി... കാരണം തന്നെ നോക്കുന്ന ഓരോ നിമിഷവും ആ കണ്ണുകളിൽ അത് പ്രകടമായിരുന്നു. ഡോക്ടർ പറഞ്ഞു നിർത്തി.

അയാൾ തളർന്നിരുന്നു. ശരീരമാകെ ഇല്ലാതാകുന്നതുപൊലെ... ജീവനൊടുക്കിയാലോ എന്ന് വരെ തോന്നിപ്പോയ നിമിഷം... തിരിഞ്ഞു നടന്ന ഡോക്ടറെ വിളിച്ചിട്ട് അയാൾ പറഞ്ഞു: അതാരാണെന്ന് എനിക്കറിയാം... എനിക്കേ അറിയൂ... ഡോക്ടർ പറഞ്ഞു: എനിക്കും അറിയാം... എന്നാൽ താൻ ആരാണെന്ന് ഒരിക്കലും നിങ്ങൾ അറിയരുതെന്നും പറയരുതെന്നും ഞങ്ങളോട് ആ വൃദ്ധൻ പറഞ്ഞിരുന്നു... അന്ത്യാഭിലാഷം... അത് പാലിക്കണ്ടേ?

ബെൻ നിശബ്ദനായി... മരിച്ചാലോ എന്ന് വരെ അയാൾ ആലോചിച്ചു... അപ്പോഴാണ് നീ നാടിനും വീടിനും നന്മയുള്ളവൻ ആകണമെന്ന ആ വൃദ്ധന്റെ വാക്ക് അയാൾക്ക് ഓർമ്മവന്നത്... അതിജീവിച്ചു... ഇനി ജീവിക്കണം അയാൾ തീരുമാനിച്ചു.

ആർത്തിരമ്പുന്ന മഴ... അയാൾ മഴയിലേക്കിറങ്ങി... തന്റെ പാപക്കറ മഴത്തുള്ളികളിൽ ഒലിച്ചിറങ്ങുന്നതു പോലെ അയാൾക്ക് തോന്നി...

മഴത്തുള്ളികൾ തന്നെ സ്പർശിച്ചു ഊറി വീണു കൊണ്ടിരിക്കുന്നതിനിടയിൽ അയാൾ മന്ത്രിച്ചു.

അച്ഛൻ... എന്റെ അച്ഛൻ...

അതെ, അത് അയാളുടെ അച്ഛനായിരുന്നു. പണവും പ്രതാപവും ആയി മനസ്സിൽ ഇരുട്ടുമൂടിയ സമയത്ത് പെരുവഴിയിൽ അയാൾ ഇറക്കിവിട്ട അയാളുടെ സ്വന്തം അച്ഛൻ...

മഴ തീർന്നു... കാർമേഘങ്ങൾ തങ്ങളുടെ ഐശ്വര്യം ഭൂമിയിൽ ആകെ വിതറി... തന്റെ അച്ഛനെ ഇറക്കിവിട്ട ആ തെരുവിലൂടെ ഒരു നനഞ്ഞ പട്ടിയെപ്പോലെ പതിയെ ബെന്നും നടന്നു മറഞ്ഞു...

**റെയ്ഹാൻ ഫാത്തിമ**
IX B
സാൻതോം ഹൈസ്കൂൾ കണമല
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# കാത്തിരിപ്പ്

അവൾ എട്ട് മാസം ഗർഭിണി ആയിരുന്നപ്പോഴാണ് എനിക്ക് കമ്പനിയിൽ നിന്ന് വിളി വന്നത്. നാട്ടിൽ നിന്ന് വിമാനം കയറുവാൻ എനിക്ക് നന്നേ വിഷമം ഉണ്ടായിരുന്നു, തയാറെടുപ്പുകൾ ഇല്ലാതെയുള്ള യാത്രയ്ക്ക് നിരാശയുടെയും വിദൂരതയുടെയും കാഠിന്യം കൂടുതൽ ആയിരുന്നു. എയർപോർട്ടിലേക്ക് എന്റെ ലഗ്ഗേജുകളും വഹിച്ചു കൊണ്ട് യാത്രയ്ക്കായി അക്ഷമയോടെ കിടന്ന കാറിനുള്ളിലേക്ക് കയറുമ്പോഴും പുറകിലേക്ക് ശ്രദ്ധ തിരിക്കുവാൻ എന്റെ ഹൃദയം അനുവദിച്ചില്ല. വാഹനം അകന്ന മാത്രയിൽ അറിയാതെ നിയന്ത്രണം നഷ്ടപ്പെട്ട കണ്ണുകൾ ഉമ്മറത്തെ തൂണിനു മറഞ്ഞ് പൊട്ടിക്കരയുന്ന തന്റെ പ്രാണസഖിയെ ഒപ്പിയെടുത്തു.

വർഷങ്ങൾക്കു ശേഷം തിരികെ നാട്ടിലേക്ക്... എന്റെ മനസ്സ് ആവേശം കൊണ്ടു. ഈ മടക്കവും യാദൃശ്ചികം തന്നെ. വിമാനത്തിൽ നിന്ന് ഇറങ്ങിയ യാത്രക്കാരെ കാത്തിരുന്ന ഒരു കൂട്ടം ആരോഗ്യപ്രവർത്തകരുടെ അടുക്കലേക്ക് ആണ് എയർപോർട്ട് അധികൃതർ ഞങ്ങളെ പറഞ്ഞയച്ചത്. ആശുപത്രി മുറിക്കുള്ളിലെ 20 ദിവസങ്ങൾക്ക് പ്രവാസത്തിന്റെ 2 വർഷത്തേക്കാൾ ആയാസം കൂടുതലായി എനിക്ക് അനുഭവപ്പെട്ടു .

പ്രത്യേക വാർഡിനുള്ളിൽ അനുവദിക്കപ്പെട്ട മുറിക്കുള്ളിൽ ഒറ്റപ്പെടലിന്റെ ഭാരം എന്നെ വല്ലാതെ തളർത്തി. ആ മുറിക്കുള്ളിലെയ്ക്ക് സന്ദർശകരെന്ന് പറയുവാൻ സാധിക്കുന്നത് ഏപ്രണുകൾ ധരിച്ച് പരിശോധനയ്ക്കായി എത്തുന്ന ഭിഷഗ്വരന്മാർ മാത്രം ആണ്. എന്തെല്ലാമോ പരിശോധനകൾക്ക് ശേഷം അവർ എന്നെ ആശുപത്രി മുറിക്കുള്ളിലേയ്ക്ക് ശുപാർശ ചെയ്തു. പ്രിയപ്പെട്ട കൂടിച്ചേരലുകൾക്കായുള്ള കാത്തിരിപ്പ് ഇനിയും അവസാനിക്കുന്നില്ല. ദൗർഭാഗ്യത്തിന്റെയും വിധിയുടെയും സമന്വയം എന്റെ ജീവിതത്തിൽ ആവർത്തിക്കപ്പെടുകയാണോ?ഡോക്ടർമാരിൽ ഭൂരിഭാഗവും താമസിയാതെ സൗഹൃദങ്ങൾ ആയി പരിണമിക്കപ്പെട്ടു. അതിൽ ഒരു ചെറുപ്പക്കാരൻ ഡോക്ടർ കൂടുതൽ ഉത്സാഹവാനാണ്. അദ്ദേഹം എന്നെ സന്ദർശിച്ചതിനിടയിൽ അയാളുടെ വീട്ടുകാര്യങ്ങളും പങ്കുവച്ചു. അയാൾക്ക് ഭാര്യയും രണ്ടു കുട്ടികളും അടങ്ങുന്നതാണ് കുടുംബം.പക്ഷേ... അവരെ കണ്ടിട്ട് ഒരു മാസത്തിനു മേൽ ആയിരിക്കുന്നു. ബാല്യം ഉറയ്ക്കാത്ത പൈതങ്ങളെ കാണുവാൻ ഉള്ള വാഞ്ഛ ആ ചെറുപ്പക്കാരന്റെ ഉള്ളിലും അധികമാണ്, പക്ഷേ...

സാഹചര്യങ്ങൾ മനുഷ്യന്റെ ആഗ്രഹങ്ങൾക്ക് അതീതം ആണ്. നിറഞ്ഞ കണ്ണുകളിൽ നിന്ന് മിഴിനീർ ഉതിരുന്നതിന് മുൻപേ ചെറുപ്പക്കാരൻ എന്നെ കടന്നു പോയി

കാത്തിരിപ്പിന് ശേഷം ആതുരാലയത്തിന്റെ പുറത്തേയ്ക്കുള്ള യാത്രാവേള ആഗതമായി. വീട്ടിലേക്കുള്ള യാത്രാരംഭത്തിൽ യാത്രയയപ്പ് നൽകുന്നതിനായി ആ ചെറുപ്പക്കാരൻ ഉൾപ്പടെ സേവന സന്നദ്ധരുടെ ഒരു കൂട്ടം തന്നെ ഉണ്ടായിരുന്നു. മടക്കയാത്രയിൽ എന്റെ ശ്രദ്ധ ആ ചെറുപ്പക്കാരന്റെ മുഖത്തിനു നേരെ മാത്രമായി ചുരുങ്ങി... തിരിച്ചു ലഭിച്ച ആനന്ദം ഭവനത്തിനുള്ളിൽ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. പൈതലിനെ വാരിപ്പുണർന്ന് മാറോടൊതുക്കി ജീവിതത്തിലെ സഹസഞ്ചാരിയെ ആലിംഗനം ചെയ്തു കൊണ്ട് ഞാൻ കാത്തിരിപ്പിന് വിരാമം കുറിച്ചു. അപ്പോൾ മൊബൈൽ ഫോണിനുള്ളിൽ ഒതുങ്ങിയ കുടുംബ ചിത്രത്തിൽ ചെറുപ്പക്കാരന്റെ ചുണ്ടുകൾ അമരുകയായിരുന്നു. നിമിഷങ്ങൾക്ക് വില കൽപ്പിച്ചു കൊണ്ട് പുറത്തുനിന്ന് അയാളുടെ നാമം ഉദ്ധരിച്ചുകൊണ്ട് മറ്റൊരാളുടെ വിളി ഉയർന്നു... നിറകണ്ണുകളോടെ തല ഉയർത്തി ആവേശം വീണ്ടെടുത്ത് അയാൾ പുറത്തേയ്ക്ക് നടന്നു... പുതിയ അതിഥികളുടെ അരികിലേക്ക്...

**വിപിൻ സാം മാത്യു**
IX A
സാൻതോം ഹൈസ്കൂൾ കണമല
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# ഒരു ലോക്ഡൗൺ തിരിച്ചറിവ്

ടീന ലിവിങ് റൂമിലെ സോഫയിൽ ഇരുന്നു ന്യൂസ് പേപ്പർ വായിക്കുകയായിരുന്നു. ബെഡ്റൂമിൽ ഉറങ്ങിക്കിടന്നിരുന്ന അപ്പു എഴുന്നേറ്റ് അടുത്തെത്തിയത് അവൾ അറിഞ്ഞതേയില്ല. 'മമ്മി' എന്ന വിളി കേട്ടാണ് അവൾ മുഖമുയർത്തി നോക്കിയത്. 'ആഹാ അപ്പു എഴുന്നേറ്റോ?' അപ്പു മെല്ലെ മമ്മിയുടെ അടുത്ത് ചെന്ന് അവളുടെ മടിയിൽ തലവെച്ചു കിടന്നു. അവൾ പേപ്പർ വായന തുടർന്നു. 'ഈ ലോക്ഡൗൺ ഇനിയും നീട്ടുമോ മമ്മി?' അപ്പുവിന്റെ ഈ ചോദ്യം കേട്ട് കൊണ്ടാണ് സണ്ണി മുറിയിലേക്ക് വന്നത്.അയാൾ സോഫയിൽ വന്നിരുന്ന് അവന്റെ കാലുകൾ എടുത്തു തന്റെ മടിയിൽ വച്ചു. 'അപ്പു വീട്ടിലിരുന്ന് മടുത്തോ?' അവർ ഇരുവരും ഒരു ചെറുപുഞ്ചിരിയോടെ ചോദിച്ചു. 'ഹേയ്, ലോക്ഡൗൺ നീട്ടിയാൽ മതിയായിരുന്നു' അവന്റെ ഉത്തരം അവരെ ഞെട്ടിച്ചുകളഞ്ഞു. 'അതെന്താ നീ അങ്ങനെ പറഞ്ഞത് ?കൂട്ടുകാരെയൊക്കെ മിസ് ചെയ്യുന്നില്ലേ?'

ഇടയ്ക്കിടെ മാളുകളിലേക്കുള്ള യാത്രയും കൂട്ടുകാരുമൊത്തുള്ള കളിയും ഒക്കെ അവൻ ഒരുപാട് മിസ്സ് ചെയ്യുന്നുണ്ടാകും എന്നാണ് അവർ കരുതിയത്. എന്നാൽ അപ്പുവിന്റെ ഉത്തരം തികച്ചും അപ്രതീക്ഷിതമായിരുന്നു. 'അതൊക്കെ ശരിയാണ്, കൂട്ടുകാരെയൊക്കെ ഞാൻ മിസ്സ് ചെയ്യുന്നുണ്ട്. പക്ഷേ കുറെ നാളുകൾക്ക് ശേഷം പപ്പയെയും മമ്മിയെയും കുറേ അധികസമയം എനിക്ക് അടുത്ത് കിട്ടിയല്ലോ... നമ്മൾ ഒരുമിച്ച് കളിക്കുന്നു... ഭക്ഷണം കഴിക്കുന്നു,തമാശ പറയുന്നു, പാട്ടുപാടുന്നു... എനിക്ക് ഇതാണ് മമ്മി ഒത്തിരി ഇഷ്ടം. അവന്റെ ആ ഉത്തരം അവരുടെ ചിന്തകളെ കുറച്ചു കാലം പിറകോട്ട് കൊണ്ട് പോയി... നിശ്ശബ്ദതയുടെ ആഴങ്ങളിൽ ആഴ്ത്തി...

അപ്പു പറഞ്ഞത് വളരെ ശരിയാണ്. തങ്ങൾ ഇരുവരും സാമ്പത്തികം ഭദ്രമാക്കാൻ ഉള്ള ഓട്ടത്തിൽ ആയിരുന്നു ഇതുവരെ... അതിനിടയിൽ പലപ്പോഴും അപ്പുവിനൊപ്പം ചെലവഴിക്കാൻ സമയം കിട്ടിയിരുന്നില്ല. ഓഫീസിലെ തിരക്ക് കഴിഞ്ഞ് വീട്ടിലെത്തിയാൽ ,അടുക്കളയിലെ ജോലി... പിന്നെ മൊബൈൽ ഫോൺ... സണ്ണിക്കും ബിസിനസ് തിരക്കുകൾ... വീട്ടിലെത്തിയാലും തിരക്കുകൾക്ക് യാതൊരു കുറവുമില്ല. അതിനിടയിൽ ആഴ്ചകളുടെ ഇടവേളകളിൽ അപ്പുവിനെ ആശ്വസിപ്പിക്കാൻ മാളുകളിലേക്കുള്ള യാത്ര... അവന് അതു മതിയാകും എന്ന് അവർ കരുതി. തെറ്റിപ്പോയി... അതിനിടയിൽ അവന്റെ കുഞ്ഞുമനസ്സ് വേദനിക്കുന്നത് തങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലല്ലോ... ടീനയും സണ്ണിയും തിരിച്ചറിയുകയായിരുന്നു.

'മമ്മീ,കൊറോണയെ ഓടിക്കാൻ കൈകൾ സോപ്പിട്ട് തന്നെ കഴുകണം എന്ന് പറയുന്നത് എന്തുകൊണ്ടാണ്? വെറുതെ കഴുകിയാൽ പോരെ?' അപ്പുവിന്റെ അടുത്ത ചോദ്യം ആണ് അവരെ ഇരുവരെയും നിശ്ശബ്ദതയിൽ നിന്നും ഉണർത്തിയത്. ടീന പതിയെ അവന്റെ മുടിയിഴകളിലൂടെ വിരലോടിച്ചുകൊണ്ടു മറുപടി പറഞ്ഞു. 'ഇല്ല അപ്പു, വെറുതെ കൈകഴുകിയാൽ പോരാ, സോപ്പ് ഉപയോഗിച്ച് തന്നെ കഴുകണം. അതും 20 സെക്കൻഡ്. എന്നാലേ നമ്മുടെ കയ്യിൽ പറ്റിപ്പിടിച്ചിരിക്കുന്ന അണുക്കൾ ഒക്കെ നശിക്കുകയുള്ളൂ.' അവൻ എല്ലാം മൂളിക്കേട്ടു. അപ്പുവിന് ഇത് പുത്തൻ അറിവുകളുടെ കാലമാണ്. സോപ്പുപയോഗിച്ച് കൈകൾ കഴുകുന്നതിന്റെ പ്രാധാന്യം അവൻ മനസ്സിലാക്കി. ടീനയ്ക്കും സണ്ണിക്കും ഇത് തിരിച്ചറിവുകളുടെ കാലഘട്ടവും. അപ്പുവിനൊപ്പം കൂടുതൽ സമയം ചെലവഴിക്കേണ്ടതിന്റെ ആവശ്യകത അവർ ഇരുവരും തിരിച്ചറിഞ്ഞു. ടീനയും സണ്ണിയും പരസ്പരം നോക്കി. ഇരുവരുടെയും കണ്ണുകൾ ഒത്തിരിയേറെ കാര്യങ്ങൾ സംസാരിക്കുന്നുണ്ടായിരുന്നു. എന്തായാലും ഈ ലോക്ഡൗൺ അവർക്ക് ഇരുവർക്കും തിരിച്ചറിവുകളുടെ സമയം കൂടിയായി.

**നന്ദിത എ വി**
X C
സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ
ആലുവ ഉപജില്ല, എറണാകുളം

# പ്രത്യാശ

ഞാൻ മീനു, ഒരു കുഞ്ഞിത്തത്തയാണ്. ഒരു വലിയ മലയുടെ ചുവട്ടിലെ ഒരു ഗ്രാമത്തിലാണ് ഞങ്ങളുടെ താമസം. ധാരാളം ഫലവൃക്ഷങ്ങൾ തിങ്ങിഞെരുങ്ങി വളരുന്ന ആ പ്രദേശത്ത്, ഒരു വലിയ മരത്തിലെ കൂട്ടിലാണ് ഞാനും അച്ഛനും അമ്മയും കഴിഞ്ഞിരുന്നത്. അതിന്റെ അടുത്തുള്ള മറ്റൊരു മരത്തിലാണ് എന്റെ കൂട്ടുകാരി ടീനുവും അവളുടെ മാതാപിതാക്കളും താമസിച്ചിരുന്നത്.

പ്രഭാതത്തിൽ മാതാപിതാക്കൾ ഭക്ഷണം തേടി പോകുമ്പോൾ ഞങ്ങൾ ഒരുമിച്ച് കളിക്കുക പതിവായിരുന്നു. ഞങ്ങൾക്ക് അച്ഛനും അമ്മയും ഭക്ഷണം തരുന്നതും, ഞങ്ങളെ പറക്കാൻ പഠിപ്പിക്കുന്നതും എല്ലാം ഒരുമിച്ച് തന്നെയാണ്. അങ്ങനെ കളിച്ചും പഠിച്ചും ഞങ്ങൾ വളർന്നു. ഞങ്ങൾക്കിപ്പോൾ പരസഹായം കൂടാതെ അടുത്ത മരങ്ങളിൽ ചെറുതായി പറന്നുപോയി ഇരിക്കാൻ സാധിക്കും. സന്തോഷത്തിന്റെ നാളുകൾ അങ്ങനെ കടന്നുപോയി.

പെട്ടെന്നാണ് ഞങ്ങളുടെ സന്തോഷങ്ങൾക്കു മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ആ ഭീകരൻ പറന്നിറങ്ങിയത്. ഭീമാകാരനായ ഒരു രാക്ഷസപ്പക്ഷി. കോവിഡ് എന്ന് ഞങ്ങൾ അതിന് പേർ വിളിച്ചു. അതിന്റെ പിടിയിൽ അകപ്പെട്ടാൽ മുതിർന്ന പക്ഷികൾക്കുപോലും രക്ഷപ്പെടാൻ ബുദ്ധിമുട്ടാണെന്നാണ്അച്ഛനും അമ്മയും പറഞ്ഞത്. അപ്പോൾ പിന്നെ ഞങ്ങൾ കുഞ്ഞുങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. ഇപ്പോൾ എല്ലായിടത്തും ദു:ഖം മാത്രം. കിളിക്കൊഞ്ചലില്ല, കുയിലുകൾ പാടാറില്ല, മയിലുകൾ ആടാറില്ല. എല്ലാവരും കൂട്ടിനുള്ളിൽ തന്നെ കഴിച്ചുകൂട്ടുന്നു. മറ്റു മരങ്ങളിൽ നിന്നുള്ള ഫലങ്ങളൊന്നും ഞങ്ങൾക്ക് ഇപ്പോൾ ലഭിക്കാറില്ല. എല്ലാവരും അവരവർ വസിക്കുന്ന മരത്തിലെ ഫലങ്ങൾ മാത്രം കഴിച്ച് ദിവസങ്ങൾ തള്ളിനീക്കി.

എന്നാൽ മുതിർന്ന പക്ഷികൾ ചേർന്ന് കെണിയൊരുക്കി എല്ലാ മരങ്ങളുടേയും മുകളിൽ സ്ഥാപിച്ചു. എത്രയും വേഗം ആ ഭീകരൻ അതിൽ വീഴുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ കാത്തിരിക്കുന്നു. തീർച്ചയായും എത്രയും വേഗം ആ ഭീകരന് നാശം സംഭവിക്കുക തന്നെ ചെയ്യും. അതുവരെ ഞങ്ങൾ ജാഗ്രതയോടെ കാത്തിരിക്കും. ഭാവിയിലെ സന്തോഷകരമായ ജീവിതത്തിനുവേണ്ടി കുറച്ചു നാൾ പുറത്തിറങ്ങാതെ കൂട്ടിൽ തന്നെ കഴിയുവാൻ ഞങ്ങൾ തീരുമാനിച്ചു. ആ നല്ല നാളേക്കായി ഞങ്ങൾ പ്രത്യാശയോടെ കാത്തിരിക്കുന്നു. എന്റെ കൂട്ടുകാരോട് എനിക്ക് പറയുവാനുള്ളതും ഇതുതന്നെയാണ്  കുറച്ചുനാൾ ജാഗ്രതയോടെ ഭവനങ്ങളിൽ തന്നെ കഴിയുക, വരും നാളുകളിൽ നമുക്ക് ഒരുമിച്ച് കളിച്ച് ചിരിച്ച് പഠിക്കാം.

ഭാഗ്യ എസ്. ബിജു
IX
സെൻറ് ക്രിസോസ്റ്റംസ് ജി.എച്ച്.എസ്., നെല്ലിമൂട്
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# വൈറസുകളുടെ പദ്ധതി

കാറ്റിന്റെ താളത്തിനനുസൃതമായി ഇലകൾ നൃത്തമാടുന്ന ഒരു ഉച്ചദിവസം, വൈറസ് ദ്വീപിലെ എല്ലാ വൈറസുകളും ചേർന്ന് ഒരു മീറ്റിംങ് കൂടി . മനുഷ്യരേയും ലോകത്തേയും തങ്ങളുടെ കീഴിലാക്കുക എന്നതായിരുന്നു മീറ്റിംങിലെ അവരുടെ പ്രധാനസംഭാഷണം. മുഖ്യ തലവനായ കൊറോണ വൈറസ് തന്റെ പ്രിയശിഷ്യനായ നിപ്പയെ തങ്ങളുടെ പദ്ധതിക്കായി പറഞ്ഞയച്ചു. നിപ്പ ഇന്ത്യയിലെ പ്രദേശങ്ങളെ ലക്ഷ്യമാക്കി തന്റെ പദ്ധതി ആരംഭിച്ചു.ഏറെ നാളുകൾക്കു ശേഷം നിപ്പ ദു:ഖത്തോടെ തിരിച്ചെത്തി. മുഖ്യതലവനായ കൊറോണയോട് വളരെ വിഷമത്തോട് പറഞ്ഞു ' ബോസ് നിങ്ങൾ എന്നിൽ നിർവ്വഹിച്ച കർത്തവ്യം എനിക്ക് ചെയ്യനായില്ല. മനുഷ്യർ വളരെയേറെ ശക്തരായിരിക്കുകയാണ് . ഞാൻ അൽപനാൾ കൂടി അവിടെ നിന്നിരുന്നെങ്കിൽ അവർ എന്നെ മുഴുവനായും നശിപ്പിച്ചു കളഞ്ഞേനേ. ഞാനിനി ഈ വൈറസ് ദ്വീപ് വിട്ടു മനുഷ്യവാസമുള്ള ഒരു സ്ഥലത്തേക്കും പോകില്ല. ബോസ് എന്നോട് ക്ഷമിക്കണം'. ഉടൻ തന്നെ കൊറോണ എല്ലാ വൈറസുകളെയും വിളിച്ചു കൂട്ടിക്കൊണ്ട് പറഞ്ഞു. 'നാമേവരും പറഞ്ഞയച്ച നിപ്പയ്ക്ക് പദ്ധതി നടപ്പാക്കാൻ സാധിച്ചില്ല. അതിനാൽ അവൻ തിരികെയെത്തിയിരിക്കുകയാണ്. ഇങ്ങനെയാണ് നമ്മുടെ സ്ഥിതിയെങ്കിൽ നമുക്കെന്നാണ് ലക്ഷ്യത്തിലെത്താൻ സാധിക്കുക മനുഷ്യരെ എന്തിനാണ് നാം ഭയക്കുന്നത്. നമ്മൾ അവരെയല്ല അവർ നമ്മളെയാണ് ഭയക്കേണ്ടത്. ഇനി നിങ്ങളിലാരെയും പറഞ്ഞയച്ചിട്ട് കാര്യമില്ല. ഞാൻ തന്നെ ഇത്തവണ പൊയ്ക്കൊള്ളാം. എനിക്ക് നിങ്ങളുടെ സഹായമൊന്നും ആവശ്യമില്ല. ഈ ലോകം എന്ന കണ്ട് കിടുകിടാ വിറക്കുവാൻ പോകുന്നത് നിങ്ങൾ കൺകുളിർക്കേ ഇനി കണ്ടോളു. കൊറോണ തന്റെ പദ്ധതി ലക്ഷ്യമാക്കുന്നതിനു വേണ്ടി ആദ്യം കണ്ട ഒരു രാജ്യത്തേക്ക് പോയി. ചൈന എന്നായിരുന്നു ആ രാജ്യത്തിന്റെ പേര്. ഏറെ നാൾ പതുങ്ങിയിരുന്ന് അവിടെയുള്ള മനുഷ്യരുടെ ശരീരങ്ങളിൽ പറ്റിപിടിച്ച് അവരെ ആക്രമിക്കാൻ തുടങ്ങി. തന്റെ ലക്ഷ്യം കൈവരിക്കാൻ അവരെ കൊല്ലാൻ പോലും കൊറോണ മടികാണിച്ചില്ല. അവൻ പലയിടങ്ങളിലായി വ്യാപിക്കാൻ തുടങ്ങി. ചൈനയിൽ മാത്രം ഒതുങ്ങുന്നതാകരുത് വൈറസുകളോടുള്ള മനുഷ്യരുടെ ഭയം, എന്ന് തീരുമാനിച്ചുകൊണ്ട് കൊറോണ മറ്റു രാജ്യങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങി. തന്റെ ലക്ഷ്യം കൈവരിക്കാൻ പോകുന്നതോർത്ത് കൊറോണ സന്തോഷിച്ചു. ഒരുനാൾ നഗരം മുഴുവൻ നിശബ്ദതയിലാഴ്ന്നിരിക്കുന്നത് കൊറോണയുടെ ശ്രദ്ധയിൽപ്പെട്ടു. ഈ പ്രദേശങ്ങൾക്ക് എന്താണ് സംഭവിച്ചതെന്ന് അന്വേഷിക്കാൻ കൊറോണ പുറപ്പെട്ടു.

എങ്ങും ഒരു മനുഷ്യരേയും കാണാനാവാത്ത അവസ്ഥയിലായിരുന്നു. സംഭവം എന്താണെന്ന് കോറോണയ്ക്ക് പിടി കിട്ടിയില്ല. അങ്ങനെയിരിക്കെയാണ് രാജ്യം മുഴുവനും ലോക്ക് ഡൗൺ ആണെന്ന് കൊറോണയ്ക്ക് മനസ്സിലായത്. തന്നിൽ നിന്നും രക്ഷപ്പെടാനുള്ള മനുഷ്യന്റെ ഒരു സൂത്രമാണ് ഈ ലോക്ക് ഡൗൺ എന്ന് കൊറോണയ്ക്ക് ബോധ്യപ്പെട്ടു. ഒരു മനുഷ്യനെങ്കിലും പുറത്തിറങ്ങാതിരിക്കില്ല എന്ന് കൊറോണയ്ക്ക് ഉറപ്പുണ്ടായിരുന്നു.' കൊറോണ വിചാരിച്ചതുതന്നെ സംഭവിച്ചു. ആദ്യം കണ്ട മനുഷ്യന്റെ ശരീരത്തിലേക്ക് കൊറോണ ചാടിക്കയറി എന്നാൽ കൊറോണയ്ക്ക് അയാളുടെ ഉള്ളിലേക്ക് കടക്കാൻ കഴിഞ്ഞില്ല കാരണം അയാൾ മാസ്ക് ധരിച്ചിട്ടുണ്ടായിരുന്നു. ഇനി എന്ത് ചെയ്യും? എന്ന് ചിന്തിച്ചു കൊണ്ടിരുന്ന കൊറോണയുടെ ഉള്ളിൽ ഒരു സൂത്രം ഉദിച്ചു. ആ മനുഷ്യന്റെ കൈകളിലേക്ക് പിടിച്ചുപറ്റിയിരിക്കാം. എന്തായാലും അവൻ തന്റെ കണ്ണുകളിലേക്കും, മൂക്കിലേക്കും തൊടാതിരിക്കില്ല. അവൻ തൊടുന്ന ആ നിമിഷം ഞാൻ അവന്റെ ഉള്ളിലേക്ക് പടർന്നു കയറി അവന്റെ ജീവനെടുക്കും. കൊറോണ ഉടൻ തന്നെ അയാളുടെ കൈകളിലേക്ക് ചാടിയിറങ്ങി. പെട്ടെന്ന് കൊറോണയുടെ ശരീരമാകെ പൊള്ളുവാൻ തുടങ്ങി. ജീവനും കൊണ്ട് കൊറോണ ആ മനുഷ്യന്റെ ശരീരത്തിൽ നിന്നിറങ്ങി. മനുഷ്യർ ഉപയോഗിക്കുന്ന സാനിറ്റൈസറാണ് ഇതിനുള്ള കാരണമെന്ന് കൊറോണയ്ക്ക് മനസ്സിലായി. തന്റെ പദ്ധതികൾ തകരുവാൻ പോകുന്നവെന്ന് ബോധ്യപ്പെട്ട കൊറോണ, ആ രാജ്യത്തിൽ നിന്നും അടുത്ത രാജ്യത്തേക്ക് പോയി. അവിടെയും ഇതു തന്നെയായിരുന്നു സ്ഥിതി. അങ്ങനെ വൈറസ് ദ്വീപിലേക്ക് തിരിച്ചുപോകാൻ കൊറോണ തീരുമാനിച്ചു. പ്രിയ കൂട്ടുകാരെ, കഥയിലെ കൊറോണയെ കണ്ടില്ലേ .തന്റെ ലക്ഷ്യം സാധ്യമാക്കുവാനാകാതെ കൊറോണയിവിടെ പരാജയപ്പെടുകയാണ്. അതുപോലെ നമുക്കും സർക്കാർ പറയുന്നത് അനുസരിച്ചും സോപ്പ്, സാനിറ്റൈസർ തുടങ്ങിയവ ഉപയോഗിച്ചും അടുത്തിടപഴകുന്ന അവസരങ്ങൾ ഒഴിവാക്കിയും കൊറോണ വൈറസ് വ്യാപിക്കുന്ന എല്ലാ സന്ദർഭങ്ങളും ഇല്ലാതാക്കാം.

**അർച്ചന ജയ്ബസ്**
IX D
സെന്റ് ഫിലോമിനാസ് ജി എച്ച് എസ്സ് , പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# മഹാമാരി

ഇന്ന് ഉണ്ണിക്കുട്ടന് മറക്കാൻ പറ്റാത്ത ഒരു ദിവസത്തിന്റെ ഓർമ്മ ദിനമാണ്! അവന്റെ കുട്ടിക്കാലത്തെ കരികൊണ്ട് പുതച്ച ഓർമ്മദിനം. ഓർമ്മകളെ അയവിറക്കിക്കൊണ്ട് ഉണ്ണി ഉമ്മറത്ത് ഇരിക്കുകയാണ്. അപ്പോഴാണ് അമ്മയുടെ വരവ് കൈയിൽ ഒരു ഗ്ലാസ് ചായയുമായി. 'എന്താ ഉണ്ണി നീ ആലോചിക്കണത്;' 'ഒന്നുമില്ലമ്മെ'. ഉണ്ണി പറഞ്ഞു.കാലം എത്ര കഴിഞ്ഞു മോനെ, ഇനിയും നീ അതൊന്നും മറന്നില്ലെ. അത്ര പെട്ടന്ന് മറക്കാൻ കഴിയുന്നതല്ലല്ലോ നടന്നതൊന്നും. അവൻ വീണ്ടും ആ കറുത്ത ദിനങ്ങൾ ഓർത്തു കണ്ണടച്ചു.

വളരെ സമാധാനത്തോടെയും സന്തോഷത്തോടെയും ഉള്ള ജീവിതം. അമ്മ, അച്ഛൻ, ഒരു കുഞ്ഞ് അനുജത്തി അതാണ് ഉണ്ണിക്കുട്ടന്റെ കുടുംബം. അച്ഛൻ ഗൾഫിൽ ജോലി ചെയ്യുന്നു.ഉണ്ണിക്കുട്ടന്റെ ഏറ്റവും അടുത്ത സുഹൃത്താണ് അവന്റെ അച്ഛൻ.രണ്ട് വർഷങ്ങൾക്ക് ശേഷം മക്കളെ കാണാൻ ഗൾഫിൽ നിന്നും വരികയാണ് ഉണ്ണീടെ അച്ഛൻ. അതിന്റെ സന്തോഷത്തിലാണ് എല്ലാവരും. 'അമ്മ..., അച്ഛൻ എന്നാ വരികാ?' അനു കൊഞ്ചിക്കൊണ്ട് ചോദിച്ചു. 'രണ്ട് ദിവസത്തിനുള്ളിൽ വരും മോളെ.' അമ്മ ഒരു ചെറു പുഞ്ചിരിയോടെ പറഞ്ഞു. ആ സമയം ടി.വി കണ്ടു കൊണ്ടിരുന്ന ഉണ്ണിക്കുട്ടൻ പെട്ടന്ന് അമ്മയെ വിളിച്ചു. ഓടി വന്ന അമ്മ വാർത്ത നോക്കി. ലോകം മുഴുവൻ ഒരു പകർച്ചവ്യാധി പടർന്ന് പിടിച്ചിരിക്കുന്നു. ആയിരക്കണക്കിന് ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. ഇതു കേട്ട അമ്മ പേടിയോടെ അച്ഛന് ഫോൺ ചെയ്തു. ഒത്തിരി നേരം വിളിച്ച് കഴിഞ്ഞാണ് അച്ഛൻ കോൾ എടുത്തത്. കാര്യം തിരക്കിയപ്പോൾ അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർത്തുള്ളികളായി വീഴുകയായിരുന്നു. കാര്യം തിരക്കിയ ഉണ്ണിയോട് അമ്മ പറഞ്ഞു 'മോനെ അച്ഛൻ വരുമെന്ന് തോന്നുന്നില്ല. ഈ അസുഖം ലോകം മുഴുവൻ പടർന്ന് പിടിക്കുന്നു. എങ്കിലും ശ്രമിക്കാം എന്ന് പറഞ്ഞിട്ടുണ്ട്.' ദിവസങ്ങൾക്കുള്ളിൽ ആളുകളെ വിഴുങ്ങുന്ന മഹാമാരി ആ നാടിനെയും വിഴുങ്ങി. പെട്ടന്ന് ഒരു ദിവസം ഒത്തിരി കഷ്ട്പ്പാടിന് ശേഷം അച്ഛൻ വീട്ടിലെത്തി. എന്നിട്ടും പ്രശ്നങ്ങൾ തീർന്നില്ല. വീട്ടിൽ വന്നുകേറിയതിനു പുറകെതന്നെ എത്തി കാക്കിപ്പടയും ആരോഗ്യസംഘവും; ഗൾഫിൽ നിന്നും വന്നതിനാൽ മറ്റുള്ളവരിൽ നിന്നും അകന്നു നിൽക്കണം എന്ന് നിർദേശം ഉണ്ടത്രേ. ഒത്തിരി വിഷമിച്ചാണ് ഉണ്ണിക്കുട്ടൻ ഇരിക്കുന്നത്. കാരണം വർഷങ്ങൾക്ക് ശേഷം വന്ന അച്ഛനോട് അടുത്തിരിക്കാനോ ഒന്ന് കെട്ടിപ്പിടിക്കാനോ പറ്റുന്നില്ല. കുറച്ച് ദിവസങ്ങൾക്ക്

ശേഷം അച്ഛന്റെ ആരോഗ്യം വഷളാകാൻ തുടങ്ങി.തീരെ വയ്യാതായി പെട്ടന്ന് തന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. അപ്പോൾ ഡോക്ടർക്കൊരു സംശയം. ഇതു കൊറോണ ആണോ എന്ന്. നിരീക്ഷിച്ചപ്പോൾ ഫലം പോസിറ്റീവ്. ഇതറിഞ്ഞ അമ്മയ്ക്ക് താങ്ങാൻ കഴിഞ്ഞില്ല. ഒന്നും മനസ്സിലാകാതെ ഉണ്ണിക്കുട്ടനും അനൂട്ടിയും. ഹോസ്പിറ്റലിൽ നിന്നും തിരിച്ച് പോകുമ്പോ അവരുടെ കൂടെ അച്ഛൻ ഇല്ലായിരുന്നു. അച്ഛൻ ഉണ്ണിയെ നോക്കി പറഞ്ഞു' അമ്മയേയും അനിയത്തി ക്കുട്ടിയേയും നല്ലപോലെ നോക്കണം. അച്ഛന്റെ പ്രാർത്ഥന കൂടെ കാണും. 'ഒന്നും മനസിലായില്ലെങ്കിലും ഉണ്ണി തല കുലുക്കി. ദിവസങ്ങൾക്ക് ശേഷം ആ വാർത്ത ആ വീടിനെ തേടി എത്തി. ഉണ്ണിയുടെ അച്ഛൻ മരണത്തിന് കീഴടങ്ങിയിരിക്കുന്നു. ഇതറിഞ്ഞ അമ്മ നെഞ്ച് പൊട്ടിക്കരഞ്ഞു. അച്ഛനെ കാണണം എന്ന് വാശി പിടിച്ച ആ കുഞ്ഞുങ്ങളെ അവരാരും അച്ഛനെ കാണിച്ച് കൊടുത്തില്ല. ഒരു നോക്കുപോലും കാണാതെ അങ്ങനെ അവരുടെ അച്ഛൻ യാത്ര ആയി. മയക്കത്തിൽ നിന്നും ഞെട്ടിയുണർന്ന ഉണ്ണി കണ്ണുകൾ തുടച്ചു.

പെട്ടന്ന് ഒരു കോൾ വന്നു. 'ഡോക്ടർ ഉണ്ണികൃഷ്ണൻ രോഗിയുടെ അവസ്ഥ ഗുരുതരമാണ് പെട്ടെന്ന് വരണം.' കേട്ടപാതി ഉണ്ണി പെട്ടന്ന് ഹോസ്പിറ്റലിലേക്ക് പുറപ്പെട്ടു.മതിയായ ചികിത്സ കിട്ടാതെ അച്ഛനെ നഷ്ട്പ്പെട്ട അന്ന് ഉണ്ണി എടുത്ത തീരുമാനം ഇന്ന് ഉണ്ണിയെ ഒരു ഡോക്ടർ ആക്കിയിരിക്കുന്നു.

**നന്ദന ബാലകൃഷ്ണൻ**
VA
സെന്റ് മേരീസ് യു പി സ്കൂൾ, പൈസക്കരി
ഇരിക്കൂർ ഉപജില്ല, കണ്ണൂർ

# അമ്മുവിന്റെ കാത്തിരിപ്പ്...

അമ്മ, അച്ഛൻ, മുത്തച്ഛൻ മുത്തശ്ശി എന്നിവരടങ്ങുന്നതാണ് അമ്മുവിന്റെ വീട്. അമ്മുവിന്റെ അച്ഛൻ വിദേശത്താണ്. മൂന്നു വർഷമായി നാട്ടിൽ വന്നിട്ട്. എന്നാൽ അമ്മു ഇന്ന് വലിയ സന്തോഷത്തിലാണ്. കാരണം നാളെ അമ്മുവിന്റെ അച്ഛൻ നാട്ടിൽ വരുന്നുണ്ട്. മെയ്ക്ക് അപ് ബോക്സും ചോക്ലേറ്റും പിയാനോയും അച്ഛനോട് കൊണ്ടു വരാൻ പറഞ്ഞിട്ടുണ്ട്. പിയാനോ കിട്ടിയിട്ട് വേണം അപ്പുറത്തെ വീട്ടിലെ ദിയയെ ഒന്ന് കാണിക്കാൻ. ഇങ്ങനെ പലതും ചിന്തിച്ച് അമ്മു ഉറങ്ങി.

പിറ്റേന്ന് രാവിലെ തന്നെ അമ്മു ഉണർന്നു. അടുക്കളയിലേയ്ക്ക് പോയപ്പോൾ അമ്മയെ കണ്ടില്ല. സാധാരണ അച്ഛൻ വരുന്ന ദിവസം ഇങ്ങനയല്ലല്ലോ? അമ്മ ഓടി നടന്ന് അച്ഛനു ഇഷ്ടപ്പെടുന്ന കറികൾ ഒരുക്കുന്ന തിരക്കിലായിരിക്കും . മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടില്ല. അമ്മയോട് ചോദിച്ചപ്പോൾ അവർ മുകളിലെത്ത മുറി വൃത്തിയാക്കുകയാണെന്നു പറഞ്ഞു. ഇപ്പോഴെന്തിനാ മുകളിലത്തെ മുറി വൃത്തിയാക്കുന്നത്? ഇനി അച്ഛന്റെ കൂട്ടുകാർ ആരെങ്കിലും വരുന്നുണ്ടൊ? അമ്മു ചിന്തിച്ചു. ഇനി ചിന്തിച്ചുനിൽക്കാൻ സമയമില്ല. അച്ഛനെ വിളിക്കാൻ പോകാൻ റെഡിയാകാം. അച്ഛൻ വരുമ്പോൾ എല്ലാവരും കൂടിയാണ് വിളിക്കാൻ പോകുന്നത്. ഇന്നെന്തുപറ്റി? എന്തായാലും ഞാൻ റെഡിയായി നിൽക്കാം എന്ന് വിചാരിച്ച് അലമാരയിൽ നിന്ന് അമ്മു ഡ്രസ് ഏടുത്തു. അപ്പോൾ കട്ടിലിൽ കിടക്കുന്ന അനിയൻ അപ്പുവിനെ ശ്രദ്ധിച്ചു. നല്ല ഉറക്കത്തിലാണ്, അവൻ അച്ഛനെ നേരിട്ട് കട്ടിണ്ടില്ല. വീഡിയോ കോൾ വഴിയാണ് കാണുന്നത്. അച്ഛനെ കാണുമ്പോൾ മനസിലാകുമോ? അച്ഛന്റെ മടിയിൽ നിന്ന് അവൻ ഇറങ്ങുമോ? തന്റെ സ്ഥാനം അവർ തട്ടിയെടുക്കുമോ? ഇങ്ങനെ പലതും ചിന്തിച്ച് അമ്മു കുശുമ്പോടെ അനുജനെ നോക്കി. അതിനു ശേഷം റെഡിയാകാൻ പോയി

റെഡിയായി തിരിച്ച് വന്നപ്പോൾ ആരും റെഡിയായിട്ടില്ല. എന്താണ് ആരും റെഡിയാകാത്തത് എന്ന് അന്വേഷിച്ചപ്പോൾ അച്ഛനെ വിളിക്കാൻ ആരും പോണ്ട അച്ഛൻ വരും എന്നു പറഞ്ഞു. ഇത് അമ്മുവിന് വലിയ വിഷമമായി. അപ്പോൾ മുത്തച്ഛൻ അമ്മുവിനെ വിളിച്ച് അരികിലിരുത്തി. എന്നിട്ട് പറഞ്ഞു.

അമ്മു അച്ഛൻ ദുബായിൽ നിന്ന് ആണല്ലോ വരുന്നത്. മോൾക്കറിയാമല്ലോ കോവിഡ് 19 എന്ന രോഗത്തെക്കുറിച്ച്. ഇതിപ്പോൾ കൂടുതൽ വിദേശരാജ്യങ്ങളിൽ ഉള്ളവർക്കാണ്. നമ്മൾ കേരളീയരും ഇതിന്റെ പിടിയിലാണ്. ഈ രോഗം കൂടുതൽ

വരുന്നത് സ്പർശനത്തിൽ കൂടെയാണ്. അതുകൊണ്ട് അച്ഛനെ ആരോഗ്യ പ്രവർത്തകർ കൊണ്ടുവരും. അച്ഛൻ വന്നാൽ 28 ദിവസം വരെ മുകളിലത്തെ മുറിയിലായിരിക്കും. ഇതിനെയാണ് ഹോം ക്വാറന്റീൻ എന്നു പറയുന്നത്. അച്ഛൻ 28 ദിവസം ക്വാറന്റീനിൽ കഴിയുന്നത് നമുക്കും നമ്മുടെ നാടിനും വേണ്ടിയാണ്.

അമ്മുവും പുറത്തുപോയാൽ കൈകൾ രണ്ടും സാനിറ്റൈസർ കൊണ്ട് കഴുകണം. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായ് തൂവാല കൊണ്ട് മൂടണം. ആർക്കും കൈ നീട്ടരുത്, നമസ്തേ പറയണം.

അപ്പോഴേയ്ക്കും ഒരു കാർ വന്നു. അതിൽ നിന്നു അമ്മുവിന്റെ അച്ഛൻ ഇറങ്ങി. അമ്മുവിനെയും മറ്റുള്ളവരെയും അമ്മയുടെ ഒക്കത്ത് ഇരിക്കുന്ന അപ്പുവിനെയും ഒന്നു നോക്കി. അവനെ അച്ഛൻ ഇതു വരെ കണ്ടിട്ടില്ലല്ലോ. അമ്മ എന്നും അച്ഛനുള്ള ആഹാരം പുറത്ത് വയ്ക്കും. ആരോഗ്യപ്രവർത്തകർ എന്നും അച്ഛന്റെ കാര്യങ്ങൾ അന്വേഷിക്കും. അച്ഛൻ എന്നും വിഡിയോകോൾ ചെയ്യും. പക്ഷെ അമ്മുവിന് ഭയങ്കര സന്തോഷമായിരുന്നു. കാരണം അച്ഛൻ ദുബായിലല്ലോ, മുകളിലത്തെ മുറിയിലല്ലേ?

അങ്ങനെ 28 ദിവസം കഴിഞ്ഞു. രാവിലെ തന്നെ ആരോഗ്യപ്രവർത്തകർ വന്ന് ഹോം ക്വാറന്റീൻ കഴിഞ്ഞെന്ന് അറിയിച്ചു. അങ്ങനെ അച്ഛൻ മുകളിൽ നിന്നു താഴെയെത്തി. അമ്മു ഓടിച്ചെന്ന് അച്ഛനെ കെട്ടിപിടിച്ചു. കൂട്ടത്തിൽ മുട്ടിലിഴഞ്ഞ് അപ്പുവും.

**നൻമ നായർ ആർ എസ്**
VIII E1
സെൻറ് മേരീസ് എച്ച്.എസ്.എസ്.പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം



# കൊറോണയുടെ അന്ത്യം

ഞാൻ നല്ല ഉറക്കത്തിലായിരുന്നു പെട്ടെന്ന് എന്റെ മുഖത്തേക്ക് മഴ പെയ്തതുപോലെ. ഞാൻ ഞെട്ടി കണ്ണുകൾ തുറന്നു ഉണ്ണിക്കുട്ടൻ ഒരു കള്ളച്ചിരിയോടെ എന്റെ കട്ടിലിന്റെ അരികിൽ നിൽക്കുന്നു. എനിക്ക് കാര്യം മനസ്സിലായി. ഞാൻ അവനെ കൈനീട്ടി പിടിക്കാൻ നോക്കിയപ്പോൾ അവൻ മുറിയിൽ നിന്നും ഇറങ്ങിയോടി .അമ്മയാണ് അവന്റെ ലക്ഷ്യമെന്ന് എനിക്കു മനസ്സിലായി. ഞാനും പുറകെ ഓടി. അമ്മ ടിവി കണ്ടുകൊണ്ടിരിക്കുകയാണ്. ഞാനും ഉണ്ണിക്കുട്ടനും അമ്മയ്ക്ക് അരികിലേക്ക് ചിരിച്ചുകൊണ്ട് ഓടിയടുത്തു. എപ്പോഴും ഇതെല്ലാം തമാശയായി കാണുന്ന അമ്മ ഞങ്ങളെ പെട്ടെന്ന് വഴക്കുപറഞ്ഞു. അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. അമ്മയുടെ മുഖത്ത് പതിവില്ലാത്ത ഒരു ആശങ്ക. ഞാൻ അമ്മയുടെ അടുത്ത് ഇരുന്നു. അമ്മയോട് കാര്യം തിരക്കി. അപ്പോഴാണ് അമ്മ പറയുന്നത് ചൈനയിൽ നിന്നുമുള്ള ഒരു വൈറസ് ഇപ്പോ ഇന്ത്യയിലേക്കും വ്യാപിച്ചിരിക്കുന്നതിനാൽ കേരളത്തിലും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണെന്ന്.ആ വൈറസ് പിടിപെട്ട് ചൈനയിൽ ആളുകൾ മരിച്ചു കൊണ്ടിരിക്കുന്നുവത്രേ. ഞാൻ അമ്മയുടെ മുഖത്തേക്ക് ആശങ്കയോടെ നോക്കി ചോദിച്ചു. ‘വൈറസ്?‘

‘അതെ വൈറസ് .

കൊറോണ അഥവാ Covid - 19 അത് പിടിപെട്ടാൽ മരുന്നുകൾ കൊണ്ടൊന്നും ആളുകളെ രക്ഷിക്കാൻ സാധിക്കില്ല എന്നൊക്കെയാണ് വാർത്തയിൽ പറയുന്നത് അമ്മ അതും പറഞ്ഞ് അടുക്കളയിലേക്ക് പോയി. ഞാൻ അക്കാര്യം അപ്പോഴെ വിട്ടു. സമയം കളയാതെ കുളിച്ചൊരുങ്ങി ക്ലാസിൽ പോകാൻ തയ്യാറായി. ക്ലാസിൽ ചെന്നപ്പോൾ എല്ലാവരും പരീക്ഷാത്തിരക്കിലാണെന്ന് മനസ്സിലായി .റിവിഷൻ തുടങ്ങിയിട്ടുണ്ട്. ഉച്ചയായപ്പോൾ ക്ലാസ്സ് ടീച്ചർ വന്നു പറഞ്ഞു ‘നിങ്ങളെല്ലാവരും ഓഡിറ്റോറിയത്തിലേക്ക് വരണം .അവിടെ കൊറോണയെക്കുറിച്ച് കൂടുതൽ വിവരം നൽകുന്നതിനായി ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും ആളുകൾ വന്നിട്ടുണ്ട്.

ഹെൽത്തു ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ പറഞ്ഞു തന്ന കാര്യങ്ങൾ എന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. ശുചിത്വം പാലിക്കണം, പ്രതിരോധശേഷി നൽകുന്ന ആഹാരസാധനങ്ങൾ കഴിക്കണം, മാസ്കിന്റെ ഉപയോഗം പിന്നെ സാനിറ്റൈസർ ഉപയോഗിക്കേണ്ട വിധം ഇവയ്ക്കെല്ലാം പുറമേ ഇടയ്ക്കിടെ കൈകൾ

സോപ്പു ഉപയോഗിച്ച് കഴുകണമെന്നും, വീട്ടിലുള്ള പ്രായമായവരെ കൂടുതൽ ശ്രദ്ധിക്കണമെന്നും വിദേശികളിൽ നിന്നാണ് ഈ വൈറസ് ഇവിടേക്ക് പടർന്നെതെന്നുമെല്ലാം അവർ പറഞ്ഞു മനസ്സിലാക്കി തന്നു. വൈകിട്ട് ഞാൻ വീട്ടിലെത്തിയപ്പോൾ ടേബിളിൽ ഒരു വലിയ ടിൻ സാനിറ്റൈസർ ഇരിക്കുന്നു. ഞാൻ ആദ്യം തന്നെ സോപ്പ് ഉപയോഗിച്ച് കൈ നല്ലവണ്ണം കഴുകിയതിനുശേഷം സാനിറ്റൈസർ ഉപയോഗിച്ചു. ഉണ്ണിക്കുട്ടൻ അടുത്ത വീട്ടിലെ കുട്ടിയുമായി കളിച്ചു കൊണ്ടിരിക്കുകയാണ്. ഞാൻ  അവനെ വിളിച്ച് കൈകൾ രണ്ടും കഴുകി. അവന്റെ കൈകൾ സാനിറ്റൈസർ ഉപയോഗിച്ചു വൃത്തിയാക്കിച്ചു. സ്കൂളിൽ നിന്നും ലഭിച്ച അറിവുകൾ മുഴുവനും അമ്മയുമായി പങ്കുവെച്ചു.രാത്രിയിൽ ഞാൻ ഉറങ്ങാൻ കിടന്നപ്പോൾ സ്കൂളിൽ നിന്നും കേട്ട കാര്യങ്ങളെപ്പറ്റി ആലോചിച്ചു. കൊറോണ! കാണാൻ നല്ല ഭംഗിയുള്ള മധുരം നിറഞ്ഞ ഒരു പലഹാരം പോലെ തോന്നും. പക്ഷേ ആ വൈറസ് നമ്മുടെ ലോകത്തെത്തന്നെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. എത്രമാത്രം കയ്പ്പേറിയ ദുരന്തങ്ങളാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ എപ്പോഴോ ഉറങ്ങിപ്പോയി .രാവിലെ എഴുന്നേറ്റപ്പോൾ അമ്മയുടെ സംസാരം കേൾക്കാം. ഞാൻ അടുക്കള ലക്ഷ്യമാക്കി നടന്നു. അമ്മ അടുക്കള ഭാഗത്തെ മതിലിനോട് ചേർന്നുനിന്ന് അപ്പുറത്തെ ജോർജ് അപ്പൂപ്പനോടും ഗ്രേസി അമ്മൂമ്മയോടും സംസാരിക്കുകയാണ്. അവരുടെ മകൾ സൂസൻ ആന്റിയും ഭർത്താവ് ബേബി അങ്കിളും ഇന്ന് കുവൈറ്റിൽ നിന്ന് വരുന്നുണ്ടെന്ന്. ഞാൻ അത് കേട്ടതും അകത്തേക്ക് പോന്നു. എന്റെ മനസ്സിലേക്ക് ഇന്നലെ സ്കൂളിൽ നിന്നും ലഭിച്ച വിവരങ്ങൾ തെളിഞ്ഞുവന്നു. വിദേശത്തുനിന്ന് വരുന്നവരിൽ കൂടിയാണ് രോഗം പടരുന്നത്. ദൈവമേ...

ഭയത്താൽ എന്റെ ഹൃദയമിടിപ്പ് കൂടി . ഞാൻ അച്ഛനോട് കാര്യങ്ങൾ വിശദമായി പറഞ്ഞു. അച്ഛൻ ഞങ്ങളുടെ വാർഡ് മെമ്പറോടും  ജോർജ് അപ്പൂപ്പനോടും ഗ്രേസി അമ്മൂമ്മയോടും അക്കാര്യങ്ങൾ  പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അപ്പോഴേക്കും സൂസൻ ആന്റിയും ബേബി അങ്കിളും എയർപോർട്ടിലേക്ക് എത്തി എന്നുള്ള ഫോൺ സന്ദേശം എത്തി. അവരോട് ഫോണിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അവർ വരുമ്പോൾ ആരുമായും കോൺടാക്റ്റ് ഉണ്ടാകാത്ത വിധം വീട്ടിലെ മുകളിലെ മുറിയിൽ അവരെ താമസിപ്പിക്കുവാനുള്ള എല്ലാ തയ്യാറെടുപ്പുകളും ചെയ്തു. എനിക്ക് സ്കൂളിൽ നിന്ന് കിട്ടിയ വിവരങ്ങളിൽ നിന്ന്

ആരോഗ്യവകുപ്പിനെ അറിയിക്കാനുള്ള നമ്പർ ഞാൻ അച്ഛന്റെ കൈയിൽ നേരത്തെ തന്നെ ഏൽപ്പിച്ചിരുന്നു. അതുകൊണ്ട് അവരും സമയത്ത് എത്തി. ആന്റിയെയും അങ്കിളിനെയും നിരീക്ഷണത്തിൽ വയ്ക്കുന്നതിനായി ഹോസ്പിറ്റലിലേക്ക് മാറ്റുകയും ചെയ്തു. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ രോഗം സ്ഥിരീകരിച്ച റിപ്പോർട്ട് വന്നു. അപ്പോഴേക്കും രാജ്യം മുഴുവനും സമ്പൂർണ്ണ ലോക്ഡൗണിലേക്ക് വന്നിരുന്നു. ഞങ്ങൾ എല്ലാവരും അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവർ രോഗവിമുക്തരായി വീട്ടിലെത്തി. തങ്ങളെ തേടിയെത്തിയ മാധ്യമങ്ങളോട് സൂസൻ ആന്റിയും ബേബി അങ്കിളും പറഞ്ഞു 'ഞങ്ങൾക്ക് നന്ദി പറയാൻ ഉള്ളത് ദൈവത്തിനോടും ഗവൺമെന്റിനോടും ആരോഗ്യപ്രവർത്തകരോടുമാണ്. അതിനെക്കാളുപരി ഞങ്ങൾ കടപ്പെട്ടിരിക്കുന്നത് അടുത്ത വീട്ടിലെ കൃഷ്ണകുമാറിനോടാണ്.' മാധ്യമപ്രവർത്തകർ എന്റെ വീട്ടിലെത്തി എന്റെ അച്ഛനോട് അക്കാര്യം ചോദിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു 'ഞാനല്ല... ഇതിനൊക്കെ കാരണം. എന്നെ ബോധവൽക്കരിച്ചത് എന്റെ ദേവൂട്ടി ആണ്.' എന്നിട്ട് അച്ഛൻ ദേവൂട്ടി എന്ന് നീട്ടി വിളിച്ചു. ഞാൻ പുറത്തേക്ക് ഓടിച്ചെന്നപ്പോൾ മുറ്റത്ത് രണ്ടുമൂന്നുപേർ നിൽക്കുന്നത് കണ്ടു. പരിഭ്രമിച്ചുനിന്ന എന്നോട് അച്ഛനും മെമ്പറും കൂട്ടി നടന്നതെല്ലാം പറഞ്ഞു തന്നു. മാധ്യമപ്രവർത്തകരിൽ ഒരു അങ്കിൾ എന്നോട് ചോദിച്ചു 'കുട്ടിക്ക് ഈ അറിവ് എവിടെ നിന്നും കിട്ടി'

ഞാൻ അഭിമാനത്തോടെ പറഞ്ഞു 'എന്റെ വിദ്യാലയത്തിൽ നിന്ന്'.

**മാനസ ഗിരീഷ്**
IX K1
സെൻറ് മേരീസ് എച്ച്.എസ്.എസ്.പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# *നല്ല നാളേയ്ക്ക് കരുതലോടെ...*

എന്നത്തെയും പോലെ നനുത്തപ്രഭാതം... നാൽക്കവലയിലെ രാമുച്ചേട്ടന്റെ ചായക്കട... തൊട്ടടുത്ത ബസ്റ്റോപ്പിൽ ഒന്ന് രണ്ടുപേർ 6.30ന്റെ ആദ്യബസ് പ്രതീക്ഷിച്ച് നിൽക്കുന്നു.

രാമുചേട്ടന്റെ ചായക്കടയിലെ അലമാരയിൽ രാവിലെ തന്നെ പുട്ടും ദോശയും സ്ഥാനം പിടിച്ചുകഴിഞ്ഞു. പുലരുമ്പോഴേ സൊറ പറയാൻ എത്തുന്നവർ കൊഴിഞ്ഞുകൊഴിഞ്ഞ് വന്നു തുടങ്ങി. ഇതൊക്കെ ഇവിടത്തെ പതിവ് കാഴ്ചകൾ തന്നെ...

എന്തൊക്കെയുണ്ട് വിശേഷം കുട്ടൻപിള്ളേ, രണ്ടുദിവസമായി നിങ്ങളുടെ അയൽക്കാരനെ ഈ വഴിയൊന്നും കാണാനില്ലല്ലോ..? അകത്തുനിന്നും രാമുചേട്ടൻ വിളിച്ചു ചോദിക്കുന്നത് കേട്ട് കുട്ടൻപിള്ള പാത്രത്തിൽ നിന്നും തലയുയർത്തി എല്ലാവരെയും ഒന്നു നോക്കി.

ഇതാ ഇപ്പോൾ നന്നായത്...! നമ്മുടെ ശങ്കരന്റെ മോൻ അങ്ങ് ദുബായിൽ നിന്ന് നാട്ടിലെത്തിയത് നിങ്ങൾ ആരും അറിഞ്ഞില്ലേ..?

ഉവ്വല്ലോ... അതിപ്പം ആരാണ് ഈ നാട്ടിൽ ഇനി അറിയാനുള്ളത്...' പത്രക്കാരൻ ജോമോൻ ചൂടുചായ ഊതിക്കുടിച്ചുകൊണ്ട് പറഞ്ഞു.

എന്നാൽ കേട്ടോളൂ... പത്രം വായിച്ചുകൊണ്ടിരുന്ന പട്ടാളക്കാരൻ ഗോപാലപിള്ള തന്റെ മുഖത്തെ സ്വതസിദ്ധമായ ഗൗരവത്തോടെ കൊമ്പൻ മീശ പിടിച്ചുകൊണ്ട് പറഞ്ഞു. 'അതെ നമ്മുടെ നാട്ടിൽ ദൂരദേശങ്ങളിൽ നിന്ന് എത്തുന്നവർ വിവരം ആരോഗ്യവകുപ്പിനെ അറിയിക്കണമെന്ന് പത്രവാർത്ത നിങ്ങൾ ആരും കണ്ടില്ലേ..? അത് തന്നെ കാര്യം ശങ്കരനെ ഇങ്ങോട്ട് കാണാത്തതിന്...

ഹല്ല... അതിനിപ്പോൾ ശങ്കരൻ എന്നാ ഗൾഫിൽ പോയത്... തങ്കപ്പനാശാരിയുടെ ചോദ്യം കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു.

എടോ മരത്തലയാ... ഗോപാലപിള്ള മുരണ്ടു. ചൈനയിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട കൊറോണ വൈറസ് രാജ്യം മുഴുവൻ വ്യാപിച്ചത് താൻ അറിഞ്ഞില്ലേ...? അതുകൊണ്ടുതന്നെ വിദേശത്തുനിന്ന് എത്തുന്നവരും അവരുമായി സഹകരിക്കുന്നവരും വീടുകളിൽ തന്നെ നിരീക്ഷണത്തിൽ ഇരിക്കണം. അതാണ് ശങ്കരനും കുടുംബവും വെളിയിലിറങ്ങാതെ ഇരിക്കുന്നത്. മനസ്സിലായോ..

ഉവ്വ്, ഉവ്വ്... മനസ്സിലായി...' തങ്കപ്പനാശാരി തലചൊറിഞ്ഞു കൊണ്ട് പറഞ്ഞു.

ദൂരെ നിന്നും ഒരു വാഹനത്തിന്റെ ഇരമ്പൽ കേട്ട് എല്ലാവരും തല ഉയർത്തി നോക്കി. അത് നമ്മുടെ പഞ്ചായത്ത് വണ്ടിയല്ലേ..? എന്താ ഇത്ര രാവിലെ തന്നെ..? ആശങ്കയോടെ കുട്ടൻപിള്ള ചോദിച്ചു.

വന്നുനിന്ന വണ്ടിയിൽ നിന്നും മെമ്പർ ശശി ചാടിയിറങ്ങി, ചായക്കടയിലേക്ക് കയറി. ഒരു ചായ എടുക്കട്ടെ മെമ്പറെ...? രാമുച്ചേട്ടൻ ഭവ്യതയോടെ ചോദിച്ചു.

വേണ്ട, വേണ്ട.. ഇപ്പോൾ ഒന്നും വേണ്ട... നിങ്ങൾ എല്ലാവരും കൂട്ടമായി നിൽക്കാതെ വീടുകളിൽ പോകണം, ഉടൻ തന്നെ... മെമ്പറുടെ വാക്കുകൾ കേട്ട് എല്ലാവരും തമ്മിൽ തമ്മിൽ നോക്കി.

എന്തുപറ്റി മെമ്പറെ..? ഗോപാലപിള്ള ചോദിച്ചു. ചായക്കടയിൽ ഉണ്ടായിരുന്ന എല്ലാ കണ്ണുകളിലും ആ ചോദ്യം പ്രതിധ്വനിച്ചു.

അതെ നമ്മുടെ ശങ്കരന്റെ മോൻ ഗൾഫിൽ നിന്ന് വന്നപ്പോൾ മുതൽ കൊറോണയുടെ നിരീക്ഷണത്തിലായിരുന്നല്ലോ. ടെസ്റ്റ് റിസൾട്ട് വന്നു, പോസിറ്റീവ് ആണ്. എല്ലാവരുടെയും മുഖത്ത് അമ്പരപ്പ് പ്രകടമായിരുന്നു. ഒന്നു നിർത്തിയിട്ട് മെമ്പർ തുടർന്നു. അതുകൊണ്ട് നിങ്ങളുടെ സുരക്ഷയെ കരുതി പുതിയ നിയമം വന്നു. എല്ലാവരും വീടുകളിൽ തന്നെ കഴിയുക. വ്യക്തിശുചിത്വവും സാമൂഹ്യ അകലവും പാലിക്കുക. കൈകൾ ഇടയ്ക്കിടെ സോപ്പ് കൊണ്ട് കഴുകുക.. എന്നാൽ മാത്രമേ ഈ കൊറോണയെ നമുക്ക് നാട്ടിൽ നിന്ന് നിർമാർജ്ജനം ചെയ്യാൻ കഴിയൂ... മെമ്പർ ദീർഘമായി ഒന്ന് നിശ്വസിച്ചു.

അതുതന്നെയാണ് നമുക്കും നമ്മുടെ നാടിനും നല്ലത്..എന്ന് പറഞ്ഞുകൊണ്ട് പത്രം മടക്കി ബഞ്ചിലേക്കിട്ട് പട്ടാളം ഗോപാലപിള്ള എഴുന്നേറ്റ് സാവധാനം വീട്ടിലേക്ക് നടന്നു.

പിന്നാലെ മറ്റുള്ളവരും എഴുന്നേറ്റ് കൈ കഴുകാൻ തിടുക്കം കൂട്ടി.

അലമാരയിൽ അലസതയോടെ സംസാരം കേട്ടിരുന്ന പുട്ടും ദോശയും പരസ്പരം നോക്കി നെടുവീർപ്പിട്ടു...!

**അമൃത ലക്ഷ്മി**
VIII C
എച്ച് എസ് ചെട്ടികുളങ്ങര
മാവേലിക്കര ഉപജില്ല, ആലപ്പുഴ